ഉത്തര
ഉണ്ണി

105
N

ശ്രീ
രാമകൃഷ്ണപിള്ള

മരതകമണി

പ്രസാധകന്മാർ

സാഹിത്യപ്രവർത്തക സഹകരണ സംഘം ലിമിറ്റഡ്

MARATHAKAMANI

(NOVEL)

BY

G. RAMAKRISHNA PILLAI

First Impression March 1955

RIGHTS RESERVED

PUBLISHERS

SAHITHYA PRAVARTHAKA C. S. LTD.

NATIONAL BOOKSTALL
POST BOX 40, KOTTAYAM

Rs. 1—8—0

മരതകമണി

ഗ്രന്ഥകർത്താവ്
ജി. രാമകൃഷ്ണപിള്ള, എം. എ.

നാഷനൽ ബുക്ക്സ്റ്റാൾ
കളരിക്കൽബസാർ കോട്ടയം.

വില 1 ക. 8 ണ.

ജി. രാമകൃഷ്ണപിള്ളയുടെ

കൃതികഠം

മരതകമണി	(നോവൽ)
വിലാസിനി	”
യശോധര	”
സുകേശിനി	”
അമരാലയം	”
ദേവസേന	”
പ്രേമസാഫല്യം	”
കേരളഭാഷാസാഹിത്യചരിത്രസംഗ്രഹം	
കുഞ്ചൻനമ്പ്യാർ	
കമ്പരാമായണം (പരിഭാഷ)	(പദ്യം)

Printed at P. C. Press, Kottayam.

മരതകമണി

1

ഭാർഗ്ഗവൻ "ലക്ഷ്മീനികേതന"ത്തിന്റെ പരിധിയെ ലക്ഷ്യമാക്കി നടന്നു. രോഗബാധിതനായി ഗൃഹത്തിൽ കിടക്കുന്ന തന്റെ ചങ്ങാതിയെ ഓർത്തപ്പോൾ അദ്ദേഹത്തിന്റെ സന്താപം സീമയെ ലംഘിച്ചു. വിപൽസമാവൃതമായ എന്തോ ഒരു രഹസ്യം ആ സാധു സ്വഹൃദയാന്തർഭാഗത്തിൽ ഗോപനംചെയ്തിട്ടുണ്ടെന്നു പ്രബലമായ ഒരു ശങ്ക അദ്ദേഹത്തെ അസ്വസ്ഥനാക്കി. "ജീവനെക്കാൾ എനിക്കു പ്രിയതരമായുള്ളതു്", എന്നു "ഭരതൻ" ചിലപ്പോൾ, മന്ദസ്വരത്തിൽ പറയാറുള്ളതു്, ഒരു സ്ത്രീയെ ഉദ്ദേശിച്ചാണെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു.

ഭാർഗ്ഗവൻ തൻെറ പാർപ്പിന് ഒരു ഗൃഹം തെരഞ്ഞെടുത്തത് "അതല"വീഥിയിലായിരുന്നു. എന്തെന്നാൽ, അതു "വാസവപ്രസ്ഥ"ത്തെക്കാൾ ജനബാഹുല്യം കുറഞ്ഞതായിരുന്നു. അദ്ദേഹം കുറെ ദൂരത്തെത്തുന്നതിനു മുമ്പായി, തന്നെ ആരോ പിൻതുടരുന്നുണ്ടെന്നു ഭാർഗ്ഗവൻ മനസ്സിലാക്കി. തൻെറ പിന്നാലെ പോരുന്നതു പ്രയോജനകരമാണെന്ന് ആരെങ്കിലും വിചാരിച്ചിട്ടുള്ള വസ്തുത ഭാർഗ്ഗവൻ അറിയുന്നത് അദ്ദേഹത്തിൻെറ ജീവിതത്തിൽ അന്ന് ആദ്യമായിട്ടായിരുന്നു.

ഭാർഗ്ഗവൻ പ്രശാന്ത പ്രകൃതിയായി, ഒരു തുണിക്കടയുടെ മുമ്പിൽചെന്നു നിലകൊണ്ടു. കടയുടെ ജനാലകളിൽ അലങ്കാരത്തിനുവേണ്ടി തൂക്കിയിരുന്ന സൂര്യപടയവനികകളെ നോക്കി അത്ഭുതം പ്രകടിപ്പിക്കുന്ന ഭാവത്തിൽ അദ്ദേഹം അല്പനേരം അവിടെ തങ്ങി. പിന്നാലെ വന്നവന് ആ സ്ഥലത്തു നില്ക്കാൻ തക്കതായ കാരണമൊന്നും ഇല്ലാത്തതിനാൽ അയാൾ മെല്ലെ ഭാർഗ്ഗവൻെറ പിന്നിൽകൂടി കടന്നുപോയി. അപ്പോൾ ഭാർഗ്ഗവനും മുന്നോട്ടു നടന്നു മറേറയാളെ കടന്നു പോകവേ അയാളുടെ ഛായ മനസ്സിലാക്കുവാനായി ഒന്നു സൂക്ഷിച്ചുനോക്കി. നീണ്ടുമെലിഞ്ഞു വിരൂപിയായ ഒരു വിദേശിയൻ. കറുത്ത വസ്ത്രങ്ങൾ ധരിച്ച അയാളുടെ അഭൗമമായ ആകൃതി കണ്ടപ്പോൾ "രാഷ്ട്രകൂടൻെറ" ഛായ ഭാർഗ്ഗവനു സ്മൃതിഗോചരമായി.

ഭരതനെ പ്രഹരിച്ചു നിലത്തിട്ടവൻ അയാളായിരിക്കുമോ എന്ന് അദ്ദേഹം ശങ്കിച്ചു. ഈ ശങ്കയെത്തു

ടന്ന് അമർഷകാളിമ അദ്ദേഹത്തിന്റെ മുഖപ്രസന്നതയെ ആച്ഛാദനംചെയ്തു. എന്തായാലും ഭരതൻ വർണ്ണിച്ചതുപോലെ ഒരു ക്രൂലിക്കാരനായ ചാരന്റെ ലക്ഷണങ്ങളൊന്നും അയാളിൽ കാണപ്പെട്ടില്ലെന്നുള്ളതു ഭാർഗ്ഗവന്ന് ഒരാശ്ചാസകാരണമായി. പക്ഷെ ഇയാൾ ഭരതന്റെ ശത്രുക്കളിൽ പ്രധാനിയായിരിക്കാമെന്നുംക്രൂടി അദ്ദേഹം ശങ്കിക്കാതിരുന്നില്ല. അങ്ങനെയാണെങ്കിൽ അപരാധി തന്നെ കയ്യിൽ അകപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് അപരാധവിവരം അറിവാൻ "ശാന്ത"നെ സമീപിക്കുന്നതെന്തിനെന്നദ്ദേഹത്തിനൊരു സംശയം ജനിച്ചു. എന്നാൽ തെളിവൊന്നുംക്രൂടാതെ താൻ അയാളെ പിടിക്രൂടിയാൽ അതബദ്ധമാകുമെന്നും ഭാർഗ്ഗവൻ ചിന്തിച്ചു.

വാസവപ്രസ്ഥത്തിലെ അഭിഭാഷകസംഘത്തിന്റെ കാര്യാലയം "ബാലസൗധം", അത്രെ. ഈ സൗധത്തിന്റെ ഉടമസ്ഥനും സംഘത്തിന്റെ നായകനുമായിരുന്ന "ശാന്തൻ". "നദീവീഥി"യിലായിരുന്ന പ്രസ്തുത സൗധം സ്ഥിതിചെയ്തിരുന്നതു് മേല്പറഞ്ഞ അഭിഭാഷകസംഘം അഭിനാമായ വിജയത്തോടുക്രൂടി വളരെക്കാലമായി പ്രവൎത്തനത്തിൽ ഇരിക്കുന്ന ഒന്നത്രെ; നമ്മുടെ ഭാർഗ്ഗവൻ അഭിഭാഷകസംഘാംഗങ്ങൾക്കെല്ലാം സുപരിചിതനായിരുന്നു. ശാന്തനെ സന്ദർശിപ്പാനായി അദ്ദേഹം കാര്യാലയത്തിലേക്കു കടന്നു.

ഈ അവസരത്തിൽ അദ്ദേഹത്തെ പിൻതുടൎന്നു പൊയ്ക്കൊണ്ടിരുന്നയാൾ തെരുവിൽനിന്നു സൗധത്തെ വീക്ഷണംചെയ്തതേയുള്ളു. "കാര്യാലയം" സദാ ജന

നിബിഡമായിരുന്നു. ഭാർഗ്ഗവനെക്കണ്ടപ്പോൾ അഭിഭാഷകന്മാരിൽ പലരും കുശലപ്രശ്നംചെയ്തു അദ്ദേഹത്തിനു സ്വാഗതമരുളി. ചിലർ അദ്ദേഹത്തെ ക്ഷണിക്കയും ചെയ്തു.

"ഞാൻ പിന്നീടു വരാം എനിക്കിപ്പോൾ ശാന്തനെ, കാണണം" എന്ന് അദ്ദേഹം പറഞ്ഞു. "ശരി, അദ്ദേഹം ഇരിക്കുന്ന മുറി ഏതെന്നറിയാമല്ലോ" എന്ന് അവരും പറഞ്ഞു.

ശാന്തന്റെ ഔദ്യോഗികസ്ഥാനം രണ്ടാംനിലയിൽ കിഴക്ക് തെക്കെ കോണിലായിരുന്നു; മററു പ്രധാന പുരുഷന്മാരെപ്പോലെ അദ്ദേഹവും കുററങ്ങളുടെ ഗൗരവലാഘവങ്ങളെ സംബന്ധിച്ചു ചർച്ചചെയ്യുന്ന സഭയിലായിരുന്ന ദിവസങ്ങൾ കഴിച്ചുകൂട്ടിയതു് ഇരുപത്തിനാലുമണിക്കൂറിലൊരിക്കൽ അവിടെ വിവിധതരത്തിലുള്ള ജനസംഘം പ്രതിബന്ധംകൂടാതെ അകത്തേക്കും പുറത്തേക്കും പൊയ്ക്കൊണ്ടിരുന്നു. കവാടം എപ്പോഴും ബന്ധിക്കപ്പെട്ടിരിക്കും. ഭാർഗ്ഗവൻ വാതലിന് മുട്ടി.

"ആരതു്?" എന്ന ശാന്തന്റെ ഗംഭീരസ്വരം അകത്തുനിന്നു കേൾക്കപ്പെട്ടു.

"ഞാൻ തന്നെ, ഭാർഗ്ഗവൻ"

ശാന്തൻ ഇതുകേട്ടു തന്റെ ഇരിപ്പിടത്തിനടുത്തുള്ള ഒരാണിയിൽ ഒന്നമർത്തി. ഉടനെ "ക്ലിക്ക്" എന്നൊരു ശബ്ദത്തോടുകൂടി വാതിൽ തുറന്നു. ഭാർഗ്ഗവൻ അകത്തു പ്രവേശിച്ചപ്പോൾ, ഒരാൾ മറെറാരു വാതിലിൽകൂടി പുറത്തേക്കിറങ്ങുന്നതായി കാണപ്പെട്ടു. തനി

ക്ക പ്രത്യേക ഉദ്ദേശമൊന്നുമില്ലെങ്കിൽ തന്റെ സന്ദശ്കന്മാർ തമ്മിൽ കൂട്ടിമുട്ടുവാൻ ശാന്തൻ ഒരിക്കലും അനുവദിച്ചിരുന്നില്ല. ആകൃതിയിൽ തവളയോടുപമിക്കാവുന്ന ഒരു മഹത്തായ മാംസപിണ്ഡം അസാധാരണ വലിപ്പമുള്ള ഒരു കസാലയിൽനിന്നൊഴുന്നേററു തിരിഞ്ഞുനോക്കാതെ പോകുന്നതാണ് ഭാഗ്ഗവൻ കണ്ടതു്; അയാം ഒരു രമണകദേശീയനാണ് എന്ന് അദ്ദേഹത്തിനു തോന്നി.

"സ്നേഹിതാ എന്തെല്ലാം വിശേഷം?"—അഭിഭാഷകപ്രമാണി ചോദിച്ചു.

കാണാതെപോയ പിത്തള ഉണ്ടയുടെ കഥയൊഴിച്ചു മററു കായ്യങ്ങളെല്ലാം ശാന്തനെ അറിയിക്കണമെന്നു മുൻകൂട്ടി നിശ്ചയിച്ചുകൊണ്ടായിരുന്നു, ഭാർഗ്ഗവന്റെ വരവു്.

"എന്റെ തൊഴിൽ സംബന്ധിച്ചു ഞാൻ പല തരത്തിലുള്ള ആളുകളെ കൂട്ടുപിടിച്ചിട്ടുണ്ടു്" എന്നു ഭാഗ്ഗവൻ പറഞ്ഞു.

"എന്നെപ്പോലെ" എന്ന് ഒരു ചിരിയോടുകൂടി, ശാന്തനും പറഞ്ഞു.

ഭാഗ്ഗ—"എന്നാൽ ഇനി കായ്യം പറയാം; വാസവപ്രസ്ഥത്തിൽനിന്നും അകലെയായി നാലാമത്തെ തെരുവിൽ വാച്ചുകളും ആഭരണങ്ങളും നന്നാക്കുന്ന ഒരു തൊഴിൽശാലയുണ്ടു് ഭരതൻ എന്നു പേരുള്ള എന്റെ ഒരു സ്നേഹിതനാണു പ്രസ്തുത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നതു്. വാസ്തവത്തിൽ വെറും പാവപ്പെട്ട ഒരു സ്ഥാപനമാണതു്. ഈ അവസ്ഥയാണെന്നൊ അവി

ടേക്കാകർഷിച്ചതു്. അയാളുടെ ഈ സ്ഥിതിക്ക് എന്തെങ്കിലും തക്കതായ ഒരു പൂർവ്വചരിത്രം ഉണ്ടായിരിക്കുമെന്നാണെൻെറ ഊഹം. അയാൾക്കു സാമാനങ്ങൾ സൂക്ഷിക്കാൻ ഉറപ്പുള്ള ഒരു പെട്ടിപോലുമില്ല. ആളുകൾ അററകുററം തീക്കാൻ കൊണ്ടുവരുന്ന സാമാനങ്ങൾ അന്നന്നു് ഇരുട്ടുന്നതിനു മുമ്പുതന്നെ തിരിയെ വാങ്ങിക്കൊണ്ടു പൊയ്ക്കൊള്ളണമെന്നാണു് അയാളുടെ ഏപ്പാടു്; ബാക്കി അയാൾക്കുള്ള സാമാനങ്ങൾ തൻെറ തലയണയ്ക്കടിയിൽ സൂക്ഷിക്കുകയാണു് അയാളുടെ പതിവു്.

അയാൾ അന്യനാട്ടുകാരനാണു് എന്നാൽ ഏതു നാടാണെന്നറിഞ്ഞുകൂടാ. തൻെറ തൊഴിൽശാലയ്ക്കു പിന്നിലുള്ള ഒരു മുറിയിൽ ഏകാകിയായിട്ടാണയാൾ പാക്കുന്നതു്. അയാൾ തൊഴിലിൽ നല്ല സമർത്ഥനാണെന്നുള്ള വസ്തുത എനിക്കനുഭവബോധ്യമാണു് ഏതെങ്കിലും ഒരു വലിയ സ്ഥാപനത്തിൽ ചേന്നു ജോലിചെയ്യാത്തതെന്തെന്നു് ഒരവസരത്തിൽ ഞാൻ അയാളോടു ചോദിച്ചപ്പോൾ, തൻെറ സ്വന്തം തൊഴിൽശാലയിൽ ഇരുന്നുള്ള പണികൊണ്ടുതന്നെ തനിക്കു വേണ്ടതിലധികം ആദായം കിട്ടുന്നുണ്ടെന്നാണു സമാധാനം പറഞ്ഞതു് രാപകൽ അയാൾ ഇടവിടാതെ ജോലിചെയ്യുന്നുണ്ടു്. വളരെ നല്ല ഒരു മനുഷ്യനാണയാൾ. ഒരു വേദാന്തിയാണെന്നു വേണമെങ്കിൽ പറയാം."

"ഹാ! അതുകൊള്ളാം!" എന്നു ശാന്തൻ പറഞ്ഞു.

ഭാർഗ്ഗ—ഇന്നു പ്രഭാതത്തിൽ ഞാൻ ആ വഴിയെ വന്നപ്പോൾ ഭരതനുമായി കുറെനേരം സംഭാഷണം ചെയ്യാമെന്നുദ്ദേശിച്ചു് അയാളുടെ വസതിയിൽ കയറി. എന്നിട്ടു് അവിടത്തെ തൊഴിൽശാലയുടെ വാതിലുകളെല്ലാം അടച്ചിരിക്കുന്നതായിക്കണ്ടു് എനിക്കു് അത്ഭുതം തോന്നി. ഭരതൻ അല്പസമയവും വൃഥാ കളയാതെ ജോലിചെയ്യുന്ന ഒരു പരിശ്രമശീലനായ സ്ഥിതിക്കു് ഇന്നു് അയാളുടെ ഗൃഹത്തിൽ യാതൊരനക്കവും ഇല്ലാതിരിക്കാൻ യാതൊരു കാരണവും ഞാൻ കണ്ടില്ല. ഗൃഹത്തിലെ പ്രധാന ശാലയിൽക്കൂടി നടന്നു പിൻവശത്തുള്ള അയാളുടെ മുറിയുടെ സമീപത്തേക്കു ഞാൻ ചെന്നു. ഞാൻ കതകിൽ തൊട്ടപ്പോൾതന്നെ അതു തുറന്നു. അകത്തേക്കു നോക്കിയപ്പോൾ ഞാൻ കണ്ട വിശേഷങ്ങൾ എന്നെ അന്ധാളിപ്പിച്ചു.

ശാന്തൻ ആശ്ചര്യപരതന്ത്രനായി ഭാർഗവൻെറ മുഖത്തേക്കു നോക്കി· അദ്ദേഹം തുടന്നു പറഞ്ഞു.

"മുറിക്കകത്തു് ഒരു ഭ്രാന്തനെ അഴിച്ചുവിട്ടിരുന്നതായി ഞാൻ ശങ്കിച്ചു. എന്തെന്നാൽ മേശ നിലത്തു മറിഞ്ഞുവീണു കിടന്നിരുന്നു; ചുമരലമാരയിൽ ഇരുന്ന സാമാനങ്ങളും ഭരതൻെറ പണിയായുധങ്ങളും താഴെ ചിതറിക്കിടപ്പെട്ടു. ഭരതനെ മാത്രം അവിടെയെങ്ങും കണ്ടില്ല. വായുമണ്ഡലത്തിൽ ഒരു മാധുര്യം പകന്നതുപോലെ തോന്നിക്കുമാറു്, എൻെറ ഘ്രാണേന്ദ്രിയം ആ രസത്തെ ആസ്വദിച്ചു. "ക്ലോറോഫാറം" എന്ന ഔഷധവിശേഷത്തിൻെറ ഗന്ധമാണവിടെ പരന്നതെന്നെനിക്കു മനസ്സിലായി. മുൻവശത്തുള്ള പണിപ്പു

രയും അകത്തെ മുറിപോലെതന്നെയായിരുന്നു. ബുദ്ധിഭ്രമം ബാധിച്ച ഒരുവന്റെ ചെയ്തികളെ പ്രദർശിപ്പിക്കുമാറ് ഘടികാരങ്ങളും സ്വർണ്ണാഭരണങ്ങളും മററും അതിനുള്ളിൽ ചിന്നിച്ചിതറി കാണപ്പെട്ടു.

പിൻവശത്തുള്ള മുറിയിൽനിന്നും ഒരു ദീനസ്വരം പുറപ്പെടുന്നതു കേട്ടു ഞാൻ ഓടി അവിടെചെന്നു. കിടക്കയ്ക്കും ചുമരിനും ഇടയ്ക്കായി ഭരതൻ കിടക്കുന്നതും എനിക്കു കാണുമാറായി. അയാളെ ബാധിച്ചിരുന്ന ബോധക്ഷയം മിക്കവാറും നീങ്ങിയപ്പോഴാണു ഞാൻ കണ്ടതു്. അയാളെ എടുത്തു ഞാൻ കിടക്കയിൽ കിടത്തി. അയാളുടെ ശരീരത്തിൽ പല മുറിവുകളും കാണപ്പെട്ടു; തലയിൽനിന്നും രക്തമൊലിക്കുന്നുണ്ടായിരുന്നു. ആകപ്പാടെ അതിദയനീയമായ ഒരവസ്ഥയിലാണയാൾ പ്രത്യക്ഷപ്പെട്ടതു്. അയാൾക്കു കുടിക്കാൻ വെള്ളം കൊടുത്തശേഷം ഞാൻ അയാളുടെ ശിരസ്സിലുള്ള മുറിവു കഴുകി തുടച്ചു തുണി വച്ചുകെട്ടി. തലയിലുള്ള ക്ഷതം വളരെ നിസ്സാരമാണു്

അയാൾക്കു സംസാരിക്കാറായപ്പോൾ തനിക്കു നേരിട്ട അത്യാഹിതത്തെ സംബന്ധിച്ചു യാതൊന്നും പറയാൻ ഭരതൻ ഉന്മുഖനായി കാണപ്പെട്ടില്ല. തന്നെ ആക്രമിച്ചവൻ, നിദ്രാധീനനായിക്കിടന്ന താനറിയാതെ ജനാലിൽക്കൂടി അകത്തു കടന്നു "ക്ലോറഫാറം" പ്രയോഗിച്ചു തനിക്കു ബോധക്ഷയം ഉണ്ടാക്കിയതായിരിക്കണമെന്നാത്രേ ഭരതന്റെ അഭിപ്രായം. പ്രഭാതത്തിൽ തനിക്കു ബോധംവീണപ്പോൾ സ്വശത്രു അവിടെ നോക്കിനില്ക്കുന്നുണ്ടായിരുന്നു എന്നും ഭരതൻ പറഞ്ഞു. കി

ടക്കയുടെ കാല്ക്കൽ ബന്ധിക്കപ്പെട്ടിരുന്ന പിച്ചളകൊണ്ടുള്ള ഒരു ഗോളം കയ്യിലാക്കി അയാൾ ഭരതന്റെ ശിരസ്സു ലക്ഷ്യമാക്കി എറിഞ്ഞു എന്നും, ഏറു കൊണ്ട സമയം തനിക്കു പ്രജ്ഞയില്ലാതായി എന്നുമാണ് ആ സാധു പറഞ്ഞതു്. ഭരതനു ബോധക്ഷയം ഉണ്ടായതിൽ പിന്നീടായിരിക്കണം അയാളുടെ ശത്രു മുറിയിൽ പ്രവേശിച്ചതു്. ഞാൻ മുമ്പു പറഞ്ഞതുപോലെ അവിടെച്ചെന്നപ്പോൾ വാതിൽ തുറന്നുകിടക്കുന്നതായും കണ്ടു. ചുരുക്കത്തിൽ കഥയിങ്ങനെയാണ്."

ശാന്ത—ഓ, ഇപ്പറഞ്ഞയാൾ നിങ്ങളുടെ ഒരു സ്നേഹിതനാണെങ്കിൽ അയാൾക്കു നേരിട്ട ആപത്തിൽ ഞാൻ സഹതപിക്കുന്നു. എന്നാൽ ഇതിൽ വിശേഷവിധിയായി എന്താണു പറയാനുള്ളതു്? ഇതുപോലുള്ള സംഭവങ്ങൾ നിത്യവും ഉണ്ടാകുന്നുണ്ടല്ലോ.

ഭാഗ്ഗ—ഇക്കാര്യത്തിൽ വിനോദകരമായ രണ്ടു സംഗതികളുണ്ടു്. ഭരതനെ പ്രഹരിച്ചവൻ ഒരുവസ്തുവും അപഹരിച്ചുകൊണ്ടുപോയില്ല. ഘടികാരങ്ങളും ആഭരണങ്ങളുമെല്ലാം നിലത്തുതന്നെ ചിതറിക്കിടന്നിരുന്നു. രണ്ടാമതു് ഭരതൻ ഇക്കാര്യം ആരോടും പറയാൻ പോകുന്നില്ല. പോലീസുകാരെ അറിയിക്കരുതെന്ന് എന്നെക്കൊണ്ടു സത്യവും ചെയ്യിച്ചു.

ശാന്ത—ഇതുകൊണ്ടു നിങ്ങൾ എന്താണു മനസ്സിലാക്കുന്നതു്?

ഭാർഗ്ഗ—ഈ അക്രമിയുടെ ലക്ഷ്യം എന്തോ ഒരു പ്രത്യേക വസ്തുവായിരിക്കണം. ഭരതൻ അതു്യും

സൂചിപ്പിച്ചു എങ്കിലും സംഗതി എന്തെന്നായാൾ വിട്ടു പറയുന്നില്ല.

ശാന്ത—ശരി, നിങ്ങൾ ഇപ്പോൾ എന്നെ സമീപിച്ചതെന്തിന്? ഞാനാണയാളെ പ്രഹരിച്ചതെന്നു നിങ്ങൾ വിചാരിക്കുന്നോ?

ഭാർഗ്ഗവൻ ഉറക്കെ ചിരിച്ചുകൊണ്ടുപറഞ്ഞു "നദിയുടെ ഇക്കരയിൽ നടക്കുന്ന സംഭവങ്ങളെല്ലാം നിങ്ങൾ അറിഞ്ഞിരിക്കയോ അല്ലെങ്കിൽ നിങ്ങൾ വിചാരിച്ചാൽ അറിവാൻ സാധിക്കയോ ചെയ്യുമെന്നുറപ്പുണ്ടായതിനാലത്രെ ഞാൻ നിങ്ങളുടെ അടുത്തു വന്നതു്."

ശാന്ത—തന്നെ തല്ലിയ ആളുടെ ആകൃതിയെ സംബന്ധിച്ചു ഭരതൻ വല്ലതും വർണ്ണിച്ചു നിങ്ങളെ കേൾപ്പിച്ചിട്ടുണ്ടോ?

ഭാർഗ്ഗവൻ നിഷേധാർത്ഥത്തിൽ തലകുലുക്കിക്കൊണ്ടുപറഞ്ഞു. "ഭരതന്നു് അയാളെ നേരെകാണ്മാൻ കഴിഞ്ഞില്ല."

ശാന്ത—ശരി, ഞാൻ അന്വേഷിക്കാം. താഴെച്ചെന്നു് ദാഹത്തിനുവല്ല പാനീയവും കഴിച്ചിട്ടു് പതിനഞ്ചു നിമിഷത്തിനുള്ളിൽ ഇങ്ങോട്ടുവരിക.

താഴത്തു് രാഷ്ട്രകൂടൻ, തെരുവിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നതു് അഭിഭാഷകന്റെ മുറിയിൽനിന്നു തന്നെ ഭാർഗ്ഗവൻ കണ്ടു.

രണ്ടാമത്തെതവണ ഭാർഗ്ഗവൻ ശാന്തന്റെ മുറയിൽ പ്രവേശിച്ചപ്പോൾ അഭിഭാഷകൻ മാത്രമല്ല അവിടെ കാണപ്പെട്ടതു്. അദ്ദേഹത്തിന്റെ മേശയുടെ

സമീപത്തായി ഭംഗിയിൽ വസ്ത്രം ധരിച്ച ഒരു ചെറുപ്പക്കാരൻ ഇരിക്കുന്നുണ്ടായിരുന്നു! അയാൾ ഭാർഗ്ഗവനെപ്പോലെതന്നെ മുദ്ദലമായ മുഖപ്രകൃതിയും കരുതലുള്ള നോട്ടവുംകൊണ്ടു് സാധാരണന്മാർക്കു തന്റെ യഥാർത്ഥ പ്രകൃതിയെ മനസ്സിലാക്കാൻ സൗകര്യം കൊടുത്തില്ല. എന്നാൽ ഭാർഗ്ഗവന്റെ നിശിതബുദ്ധി ആ ചെറുപ്പക്കാരന്റെ ശരിയായ സ്വഭാവം ഗ്രഹിച്ചു. എങ്കിലും അയാൾ അതു വെളിക്കു പ്രകടിപ്പിച്ചില്ല.

ശാന്ത—ഇതു് എന്റെ സ്നേഹിതനായ കേശവനാണു് ചങ്ങാതീ, ഭാർഗ്ഗവനു സ്വാഗതം പറയൂ.

കേശവൻ എഴുന്നേററു ഭാർഗവനെ ആദരിച്ചു.

ശാന്ത—എന്നാൽ ഇനി നിങ്ങൾക്കു പറയാനുള്ള കഥ കേൾക്കട്ടെ.

മോഷണം, കയ്യേററം എന്നീ വിഷയങ്ങളെ സംബന്ധിച്ചു ആ കൂട്ടത്തിൽവച്ചു പറവാൻ ഭാർഗവനു് അല്പം സങ്കോചമുണ്ടായി. ഏതായാലും ഒടുവിൽ പറകതന്നെയെന്നുറച്ചു് അയാൾ ഇങ്ങനെ അറിയിച്ചു "ലേടികാരങ്ങൾ നിർമ്മിക്കുന്ന ഒരുവനെ ഇന്നാരോ പ്രഹരിച്ചു എന്നു് എനിക്കറിവുകിട്ടി. അതുസംബന്ധിച്ചു് പരമാർത്ഥം അറിയണമെന്നു് എനിക്കാഗ്രഹമുണ്ടായി അത്രേയുള്ളു."

കേശവൻ ചോദ്യഭാവത്തിൽ ശാന്തന്റെ നേരേ കണ്ണയച്ചു. ശാന്തൻ ഒരു മന്ദഹാസത്തോടുകൂടി പറഞ്ഞു. "ശരി, ഭാർഗവൻ ഒരിക്കലും പ്രതികാരത്തിനു ഇച്ഛിക്കുന്നയാളല്ല. അദ്ദേഹത്തിനു് ആ കഥ മാത്രമേ

ആവശ്യമുള്ളൂ. അദ്ദേഹം ഇപ്പോഴത്തെ പുതിയ കഥാകൃത്തുകളിൽ ഒരാളാണു്. പേരും സ്ഥലകാലങ്ങളും അദ്ദേഹം മാററിക്കൊള്ളും."

അതുകൊണ്ടു് ആപത്തൊന്നുംവരാനിടയില്ലെന്നു കേശവൻ ഉറപ്പുപറഞ്ഞു. തൻെറ വീരകൃത്യകഥകൾ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിക്കാണാമെന്നുള്ള ആശയാൽ അയാൾ ഒന്നു തെളിഞ്ഞു. അനന്തരം അയാൾ വീണ്ടും പറഞ്ഞു. "കൃത്യം ചെയ്തതു ഞാൻതന്നെ! അയാളെ മുറിവേൽപ്പിക്കണമെന്നു് എനിക്കു വിചാരമില്ലായിരുന്നു! പക്ഷേ ആ സ്ഥലമെല്ലാം ഒന്നു പരിശോധിക്കാൻ, ഉദ്ദേശിച്ചതിൽ കൂടുതൽ സമയം എനിക്കു വേണ്ടിവന്നു. ഞാൻ അവിടുന്നു രക്ഷപ്പെടുന്നതിനു മുമ്പയാൾ അവിടെ കടന്നുവന്നു, അപ്പോൾ എൻെറ രക്ഷയ്ക്കുവേണ്ടി ഞാൻ അയാളെ ഉപദ്രവിച്ചു."

ഭാർഗവൻ തൻെറ ഉള്ളിൽ ഉദിച്ച കോപത്തെ അടക്കി അയാൾ കേശവനെ തൃപ്തിപ്പെടുത്തുമാറു് പറഞ്ഞു. "ഓ, അയാളുടെ മുറിവുകൾ അത്ര സാരമുള്ളതല്ല. ഈ കൃത്യത്തിനു പ്രതിഫലം തന്നു നിങ്ങളെ പ്രേരിപ്പിച്ചതാരാണു്?"

കേശ—എനിക്കു് അയാളുടെ പേരറിഞ്ഞുകൂടാ! അറിഞ്ഞാലും ഞാനതു വെളിക്കു പറകയുമില്ല. അയാൾ ഈ പട്ടണത്തിൽതന്നെ തങ്ങി പലയിടത്തും നടക്കുന്നതു് ഞാൻ ഒന്നുരണ്ടുതവണ കാണുകയുണ്ടായി. ഒരിക്കൽ കണ്ടാൽ ആരും അയാളെ മറക്കുകയില്ല. ഒരുദിവസം രാത്രിയിൽ അയാൾ താഴത്തുള്ള അഴിക്കൂട്ടിൽ കടന്നുവന്നു. അയാൾ എന്നെ സൂക്ഷിച്ചുനോക്കു

ന്നതും, എന്നെപ്പററി അന്വേഷണം നടത്തുന്നതും ഞാൻ കണ്ടു. അതുകൊണ്ടു്, അയാൾ എനിക്കു വാങ്ങിത്തന്ന ഒരുകോപ്പ പാനീയം ഞാൻ കുടിച്ചു. ഞങ്ങൾ വേഗത്തിൽ വലിയ ഇഷ്ടന്മാരായിത്തീൎന്നു. അല്പനേരം അയാൾ അവിടെ ചുററിനടന്നിട്ടു വീണ്ടും എന്നെ സമീപിച്ചു്, അയാൾക്കുവേണ്ടി ഒരുകാൎയ്യം സാധിച്ചുകൊടുക്കുമെങ്കിൽ എനിക്കു് നൂറുരൂപാ പ്രതിഫലം തരാമെന്നുപറഞ്ഞു.

നിശ്ചയമായി ഞാൻ സാധിച്ചുകൊടുക്കാമെന്നു സമ്മതിച്ചു. അയാൾ എന്നോടു് ഒരു കഥ പറഞ്ഞു. അതിപ്രകാരമാണു്:—

കുറേ വൎഷങ്ങൾക്കുമുമ്പു് അയാളുടെ കുടുംബംവകയായ ഒരു മരതകക്കല്ലിനെ ഒരു തട്ടാൻ മോഷ്ടിച്ചുകൊണ്ടു് കടന്നുകളഞ്ഞു. അയാൾ തട്ടാനെ അന്വേഷിച്ചു നടന്നു. ഒടുവിൽ "അതല" വീഥിയിൽ ആ പൊൻപണിക്കാരൻ ഒരു പണിപ്പുര നടത്തിവരുന്നതായി കണ്ടു. ഘടികാരം മുതലായ സാമാനങ്ങൾ നന്നാക്കുകയാണു് അയാളുടെ ജോലി. മരതകരത്നം മോഷ്ടിച്ചതു് ആ പൊൻപണിക്കാരനാണെന്നു തീൎച്ചപ്പെടുത്താൻ യാതൊരു തെളിവും ഇല്ലായിരുന്നതുകൊണ്ടു് അയാളെ ബന്ധനത്തിലാക്കാൻ തനിക്കു നിവൃത്തിയില്ലായിരുന്നു എന്നു് എന്റെ ആ സ്നേഹിതൻ പറഞ്ഞു. എന്നാൽ അയാളുടെ വ്യവസായശാല ഒന്നു പരിശോധിക്കുന്നതിനായി എന്റെ സ്നേഹിതൻ നൂറുരൂപാ എനിക്കുതന്നു. മരതകരത്നം തേടിപ്പിടിച്ചുകൊണ്ടു കൊ

ട്ടത്താൽ അതിലേക്കു പ്രത്യേകിച്ച് ഒരു നല്ലതുക തരാമെന്നും അയാൾ പറഞ്ഞു.

ഇന്നലെ രാത്രിയിൽ അയാളുടെ ജോലിസ്ഥലം പരിശോധിക്കണമെന്നാണു ഞാൻ തീർച്ചപ്പെടുത്തിയതു്. തട്ടാൻ രാത്രി അധികം ഇരുട്ടുന്നതുവരെ ഇരുന്നു പണിചെയ്കയാണു പതിവ്. അയാൾ വിളക്കണയ്ക്കുന്നതുവരെ ഞാൻ മറവിൽ നോക്കിനിന്നു. പിന്നെ അയാൾ ഉറക്കമാവട്ടെ എന്നുവിചാരിച്ചു് ഒരുമണിക്കൂർ നേരംകൂടി കാത്തുനിന്നു. അതുകഴിഞ്ഞു് അകത്തുകടന്നു. ക്ലോറോഫാറം ഉപയോഗിച്ചു് അയാളെ ബോധരഹിതനാക്കിയശേഷം ഞാൻ ആ സ്ഥലമെല്ലാം ഒന്നു പരിശോധിച്ചു. അവിടെയെങ്ങും മരതകമണി കണ്ടില്ല. എനിക്കു മുഷിഞ്ഞു. അങ്ങിനെ ഞാൻ നിൽക്കുമ്പോൾ ആ പൊൻപണിക്കാരൻ ഉണർന്നു. എന്നെ അയാൾ കണ്ടുപോയതുകൊണ്ടു് അയാളെ വീണ്ടും ഉറക്കേണ്ടതായാവശ്യം നേരിട്ടു."

"നിങ്ങൾ അയാളെ പ്രഹരിച്ചതു് എന്തായുധംകൊണ്ടാണു്" എന്നു ഭാർഗവൻ ചോദിച്ചു.

"എന്റെ കയ്യിൽ യാതൊരായുധവും ഉണ്ടായിരുന്നില്ല. അതുകൊണ്ടു് അയാളുടെ കട്ടിലിൻതലയ്ക്കൽനിന്നും ഒരു പിച്ചളയുണ്ട പറിച്ചെടുത്തു് അതിനെ എന്റെ കൈലേസിൽ പൊതിഞ്ഞു് അയാളുടെ തലയ്ക്കെറിഞ്ഞു" എന്നു കേശവൻ പറഞ്ഞു.

"അതുനല്ല കണക്കിനുപററി" എന്നു് ഒരു വികൃതച്ചിരിയോടുകൂടി ഭാർഗവൻ പറഞ്ഞു.

"ശരി, അത്രേയുള്ളോ?" എന്നു കേശവനും ചോദിച്ചു.

"ഓ, എനിക്കറിഞ്ഞുകൂടാ; മരതകമണി കൈക്കലാക്കാൻ അതൊരുനല്ല അവസരമായിരുന്നു. ആ പച്ചക്കല്ലു് ആകൃതിയിൽ എങ്ങിനെയിരിക്കുമെന്നു് നിങ്ങളുടെ സ്നേഹിതൻ പറകയുണ്ടായോ?"- ഭാർഗ്ഗവൻ ചോദിച്ചു.

"അതു് ഹൃദയത്തിന്റെ ആകൃതിയിൽ ഇരിക്കുമെന്നും, ഒരു സുവർണ്ണസൂത്രത്താൽ ഘടിപ്പിക്കപ്പെട്ട രണ്ടു സമാർദ്ധങ്ങളും ചേർന്നതാണു് ആ രത്നമെന്നും, അതിനെ തൂക്കിയിടാൻ സൌകര്യം കൊടുക്കുന്ന ഒരു ചെറിയ വളയം അതിന്റെ മുകളററത്തു ഘടിപ്പിച്ചിട്ടുണ്ടെന്നും അയാൾ പറഞ്ഞു. പിന്നെ ആ രത്നം എത്രയോ നൂററാണ്ടുകളായി തന്റെ കുടുംബത്തെ അലങ്കരിച്ചിരുന്നു എന്നും അയാൾ ശപഥം ചെയ്കയും ഉണ്ടായി" എന്നു കേശവൻ അറിയിച്ചു.

"ഈ നവാക്കുപുരിക്കാരൻ ആകൃതിയിൽ ആരെപ്പോലെയിരിക്കും?" എന്നു ഭാർഗവൻ ചോദിച്ചു.

"അയാളുടെ ആകൃതിയൊന്നും വർണ്ണിക്കാൻ ഞാൻ തയ്യാറില്ല, അതു മര്യാദയല്ലതാനും" എന്നു് തല കുലുക്കിക്കൊണ്ടു കേശവൻ അറിയിച്ചു.

"ഇന്നലെ രാത്രിക്കുശേഷം നിങ്ങൾ അയാളെ കണ്ടുവോ?" ഭാർഗവൻ ചോദിച്ചു.

"കണ്ടു. മുമ്പു ഞങ്ങൾതമ്മിൽ പറഞ്ഞുറപ്പിച്ചിരുന്നപ്രകാരം ഇന്നുച്ചയ്ക്കുശേഷം വള്ളക്കടവിൽവച്ചു് ഞാൻ അയാളെ സന്ദർശിച്ചു. രത്നം കിട്ടാഞ്ഞതു

കൊണ്ട് അയാൾ അത്യന്തം സങ്കടപ്പെട്ടു. വാഗ്ദാന പ്രകാരമുള്ള രൂപാ ഒരുന്തറും ഞാൻ കാലേക്കൂട്ടി കയ്യിൽ വാങ്ങിയിരുന്നു"—കേശവൻ പറഞ്ഞു.

"നിങ്ങൾ വീണ്ടും അയാളെ കാണുമോ?"—ഭാർഗ്ഗവൻ ചോദിച്ചു.

"ഇല്ല, ഞാൻ ഇനിയെന്തിന് അയാളെ കാണുന്നു?"-കേശവൻ ചോദിച്ചു.

"ഇതൊരു നല്ലകഥ തന്നെ നിശ്ചയം. അതിനെ സംബന്ധിച്ച നമുക്കറിവില്ലാത്തകാര്യ്യം തന്ത്രത്തിൽ എനിക്കു മനസ്സിലാക്കണം.." ഇങ്ങനെ നിശ്ചയിച്ചുകൊണ്ട് ഭാർഗ്ഗവൻ ചോദ്യം ചെയ്തു. "ആകട്ടെ; ആ പിച്ചളപ്പന്തിനെ നിങ്ങൾ എന്തുചെയ്തു?"

അതുഞാൻ എൻെറ കീശയ്ക്കകത്തിട്ടു. പിന്നെ വളരെ നേരത്തേക്കു അതിനെപ്പററി ഓർത്തതേയില്ല. ഒടുവിൽ കീശയിൽ തപ്പിയപ്പോൾ അതു കയ്യിൽ തടഞ്ഞു. അതിനെ ആററിൽ എറിഞ്ഞുകളവാൻ ആദ്യം ഞാൻ വിചാരിച്ചു. എന്നാൽ അത് ഉപയോഗമുള്ള ഒരു ലോഹമാണല്ലോ എന്നോർത്തപ്പോൾ അതിനെ ഞാൻ കീശയിൽതന്നെ സൂക്ഷിച്ചുവച്ചു. അല്പനേരത്തിനുള്ളിൽ എൻെറ ഒരു കൂട്ടുകാരനായ രവീന്ദ്രനെ കണ്ടു. അയാൾക്ക് ഈ പിച്ചളപ്പന്തിൻെറ ആവശ്യമുണ്ടെന്നുപറകയാൽ അതു ഞാൻ രവീന്ദ്രനു കൊടുത്തു?—കേശവൻ അറിയിച്ചു.

ഭാർഗവൻ മിണ്ടാതെ ഈ ഗ്രാഹ്യവാർത്തയെ ഉള്ളിൽ ഗോപിച്ചു. ഇതല്ലാതെ കേശവനു മററൊ

ന്നം പറയാനുണ്ടായിരുന്നില്ല. അങ്ങിനെ അവരുടെ സന്ദർശനം അവസാനിച്ചു.

ഭാർഗവൻ താഴത്തേക്കിറങ്ങി കാപ്പിക്കടയിൽ പ്രവേശിച്ചു. കടയുടെ ഉടമസ്ഥനായ രാഘവൻെറ പക്കൽനിന്നും ഒരുപാത്രം കാപ്പിവാങ്ങി കുടിച്ചുകൊണ്ടിരിക്കെ ഭാർഗവൻ ചോദിച്ചു.

ചങ്ങാതി, നിങ്ങൾക്ക രവീന്ദ്രനെ·അറിയാമോ?"

"അറിയാം, അയാൾ ഇവിടെ നിത്യവും വരുന്നവനാണു്"—രാഘവൻ പറഞ്ഞു.

"എനിക്കയാളുമായി പരിചയപ്പെട്ടാൽ കൊള്ളാം; അയാൾക്കു് ഒരു നല്ല കഥയറിയാമെന്നു ഞാൻ കേട്ടു."—ഭാർഗവൻ പറഞ്ഞു,

"അയാളെ ഇനി കാണുമ്പോൾ ഞാൻ പറയാം" രാഘവൻ അറിയിച്ചു.

"അയാൾ പാക്കുന്നതെവിടെയെന്നറിയാമോ?" ഭാർഗവൻ ചോദിച്ചു.

"നദീതീരത്തിൽ കാണുന്ന പഴയ ഗൃഹപരമ്പരയിൽ രണ്ടാംനിലയിൽ രണ്ടാമത്തെ വീട്ടിൽ." രാഘവൻ അറിയിച്ചു

"അയാളുടെ ശരിയായ പേരെന്താണു്?—ഭാർഗവൻ ചോദിച്ചു.

"എല്ലാവരും അയാളെ രവീന്ദ്രനെന്നാണു വിളിക്കുന്നതു്"എന്നു കാപ്പിക്കട ഉടമസ്ഥൻ പറഞ്ഞു.

ഭാർഗവനു പോകാൻ ഒട്ടുംതന്നെ ബദ്ധപ്പാടുണ്ടായിരുന്നില്ല. രാഷ്ട്രക്രൂടൻ അപ്പോഴും തെരുവിൽ അങ്ങുമിങ്ങും നടക്കുകയായിരുന്നു. കേശവനെ തൻെറ ആ

ഞാകർനാക്കിയതു്.ഈയാൾതന്നെയെന്നു ഭാർഗവൻ ഊഹിച്ചു. കാപ്പി കഴിച്ചുകൊണ്ടിരിക്കുമ്പോൾ അയാൾ രാഷ്ട്രക്രൂടനെ ഈവിധം മനസാ സംബോധന ചെയ്തു.

"ചങ്ങാതീ,മരതകം ആ ലോഹഗോളത്തിനുള്ളിലാണെന്നറിയാൻ നിങ്ങൾ എന്തുതന്നെ ദാനംചെയ്തില്ല? നിങ്ങളുടെ ആൾ അതു കൈവശമാക്കിയിട്ടും ആവസ്തുതഅറിഞ്ഞില്ല."

2

ആ പുരാതന ഗൃഹപരമ്പരയുടെ പുരോഭാഗത്തിൽ ഓരോ ഗൃഹത്തിൻെറയും മുമ്പിലുള്ള മണ്ഡപത്തിൽ ഓരോ എഴുത്തുപെട്ടി വച്ചിരുന്നു. എന്നാൽ ഇവയിലൊന്നിലും ഒരെഴുത്തെങ്കിലും നിക്ഷേപിക്കാൻ ആരും മനസ്സുവെച്ചില്ല. ഭാർഗവൻ തെരുവിൽ കളിച്ചുകൊണ്ടുനിന്ന കുട്ടികളോടു് ഇങ്ങിനെ ചോദിച്ചു.

"കുഞ്ഞുങ്ങളെ രവീന്ദ്രൻ ഏതു വീട്ടിലാണു പാക്കുന്നതു്?"

"രണ്ടാമത്തെനിലയിൽ മുൻവശത്തു രണ്ടാമത്തെ വീട്ടിൽ" എന്നു് അനേകം സ്വരങ്ങൾ ഉടൻതന്നെ ഉത്തരം പറഞ്ഞു.

വേറൊരു ബാലൻ—"അയാൾ ഇപ്പോൾ വീട്ടിലില്ല."

"അവിടെ വേറെ ആരെങ്കിലുമുണ്ടോ?" ഭാർഗവൻ ചോദിച്ചു.

"ഓ, തീർച്ചയായി അയാളുടെ പെണ്ണു വീട്ടിലുണ്ടു്" എന്നു ബാലൻ പറഞ്ഞു.

മറെറാരു ബാലൻ—ഇന്നുച്ചയ്ക്കു് അവർ തമ്മിൽ ഒരു ശണ്ഠയുണ്ടായി. അവൾ നിലവിളിക്കുന്നതു ഞാൻ കേട്ടു.

ഭാർഗവൻ നാലുപടികൾ കയറി മുകളിൽചെന്നു നിർദ്ദിഷ്ട കവാടത്തിൽ മുട്ടി. വാതിൽ തുറന്നു വിളറിയതെങ്കിലും സൗന്ദര്യമുള്ളതും അശ്രുകലുഷിതവുമായ ഒരു മുഖം അവിടെ പ്രത്യക്ഷമായി.

"നിങ്ങൾക്കെന്തുവേണം" എന്നവൾ വിരസഭാവത്തിൽ ചോദിച്ചു.

"രവീന്ദ്രൻ ഇവിടെയുണ്ടോ?" ഭാർഗവൻ പ്രസന്നനായി ചോദ്യംചെയ്തു.

"ഇല്ല" എന്നു പറഞ്ഞുകൊണ്ടു് അവൾ വാതിലടയ്ക്കാൻ ഭാവിച്ചു. എന്നാൽ അതിനുമുമ്പായി ഭാർഗവൻ ഒരു കാൽ മുറിക്കുള്ളിലിട്ടതിനാൽ അവളുടെ ഉദ്ദേശം സാധിച്ചില്ല. ഭാർഗവൻ ഹൃദയസ്പൃക്കായ ഒരു മന്ദഹാസത്തോടുകൂടി പറഞ്ഞു.

"സഹോദരീ, ഇത്ര ക്രൂരമായി പെരുമാറരുതേ, ഞാൻ കരംപിരിക്കാൻ വന്നവനല്ല".

ആ പെൺകിടാവു ഭാർഗവന്റെ സ്മേരപേശലമായ നീലനയനങ്ങളെയും മൗക്തികധവളമായ ദന്തനിരയേയും ഒരിക്കൽകൂടി വീക്ഷിച്ചുകൊണ്ടു കവാടത്തെ വിസ്തൃതമായി തുറന്നുവച്ചു. അവൾ ചോദ്യം

ചെയ്തു—"രവീന്ദ്രനെക്കൊണ്ടു നിങ്ങൾക്കെന്തുവേണം?"

"എനിക്ക് അയാളുടെ പക്കൽനിന്നും ഒരു കഥ കിട്ടണം". ഭാർഗവൻ പറഞ്ഞു.

"നിങ്ങൾ ഒരു പത്രലേഖകനാണോ?" എന്നു സംശയഭാവത്തിൽ അവൾ ചോദിച്ചു.

"പത്രലേഖകനെന്നു പറയാൻ നിവൃത്തിയില്ല; രവിവാരപത്രങ്ങളിലും മാസികകളിലും കഥകൾ എഴുതുന്നവനാണു ഞാൻ"—ഭാർഗവൻ പറഞ്ഞു.

"എന്താണെന്നറിഞ്ഞില്ല; ഇന്നു രവീന്ദ്രൻ ജനങ്ങളുടെ കണ്ണിലുണ്ണിയായിത്തീർന്നിരിക്കുന്നു. ഇദ്ദേഹത്തെ അന്വേഷിച്ചു വന്ന രണ്ടാമത്തെ ആളാണു നിങ്ങൾ"—പെൺകിടാവു പറഞ്ഞു.

ഭാർഗവൻ ചെവി വട്ടംപിടിച്ചു. അയാൾ ഉദാസീനഭാവത്തിൽ ചോദിച്ചു.

"ആദ്യത്തെ ആൾ ആരാണ്?"

"പ്രായമായ ഒരാളാണ്, മോടിയായി വസ്ത്രം ധരിച്ചിരിക്കുന്നു"—അവൾ പറഞ്ഞു.

ഇതു രാഷ്ട്രക്കൂടനല്ല; തീർച്ചതന്നെ; ഒരു പുതിയ കക്ഷിക്കൂടി ഈ സംഗതിയിൽ ഇതാ പ്രത്യക്ഷപ്പെടുന്നു. "മോടിയിൽ വസ്ത്രധാരണംചെയ്തയാൾ. ആരാണത്?"—ഭാർഗവൻ ചോദിച്ചു.

"നവാക്പുരിക്കാരൻ ഒരാളാണ് നിങ്ങൾക്കെന്തോ വളരെക്കാര്യങ്ങൾ അറിയാനുണ്ടെന്നു തോന്നുന്നല്ലോ"—അവൾ പറഞ്ഞു.

എല്ലായ്പോഴും കഥയന്വേഷിച്ചു നടക്കുകയാണു

എൻെറ പണി; "നവാക്കപുരി"യിൽനിന്ന വന്ന ഈ വലിയആൾ ആരാ?"—ഭാർഗവൻ ചോദിച്ചു.

"ഒരു വലിയ സ്ഥാനമാനമുള്ളവനാണ് വലിയ കണ്ണും, കനംവുവന്നുവും, സൂചിപോലുള്ള മേൽമീശയും ഉണ്ട്, അയാൾക്ക്—ഒരു ചൂരൽവടിയും കയ്യിലുണ്ട്"—അവൾ പറഞ്ഞു.

"ചൂരൽവടിയോ, ശരി കേൾക്കട്ടെ?"—ഭാർഗവൻ പറഞ്ഞു.

"അതെ, പിന്നെ മൂക്കുകണ്ണാടിയും വച്ചിട്ടുണ്ട്"—ആ പെൺകിടാവു പറഞ്ഞു.

ഇങ്ങനെ ഭാർഗവന് ആ മനുഷ്യനെപ്പററി ഒരു വിശദവർണ്ണന ലഭിച്ചു. ആൾ ആരോ ആയിക്കൊള്ളട്ടെ. "നീ അയാളോട് എന്തുപറഞ്ഞു?"—ഭാർഗവൻ ചോദിച്ചു.

"ഒന്നും പറഞ്ഞില്ല, അയാളുടെ ഭാവവും, പെരുമാററവും തന്നെ എനിക്കൊട്ടും പിടിച്ചില്ല"—അവൾ പറഞ്ഞു.

അവളുടെ വാക്കുകൾ ഭാർഗവന സത്യമായിതോന്നി. പിച്ചളപ്പന്തിന്, ശക്തിയായ ഒരു മത്സരം ഉണ്ടെന്ന നിസ്സംശയം തെളിഞ്ഞു-അയാൾ പറഞ്ഞു.

"ഇത്രയും വിശദമായ ഒരു സൂചന തന്നതിന സഹോദരിക്കു വന്ദനം. ഈ പരിസരങ്ങളിൽ ഒരു സൂക്ഷ്മപരിശോധന നടത്തേണ്ടതുണ്ടെന്ന് എനിക്കു തോന്നുന്നു."

"ഈ സ്ഥലം ഒരു നരകമാണ്"—എൻെറ വല്യച്ഛ

എത്രയോ നല്ല ഒരു പ്രദേശത്തായിരുന്നു" — അവൾ പറഞ്ഞു.

"സോദരി ശോഭനമായ ഒരു ജീവിതത്തിനു സർവ്വഥാ യോഗ്യതയുള്ളവളാണു്"—ഭാർഗവൻ പറഞ്ഞു.

ആ യുവതി ചില പ്രശാന്തസുന്ദരമായ വീക്ഷണങ്ങളെ നമ്മുടെ തരുണന്റെമേൽ പ്രക്ഷേപണം ചെയ്തു. അയാൾ വിശിഷ്ടമായ മറെറതോ ഒരു ലോകത്തുനിന്നു വന്നവനാണെന്നു് അവൾക്കു തോന്നി. അവളുടെ ഈ ഭാവം അയാളെ അസ്വസ്ഥനാക്കി.

"രവീന്ദ്രനെവിടെ?" എന്നയാൾ ചോദിച്ചു.

"എനിക്കറിഞ്ഞുകൂടാ; അറിഞ്ഞാലും ഞാൻ പറകയുമില്ല."—ആ പെൺകിടാവു വിമുഖിയായി പറഞ്ഞു.

"എന്താണു പറയാത്തതു്?"—ഭാർഗ്ഗവൻ ചോദിച്ചു.

"നിങ്ങളാരാണെന്നു് എനിക്കറിഞ്ഞുകൂടാത്തതുകൊണ്ടുതന്നെ. അദ്ദേഹത്തെ ആപത്തിൽ ചാടിക്കാൻ ഞാൻ വിചാരിക്കുന്നില്ല"—അവൾ പറഞ്ഞു.

"അയാൾ നിങ്ങളോടു സ്നേഹപൂർവമായിട്ടല്ല പെരുമാറുന്നതെന്നു തോന്നുന്നു"—ഭാർഗ്ഗവൻ പറഞ്ഞു.

"അതു പരമാർത്ഥമാണു്, ഒരുനേരവും എനിക്കൊരു സൈ്വരമില്ല"—അവൾ പറഞ്ഞു.

"അതിനു നിവൃത്തിയുണ്ടാക്കാം. പേടിക്കേണ്ട, അയാൾ എപ്പോൾ തിരിച്ചുവരും. നിന്നെ നല്ലോണം

പ്രഹരിച്ചിട്ടാണോ അയാൾ പോയതു്?"—ഭാർഗ്ഗവൻ ചോദിച്ചു.

അവൾ ഉത്തരമൊന്നും പറഞ്ഞില്ല. എന്നാൽ അവളുടെ കണ്ണുകൾ അശ്രുപൂർണ്ണമായി കാണപ്പെട്ടു. ഈ കണ്ണുനീരു് കോപത്തിന്റെ ഫലമാണെന്നല്ലാതെ സങ്കടത്തിന്റെ ഫലമാണെന്നു അയാൾക്കു തോന്നിയില്ല.

ഭാർഗ്ഗ—"ഇതു ലജ്ജാകരം തന്നെ. നിന്നെപ്പോലെ നല്ല അഴകുള്ള ഒരു പെണ്ണു്?"

ഒരുഭാഗത്തു സങ്കടവും മറുഭാഗത്തു് വേണ്ടുവോളം അനുതാപവും ഉണ്ടെങ്കിൽ ഒരു ഒത്തുതീർപ്പിൽ എത്താവുന്നതായിരുന്നു അവൾക്കുണ്ടായിരുന്ന ആ ദുരവസ്ഥ. .ആ പെൺകിടാവു് ആശയോടുകൂടി പറഞ്ഞു.

"എനിക്കുവേണ്ടി അയാൾക്കു് ഒരു നല്ല പ്രഹരം കൊടുക്കാമെങ്കിൽ അയാൾ എവിടെ ഉണ്ടെന്നു് ഞാൻ പറയാം"—ആ പെൺകിടാവു പറഞ്ഞു.

"തീർച്ചയായി ഞാൻ അങ്ങനെ ചെയ്യാം." ഭാർഗ്ഗവന്റെ ഈ മറുപടി ഹൃദയപൂർവ്വമായിരുന്നു.

"ശരി,അയാൾ ഇന്നു പണം തട്ടിയെടുക്കാനുള്ള ഒരു വഴിക്കു പോയിരിക്കയാണു് എവിടെയാണെന്നു് എനിക്കറിവില്ല. കാര്യം സാധിച്ചുകഴിഞ്ഞാൽ അയാൾ തന്റെ ഒരു കൂട്ടുകാരന്റെ വീട്ടിൽ പോകും. അതിടെനിന്നും അയാൾ നേരം വെളുക്കാറാകുമ്പോൾ ഇവിടെ വന്നുചേരും: അപ്പോൾ അയാളെ അടിച്ചു താഴത്തിടണം. നിങ്ങൾ അങ്ങിനെ ചെയ്യുമോ? അടിച്ചു താഴെയിട്ടാൽ മാത്രം പോരാ, പിന്നെ രണ്ടു തൊ

ഴിക്കൂടെ കൊടുത്തിട്ട്—"ഇതു മാധവിക്കുവേണ്ടിയാണു്" എന്നുകൂടി പറയണം സമ്മതിച്ചോ?" എന്നവൾ ആവേഗത്തോടുകൂടി ചോദിച്ചു.

"സമ്മതിച്ചു, നിശ്ചയമായി നീ പറഞ്ഞപോലെല്ലാം ചെയ്യാം; കാഴ്ചയിൽ അവൻ ആരെപ്പോലെയിരിക്കും?"—ഭാർഗ്ഗവൻ ചോദിച്ചു.

"പൊക്കം നിങ്ങളോളംതന്നെയുണ്ടു്. എന്നാൽ നിങ്ങളെക്കാൾ മെലിഞ്ഞയാളാണു് ചാടിച്ചാടിയാണു നടക്കുന്നതു്. വേണമെങ്കിൽ അയാളുടെ ഛായാപടം കാണിക്കാം. ഇവിടെയുണ്ടു്".

ഇത്രയും പറഞ്ഞിട്ടു് അവൾ ഒരു പെട്ടി തുറന്നു് ഒരു ചെറിയ ഛായാപടം പുറത്തെടുത്തു ഭാർഗ്ഗവന്റെ കയ്യിൽ കൊടുത്തു. അയാൾ കുറേനേരം അതു സൂക്ഷിച്ചുനോക്കിയശേഷം പടം തിരിയെ അവളുടെ കയ്യിൽ കൊടുത്തു.

"ശരി, എന്നാൽ ഞാൻ പോകുന്നു"—അയാൾ പറഞ്ഞു.

"അത്ര ബദ്ധപ്പാടുണ്ടോ? രവീന്ദ്രനെ കാണണമെങ്കിൽ വെളുപ്പാൻകാലമാവണം"—ആ പെൺകിടാവു് പറഞ്ഞു.

"സഹോദരി, എനിക്കു വേറെയും ചില ജോലികളുണ്ടു്. ഇവിടെ നിന്നാൽമാത്രം പോരാ"—ഭാർഗ്ഗവൻ പറഞ്ഞു.

"നിങ്ങൾ നാളെ എന്നെ കാണാൻ വരുമോ?" നമ്രവീക്ഷണയായി അവൾ ചോദ്യംചെയ്തു.

"തീർച്ചയായി വരാം"—പുഞ്ചിരിയോടുകൂടി ഭാർഗ്ഗവൻ പറഞ്ഞു.

വിവർണ്ണമായി അധോമുഖമായ അവളുടെ വദനകമലം ആ യുവാവിൽ വിന്യസ്ഥമായ വിശ്വാസാതിരേകത്തെ വിശദമാക്കി. ആ യുവാവു് അനുതാപത്താൽ തരളഹൃദയനായിത്തീൎന്നു. അവളുടെ ചലനങ്ങൾ അത്രമാത്രം നിരാശാസൂചകങ്ങളായിരുന്നു.

"ഇവിടെ വീട്ടിൽ വല്ലതുമുണ്ടോ സഹോദരി?—ഭാർഗ്ഗവൻ സങ്കോചത്തോടെ ചോദിച്ചു.

അവൾ മെല്ലെ ശിരസ്സു ചലിപ്പിച്ചു.

"ഓ! അതു ചോദിക്കേണ്ടതില്ലായിരുന്നു"—ഭാർഗ്ഗവൻ വളരെ പതുക്കെ മുറുമുറുത്തു. പിന്നീടു പത്തുരൂപയുടെ നാലു നോട്ടുകൾ എടുത്തു് ഒരു കടലാസിൽ പൊതിഞ്ഞു തലയണയുടെ കീഴിൽ വച്ചിട്ടു് ആ യുവാവു തുടൎന്നുപറഞ്ഞു-

"രവീന്ദ്രൻ വളരെനേരം കഴിഞ്ഞേ വരികയുള്ളു ഏതായാലും അവനെ സൂക്ഷിച്ചുകൊള്ളണം—"

ഈ വാക്കുകളോടുകൂടി ഭാർഗ്ഗവൻ മുറിവിട്ടുകൊണ്ടു വേഗത്തിൽ താഴത്തേക്കിറങ്ങി.

നമ്മുടെ യുവാവു് ഹൃദയക്ഷോഭത്താൽ വ്യഗ്രനായി വാസവപ്രസ്ഥത്തിലെ പ്രധാന വീഥിയെ തരണം ചെയ്യുകയായിരുന്നു. തന്റെ ചങ്ങാതിയായ ഭരതന്റെ ദേഹസ്ഥിതി അന്വേഷിക്കുന്നതിനായി ഭാർഗ്ഗവൻ അതിവേഗത്തിൽ മുന്നോട്ടുകുതിച്ചു. അയാളുടെ മനസ്സാന്നിദ്ധ്യം ഇടവിട്ടു് ഉച്ചനീചങ്ങളെ പ്രാപിച്ചു. പിച്ചളപ്പന്തുകൈക്കലാക്കുന്നതിനുള്ള അയാളുടെ വ്യഗ്രതയും

അണുമാത്രംപോലും കുറവു നേരിട്ടിരുന്നില്ല. തന്റെ പ്രഥമ പരിശ്രമത്തിന്റെ വിജയകരമായ പുരോഗമനം ആ യുവാവിന് ആശാസജനകമായിരുന്നു. പക്ഷെ ആ ശപിക്കപ്പെട്ട വസ്തു വെറും തുച്ഛമായ മൂല്യത്തെ അർഹിക്കുന്നതായി തോന്നിച്ചതാണ് ഒരു വിഷമമായിത്തീർന്നത്.

ഊണിനു നേരമായി എന്നുള്ള ചിന്ത ഹൃദയത്തിൽ ഉദിച്ചപ്പോഴായിരുന്നു ഉദരഗഹ്വരത്തെ ചീന്തുന്ന വിശപ്പിന്റെ രൂക്ഷത അയാൾ അറിഞ്ഞത്. ദേഹത്തിനും ആഹാരം കൊടുക്കേണ്ട ഭാരം അയാൾക്കുണ്ടായിരുന്നു. ഭക്ഷണസാധനങ്ങൾ വാങ്ങാൻ ഒരു വ്യാപാരശാലയുടെ മുമ്പിൽ ഭാർഗ്ഗവൻ നിന്നു; അപ്പോൾ തന്നെ പിൻതുടർന്നുവന്ന ഒരാളും പെട്ടെന്നു നില്ക്കുന്നതു് അയാൾ കണ്ടു. വീണ്ടും തന്നെ ആരോ പിൻതുടരുന്നുണ്ടെന്നുള്ള വസ്തുത ആ യുവാവു് അപ്പോൾ മനസ്സിലാക്കി. ഭാഗ്ഗവൻ മുമ്പു കണ്ടിട്ടില്ലാത്ത ഒരുവനായിരുന്നു ഈയാൾ. മൃത്യുവിനോടൊപ്പം ഭീകരമായ മുഖത്തു് അതിക്രൂരങ്ങളായ രണ്ടു കണ്ണുകളോടുകൂടിയ ഒരു ഭീമസത്വം. രഹസ്യപ്പോലീസ് സൈന്യത്തിൽ ഉൾപ്പെട്ടവനാണു താനെന്നറിയിക്കുന്ന ചില അടയാളങ്ങൾ അയാളുടെ ശരീരത്തിൽ കാണപ്പെട്ടു.

ഈയാൾ എങ്ങോട്ടാണു പോകുന്നതു് എന്നു ഭാർഗവൻ ചിന്തിച്ചു. അതു് അന്വേഷിച്ചതുകൊണ്ടെന്താണു പ്രയോജനം. ഈ കൂട്ടരുടെ ഒരു പടതന്നെ ഇവിടെയുണ്ടു് ഈയാൾ എന്നെ അന്വേഷിച്ചു വന്നതാണോ! അതല്ല എന്റെ സഹായത്തോടുകൂടി രവീന്ദ്ര

നെ കണ്ടുപിടിക്കാൻ ശ്രമിക്കയാണോ? രവീന്ദ്രനെ കണ്ടുപിടിക്കാനാണെങ്കിൽ അക്കാര്യത്തിൽ ജയിച്ചുനില്ക്കുന്നതു ഞാനാണ് എന്തുകൊണ്ടെന്നാൽ, അയാൾ എവിടെയുണ്ടെന്ന് എനിക്കറിയാം.

അത്താഴത്തിനു വേണ്ട സാധനങ്ങളെല്ലാം വാങ്ങിയശേഷം അതും എടുത്തുകൊണ്ടു തിരിഞ്ഞുനോക്കാതെ അയാൾ ഭാർഗവൻ കിടക്കുന്ന ഗൃഹത്തിലേക്കു പോയി.

ഭരതൻെറ പണിപ്പുരയിൽ ഒരു നാല്ക്കാലിയും പീഠവും ഒരു കസാലയുമല്ലാതെ മററു സാമാനങ്ങൾ ഇല്ലായിരുന്നു. ഭാർഗവൻെറ അഭാവത്തിൽ ആ പൊൻപണിക്കാരൻ അവിടമെല്ലാം വൃത്തിയാക്കി തൻെറ പണിയിൽ ജാഗരൂകനായി വർത്തിച്ചിരുന്നു. ആ ഗൃഹത്തിൽ അസാധാരണമായ വല്ല സംഭവവും നടന്നതായി അയാളുടെ പ്രശാന്തമായ മുഖഭാവത്തിൽ നിന്നും ആർക്കും ഊഹിക്കാൻ നിവൃത്തിയുണ്ടായിരുന്നില്ല. തൻെറ അസ്വാസ്ഥ്യംമൂലം നഷ്ടപ്പെട്ട സമയത്തെ നികത്തുവാൻവേണ്ടി ഭരതൻ ഇളവില്ലാതെ ജോലി ചെയ്യുകയായിരുന്നു. കുണ്ടിൽ വീണ കണ്ണുകളോടുകൂടിയ മെലിഞ്ഞ ഒരു ചെറിയ മനുഷ്യൻ—

ഭാർഗവൻ മുറിക്കുള്ളിൽ പ്രവേശിച്ചപ്പോൾ ഭരതൻ മൂക്കിൽനിന്നു കണ്ണാടി മാററിയിട്ടു സ്നേഹിതനെ സൂക്ഷിച്ചുനോക്കി. താൻ ആശിച്ചിരുന്ന വസ്തു ഭാർഗവൻ കൊണ്ടുവന്നിട്ടില്ലെന്നു കണ്ടപ്പോൾ വീണ്ടും മൂക്കത്തു കണ്ണാടി വച്ചുകൊണ്ട് അയാൾ പണിതുടങ്ങി-

ഈകാര്യത്തിൽ ആശയോടുകൂടിയ ഒരു പ്രതീക്ഷ അയാൾക്കുണ്ടായിരുന്നില്ല.

ഭാർഗവൻ ഈ നോട്ടത്തിന്റെ സാരം മനസ്സിലാക്കി. അയാൾ പറഞ്ഞു.

"ഇക്കാര്യത്തിൽ ആശാവഹമായ ഒരു തെളിവ് എനിക്കു ലഭിച്ചിട്ടുണ്ട്.

"അതെന്താണ്?" ഭരതൻ ഉൽക്കണ്ഠയോടെ ചോദിച്ചു.

"അരമണിക്കൂർ നേരത്തേക്ക് എല്ലാം പൂട്ടിവയ്ക്കൂ. നമുക്കു അത്താഴം കഴിക്കാം. നിങ്ങൾക്ക് അതാവശ്യമാണ്. ഭക്ഷണത്തിനിടയിൽ ഞാൻ .എല്ലാം പറയാം"—ഭാർഗ്ഗവൻ പറഞ്ഞു.

പുറകിലുള്ള മുറിയിൽ അത്താഴത്തിനിരിക്കുന്നതിനു മുമ്പായി മുൻവശത്തെ വിശാലശാലയിലെ വാതലുകളും ജനാലകളും ഭാർഗ്ഗവൻ ദൃഢമായി ബന്ധിച്ചു. ഈ സംരംഭത്തെ നീരസദ്യോതകമായ ഒരു മന്ദഹാസത്തോടുകൂടി ഭരതൻ നോക്കിയിരുന്നു. ·അയാൾ പറഞ്ഞു.–

"അവർ വീണ്ടും വന്നാൽതന്നെ എന്ത്? രത്നം കൈവിട്ടുപോയല്ലോ"

"നിശ്ചയമായിട്ടും; എങ്കിലും നമ്മുടെ ദേഹം നാം സൂക്ഷിക്കണമല്ലോ"-ഭാർഗവൻ പറഞ്ഞു.

ഭരതൻ അസ്വസ്ഥനായി ഒന്നുചലിച്ചു; അയാൾ പറഞ്ഞു.–

"നിങ്ങൾ സൂക്ഷിക്കതന്നെ വേണം; വളരെ ചെറു

പ്പമാണല്ലോ നിങ്ങൾക്ക്. ഇനി എത്രയോ ദീർഘകാലം നിങ്ങൾക്കു ലോകത്തിൽ ജീവിക്കേണ്ടതുണ്ട്. നിങ്ങൾ വളരെ വളരെ നല്ലവനാണ് ഇക്കാര്യത്തിൽനിന്നൊഴിഞ്ഞു് ഇവിടെനിന്നും മാറിത്താമസിക്കുക" കൃപാരസം ചൊരിയുന്ന കഴിഞ്ഞ കണ്ണുകളെ ഭാർഗ്ഗവന്റെമേൽ പതിപ്പിച്ചുകൊണ്ടു ഭരതൻ പറഞ്ഞു.

"ഒരു നല്ല അവസരം!"തരളഹൃദയനായി ആ യുവാവു പറഞ്ഞു.

അവർ ഭക്ഷണത്തിനിരുന്നപ്പോൾ ഭാർഗ്ഗവൻപറഞ്ഞു-"നിങ്ങൾ എന്നോട്ട് ഒന്നും പറകയില്ല. എങ്കിലും ഞാൻ ചില സംഗതികൾ കണ്ടുപിടിച്ചു". ഈ വാക്കുകളോടുകൂടി അയാൾ രാഷ്ട്രകൂടന്റെ ആകൃതിയെ വർണ്ണിച്ചു.

"എനിക്കയാളെ അറിയാം."ഭരതൻ പറഞ്ഞു.

"നിങ്ങൾക്കറിയാമെങ്കിൽ എന്തുകൊണ്ടു് ഇതുവരെ അയാളെ ബന്ധനസ്ഥനാക്കാൻ ശ്രമിച്ചില്ല? ഭാർഗ്ഗവൻ ചോദിച്ചു.

"അതത്ര എളുപ്പമല്ല". ഭരതൻ പറഞ്ഞു.

"ആദ്യമായി ഞാൻ വിചാരിച്ചതു് ഇതിന്റെ എല്ലാം പിന്നിൽ ഈയാളാണു് ഒരാച്ചനില സ്വീകരിച്ചിരിക്കുന്നതെന്നാണു് എന്നാൽ പിന്നീടു ബുദ്ധിയിൽ മികച്ച ഒരു കക്ഷി ഈ കാര്യത്തോടു ബന്ധിച്ചിട്ടുണ്ടെന്നു ഞാൻ കണ്ടു. പിച്ചള ഉണ്ടയിൽ എന്തോ അടങ്ങിയിട്ടുണ്ടെന്നു് ഈയാൾ സംശയിക്കുന്നു. ഇതിൽ പ്രധാന പങ്കു് ഇയാൾക്കുണ്ടു്."

ഈ വാക്കുകളോടുകൂടി ഭാർഗവൻ ആ തടിച്ച മനുഷ്യനെ വർണ്ണിച്ചു.

ഭരതൻ മെല്ലെ പ്രതിഷേധസൂചകമായി തല കുലുക്കി.

"എന്നാൽ പിന്നെ ആരാണു്?"—ഭാർഗവൻ ചോദിച്ചു.

"ഒരു വലിയ ആൾ"—ഭരതൻ പറഞ്ഞു. ഭാർഗവൻ ഒന്നു ഞെട്ടി. "പക്ഷെ ഈ തടിച്ചയാളെ നിങ്ങൾക്കറിയാമല്ലോ?"

"ഈ തെരുവിൽ ചിലപ്പോൾ ഒരു പുതിയ മനുഷ്യൻ കടന്നുവന്നു് അങ്ങുമിങ്ങും സൂക്ഷ്മമായ പരിശോധന നടത്തുന്നതു ഞാൻ കണ്ടിട്ടുണ്ടു്. അതുപോലെ അനേകം പേരുണ്ടു് ഈയാളെ ഞാൻ പ്രത്യേകിച്ചു സൂക്ഷിക്കാൻ കാരണമുണ്ടു്. എന്തെന്നാൽ അയാൾ വാസവപ്രസ്ഥക്കാരനാണു്"-ഭരതൻ പറഞ്ഞു.

ഈശ്വരാ! അനേകംപേരോ? എല്ലാരും നിങ്ങടെ ശത്രുക്കളോ: ഇതിന്റെയെല്ലാം അർത്ഥമെന്തു ഭരതാ! ഭാർഗവൻ അത്ഭുതപരവശനായി ചോദിച്ചു.

ആ ഘടികാരനിർമ്മിതാവു തന്റെ തോൾ ചലിപ്പിച്ചു താന്തതയെ അഭിനയിച്ചതേയുള്ളു.

"ആ തടിച്ച മനുഷ്യനും രാഷ്ട്രകൂടനുമായിട്ടു് എന്താണു ബന്ധം?"-ഭാർഗവൻ ചോദിച്ചു.

"ഒരു ബന്ധവുമില്ല, അവർ രണ്ടു കക്ഷിക്കാരാണു്"

"രണ്ടു കക്ഷിക്കാരോ?"—ഭാർഗവൻ ആശ്ചര്യഭരിതനായി ഉറക്കെ പറഞ്ഞു.

"ഒരാൾ ആ വിച്ചുളപ്പന്തന്വേഷിക്കുന്നതു് അതിനെ സംരക്ഷിക്കാനും മറേറയാൾ തേടുന്നതു് അതു നശിപ്പിക്കാനുമാണു്"-ഭരതൻ പറഞ്ഞു.

"നിങ്ങൾ പറയുന്നതൊന്നും മനസ്സിലാകുന്നില്ല. ഒരു വിലപിടിച്ച പച്ചക്കല്ലിനെ ആരെങ്കിലും നശിപ്പിക്കുന്നതെന്തിനു്?"-ഭാർഗവൻ ചോദിച്ചു.

"ഒരു പച്ചക്കല്ലിനെക്കാൾ കൂടുതൽ പ്രാധാന്യമുള്ള ചില സംഗതികൾ ഇതിൽ അടങ്ങിയിട്ടുണ്ടു്"-ഒരു നിരസസൂചകമായ പുഞ്ചിരിയോടുകൂടി ഭരതൻ പറഞ്ഞു.

"നിങ്ങളെപ്പോലെ പാവപ്പെട്ട മനുഷ്യൻ ഒരു വലിയ ആളുമായി ഇടപെടുവാൻ സംഗതി വന്നതെങ്ങിനെ? വിലപിടിച്ച ഈ മരതകക്കല്ലു കയ്യൽവച്ചിരുന്ന നിങ്ങൾ ഇത്രദരിദ്രനായി ജീവിക്കുന്നതെന്തിനു്?" -ഭാർഗവൻ ചോദിച്ചു.

"അതു് എന്റെ വകയല്ല. മററൊരാൾക്കുവേണ്ടി ഞാൻ അതു സൂക്ഷിക്കുന്നു എന്നേയുള്ളു"-ഭരതൻ പറഞ്ഞു.

"എന്നാൽ ഇപ്പോൾത്തന്നെ പോലീസിൽപോകാൻ നിങ്ങൾ എന്നെ അനുവദിക്കണം. നിങ്ങൾക്കിവിടെ രക്ഷയുണ്ടായിരിക്കണം"—ഭാർഗവൻ പറഞ്ഞു.

ആദ്യം മുതൽ തന്നെ പോലീസ് എന്നു പറയുമ്പോൾ ഭരതൻ ചകിതനാവുക പതിവായിരുന്നു "വേണ്ട! വേണ്ട! നിങ്ങൾ പോലീസിൽ പോയാൽ ആ വാത്ത, വത്തമാനപ്പത്രത്തിൽ വരും. എനിക്കു് എ

ന്റെ രഹസ്യം സംരക്ഷിക്കണം. പതിനാറു വർഷമായി ഞാൻ ആ രഹസ്യം സൂക്ഷിക്കയാണു്"-എന്നു് ഭരതൻ പറഞ്ഞു. "അതു നിങ്ങൾക്ക എന്നോടു പറയരുതോ? ഞാൻ നിങ്ങളുടെ സ്നേഹിതനാണു്. നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ലേ?" എന്നു് ഭാർഗ്ഗവൻ ചോദിച്ചു.

"ഞാൻ നിങ്ങളെ വിശ്വസിക്കുന്നുണ്ടു്. നിങ്ങൾ വളരെ നല്ല കൂട്ടത്തിലാണു്. പക്ഷെ അതു വലിയ ആപൽക്കരമാണു്! പിച്ചളപ്പന്തു നഷ്ടമായാൽ പിന്നെ ഒരു പ്രയോജനവുമില്ല താനും" – എന്നു് ഭരതൻ പറഞ്ഞു.

"ശരിയായിരിക്കും, എങ്കിലും വല്ല വിധവും ഞാൻ അതു തിരിയെ കയ്യിലാക്കും" എന്നു് ഭാർഗ്ഗവൻ പറഞ്ഞു. ഭരതൻ മ്ലാനഭാവത്തിൽ തല കുലുക്കി. അയാൾ പറഞ്ഞു.

"നിങ്ങൾക്കു് അതു കയ്യിലാക്കാൻ സാധിക്കയില്ല! ഒരു പിച്ചളപ്പന്തു്; അതെന്തിനു കൊള്ളാം. അതു വല്ലേടത്തും എറിയപ്പെട്ടിരിക്കും"

"ഏതുമായാലും എന്നോടു് ആ രഹസ്യം പറയരുതോ?" എന്നു ഭാർഗ്ഗവൻ ചോദിച്ചു.

"ഞാൻ പറകയില്ല, പച്ചക്കല്ലു കളഞ്ഞുപോയെങ്കിൽ പറഞ്ഞതുകൊണ്ടു് പ്രയോജനവുമില്ല."—ഭരതൻ പറഞ്ഞു.

"എന്നാൽ ഞാൻ അതു തിരിയെ കൊണ്ടുവന്നു തന്നാലോ?—ഭാർഗ്ഗവൻ ചോദിച്ചു. ഭരതൻ അല്പനേ

രം ചിന്താമഗ്നനായിരുന്നു, എന്നിട്ട് ഇങ്ങിനെ പറഞ്ഞു.

"ശരി നിങ്ങൾ അത്ര തിരിയെ കൊണ്ടുവരുന്ന പക്ഷം കഥ മുഴുവൻ ഞാൻ പറയാം. പക്ഷെ നിങ്ങളുടെ ജീവനാപത്തുണ്ടായാൽ നേരിടുവാനും നിങ്ങൾ സന്നദ്ധനായിരിക്കണം."

"ജീവനാപത്തുണ്ടാവുമെന്നോ? ശരി അത്തരത്തിലുള്ള ജീവിതമാണ് ശ്രേയസ്കരം—ഞാൻ ഏതാപത്തിനേയും എതിക്കാൻ സന്നദ്ധൻ തന്നെ."—ഭാർഗ്ഗവൻ പറഞ്ഞു.

അല്പനേരം അവർ മിണ്ടാതെയിരുന്നു ഭക്ഷണം കഴിച്ചു. അതിനിടയിൽ ഭാർഗ്ഗവൻ പറഞ്ഞു "സ്നേഹിതാ ഞാൻ ഒന്നു ചോദിക്കട്ടെ. ഇന്നലെ രാത്രിയിൽ നിങ്ങളെ ആക്രമിക്കാൻ പ്രേരണ നൽകിയ കക്ഷി ഏതാണ്? തടിച്ച ആ രാക്ഷസനോ, മെലിഞ്ഞ തസ്കരനോ?"

"പരമാർത്ഥത്തിൽ എനിക്കറിഞ്ഞുകൂടാ"—ഭരതൻ പറഞ്ഞു.

"എനിക്ക തോന്നുന്നത് തടിച്ച ആ ദുഷ്ടനാണെന്നാണ്, എന്തുകൊണ്ടെന്നാൽ പിച്ചളകൊണ്ടുള്ള ആ ഗോളത്തിൽ എന്തോ ഉണ്ടെന്ന് അയാൾക്കൊരു സംശയമുണ്ട്"—ഭാർഗ്ഗവൻ പറഞ്ഞു.

"അങ്ങിനെ ആയിരിക്കാം"—ഭരതൻ പറഞ്ഞു.

ഭരതൻ പിന്നെ ഒരു ചോദ്യത്തിനും ഉത്തരം പറവാൻ സന്നദ്ധനായിരുന്നില്ല. അതിനു പകരം അയാൾ അവരുടെ പ്രഥമസന്ദർശനത്തേയും അതിനെ

തുടർന്നുണ്ടായ പരസ്പരമൈത്രിയേയും സംബന്ധിച്ച് സംഭാഷണം തുടങ്ങി.

നേരം അർദ്ധരാത്രിയോടടുത്തപ്പോൾ ഭാർഗവൻ എഴുന്നേററു. "എനിക്കു "നവാക്കപുരി"വരെ പോകണം നിങ്ങളെ ഇവിടെ തനിച്ചാക്കിയിട്ടു പോകാൻ എനിക്കു ധൈര്യമില്ല"–അയാൾ പറഞ്ഞു.

"എനിക്കൊരു തോക്കുണ്ട്. പിന്നെ ജനാലകളെല്ലാം അടച്ചുപൂട്ടുകയും വേണം. ഇനി അവർക്ക് അത്ര എളുപ്പത്തിൽ എന്നെ പിടികൂടാൻ സാധിക്കയില്ല"-ഭരതൻ പറഞ്ഞു.

ഭരതൻ എഴുന്നേററു: രണ്ടുപേരുടെയും ഹസ്തങ്ങൾ അവർ അറിയാതെതന്നെ പരസ്പരം ചേർന്നു. ഘടികാരക്കാരൻെറ കുഴിഞ്ഞ കണ്ണുകൾ വികാരതരളിതമായിട്ട് ആ യുവാവിൻെറ മുഖത്തിൽ പതിഞ്ഞു. ആ നോട്ടത്തെ വിസ്മരിക്കാൻ ഭാർഗവൻ പിന്നീട് ഒരിക്കലും ശക്തനായില്ല.

"നിങ്ങളോട് എനിക്കു വളരെ പറയാനുണ്ട്" എൻെറ അന്തരംഗവികാരത്തെ പ്രകടിപ്പിക്കാൻ വാക്കുകൾക്കു ശക്തി പോരാ-ഞാൻ ഇത്രയും പറയാം-അതായത് നിങ്ങളെ എൻെറ മിത്രമായി ലഭിച്ചതിൽ ഞാൻ അത്യന്ത ഭാഗ്യവാനാണ്'"-ഭരതൻ പറഞ്ഞു.

ഭാർഗവൻ അതിമാത്രം തരളചിത്തനായിത്തീരുകയാൽ അയാറം തൻെറ മുഖം തിരിച്ചുകളഞ്ഞു.

"ചങ്ങാതീ, അരുത്, നിങ്ങൾ എന്നെ പരവശനാക്കുന്നു. നിങ്ങൾ ഏതോ ഒരുന്നത സ്ഥാനത്തേക്ക്

എനിക്കു വഴി കാട്ടിത്തന്നിരിക്കുന്നു."—അയാൾ പറഞ്ഞു.

ഭരതൻ സ്നേഹിതന്റെ തോളിൽ തട്ടി തലോടി. പറയേണ്ടതെല്ലാം പറഞ്ഞുതീൎന്നു, എന്നു ഭാൎഗവൻ വിചാരിച്ചപ്പോൾ ഘടികാരനിൎമ്മിതാവു് ഒരു ചെറിയ വൃത്താന്തവുമായി സമീപത്തു വന്നു് അറിയിച്ചു.-

"സ്നേഹിതാ, കേൾക്കൂ! ചന്ദ്രികാവിലാസം!" എന്ന തടാകത്തിന്റെ തീരപ്രദേശത്തായി ഭാനുമതീദേവിയുടെ വക ഒരു വിദ്യാലയമുണ്ടു്. ഈ വിദ്യാമന്ദിരത്തിൽ സകല കാൎയ്യങ്ങളിലും എന്നെമാത്രം അവലംബമായി കരുതി വിദ്യാഭ്യാസം ചെയ്യുന്ന ഒരു പെൺകിടാവു പാൎക്കുന്നുണ്ടു്. അവളുടെ പേരു് "മനോരമ" എന്നാണു് തന്റെ കുടുംബനാമധേയവും ചരിത്രവും എന്തെന്നു് അവൾക്കുതന്നെ അറിഞ്ഞുകൂടാ. അവളുടെ വംശചരിത്രം ഞാൻ വെളിപ്പെടുത്തിയില്ലെങ്കിൽ അവൾ ഒരിക്കലും അറിയുന്നതല്ല. ചെന്നായ്ക്കൾ അവളെ ചീന്തുവാൻ കാത്തുനില്ക്കയാണു് ഇന്നലെ രാത്രിയിൽ കിട്ടിയ പ്രഹരത്തെ താങ്ങിനില്പാൻ എന്റെ ശിരസ്സിനു ശക്തിയില്ലായിരുന്നു എങ്കിൽ ഈ പെൺകിടാവിനു ലോകത്തുള്ള ഏകമിത്രം അവസാനിക്കുമായിരുന്നു. അതുകൊണ്ടു് ഈശ്വരൻതന്നെ അവൾക്കുവേണ്ടി എന്റെ പ്രാണനെ സംരക്ഷിച്ചതാണു്. അവളുടെനേരെ നിങ്ങളുടെ കൃപ എപ്പോഴും ഉണ്ടായിരിക്കണം. വലിയ മഹാമനസ്കതയുള്ള ഒരു പെൺകുട്ടിയാണവൾ.

"ഭരതാ, എന്റെ ചങ്ങാതീ നിങ്ങൾ ഒട്ടും സംശ

യിക്കേണ്ട. ഇക്കാര്യത്തിൽ എന്റെ സകല കഴിവുകളും ഞാൻ ഉപയോഗിക്കും. നിങ്ങൾ തനിയെ ഇവിടെ പാക്കുന്നതെന്തിന്? ജനങ്ങൾ തിങ്ങി പാക്കുന്ന ഏതെങ്കിലും പ്രദേശത്തു പോവൂ. അവിടെ നിങ്ങൾക്കു രക്ഷയുണ്ട്"-ഭാർഗവൻ പറഞ്ഞു.

ഭരതൻ--ഇവിടെ എനിക്ക് ആപത്തൊന്നുമില്ല. മരതകമണി ഇവിടെയില്ലെന്നവർ മനസ്സിലാക്കിക്കഴിഞ്ഞു. ഇനി ഇന്നു രാത്രിയിൽ ആപത്തു വരാവുന്നതു നിങ്ങൾക്കാണ്.

3

പാതിരാത്രി—ഭാർഗ്ഗവൻ പുറകിലേക്കു തിരിഞ്ഞു നോക്കുകയില്ലെന്നു തീർച്ചപ്പെടുത്തി. രഹസ്യചാരൻ തന്റെ പിന്നിൽ കൂടിയിരിക്കുമെന്ന് അയാൾ ഊഹിക്കാതിരുന്നില്ല. അയാൾ വാസവപ്രസ്ഥവീഥിയെ തരണംചെയ്തു ദക്ഷിണദിക്കുനോക്കി നടന്നു. ഒരു വാടകവണ്ടി അന്വേഷിക്കുകയായിരുന്നു, അയാളുടെ ഉദ്ദേശം; ജനനിബിഡമായിരുന്ന പ്രധാന വീഥി ഇപ്പോൾ ശാന്തതയെ പ്രാപിച്ചു! വണ്ടികൾ ഒന്നൊന്നായി വീഥിയിലേക്ക് ഇറങ്ങിത്തുടങ്ങി. ഭാർഗവൻ ഒരു വാഹനത്തിൽ ചാടിക്കയറി; "ഹരസദന"ത്തിലേക്ക് ഓടിക്കുവാൻ വണ്ടിക്കാരനോടാജ്ഞാപിച്ചു.

അയാശ് "ഹരസദനം" സ്റ്റേഷനിൽ എത്തിയ പ്പോശ് തൻെറ പിന്നാലെ മറെറാരു വണ്ടി തുടരുന്നു ണ്ടെന്നാ പരമാർത്ഥം മനസ്സിലാക്കി. ആ വാഹനത്തി ലിരുന്നയാശ് ഉടൻ പുറത്തു വന്നില്ല. എന്നാൽ അ യാശ് മുഖം മറച്ചിരിക്കുന്നതായി, ജന്നൽ പഴുതിൽക്കൂ ടി ഭാർഗവൻ കണ്ടു. ആ യുവാവു വണ്ടിയിൽനിന്നിറ ങ്ങി സ്റ്റേഷൻെറ പുരോഭാഗത്തുള്ള ഉന്നതപ്രദേശ ത്തു കയറി ചുമരിന്മേൽ പതിച്ചിരുന്ന പരസ്യങ്ങശ് നോക്കിനിന്നു. അല്പം കഴിഞ്ഞപ്പോശ് തീവണ്ടി പുറ പ്പെടേണ്ട സമയത്തെസൂചിപ്പിക്കുന്ന മണിനാദംകേശ ക്കപ്പെട്ടു. ഭാർഗവൻ ഓടി വണ്ടിയെ സമീപിച്ചു. അതിനിടയിൽ അയാളെ പിൻതുടന്നയാശ് ട്രെയിനി ൻെറ പിന്നിലുള്ള ഒരു മുറിയിൽ കടന്നിരുന്നു. ഭാർഗ വൻ മുന്നിലുള്ള ഒരു വണ്ടിയിലും കയറി.

അയാശ് "കൃഷ്ണപുരം" സ്റ്റേഷനിൽ ഇറങ്ങിയ പ്പോശ് ഒററ വാടകവണ്ടി മാത്രം അവിടെ നില്ക്കുന്നതു കാണപ്പെട്ടു. ഭാർഗവൻ പ്രസന്നനായി വേഗം അ തിൽ കയറി. തന്നെ പിൻതുടന്നവൻ ട്രെയിനിൽ നിന്നിറങ്ങുന്നപക്ഷം അയാശക്ക് ഒരു വണ്ടി കിട്ടാൻ പ്രയാസമാണെന്നു കണ്ടു ഭാർഗവൻ ആശ്വസിച്ചു. "മ ഥുരാ"വീഥിയാണു തൻെറ ഉദ്ദിഷ്ടസ്ഥലമെന്നു ഭാർഗ വൻ നിർദ്ദേശിക്കയാൽ വണ്ടിക്കാരൻ പ്രസ്തുത വീഥി യിലേക്കു വണ്ടി വിട്ടു. രഹസ്യമായി അയാളെ പിൻ തുടന്നയാശക്കും അന്നത്തെ രാത്രിയിൽ ഈശ്വരാധീ നത്തിന് ഒരു കുറവുമുണ്ടായില്ല. ആ ഗൂഢസഞ്ചാരി ക്കും എവിടെനിന്നോ ഒരു വണ്ടി കിട്ടി. ഭാർഗവൻ

തൻെറ ഗൃഹദ്വാരത്തിൽ ഇറങ്ങിയപ്പോഠം ശ്രദ്ധചാരി പെരുവഴിയുടെ ഒരു കോണത്തെ തരണംചെയ്തു. ഭാർഗവൻ അസ്വസ്ഥനായി. എങ്കിലും നിശാകാലം ദീർഘിച്ചതാണല്ലോ എന്നുള്ള ചിന്ത അയാളെ ആശ്വസിപ്പിച്ചു.

തൻെറ മുറിയിൽ പ്രവേശിച്ചശേഷം ഭാർഗവൻ വസ്ത്രം മാറി. കൈത്തോക്കു നിറച്ചു കീശയിൽ സൂക്ഷിച്ചിട്ട് താൻ ഭാരമേററിട്ടുള്ള ആ കേസിൻെറ അപ്പോഴത്തെ സ്ഥിതിഗതികളെ നമ്മുടെ യുവാവു മനസാ ഒന്നു ചർച്ചചെയ്തു. ദേഹോപദ്രവക്കാററങ്ങളെ സംബന്ധിച്ചുള്ള വിമർശനത്തിൽ അദ്വിതീയനും സ്വമിത്രവും,സുപ്രസിദ്ധനുമായ അമരനാഥനെ ഭാർഗവൻ സാഭിലാഷം സ്മരിച്ചു. എങ്കിലും ദ്വിതീയ ചിന്തയിൽ അമരനാഥൻെറ സഹായം അർത്ഥിക്കുന്നതു് അഭിലഷണീയമല്ലെന്നും തൻെറ ചുമതല താൻതന്നെ വഹിക്കുന്നതാണു് ആശാസ്യമെന്നും ധീരനായ ആ യുവാവു നിശ്ചയിച്ചു.

ഗൃഹത്തിലേക്കുള്ള ഗതിക്കിടയിൽ, തന്നെ അനുധാവനംചെയ്യുന്നവനെ ഒഴിക്കാൻ ഭാർഗവൻ പല തന്ത്രങ്ങളും പ്രയോഗിച്ചു. എങ്കിലും ഒന്നും ഫലപ്പെട്ടില്ല. ഭാർഗവൻ "ഹേമഖണ്ഡ"ത്തിൽ ഇറങ്ങിയപ്പോഠം ശ്രദ്ധചാരിയും അവിടെ ഇറങ്ങി. അയാളുടെ നിർബന്ധം അത്ഭുതകരമായിരുന്നു. ഭാർഗവൻെറ ഹൃദയം നൊന്തു.

ഈ ഉപദ്രവകാരിയെ ഒഴിക്കാൻ ഒരവസരം കാത്തിരുന്ന നമ്മുടെ യുവാവു രാത്രിയിൽ അധികനേരമാ

യിട്ടും വ്യാപാരം നില്യ്ക്കാത്ത ഒരു ഭക്ഷണശാലയെ സന്ദർശിച്ചു. ഇനിയും സമയം ധാരാളമുണ്ടെന്നു കണ്ട തിനാൽ അയാൾ പ്രധാനശാലയുടെ ഒരു മൂലയിൽ എത്തി വിശ്രമിച്ചു. അയാളെ പിൻതുടർന്നു വന്നവ നെ ഭാർഗവൻ അപ്പോൾ കണ്ടില്ലെങ്കിലും ആ ഗ്രദ്ധ ചാരി തന്നെ കാണുന്നുണ്ടായിരിക്കുമെന്നു് ആ യുവാവു നിശ്ചയിച്ചു.

ക്ഷണത്തിൽ അയാൾ ഒന്നു ഞെട്ടി. ശാലയിലെ ഒരു വശത്തുള്ള വളഞ്ഞ വാതിലിൽക്കൂടി നോക്കിയ പ്പോൾ ഒരു മുറിയിൽ ചില കൂട്ടർ ഇരുന്നു ഭക്ഷണം കഴിക്കുന്നതു കണ്ടു.

"ഹാ! അതു വാസവപ്രസ്ഥത്തിലെ ആളല്ലേ? അ യാൾക്കിവിടെ എന്താണു കാര്യം?"—ഭാർഗവൻ ചി ന്തിച്ചു.

ഉത്തരക്ഷണത്തിൽ തന്നെ നമ്മുടെ തരുണൻ ഒ ന്നുകൂടി ഞെട്ടി. മേല്പറഞ്ഞ ഭക്ഷണമുറിയുടെ ഒരു ചു മരിന്മേലുള്ള ജനാലപ്പഴുതിൽക്കൂടി കറുത്തു മെലിഞ്ഞ ഒരു സ്വരൂപം ഉള്ളിലേക്കു നോക്കിക്കൊണ്ടു പുറത്തു മ റഞ്ഞു നില്ക്കുന്നതു് അയാൾ കണ്ടു. ആദ്യത്തെ നോട്ട ത്തിൽതന്നെ അതു രാഷ്ട്രക്രൂടനാണെന്നു ഭാർഗവൻ മനസ്സിലാക്കി. അയാൾ ഭാർഗവനു പുറംതിരിഞ്ഞു നില്ക്കുകയായിരുന്നു. എന്നാൽ തന്റെ പിന്നിലായി കേൾക്കപ്പെട്ട ശബ്ദംമൂലം രാഷ്ട്രക്രൂടൻ ചകിതനായി നാലുപാടും മുഖംതിരിച്ചപ്പോൾ രോഷാകുലമായ അ യാളുടെ മുഖം നമ്മുടെ യുവാവിന്റെ ദൃഷ്ടിക്കു ലക്ഷ്യ മായി. രാഷ്ട്രക്രൂടനാകട്ടെ ഭാർഗവനെ കണ്ടതുമില്ല.

ഭാർഗവൻ തൽക്ഷണം ആ ഗൃഹം വിട്ടു. "ഇതിന്റെയെല്ലാമർത്ഥമെന്തെന്ന് എനിക്കു മനസ്സിലാകുന്നില്ല. ഏതായാലും ഈ രാത്രിയിൽ എന്റെ ജോലി ആ പിച്ചളപ്പെട്ടി കണ്ടുപിടിക്കയെന്നുള്ളതാണ്. അതല്ലാതെ പുതിയ കുഴപ്പങ്ങളിലേക്കും ചെന്നു ചാടാൻ എനിക്കു വയ്യ", എന്നയാൾ ചിന്തിച്ചു.

ഭാർഗവന്റെ പിന്നാലെ നടന്ന ഗൂഢസഞ്ചാരി ആ തരുണനെ കാത്ത് വെളിയിൽ നില്ക്കയായിരുന്നു. അയാളുടെ സാമർത്ഥ്യവും ഗൂഢസഞ്ചാരചാതുരിയും എത്ര ഉന്നതമെന്ന് ഭാർഗവൻ ഇതിൽനിന്നു ഗ്രഹിച്ചു. ജനവർജ്ജിതമായ വീഥികളിലെ ഓരോ പ്രച്ഛന്നസ്ഥാനവും തനിക്കനുകൂലമാകുംവണ്ണം ഉപയോഗിക്കുന്നതിൽ അയാൾ പ്രകടിപ്പിച്ച പ്രാഗൽഭ്യം ശ്ലാഘ്യമായിരുന്നു. ഈ അവസരങ്ങളിൽ ഭാർഗവന് ഒരിക്കൽ പോലും തന്റെ പരിപന്ഥിയെ ഒരു നോക്കു കാണ്മാൻ സാധിച്ചില്ല. ഭാർഗവൻ പല കോണുകളും തിരിഞ്ഞു. വഴിയിൽ അതിവേഗത്തിൽ സഞ്ചരിച്ചു നഗരത്തിന്റെ ദൂരത്തിൽ പകുതി ഭാഗത്തോളം അയാളെ നയിച്ചു. എന്നാൽ ആ ഒളിച്ചുകളിക്കാരൻ താൻ ചെയ്യേണ്ടതെന്തെന്ന് കാലേക്കൂട്ടി അറിയത്തക്കവണ്ണം ആശ്ചര്യകരമായ ഒരു ശക്തിയുള്ളതുപോലെ തോന്നി. അയാളെ ഉറക്കംതൂങ്ങികണ്ടിട്ടുമില്ല ദൈവ വിസ്മയം വൃഥാ കളയാൻ ഭാർഗവൻ ധൈര്യപ്പെട്ടില്ല. അവസാനമായി ആ തരുണൻ, "വിശാഖ"-വീഥിയിൽ കടന്നശേഷം അരമണിക്കൂർ നേരത്തേക്ക് പ്രച്ഛന്നചാരിയെ കണ്ടില്ലെങ്കിലും അയാൾ അപ്പോഴും അനുധാവന

ശ്രമത്തെ ഉപേക്ഷിച്ചിട്ടില്ലെന്ന ഭാർഗവൻ ഊഹിച്ചു.

ആ വീഥിയിലെ അവസാനത്തെ ഗൃഹം ഒരുയർന്ന ഭൂഭാഗത്തിൽ സ്ഥിതി ചെയ്തിരുന്നു. ഈ ഗൃഹത്തിനു ചുററും തകരപ്പലകകൊണ്ടു് മറയ്ക്കപ്പെട്ടിരുന്നു. പുരോഭാഗത്തായി തടികൊണ്ടു തീർത്ത ഒരു ഗേററു് കാണപ്പെട്ടു. അകത്തുനിന്നും യാതൊരു ശബ്ദവും കേൾക്കപ്പെട്ടില്ല. അവിടെയെങ്ങും വെളിച്ചവും ഉണ്ടായിരുന്നില്ല.

ഈ തകരവേലി കടക്കണമെങ്കിൽ അതികഠിനമായ ഒരു ശബ്ദം പുറപ്പെടുവിക്കാതെ സാധിക്കയില്ലെന്നും അതിനാൽ തന്റെ പിന്നിൽ കൂടിയിരിക്കുന്നയാൾ വളരെ വിഷമിക്കുമെന്നും പ്രഥമപരിശോധനയിൽ ഭാർഗ്ഗവൻ തീർച്ചപ്പെടുത്തി. അതിനാൽ ആ തരുണൻ ഗേററിനു സമീപത്തുതന്നെ കാത്തിരിക്കാമെന്നു നിശ്ചയിച്ചു. തനിക്കു വിശ്രമിക്കുന്നതിനു് ഒരു സ്ഥാനം കണ്ടുപിടിക്കാൻ ശ്രമിക്കുന്നതിനിടയിൽ ഭാർഗ്ഗവൻ ഒരു മൃദുദേഹത്തിൽ തട്ടിവീണു. ശപിച്ചുംകൊണ്ടു് ഒരു മനുഷ്യൻ ചാടി എഴുന്നേററു.

"ക്ഷമിക്കണേ! നിങ്ങൾ ഇവിടെ കിടക്കുന്നതു് ഞാൻ കണ്ടില്ല"—എന്നു ഭാർഗ്ഗവൻ വിനീതസ്വരത്തിൽ പറഞ്ഞു.

"നരകം! നിങ്ങൾ എന്താണു് ഇവിടെ നോക്കുന്നതു്"—ആ മനുഷ്യൻ ചോദിച്ചു. "അല്പനേരം കിടന്നു് ഒന്നു വിശ്രമിയ്ക്കാൻ ഒരു സ്ഥലം നോക്കുകയാണു്."—ഭാർഗ്ഗവൻ പറഞ്ഞു.

"ശരി, ഇവിടെ വരുന്നവൎക്കെല്ലാം യാതൊരു പ്ര

തിബന്ധവും കൂടാതെ വിശ്രമിക്കാവുന്ന സ്ഥലംതന്നെ ഇതു്; നിങ്ങളുടെ കയ്യിൽ ഒരു സിഗററു് എടുക്കാനു ണ്ടോ?"—അന്യൻ ചോദിച്ചു.

"ഉണ്ടല്ലോ, പക്ഷെ അതു കത്തിക്കുമ്പോൾ വെ ളിച്ചം മറച്ചുപിടിച്ചുകൊള്ളണം. പുറത്തുനിന്നാരും ഇവിടെ വന്ന ശല്യപ്പെടുത്താതെയിരിക്കട്ടേ"—ഭാർഗ്ഗ വൻ പറഞ്ഞു.

വളരെ നാളത്തെ പരിചയത്തിൽനിന്നുദ്ഭൂതമാ യ സാമർത്ഥ്യത്തോടെ അയാൾ തന്റെ കഞ്ചുകത്തിനു ള്ളിൽ മറച്ചു തീപ്പെട്ടിയുരച്ചു് സിഗററു കത്തിച്ചു.

അല്പനേരത്തിനുള്ളിൽ അവർ തെരുവിന്റെ അ ന്ത്യസ്ഥാനത്തായി ഒരു അസ്പഷ്ടരൂപം കണ്ടു. തറ യിൽ കമിഴ്ന്നുകിടന്നുകൊണ്ടു് അവർ ആ രൂപത്തെ സൂക്ഷിച്ചുനോക്കി. ഒരു നിമിഷത്തിനകം ഭാർഗവൻ ആ പ്രച്ഛന്നചാരിയെ അറിഞ്ഞു. അയാൾ മെല്ലെ ഗേററിനു സമീപത്തു ചെന്നു് സശ്രദ്ധം ചെവികൊടു ത്തു നിന്നു. അതുകഴിഞ്ഞു് ഇരുട്ടിൽക്കൂടി തിരിയെവ ന്നു് സ്വസ്ഥാനത്തെ പ്രാപിച്ചു

""അതൊരു കാളയാണു്""-മറേറയാൾ പറഞ്ഞു.

"ഹേ! ഈ കാളകൾ മനുഷ്യനെ കിടന്നുറങ്ങാൻ സമ്മതിക്കയില്ലെങ്കിൽ അതുകൊള്ളാം. ഇതുപോലുള്ള ഒരു സ്ഥലത്തുനിന്നു കൂടി അവ ആളുകളെ ഓടിക്കയാ ണെങ്കിൽ മനുഷ്യൻ പിന്നെ ഏതു നരകത്തിൽ പോ കും?"—ഭാർഗവൻ പറഞ്ഞു.

"നിങ്ങൾ ഇപ്പോൾ ഇങ്ങിനെ പറയുന്നു. ഇവി ടുള്ള ലക്ഷപ്രഭുക്കൾ ഭൂമിയെല്ലാം അവരുടെ സ്വന്ത

മാക്കി വേലി കെട്ടി അടച്ചനുഭവിക്കുന്നു. പാവപ്പെട്ട തൊഴിലാളികൾക്ക് ഇതുപോലെയുള്ള ചാമ്പൽപ്പുര പോലും ഈ നീചന്മാർ ഒഴിച്ചുകൊടുക്കയില്ല"—അന്യൻ പറഞ്ഞു.

"നാമെല്ലാം ഒത്തുചേർന്ന് നമുക്കാവശ്യമുള്ളതെല്ലാം കയ്യിലാക്കണം. കുടവസ്ഥിക്കാരായ ഈ പണക്കാരെ വകവയ്ക്കരുത്"—ഭാർഗ്ഗവൻ പറഞ്ഞു.

"അതു തന്നെയാണ് ഞാനും പറയുന്നത് ഈ പണക്കാരെല്ലാം എവിടെ കിടക്കുമെന്ന് ഒരു ദിവസം നമുക്കു കാണിച്ചുകൊടുക്കാം. ഈ പ്രഭുക്കൾ പെരുവഴിയിൽ നടന്നു പണിയെടുത്ത് അവരുടെ കുടവയറെല്ലാംവിയർത്തൊലിക്കുമ്പോൾനമുക്ക്റോൾസ്റോയിസ് കാറുകളിൽകയറി നടക്കാം "എന്ന് അന്യൻ പറഞ്ഞു.

അല്പനേരം കഴിഞ്ഞു് അയാൾ കിടന്ന് ഉറക്കം തുടങ്ങി. ഭാർഗ്ഗവനാകട്ടെ ഉറക്കം ഇളച്ചിരുന്ന് വീഥിയിലെ സ്ഥിതിഗതികളെ സൂക്ഷിച്ചു. വിശേഷസംഭവങ്ങളൊന്നും അവിടെ ഉണ്ടായില്ല.

സമീപത്തുള്ള ഗൃഹത്തിലെ പൂങ്കോഴികളുടെ കൂജനകോലാഹലം പ്രഭാതത്തിന്റെ ആഗമനത്തെ ഉദ്ഘോഷിച്ചു. ഭാർഗ്ഗവന്റെ ഹൃദയം പ്രസന്നമായി. ജനസമുദായത്തിനാകെ ഹർഷാദായകമായ ഈ സമയം മംഗളസൂചകമായി സ്വാഗതം ചെയ്യപ്പെട്ടു. ഉഷസ്സിലെ പ്രകാശം ആ സ്ഥലത്തിന്റെ ഭീകരതയെ പ്രത്യക്ഷമാക്കി അവിടത്തെ അന്തരീക്ഷം ശിശിരവും കുളങ്ങളിൽ കെട്ടിനില്ക്കുന്ന ദൂഷിച്ച ജലം വമിച്ച നീരാവി അസുഖകരവുമായിരുന്നു.

ഭാർഗവൻെറ സമീപത്തു കിടന്ന ആ ചെറിയ മനുഷ്യൻ കണ്ണു തുറന്ന് ജിജ്ഞാസയോടുകൂടി തൻെറ കൂട്ടുകാരനേ നോക്കി. ഭാർഗവൻെറ പ്രസന്നസുന്ദരമായ മുഖവും വൃത്തിയുള്ള വസ്ത്രങ്ങളും കണ്ടപ്പോൾ കഴിഞ്ഞ രാത്രിയിൽ താൻ പ്രകടിപ്പിച്ച ധാർഷ്ട്യത്തെപ്പററി ആ സാധു പശ്ചാത്തപിച്ചു. താൻ അപരാധിയായിത്തീർന്നല്ലോ എന്നോർത്തു വല്ലായ്മയോടെ,—"ഹാ കഷ്ടം"—എന്നു മന്ത്രിച്ചുകൊണ്ടു് അവൻ സ്വസ്ഥാനത്തുനിന്നെഴുന്നേററു.

ആ വൃത്തികെട്ട സ്ഥലത്തു താമസിച്ചിരിക്കുന്നതിൽ വെറുപ്പു തോന്നിയ ഭാർഗവൻ വേഗത്തിൽ ഇങ്ങിനെ പറഞ്ഞു.

"ഒരു നിമിഷനേരത്തേയ്ക്കു ക്ഷമിക്കൂ", അതാ അക്കാണുന്നതു് ഒരു ചായപ്പീടികയാണു്."

"അതെ, എനിക്കറിയാം" എന്നു് ആ ചെറിയ മനുഷ്യൻ ഉത്തരം പറഞ്ഞു.

"ഉഷഃകാലംവരെ ഞാൻ ഇവിടെ കാത്തിരിക്കുന്നപക്ഷം ഒരുപാത്രം ചായ വാങ്ങിത്തരാമെന്ന് എൻെറ പരിചയക്കാരൻ ഒരുത്തൻ പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് അൽപ്പനേരംകൂടി ഇവിടെയിരിക്കൂ, എനിക്കു തരാമെന്നു പറഞ്ഞിട്ടുള്ള ചായ ഞാൻ നിങ്ങൾക്കു തരാം",—ഭാർഗവൻ പറഞ്ഞു.

"ശരി, ഞാൻ ഇവിടെത്തന്നെയിരിക്കാം" എന്നു പറഞ്ഞുകൊണ്ടവൻ ഇരിപ്പുറപ്പിച്ചു.

എട്ടുമണിക്കു ശേഷമാണു രവീന്ദ്രൻ പ്രത്യക്ഷപ്പെട്ടതു്. അയാൾ വടക്കുനിന്നും വന്നു് വേലിയേ ചു

റി പ്രവേശനദ്വാരത്തെ ലക്ഷ്യമാക്കി നടക്കുകയായിരുന്നു. മാധവിയുടെ വർണ്ണനപ്രകാരം അയാൾ ചാടിച്ചാടി നടക്കുന്നതു കണ്ടപ്പോൾതന്നെ ആൾ രവീന്ദ്രനാണെന്നു ഭാർഗവനു മനസ്സിലായി: ഒരു നിമിഷനേരം കഴിഞ്ഞപ്പോൾ മുമ്പു താൻ ഛായാപടത്തിൽ കണ്ട മുഖം ആഗതനിൽ പ്രത്യക്ഷമായ വസ്തുത നമ്മുടെ തരുണനു് അനുഭവപ്പെട്ടു. രവീന്ദ്രൻ ഗേററിൽ എത്തുന്നതിനു മുമ്പായി അയാളെ തടുക്കുവാൻ ഭാർഗവൻ ഓടി അടുത്തു. ആഗതനുമായി സംഭാഷണത്തിനു് അപ്പോൾ അവസരം ഇല്ലെന്നു കണ്ടു് ഭാർഗവൻ സംഘട്ടനത്തിനുതന്നെ കോപ്പിട്ടു.

ഭാർഗവൻെറ കണ്ണുകൾ കണ്ട നിമിഷത്തിൽതന്നെ തനിക്കു് എന്താണു നേരിടുവാൻ പോകുന്നതെന്നു് രവീന്ദ്രൻ മനസ്സിലാക്കി. അയാൾ പരിഭ്രാന്തനായി തിരിഞ്ഞോടുവാൻ കുതിച്ചു. ഭാർഗവൻ അയാളെ അനുധാവനം ചെയ്തു് ഗണ്ഡപ്രദേശത്തിൽ ഒന്നു പ്രഹരിച്ചു. രവീന്ദ്രൻ മുമ്പോട്ടു മുട്ടുകുത്തി വീണു. ഭാർഗവൻ ചാടി അവൻെറ മുതുകത്തു വീണു് അവനെ നിലത്തോടു ചേർത്തു കമഴ്ത്തി കിടത്തി. രവീന്ദ്രൻ പ്രതിയോഗിയെ പരാജയപ്പെടുത്താൻ അൽപ്പനേരം വിഫലമായ പ്രയത്നം ചെയ്തു. എന്നിട്ടു് ഇങ്ങിനെ ചോദിച്ചു.

"എന്താ, നിങ്ങൾ ഇങ്ങിനെ തുടങ്ങുന്നതു്; നിങ്ങൾക്കെന്തു വേണം?"

"ഏതായാലും ഞാൻ മാധവിയോടുള്ള വാഗ്ദാനം പാലിക്കയാണു്."-എന്നുള്ള ചിന്ത ഭാർഗവൻെറ ഹൃ

ദയത്തിൽ ഉദിച്ചു. രവീന്ദ്രൻെറ പുറത്തുനിന്നിളകാതെ ഒരു കയ്യ് അയാളുടെ കഴുത്തിൽ ചേൎത്തു ബലേന അമൎത്തിക്കൊണ്ടു് മറെറക്കയ്യിൽ ഭാൎഗവൻ .അയാളുടെ കീശ പരിശോധിച്ചു. എന്നിട്ടു യാതൊരു ഫലവുമുണ്ടായില്ല രവീന്ദ്രൻ അത്ഭുതപരവശനായി, തുടൎന്നുള്ള ദേഹപരിശോധനയിലും പിച്ചളപ്പന്തു് രവീന്ദ്രൻെറ പക്കൽ ഇല്ലെന്നു കണ്ടു് ഭാൎഗവൻ നിരാശനായിത്തീൎന്നു.

"പിച്ചളപ്പന്തു്, ഇന്നലെ കേശവൻ നിങ്ങൾക്കു തന്ന ആ ഉണ്ട. അതാണു് എനിക്കു വേണ്ടതു്, അതെവിടെ?"—ഭാൎഗവൻ ചോദിച്ചു.

"അതു ഞാൻ തെരുവിൽ കളിച്ചുകൊണ്ടു നിന്ന ചില കുട്ടികൾക്കു കൊടുത്തു"—രവീന്ദ്രൻ പറഞ്ഞു.

ഭാൎഗവൻ (രവീന്ദ്രൻെറ കഴുത്തിലെ പിടി മുറുക്കിക്കൊണ്ടു്) "നീ കള്ളം പറയുന്നു."

"സത്യം, സത്യം"! അതിൽ വിശേഷമായി എന്തെങ്കിലുമുണ്ടെന്നു് ഞാൻ അറിഞ്ഞിരുന്നില്ല. ഞാൻ വരുന്ന വഴിയിൽ ചില കുട്ടികൾ കളിച്ചു നിന്നിരുന്നു. എനിക്കാവശ്യമില്ലാതിരുന്നതുകൊണ്ടു് ആ പന്തിനെ അവൎക്കു കളിക്കാൻ കൊടുത്തു."—രവീന്ദ്രൻ പറഞ്ഞു.

ഇതു സത്യമെന്നു തോന്നുകയാൽ ഭാൎഗവൻ രവീന്ദ്രൻെറ ശരീരത്തിൽനിന്നു് എഴുന്നേററു.

"ശരി, നീ കള്ളമാണു പറഞ്ഞതെങ്കിൽ ഞാൻ തിരിച്ചു വന്നു നിന്നെ ചതയ്ക്കും. നീ എവിടെ ഉണ്ടായിരിക്കുമെന്നു് എനിക്കറിയാം"-ഭാൎഗവൻ പറഞ്ഞു.

രവീന്ദ്രൻ എഴുന്നേററു വിവൃതവദനനായി നിതരാം വിനീതനായി നിന്നു.

ഭാർഗ്ഗവൻ പോകാനായി തിരിഞ്ഞപ്പോൾ കഴിഞ്ഞ രാത്രിയിൽ തൻെറ ചങ്ങാതിയായി കൂടിയ ആ ദരിദ്രമൂർത്തി തകരവളപ്പിനുള്ളിൽ ഇരുന്നുകൊണ്ടു തന്നെ അത്ഭുതാകുലനായി വീക്ഷിക്കുന്നതു കണ്ടു. എന്നാൽ ഈ അത്ഭുതം അവനെക്കൊണ്ടു സ്വകാര്യത്തെ വിസ്മരിപ്പിക്കാൻ പര്യാപ്തമായില്ല. താൻ പ്രതീക്ഷിച്ച പാനീയത്തെ കാത്തു് അവൻ ഇരിക്കുകയായിരുന്നു.

"എനിക്കു തരാമെന്നു പറഞ്ഞ ചായ എവിടെ സാറേ?"—അവൻ ചോദിച്ചു.

ഭാർഗ്ഗവൻ ഒരു നാലണത്തുട്ടു്, അവൻെറ നേരെ എറിഞ്ഞുകൊടുത്തിട്ടു് ഇങ്ങിനെ പറഞ്ഞു.

"ചായ കഴിച്ചോളൂ, എന്നിട്ടു് ഇവിടെ കണ്ട വിശേഷങ്ങളെല്ലാം രഹസ്യമായി വച്ചുകൊള്ളുകയും വേണം."

ഭാർഗ്ഗവൻ "വിശാഖവീഥിയേ" വീണ്ടും ദ്രുതഗതിയിൽ തരണം ചെയ്തു തുടങ്ങി. തെരുവിൻെറ ആദ്യത്തെ കോണിൽ ഉള്ള കമ്പിവേലിയിൽ പിടിച്ചുകൊണ്ടു് ചാരൻ നില്ക്കുന്നതു് അയാൾ കണ്ടു. ഭാർഗ്ഗവൻെറ ഹസ്തം കൈത്തോക്കിനെ സ്പർശിച്ചു. അയാൾ കടന്നുപോകവേ ഗൂഢസഞ്ചാരി അയാളെ കഠിനമായി ഒന്നു നോക്കി. ഏതായാലും അവിടെ അധികം ജനങ്ങൾ കൂടിനിന്നിരുന്നതുകൊണ്ടു്, ഗൂഢസഞ്ചാരിക്കു ഭാർഗവനെ എതിക്കണമെന്നുദ്ദേശമുണ്ടായിരുന്നാലും അതിനു് അപ്പോൾ സൗകര്യപ്പെട്ടില്ല. പക്ഷേ

ഭാർഗവന് ആ വിച്ഛളപ്പന്തു കിട്ടിയിട്ടില്ലെന്ന് അയാഠം അറിഞ്ഞിരിക്കാം.

ഇതിനിടയിൽ "ഹേമവബന്ധ"ത്തിലെ പൗരാവലി സപരിവാരം വെളിയിൽ സഞ്ചാരം തുടങ്ങി. പെരുവഴി ജനനിബിഡമായിത്തീൎന്നു. പ്രച്ഛന്നചാരൻ അപ്പോഴും തന്റെ പിന്നാലെ കൂടിയിട്ടുണ്ടെന്നു ഭാർഗവൻ നിശ്ചയിച്ചു തന്റെ മുഖം കാണ്മാൻ അയാഠംക്കു സൗകൎയ്യം കൊടുക്കരുതെന്നുദ്ദേശിച്ചു നമ്മുടെ യുവാവു മനഃപൂൎവ്വം തിരിഞ്ഞുനോക്കാതെതന്നെ നടന്നു.

പെരുവഴിയുടെ അടുത്ത കോണിൽ ചെന്നപ്പോഠം മുമ്പു ബാലന്മാർ കളിച്ചുനിന്നിരുന്ന സ്ഥലം കണ്ടു. ഇപ്പോഠം അവിടെ മൂന്നു കുട്ടികഠം മാത്രമെ ഉണ്ടായിരുന്നുള്ളു. ഭാർഗവൻ അവരെ സമീപിച്ചു.

"നിങ്ങഠം എത്രനേരമായി ഇവിടെ നില്ക്കുന്നു?" ആ തരുണൻ ചോദിച്ചു.

"അതറിഞ്ഞിട്ടു നിങ്ങഠംക്കെന്തുവേണം; ഇതു നിങ്ങളുടെ ഭൂമിയല്ലല്ലോ"—ഒരു മുരടനായ കുട്ടി പറഞ്ഞു.

"ഞാൻ നിങ്ങളെ ഇവിടെനിന്ന് ഓടിക്കുവാനല്ല വന്നതു്; അല്പം മുമ്പ് ഒരാഠം ഇതിലെ വന്നു നിങ്ങഠംക്ക് ഒരു വിച്ഛളപ്പന്തുതന്നോ?"—ഭാർഗവൻ ചോദിച്ചു.

"എന്തിനാണതന്വേഷിക്കുന്നതു്?-ബാലൻ ചോദിച്ചു.

"അതു് അവൻ എന്റെ പക്കൽനിന്നും മോഷ്ടി

ച്ചുകൊണ്ടു പോയതാണു് അതുതിരിയെ വാങ്ങിക്കാൻ അരത്രപാ ചെലവുണ്ടാകും"—ഭാർഗവൻ പറഞ്ഞു.

ബാലന്മാർ അന്യോന്യം നോക്കിനിന്നു: അവരിൽ ഒരുവൻ പറഞ്ഞു-

"ഞങ്ങൾ അതു രണ്ടണയ്ക്കു വിററു"

"വിറേറാ!ആൎക്കു്?"—ഭാർഗവൻ ചോദിച്ചു

പേപ്പർ, തകരം, കുപ്പിക്കാരനു്—കുട്ടികൾ പറഞ്ഞു.

ഭാർഗവൻ മനസ്സാ തന്നെ ശപിച്ചു. അയാളെക്കണ്ടാൽ നിങ്ങൾക്കറിയാമോ?—ഭാർഗവൻ ചോദിച്ചു.

"ഓഹോ, അയാൾ കൂടക്കൂടെ ഇവിടെ വരുന്നവനാണു്"—കുട്ടികൾ പറഞ്ഞു.

"അയാൾ പാൎക്കുന്നതെവിടെയെന്നു നിങ്ങൾക്കറിയാമോ?"—ഭാർഗവൻ ചോദിച്ചു.

"എനിക്കറിയാം; വീടു കാണിച്ചുതന്നാൽ ഞങ്ങൾക്കെന്തുതരും?" ഒരു ബാലൻ ചോദിച്ചു.

"ആളുക്കു് രണ്ടണവീതം തരാം"-ഭാർഗവൻ പറഞ്ഞു.

"എന്നാൽ വരിക"—എന്നുപറഞ്ഞുകൊണ്ടു് ആ കുട്ടികൾ ഭാർഗവനെ പുരോഭാഗത്തേക്കു നയിച്ചു. ഈ പിച്ചളപ്പന്തിൽ എന്തോ രഹസ്യമുണ്ടെന്നു് ആ ബാലന്മാർ ശങ്കിച്ചു. അതു സംബന്ധിച്ചു വല്ല രഹസ്യവും മനസ്സിലാക്കാമോ എന്നു പരീക്ഷിക്കാൻ അവർ ഭാർഗവൻെറ മുഖത്തു സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്നു.

"അയാൾ ആ പന്തു ഞങ്ങൾക്കു തന്നു എന്നു നിങ്ങൾ എങ്ങനെയറിഞ്ഞു?"-ഒരു കുട്ടി ചോദിച്ചു.

"ഞാൻ അവനെ പിടികൂടി പറയിച്ചു"—ഭാർഗ്ഗവൻ പറഞ്ഞു.

"ഞങ്ങൾക്ക് ആ പന്തു തരുവാൻ വേണ്ടിമാത്രം അയാൾ നിങ്ങളെ കളിപ്പിച്ചതു വിചാരിച്ചാൽ ചിരിയാകുന്നു."

"അവന് ഒരു കിറുക്കന്റെ ലക്ഷണമുണ്ട്"—ഭാർഗ്ഗവൻ പറഞ്ഞു.

ഏകദേശം കാൽ നാഴിക ദൂരം ചെന്നപ്പോൾ കുട്ടികൾ ഇടത്തോട്ടു തിരിഞ്ഞു നടന്നു തെരുവുചെന്നവസാനിക്കുന്ന സ്ഥാനത്തെത്തി. അവിടെ ഒരു പഴക്കമുള്ള ഗൃഹം കാണപ്പെട്ടു.

"ഇതാണു വീട്, പേപ്പർ, തകരം-കുപ്പിക്കാരൻ. അതാ അകത്തിരിക്കുന്നു"—ഭാർഗവനെ വഴികാണിച്ച ബാലൻ പറഞ്ഞു.

ഭാർഗവൻ രണ്ടണവീതം ഓരോ കുട്ടിക്കും കൊടുത്തശേഷം ഗൃഹത്തിനുള്ളിൽ കടന്നു. വെളിയിൽ ഇരിക്കാൻ കുട്ടികളോട് ആ യുവാവു പ്രത്യേകം ഏൎപ്പാടുചെയ്തു. ഗൃഹമുടമസ്ഥനും ഭാൎയ്യയും അകത്തുണ്ടായിരുന്നു.

"അല്പം മുമ്പ് ഒരു പിച്ചളപ്പന്തു നിങ്ങൾക്കു വിററു എന്ന് ആ കുട്ടികൾ പറയുന്നു"—ഭാർഗവൻ ആ വ്യാപാരിയോടു പറഞ്ഞു.

തങ്ങളുടെ സാമാനങ്ങളുടെ കൂട്ടത്തിൽ എന്തോ വിലയുള്ള ഒരു സാധനമുണ്ടെന്ന്, ഈ സൂചനകൊണ്ടു മനസ്സിലാക്കിയ ആ ദമ്പതിമാരുടെ മുഖത്ത് ഒരു കൗ

ശലഭാവം സ്ഫുരിച്ചു. ആ സഞ്ചാരി വ്യാപാരി പറഞ്ഞു.

"ഞാൻ ഒാക്കുന്നില്ല"—

"ശരി, നിങ്ങൾ കൊണ്ടുവന്ന സാധനങ്ങളും ഒന്നു കാണട്ടെ; ഞാൻതന്നെ അതു നോക്കി എടുക്കാം"-ഭാർഗ്ഗവൻ പറഞ്ഞു.

സ്റ്റോർ മുറിയിൽനിന്നും ഒരു വശത്തായി അങ്കണത്തിലേക്കു വഴി കാണിക്കുന്ന ഒരു വാതിൽ ഉണ്ടായിരുന്നു. അതിനു വെളിയിലായി വ്യാപാരിയുടെ കൈവണ്ടി വെച്ചിരിക്കുന്നതു കാണപ്പെട്ടു. ഭാർഗവൻ കാൺകെത്തന്നെ അയാൾ വാതിൽ കടന്നുചെന്നു വണ്ടിക്കുള്ളിൽ കൈകടത്തി തിരഞ്ഞു. അയാൾ വീണ്ടും സ്റ്റോർ മുറിയിൽ പ്രവേശിച്ചപ്പോൾ മിന്നുന്ന പിച്ചളപ്പന്ത് അയാളുടെ കയ്യിൽ കാണപ്പെട്ടു.

ഭാർഗവന്റെ ഹൃദയം ആഹ്ളാദംകൊണ്ട് ഒന്നു കുതിച്ചു. ഭരതന്റെ കിടക്കയിൽ ഘടിപ്പിച്ചിട്ടുള്ള മററു മൂന്നു പന്തുകളും അയാൾ കണ്ടിരുന്നു; അയാൾ അന്വേഷിച്ചു നടന്ന ആ ഗോളവും ഇപ്പോൾ കണ്ടു. ഹൃദയക്ഷോഭം പുറത്തുകാട്ടാതെ അയാൾ ഉദാസീനഭാവത്തിൽ പറഞ്ഞു.

"അതേ, പന്ത് ഇതാണല്ലോ"—

"അഞ്ചുരൂപയ്ക്ക് ഇതു ഞാൻ നിങ്ങൾക്കു തരാം" -സഞ്ചാരി വ്യാപാരി പറഞ്ഞു.

"അഞ്ചുരൂപയോ, കള്ളൻ! ഒരു രൂപാ തരാം. അതിനു തരാൻ മനസ്സില്ലെങ്കിൽ ഒരു പോലീസുകാരനെയും കൂട്ടിക്കൊണ്ടു വന്ന് ഇതു ഞാൻ ഒരു കാശു

തരാതെ കൊണ്ടുപോകും. ഇതെൻെറ പക്കൽനിന്നും മോഷ്ടിച്ചതാണു്"-ഭാർഗവൻ രുഷ്ടനായി പറഞ്ഞു."

വ്യാപാരി ഒന്നു പകച്ചു! "ശരി, ഒരു രൂപയ്ക്കു തന്നേക്കാം" എന്നായാൾ പറഞ്ഞു.

ഭാർഗവൻ തിരിഞ്ഞുനോക്കിയപ്പോൾ ബാലന്മാർ മൂന്നുപേരും അകത്തേയ്ക്കു തുറിച്ചുനോക്കിക്കൊണ്ടു നില്ക്കുന്നതും അവരുടെ പുറകിലായി നമ്മുടെ ഗൂഢചാരന്റെ കർക്കശമായ മുഖം ഉയർന്നുനില്ക്കുന്നതും കാണപ്പെട്ടു. അയാളുടെ കണ്ണുകൾ കച്ചവടക്കാരൻെറ കയ്യിലിരുന്ന പിച്ചളപ്പന്തിൽ ആയിരുന്നു. ഈ കാഴ്ച ഭാർഗവൻെറ ഉയരുന്ന സന്തോഷതരംഗത്തിനു് ഒരു പ്രതിബന്ധമായിത്തീർന്നു. അയാൾ ബദ്ധപ്പെട്ടു് ഇങ്ങനെ പറഞ്ഞു.

"പുറകിലുള്ള മുറിയിലേക്കു വരൂ. നിങ്ങൾക്കു രൂപാ തരുന്നതു് അവരാരും കാണുന്നതു് എനിക്കിഷ്ടമില്ല."

അങ്ങനെ പുറകിലുള്ള മുറിയിൽവച്ചു രൂപയും പിച്ചളപ്പന്തും കൈമാറി. ചിരകാംക്ഷിതമായ ആ അനർഘവസ്തു ഒടുവിൽ അയാളുടെ കയ്യിൽ വന്നുചേർന്നു. അവർണ്ണനീയമായ സംതൃപ്തിയോടെ അയാൾ അതു തൻെറ കീശയിൽ നിക്ഷേപിച്ചു.

അങ്കണത്തിൻെറ പിൻവശത്തേയ്ക്കഭിമുഖമായി നില്ക്കുന്ന ഒരു വാതിൽ ഈ മുറിക്കുണ്ടായിരുന്നു. തീവണ്ടിപ്പാതയ്ക്കടുത്തുള്ള വേലി ഈ വാതിലിനു സമരേഖയായിട്ടാണു സ്ഥിതിചെയ്തിരുന്നതു്. ആശിച്ച വസ്തു ക

ത്തിൽ കിട്ടിയതുകൊണ്ടു സന്തുഷ്ടനായ ഭാർഗവൻ പറഞ്ഞു.

"വീട്ടിൻെറ മുൻവശത്തു കണ്ട ആ ദുഷ്ടൻ എന്നെ കാത്തു നില്ക്കുകയാണു്. ഞാൻ ഈ വഴിയെ വെളിയിൽ കടക്കട്ടെ?"

അതുകൊണ്ടു് എനിക്കൊന്നുമില്ല. റെയിൽവേ പോലീസുകാർ കണ്ടാൽ നിങ്ങളെ പിടിക്കൂടും—ആ സഞ്ചാരി വണിക് പറഞ്ഞു.

"ഞാൻ അവരുടെ കണ്ണിൽപെടാതെ പൊയ്ക്കൊള്ളാം"--ഭാർഗവൻ ഒരു വികൃതച്ചിരിയോടെ പറഞ്ഞു.

നമ്മുടെ യുവാവു വേലിയുടെ മുകളിൽക്കൂടി ചാടി മറുവശത്തിറങ്ങി. റയിൽവേ ജോലിക്കാരാരും അവിടെയെങ്ങും ഉണ്ടായിരുന്നില്ല. അയാൾ വേഗത്തിൽ സ്റ്റേഷൻവളപ്പു കടന്നു്, ഒരു വാടകവണ്ടിയിൽ കയറി, ഭരതൻെറ വസതിയിലേക്കു് ഓടിച്ചുപോയി. അചിരേണ ഭരതൻെറ വാസഗൃഹത്തിൽ എത്തി. അയാൾ വാതിലിൽ മുട്ടി. വാതിൽ അടച്ചിരുന്നതിനാൽ ഭാർഗവൻ ഗൃഹത്തിൻെറ പിന്നിൽക്കൂടി വന്നു പ്രധാന മുറിയുടെ ഒരു കിളിവാതിൽ തുറന്നുകിടന്നതിൽക്കൂടി ഉള്ളിലേക്കു നോക്കി. മുറിയിൽ ആരെയും കണ്ടില്ല.

ആ മുറിക്കു രണ്ടു വാതിൽ ഉണ്ടായിരുന്നവയിൽ മുൻവശത്തുള്ളതു പൂട്ടപ്പെട്ടിരുന്നു. പുറകിലത്തെ വാതിൽ സാക്ഷായിട്ടും ബന്ധിച്ചിരുന്നു. പ്രധാനമുറിയുടെ തൊട്ടടുത്തുള്ള മുറിയിൽ ഭരതൻ കിടപ്പുണ്ടായിരിക്കു

മെന്നു ഭാർഗവൻ ഊഹിച്ചു. എന്നാൽ തൊഴിൽശാലക്കൂടിയായ പ്രധാന മുറി തുറക്കാൻ നിവൃത്തിയുണ്ടായിരുന്നില്ല. നീളമുള്ള ഒരു കമ്പിയോ അതുപോലെ മറേറതെങ്കിലും ബലമുള്ള സാധനമോ ജനാൽപഴുതിൽക്കൂടി മുറിക്കുള്ളിൽ കടത്തിപ്പുറകിലത്തെവാതിലിന്റെ സാക്ഷാ തുറക്കാമെന്നു ഭാർഗവൻ കണ്ടു. അയാളുടെ അഭിലാഷത്തിനുണ്ടായ ദൈവാനുകൂല്യമെന്നപോലെ തലയ്ക്കു മുകളിലായി വീട്ടിന്റെ കഴുക്കോലുകളുടെയിടയിൽ ഒരു ഇരുമ്പുകമ്പി ഇരുന്നതു യദൃച്ഛയാ ഭാർഗവൻ കാണുകയും ചെയ്തു. വേഗത്തിൽ ആ കമ്പി വലിച്ചെടുത്തു വാതിലിന്റെ സാക്ഷാ നീക്കി കതകുതുറന്ന് അകത്തു കടന്ന് അടുത്ത മുറിയിൽ നോക്കി.

ആ മുറിയിൽ വിരിച്ചിരുന്ന കിടക്കയിൽ ഭരതൻ നിശ്ചലനായി കിടക്കുന്നതു കാണപ്പെട്ടു. ഭാർഗവൻ വേഗത്തിൽ സമീപത്തു ചെന്നു പരിശോധിച്ചു.

സാധു, ആ പൊൻപണിക്കാരൻ നിർജ്ജീവനായി കിടന്നിരുന്നു. ഭരതന്റെ കഴുത്തിൽ കുരുക്കിട്ട ഒരു കയർ മാംസത്തെ ക്ഷതപ്പെടുത്തുമാറു മുറുകിക്കിടന്നു. ആരോ അകത്തുകടന്നു ഈ ചതി ചെയ്തു ഭരതനെ വധിച്ചതാണെന്നു ഭാർഗവൻ മനസ്സിലാക്കി.

ഭാർഗവൻ തന്റെ കീശയിൽ കിടന്ന കത്തിയെടുത്ത് ആ കയറു ഛേദിച്ചു. അനന്തരം ഭരതന്റെ ശരീരം നേരെ കിടത്തി. ശരീരം വളരെ തണുത്തിരുന്നു. നമ്മുടെ യുവാവിനുണ്ടായ സങ്കടം അവർണ്ണനീയമായിരുന്നു. അങ്ങിനെ തപിച്ചുകൊണ്ടിരിക്കെ മുൻവശത്തെ വാതിലിൽ ആരുടെയോ കൈപ്പെരുമാററം കേൾ

ക്കപ്പെട്ടു. ഭാർഗവൻ ചാടിയെഴുന്നേററു വാതിലിലേക്കു് ഓടി, കതകിന്റെ താക്കോൽ പൂട്ടിൽ ഇരിക്കുന്നതു കണ്ടു. ആ യുവാവു് അതിന്മേൽ കൈവച്ചപ്പോഠം വാതിൽതുറന്നിരിക്കുന്നതായി അറിഞ്ഞു. ഭരതനെ അപായപ്പെടുത്തിയ നീചന്മാർ സമീപത്തുതന്നെ കൂടിയിരിക്കുന്നു എന്ന പരമാർത്ഥം അപ്പോഴാണു ഭാർഗവന്റെ മനസ്സിലായതു്. ഇനി താൻ അവിടെ കാത്തുനില്ക്കുന്നതു് ആപല്ക്കരമെന്നു തോന്നുകയാൽ ഭാർഗവൻ ആരും കാണാതെ അടുത്ത ഗൃഹത്തിന്റെ വളപ്പിൽ കടന്നു്, അവിടെനിന്നും രാജപാതയിലേക്കിറങ്ങി നടന്നു.

4

ഭാർഗ്ഗവന്റെ ഗതിക്കു ക്രമേണ വേഗം കൂടി, ഒടുവിൽ അയാഠം ഒരു ഭ്രാന്തനെപ്പോലെ പാഞ്ഞുപോയി. കൊലക്കളത്തിലെ ഭീകരത ആ യുവാവിനെ അത്രമാത്രം ചകിതനാക്കി. തന്റെ മസ്തിഷ്കത്തിനു ദുസ്സഹമായ ചൂടുബാധിച്ചതുപോലെ അയാഠംക്കുതോന്നി. വഴിയരികിൽ ഒരു ഷാപ്പിൽ വച്ചിരുന്ന വലിയ നിലക്കണ്ണാടിയുടെ മുമ്പിൽ ചെന്നുനിന്നു നോക്കിയപ്പോഠം അതിൽ പ്രതിഫലിച്ച തന്റെ ഛായകണ്ടു് ആ തരുണൻതന്നെ അമ്പരന്നുപോയി. മുഖം വിളറി ക്ഷീ

ണിച്ച് കണ്ണുകൾ കുണ്ടിൽവീണ ആ രൂപംകണ്ട വഴി പോക്കർപോലും അത്ഭുതംപൂണ്ടു തുറിച്ചുനോക്കി.

സപചിന്തയിൽ കടന്നുകൂടിയ പരിഭ്രാന്തിക്കുപുറമെ ചങ്ങാതിയുടെ നഷ്ടത്തിലുണ്ടായ തീവ്രവേദനയും ആ മസൃണശീലനായ തരുണനെ നിതരാം പരവശനാക്കി.

ഈ നിസ്സഹായാവസ്ഥയിൽ ആ യുവാവു അമരനാഥനെ ഓർത്തു. അക്കാലത്തെ ക്രിമിനൽ നിയമജ്ഞന്മാരിൽ അദ്വിതീയനായിരുന്ന മഹാമനസ്കനായ അമരനാഥൻ. ഈ ആപൽഘട്ടത്തിൽ കരണീയത്തെ സംബന്ധിച്ചു വേണ്ടഉപദേശം ചെയ്‌വാൻ സർവ്വഥാ യോഗ്യനായിരുന്ന അദ്ദേഹം.

ഭാർഗ്ഗവൻ നേരേ അമരനാഥൻെറ ഗൃഹത്തിലേക്കു നടന്നു; അയാൾ ആ ഗൃഹത്തിൽ ചെന്നുചേൎന്നപ്പോൾ അമരനാഥൻ കാപ്പികുടിക്കുന്ന സമയമായിരുന്നു. തൻെറ യുവസ്നേഹിതൻെറ വിളറിയ മുഖം കണ്ടു് അദ്ദേഹം പരിഭ്രമിച്ചിങ്ങനെ വിളിച്ചുപറഞ്ഞു.

"അയ്യോ ഭാഗ്ഗവാ നിങ്ങൾക്കെന്തുപററി. നിങ്ങളെ കണ്ടിട്ടു ഒരാഴ്ചക്കാലം ഉറക്കമിളച്ചവനെപ്പോലെ തോന്നുന്നല്ലോ."

"അതിപ്രധാനമായ ഒരുകാൎയ്യം അറിയിക്കാനുണ്ടു്"—ഭാർഗ്ഗവൻപറഞ്ഞു.

"നിങ്ങൾ കാപ്പികഴിച്ചോ" അമരനാഥൻ ചോദിച്ചു.

"ഇപ്പോൾ കാപ്പികഴിക്കാനും മററും നേരമില്ല"—ഭാർഗവൻ പറഞ്ഞു.

"നിങ്ങൾ ആഹാരം കഴിക്കണം"—അമരനാഥൻ നിർബന്ധിച്ചു.

ഭാർഗ—"ഞാൻ ഒന്നുപറയട്ടെ—"

അമര—ആഹാരം കഴിഞ്ഞിട്ടാവാം സംഭാഷണമെല്ലാം. അതിനുമുമ്പ് ഒന്നും കേൾക്കാൻ എനിക്കു സമ്മതമില്ല.

ഈ വാക്കുകളോടുകൂടി അമരനാഥൻ മണിഅടിച്ചു. ഉടൻതന്നെ അയാളുടെ ഭൃത്യൻ ജയരാമൻ പ്രത്യക്ഷനായി.

"ഭാർഗവനു കാപ്പികൊടുക്കൂ" — അമരനാഥൻ ആജ്ഞാപിച്ചു.

പലതരം പലഹാരങ്ങളും പഴങ്ങളും മേശപ്പുറത്തു നിരന്നു.

ഭാർഗവൻ ഭക്ഷണത്തിനിരുന്ന വേഗത്തിൽ കാപ്പികുടിയും കഴിഞ്ഞു് ആ യുവാവു തന്റെ കഥ തുടങ്ങി. എത്ര ഭയങ്കരസംഭവങ്ങൾ വിസ്തരിച്ചാലും ഒരു കൂസലുള്ള ആളല്ല അമരനാഥൻ. എന്നാൽ ഈ സന്ദർഭത്തിൽ അയാളുടെ നിയന്ത്രണയുള്ള മനസ്സാന്നിദ്ധ്യം അയാളെ ഉപേക്ഷിക്കതന്നെ ചെയ്തു. ഭാർഗവൻ കഥതുടങ്ങി അഞ്ചാറു വാചകങ്ങൾ കഴിഞ്ഞപ്പോൾ അമരനാഥൻ കണ്ണുമിഴിച്ചു് വിവശനായി ഇങ്ങനെ പറഞ്ഞു.

"എന്റെ ദൈവമേ! ആശ്ചര്യകരം! ആശ്ചര്യകരം!"

കഥമുഴുവൻ കേട്ടശേഷം അമരനാഥൻ പറഞ്ഞു:—

ആദ്യമായി. ഭരതൻെറ മരണത്തിനു കുററക്കാരൻ നിങ്ങളാണെന്നുള്ള വിചാരം ദൂരെക്കളയണം. അതു നിങ്ങളുടെ ക്ഷീണമനസ്കതയെ തെളിയിക്കുന്നു. നിങ്ങൾ നേരെ പണിസ്ഥലത്തേക്കു പോയി എന്നുതന്നെ വിചാരിക്കുക, എന്തുസംഭവിക്കുമായിരുന്നു എന്നറിയാമോ? നിങ്ങൾ നേരത്തെ അവിടെ ചെല്ലുമെന്നവർ പ്രതീക്ഷിച്ചിരിക്കും. നിങ്ങളെ കാത്തവർ സന്നദ്ധരായിരിക്കയും ചെയ്തിരിക്കും: അവർ നിങ്ങളെയും ഭരതനെയും ഒരുമിച്ചു പിടികൂടുകയും പിച്ചളപ്പന്തു കരസ്ഥമാക്കുകയും ചെയ്യുമായിരുന്നു."

ഭാർഗവൻ അല്പമൊന്നാശ്വസിച്ചു.

"പിച്ചളപ്പന്തു ഭരതനു തിരിയെ കിട്ടുന്നതിനു മുമ്പായി അവർ അയാളെ കൊന്നതെന്തിന്?" എന്നു ഭാർഗ്ഗവൻ നിസ്സഹായനെന്നപോലെ ചോദിച്ചു.

അമര—അതിനെ സംബന്ധിച്ച രഹസ്യം നിങ്ങളെ അറിയിക്കാതിരിക്കാൻ. അതു നിങ്ങടെ കയ്യിലുണ്ടോ?

ഭാർഗവൻ അതിനെ അമരനാഥൻെറ കയ്യിൽ കൊടുത്തു. ആ നിയമജ്ഞൻ അതിൻെറ തൂക്കം നോക്കി, അതിനെപരിശോധിച്ചു. ഒരു കട്ടിൽകാലിന്മേൽ ഘടിപ്പിച്ചിരുന്ന ഒരു വെറും പിച്ചളപ്പന്ത്, എന്നാൽ അത് അവരുടെ ഹൃദയത്തെ സ്പന്ദനം ചെയ്യിച്ചു. അതിൻെറ ചുവട്ടിൽ ഒരു ദ്വാരമുണ്ടായിരുന്നു. കട്ടിലിൽ ഘടിപ്പിക്കുന്നതിനുണ്ടാക്കിയ ദ്വാരമായിരുന്നു അത് അമരനാഥൻ ആ ആ ദ്വാരത്തിൽക്കൂടി ഒരുകമ്പി അകത്തേക്കു കടത്തി.

"ഉള്ളിൽ കട്ടിയുള്ള എന്തോ ഒരു സാധനം ഉണ്ട്. അതിനൊരു ന്യൂനതയും വരാതിരിക്കാൻ എന്തോ നിലോ പൊതിഞ്ഞുവച്ചിരിക്കയാണ്" ആ പന്തിനെ ഒരിക്കൽ മുറിച്ചു പിന്നീട് കൂട്ടിച്ചേർത്ത് ഒട്ടിച്ചതാണെന്നു തെളിയിക്കുന്ന ഒരു രേഖ അമരനാഥൻ ചൂണ്ടിക്കാട്ടിക്കൊണ്ടു പറഞ്ഞു.

"അതിസമർത്ഥനായ ഒരു ലോഹവേലക്കാരനാണിതു ചെയ്തത്. പക്ഷേ ഭരതൻതന്നെ ആയിരിക്കാം. ഏതായാലും ഞാൻ അതു തുറക്കാം."

ഭാർഗവൻ കസാലയിൽ നിന്നും ചാടി എഴുന്നേററു. അമരനാഥൻ സ്വന്തം ഷാപ്പെന്നു വിളിച്ചുവന്ന ഒരു ചെറുമുറിയിലേക്കു അവർ രണ്ടുപേരും പ്രവേശിച്ചു. അവക്കാവശ്യമുള്ള പണിയായുധങ്ങളെല്ലാം അവിടെ ഉണ്ടായിരുന്നു. അമരനാഥൻ പിച്ചളപ്പന്തെടുത്ത് ഒരു കൊടിൽകൊണ്ടു മുറുക്കിപ്പിടിച്ച് അസ്പഷ്ടമായ അതിന്റെ ചേർപ്പുരേഖയിൽക്കൂടി അറുത്തുതുടങ്ങി. അകത്തുള്ള സാധനത്തിനു യാതൊരു കേടും സംഭവിക്കാതെ പിച്ചളപ്പന്ത് രണ്ടു തുല്യാർദ്ധങ്ങളായി പിളർന്നുവീണു. ഒരു ചെറിയ തുണിസഞ്ചിയായിരുന്നു അതിനുള്ളിലിരുന്നത്. അമരനാഥൻ സഞ്ചിയുടെ തുമ്പുലറുത്തപ്പോൾ മരതകമണി അദ്ദേഹത്തിന്റെ കയ്യിൽ വീണു. തൃപ്തിസൂചകമായ ഒരു ദീർഘനിശ്വാസം അവരുടെ മുഖത്തുനിന്നു നിർഗ്ഗമിച്ചു. അത് ഒററ മണിയല്ലായിരുന്നു: രണ്ടു സമാർദ്ധങ്ങൾ സ്വർണ്ണഖണ്ഡത്തിൽ പതിച്ച് ഒരുമിച്ചുചേർത്ത് ഒരു പതക്കമായി പണിചെയ്യപ്പെട്ടതായിരുന്നു അനർഘമായ ആ

ഭ്രൂഷണം. അതു ദീപത്തോടു ചേൎത്തുപിടിച്ചപ്പോൾ പ്രകാശഭേദ്യമാണെന്നു കാണപ്പെട്ടു. ഒരു വിസ്മയാവഹമായ അലങ്കാരസാധനം! ഐന്ദ്രജാലികമായ ഒരു മരതകതേജസ്സ് അതിൻെറ അഗാധതയിൽനിന്നു് ഉൽഗമിച്ചു.

"ഇതുതന്നെ ആ പെൺകിടാവിനു് ഒരെതുല്യമായ സ്ത്രീധനത്തെ പ്രദാനംചെയ്യുമല്ലോ?"—രത്നത്തെ വളയത്തിൽ പിടിച്ചു തൂക്കിക്കൊണ്ടു് അമരനാഥൻ പറഞ്ഞു.

"മരതകക്കല്ലിനെപ്പററി വിചാരിക്കേണ്ട. അതിനകത്തെന്താണെന്നു നോക്കൂ"—ഭാൎഗവൻ പറഞ്ഞു.

അമരനാഥൻ അതിൻെറ ഗൂഢമായ സ്പ്രിങ്ങു കണ്ടുപിടിച്ചു. പതക്കം അദ്ദേഹത്തിൻെറ കയ്യിൽ വച്ചുതന്നെ തുറക്കപ്പെട്ടു. അതിനുള്ളിൽ ചെറുതായി മടക്കിയ ഒരു വെള്ളക്കടലാസു തുണ്ടു കാണപ്പെട്ടു. അതിൻെറ ആകൃതി ചതുരശ്രമായിരുന്നു.

അമരനാഥനും അപ്പോൾ മരതകമണിയുടെ കഥ മറന്നു. അദ്ദേഹം വിറയ്ക്കുന്ന അംഗുലികളോടുകൂടി കടലാസ്സു തുറന്നു. ഭാൎഗവൻ തല തിരിച്ചു നോക്കി.

ആശാഭംഗത്തെ സൂചിപ്പിക്കുന്ന ഒരു വിലാപസ്വരം രണ്ടുപേരുടെയും മുഖത്തുനിന്നു പുറപ്പെട്ടു. കടലാസിൽ ഒരക്ഷരംപോലും കണ്ടില്ല. അമരനാഥൻ അതിനെ തിരിച്ചും മറിച്ചും നോക്കി. രണ്ടുവശത്തും എഴുത്തൊന്നും ഉണ്ടായിരുന്നില്ല.

"ഹാ, ഈശ്വരാ! എന്തൊരു വഞ്ചന"—ഭാൎഗവൻ പറഞ്ഞു.

അമരനാഥൻ ഒന്നും പറഞ്ഞില്ല.

ഭാർഗ—അവർ നമ്മെ കളിപ്പിച്ചതാണോ?

അമര-അതെങ്ങിനെ, നാമല്ലേ ഇതു് ആദ്യമായി കാണുന്നതു്.

ഭാർഗ—ഏതെങ്കിലും വിധത്തിൽ നാം വഞ്ചിതരായിട്ടുണ്ടു്.

അമര—അതൊന്നുമില്ല; ഈ കടലാസ് കാണുംപോലെ അക്ഷരഹീനമല്ല.

ഭാർഗ—എന്തു്?

അമര—പരീക്ഷകളൊന്നും നടത്താൻ ഇപ്പോൾ അവസരമില്ല. കൊലക്കേസ് അന്വേഷണം നടത്താൻ കാലതാമസം പാടില്ല.

അദ്ദേഹം മരതകരത്നവും കടലാസും മേശയ്ക്കുള്ളിൽ വച്ചു പൂട്ടി.

5

അമരനാഥൻ പുക വലിച്ചുകൊണ്ടു് അങ്ങോട്ടുമിങ്ങോട്ടും നടന്നു. കുറേനേരത്തെ ഗാഢമായ ചിന്തയ്ക്കുശേഷം അദ്ദേഹം ഇങ്ങനെ പറഞ്ഞു:—

“സംഗതി ഈവിധമാണെന്നത്രെ എനിക്കു തോന്നുന്നതു് ഭാനുമതീദേവിയുടെ വിദ്യാലയത്തിൽ പഠിക്കുന്ന പെൺകിടാവിന്റെ കുടുംബാവകാശകഥയാണു

മരതകഗർഭത്തിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്നതു് ഭര തൻെറ അഭിപ്രായപ്രകാരം ഈ പൈതൃകധനം അതിവിപുലമാണു് എന്നാൽ പെൺകിടാവിനു് അതിനെപ്പററി യാതൊരറിവുമില്ല. ഭരതനോ മരിച്ചുപോകയുമുണ്ടായി. ഇനി ഈ പ്രശ്നം പരിഹരിക്കാൻ നമുക്കു സാധിക്കാത്തപക്ഷം, ഇതിൻെറ ഉത്തരം അമരപുരക്കാരനായ ആ ഭീമൻെറയോ നിങ്ങൾ രാഷ്ട്രകൂടനെന്നു വിളിക്കുന്ന ആളിൻെറയോ പക്കൽനിന്നുതന്നെ ലഭിക്കണം".

ഭാർഗ്ഗ—നമുക്കു് ഇക്കാര്യത്തിൽ ആദ്യമായി എന്താണു ചെയ്യേണ്ടതു്?"

അമര—നമുക്കു പോലീസിനെ തെര്യപ്പെടുത്തണം.

ഭാർഗ—പേരുവയ്ക്കാതെ ഒരു ഹർജി കൊടുത്താലെന്താ?

അമര—അതുപലപ്പോഴും, ഒടുവിൽ കൊലക്കേസ് നിങ്ങളുടെ തലയിൽത്തന്നെ വന്നു കയറിയേക്കാം. അതുതന്നെയല്ല എനിക്കു കൃത്യസ്ഥലം ഒന്നു പരിശോധിക്കയും വേണം. പോലീസുകാർ ഇടപെടുന്നതിനു മുമ്പായിരിക്കണം അതു്.

ഭാർഗ—എന്നാൽ അങ്ങോട്ടു പോകാം.

അമര—അങ്ങനെതന്നെ. നാം പോയശേഷം ജയരാമൻ ഫോൺമൂലം ഇക്കാര്യം പോലീസുകാരെ അറിയിക്കട്ടെ. കൃത്യസ്ഥലത്തു വന്നുചേരണമെന്നും അവരെ തെര്യപ്പെടുത്തണം.

ജയരാമനെ വിളിച്ചു് ഈ നിശ്ചയം അറിയിച്ചു

ശേഷം അമരനാഥനും ഭാർഗവനും കാറിൽ കയറി ഭരതന്റെ വാസസ്ഥലത്തേക്ക തിരിച്ചു.

അപ്രധാനമായ ആ ചെറുവീഥിയിൽ ഒരു കാർ വന്നുചേർന്നപ്പോൾ അവിടത്തെ ബാലന്മാരുടെ ഇടയിൽ ഒരുത്സാഹബഹളമുണ്ടായി. പ്രതീക്ഷിച്ചതുപോലെതന്നെ ഭരതന്റെ ഗൃഹത്തിലെ വാതിലുകളും ജനാലകളും ബന്ധിച്ചിരിക്കുന്നതായി ആ രണ്ടു സ്നേഹിതന്മാരും കണ്ടു.

അവിടെ കൂടിയ ബാലന്മാരിൽ ഒരുവൻ പറഞ്ഞു—

"ഭരതൻ കാലത്തു വാതിൽ തുറന്നു, കുറേനേരം കഴിഞ്ഞു് അടയ്ക്കുയും ചെയ്തു. പിന്നീടയാൾ പുറത്തു വന്നതേയില്ല.".

അമര—ആരെങ്കിലും അകത്തുപോകുന്നതു നീ കണ്ടോ?

ബാലൻ——ഇല്ല, ഞാൻ കണ്ടില്ല.

പ്രഭാതത്തിൽ താൻ അകത്തു കടന്ന പഴുതിലൂടെ ഭാർഗവൻ വീണ്ടും ഉള്ളിൽ കയറി. തെരുവിലെ വാതിൽ തുറന്നു് അമരനാഥനെയും അതിലൂടെ മുറിക്കുള്ളിലാക്കി. അനന്തരം എല്ലാ പ്രവേശനദ്വാരങ്ങളും ബന്ധിക്കപ്പെടുകയും ചെയ്തു.

"ഈ ആൾക്കൂട്ടം കാണാൻ എനിക്കു വലിയ സന്തോഷമാണു് അതു നമ്മുടെ രക്ഷയെ നിശ്ചിതമാക്കുന്നു" അമരനാഥൻ പറഞ്ഞു.

ഭാർഗ—ഓ, ഇല്ലെങ്കിലും പത്തു നിമിഷത്തിനുള്ളിൽ പോലീസുകാർ ഇവിടെ വന്നുചേരുമല്ലോ.

അമര—പത്തുനിമിഷത്തിനുള്ളിൽ എന്തെല്ലാം സംഭവിച്ചുകൂടാ."

അമരനാഥൻ ഭാർഗവനെ ഒരു കസാലയിൽ ഇരുത്തിയിട്ട് ഇങ്ങനെ പറഞ്ഞു.

"അടുത്ത മുറിയിൽ മരിച്ചുകിടക്കുന്നതു നിങ്ങളുടെ സ്നേഹിതനാണെന്നുള്ള വസ്തുത ഞാൻ മറക്കുന്നില്ല. എന്നാൽ എൻെറ ജീവിതത്തിലെ പ്രധാനാഭിലാഷം ഒന്നുമാത്രമാണ്. അതായത് എൻെറ ശാസ്ത്രാഭ്യാസത്തെ പ്രവത്തിച്ചു പരീക്ഷിക്കാൻ ഒരവസരം ലഭിക്ക എന്നുള്ളത്".

ഭാർഗ—അതു ശരി, നിങ്ങൾ ഇവിടെ വന്നതു വലിയ ഭാഗ്യം.

ഘടികാരനിർമ്മാതാവിൻെറ കണ്ണടയും ഫൗണ്ടൻപേനയും അവിടെ കണ്ടതു് അമരനാഥൻ പരിശോധിച്ചു.

ബഞ്ചിൻെറ മുകളിലായി രസീതെഴുതുവാനുള്ള ഒരു ബുക്കും, ഒരു സ്വർണ്ണവാച്ചും കാണപ്പെട്ടു. വാച്ചിന് ഏകദേശം ഇരുപതുവർഷത്തെ പഴക്കം തോന്നിച്ചു. അമരനാഥൻ ആ വിവരവും തൻെറ ഡയറിയിൽ കുറിച്ചു.

പിന്നെ അദ്ദേഹം പരിശോധിച്ചതു ഭരതൻെറ കിടക്കയാണ്. ഭരതനെ കൊല്ലുവാൻ ഉപയോഗിച്ച കുരുക്കിട്ട കയറു കിടക്കമേൽ കിടന്നു. "ഇതു പോലീസുകാരും കാണണം" എന്ന് അദ്ദേഹം പറഞ്ഞു.

കുരുക്കിട്ടു് ഇറുക്കിയ അടയാളത്തിനു പുറമെ, ഭരതൻെറ ശരീരത്തിൽ മററു ചില പാടുകളും അമരനാ-

ഥൻ കണ്ടു, ശിരസ്സിൻെറ പിൻവശത്ത് ഒരു ചതവും, നെററിമേൽ തൊലി അല്പം ഉരഞ്ഞുപോയ ഒരടയാളവും മൂക്കിൽ അങ്ങിങ്ങായി മഷിപുരണ്ട പുള്ളികളും ആയിരുന്ന മേല്പറഞ്ഞ പാടുകൾ.

"ഇതിൽ യഥാർത്ഥ ഘാതകൻ ഭരതനു നല്ല പരിചയമുള്ള ഒരാളാണ്. അയാൾ ഭരതന് അപരിചിതനായ തൻെറ കൂട്ടുകാരനെ മുമ്പെ ഇങ്ങോട്ടയച്ചു. ഈയാൾ ഒരു വാച്ചുംകൂടി കൊണ്ടുവന്ന് അതിനെ, അററകുററം തീക്കാനായി ഭരതനെ ഏല്പിച്ചു. ഘടികാരക്കാരൻ രസീതെഴുതിക്കൊണ്ടിരിക്കുമ്പോൾ മറേറയാൾ അയാളുടെ തലയ്ക്കടിച്ചു. ഭരതൻ ബോധരഹിതനായി ബഞ്ചിന്മേൽ മുക്കുകുത്തിവീണു.

അടിച്ചവൻ ഉടൻതന്നെ പണിപ്പുരയിൽനിന്നും പുറത്തുപോയിരിക്കണം. എന്തെന്നാൽ അയാൾ കിടക്കമുറിയിൽ പ്രവേശിച്ച യാതൊരു ലക്ഷണവും കാണുന്നില്ല. യഥാത്ഥ ഘാതകൻ പിന്നെ അകത്തുകടന്നു. അയാളായിരുന്നു ഭരതനെ വലിച്ചിഴച്ച് ഈ മുറിയിൽ കൊണ്ടുവന്ന് കിടക്കയിൽ ഇട്ട് കയറുകഴുത്തിൽ കെട്ടി ഇറുക്കിക്കൊന്നത്. കിടക്കയിൽവച്ചു ഭരതൻെറ ബോധക്ഷയം അൽപ്പം നീങ്ങി അയാൾ സ്വരക്ഷയ്ക്കായി ചില വിഫലശ്രമങ്ങൾ ചെയ്തു. അപ്പോഴാണു നിങ്ങളുടെ വരവ്. ഉടനെ ഘാതകൻ പരിഭ്രമപ്പെട്ട് ചാടിപ്പോയി. അതിൻെറ ലക്ഷ്യമായി ഓരോ സാമാനവും അതുവീണ സ്ഥലത്തുതന്നെ കിടക്കുന്നതു നോക്കുക."

അമരനാഥൻ പിന്നീട്, മരിച്ചയാളിന്റെ വസ്ത്രങ്ങളെ അതിസൂക്ഷ്മമായി പരിശോധിക്കാൻ തുടങ്ങി. ഒടുവിൽ വിജയസൂചകമായ ഒരത്ഭുതസ്വരം അദ്ദേഹത്തിന്റെ അധരത്തിൽനിന്ന് പുറപ്പെട്ടു. ഒരു ത്രികോണാകൃതിയിലുള്ള ചെറിയ കണ്ണാടിച്ചില്ല കയ്യിൽ പിടിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു.

"ഇതു ഭരതന്റെ വസ്ത്രത്തിനടിയിൽനിന്നു കിട്ടിയതാണ് നമുക്കു ഭാഗ്യമുണ്ടെങ്കിൽ ഇതു വച്ചുകൊണ്ടുതന്നെ ഘാതകനെ തൂക്കിക്കൊല്ലാം. ഞാൻ ഇതു സൂക്ഷിച്ചുവയ്ക്കും."

അമരനാഥൻ വീണ്ടും പരിശോധന തുടർന്നപ്പോൾ വാതിലിൽ ഉറക്കെയുള്ള ഒരു ഘട്ടനധ്വനി കേട്ടു. അതിനെ തുടർന്നു കതകുതുറക്കാനുള്ള ഒരാജ്ഞയും പുറപ്പെട്ടു. ജനാലയുടെ പഴുതിൽകൂടി നോക്കിയപ്പോൾ പോലീസ് യൂനിഫാറത്തിൽ ഒരുദ്യോഗസ്ഥനും കൂടെ രണ്ടു കിങ്കരന്മാരും പുറത്തുനില്ക്കുന്നതു ഭാർഗ്ഗവൻ കണ്ടു. വേഗം വാതിൽ തുറന്ന് അവരെ അകത്തു പ്രവേശിപ്പിച്ചശേഷം ജനക്കൂട്ടത്തെ നിവാരണം ചെയ്‌വാനായി അയാൾ വീണ്ടും വാതിൽ ബന്ധിച്ചു.

യൂനിഫാറം ധരിച്ചയാൾ "അമലേശ്വരൻ" എന്ന പോലീസ് സാർജന്റും മററു രണ്ടുപേരും രഹസ്യപ്പോലീസ് സംഘത്തിൽപെട്ട അദ്ദേഹത്തിന്റെ കിങ്കരന്മാരും ആണെന്ന് ഉദ്യോഗസ്ഥൻ സ്വയം പരിചയപ്പെടുത്തി. ഭാർഗ്ഗവന് അവരുടെ വേഷവും ഭാവവും ഒട്ടുംതന്നെ പിടിച്ചില്ല.

അമലേശ്വരൻ നല്ല ആരോഗ്യമുള്ള ഒരു ദൃഢകായനായിരുന്നു. അയാൾക്ക് വയസ്സ് നാല്പത്തഞ്ചായി. മററു രണ്ടുപേരും ഏകദേശം അവരുടെ യജമാനൻെറ തന്നെ പ്രായം വരുന്ന നിഷ്ഠുരന്മാരായിരുന്നു.

അമരനാഥൻ തന്നെയും ഭാർഗ്ഗവനെയും സാർജൻറിനു പരിചയപ്പെടുത്തി. ആ പോലീസ് ഉദ്യോഗസ്ഥൻെറ ഭാവം ആദരസംയുക്തമെന്നു തോന്നിച്ചു. അമരനാഥൻെറ യശസ്സിനെപ്പററി പരിപൂർണ്ണജ്ഞാനമുള്ള ഒരുവനെന്നപോലെ അയാൾ നടിച്ചു. ഭരതൻെറ പ്രേതം കിടന്ന മുറിയിലേക്കു സാർജൻറിനേയും കൂട്ടുകാരെയും പ്രവേശിപ്പിച്ചിട്ട് അമരനാഥൻ തൻെറ കഥയാരംഭിച്ചു.

"ഈ പാവത്തിൻെറ പേർ ഭരതനെന്നാണ്. അയാൾ ഘടികാരങ്ങൾ അററകുററം തീർക്കുകയും ആഭരണങ്ങൾ പണിയുകയും ചെയ്യുന്ന ഒരു തൊഴിലാളിയാകുന്നു. ഭാർഗ്ഗവന് അയാളെ നല്ല പരിചയമുണ്ട്. ഇന്നലെ മദ്ധ്യാഹ്നത്തിൽ ഇയാൾ മോഹാലസ്യപ്പെട്ടു നിലത്തുകിടക്കുന്നതു ഭാർഗ്ഗവൻ കണ്ടു. ആരോ ഇയാളെ നല്ലപോലെ മർദ്ദിച്ചു സാമാനങ്ങളെ താറുമാറാക്കിയിട്ടുപോയെങ്കിലും ഒന്നും മോഷ്ടിക്കയുണ്ടായില്ല. ഈ സംഗതി പോലീസിൽ അറിവുകൊടുക്കരുതെന്നു ഭരതൻ ഭാർഗ്ഗവനോടു പ്രത്യേകിച്ചപേക്ഷിച്ചു. എന്നാൽ ഈ അക്രമത്തിനു കാരണമെന്തെന്നയാൾ പറഞ്ഞില്ല........."

അമലേശ്വരൻ ഒരു കർക്കശമായ മന്ദഹാസ

ത്താൽ അമരനാഥൻെറ ഭാഷണത്തിനു ഇടയിൽ പ്രതിബന്ധമുണ്ടാക്കിക്കൊണ്ടുപറഞ്ഞു.

"കൊള്ളാം ഇതു സംഭവിക്കാവുന്ന കഥതന്നെ"

അമരനാഥൻെറ ചില്ലികൾ അത്ഭുതത്താൽ വക്രിച്ചു. അദ്ദേഹം ഒന്നുഞെട്ടി.

അമലേശ്വരൻ തൻെറ കപടമര്യാദയെ ദൂരത്തെറിഞ്ഞു. അയാൾ മൃഗീയമായ ഒരട്ടഹാസം പുറപ്പെട്ടവിച്ചു.

"ആ സാധുവിനെ നിങ്ങൾതന്നെ വധിച്ചു എന്നുള്ളതു തീർച്ചയാണ്. അല്ലെങ്കിൽ മറേറയാൾ. രണ്ടുപേരുംകൂടി ചേർന്ന് ഈ കൃത്യം നടത്തിയെന്നും വരാം"— അയാൾ പറഞ്ഞു.

തന്നെയാണ് ഈവിധം അപമാനിച്ചതെങ്കിൽ ഭാർഗവന് അത്രസങ്കടം തോന്നുകയില്ലായിരുന്നു. തൻെറ സ്നേഹിതനോടു സഭ്യമല്ലാതെ പെരുമാറിയതു കണ്ടപ്പോൾ ആ യുവാവിൻെറ കണ്ണുകൾ ചുവന്നു.

"അതു വെറും കള്ളമാണ്, ഒരു മഹാവഞ്ചന. അമരനാഥൻ എങ്ങിനെയുള്ള ആളെന്ന് എല്ലാവക്കും അറിയാം" എന്ന് ആ യുവാവു വിളിച്ചുപറഞ്ഞു.

കിങ്കരന്മാരിൽ ഒരുവൻ അയാളുടെ ഗദയെ ചുഴററിക്കൊണ്ടുപറഞ്ഞു.

"വായടയ്ക്കു, അല്ലെങ്കിൽ നിന്നെ നല്ലപാഠം പഠിപ്പിക്കും."

"നീ എന്നെ തൊട്ടുമോ? എന്നാൽ........"

അമരനാഥൻ ഭാർഗവൻെറ കയ്യിൽ കടന്നു പിടിച്ചുകൊണ്ടുപറഞ്ഞു.

"അവർ പോലീസ് ഉദ്യോഗസ്ഥന്മാർ, അവരോട് കോപിക്കരുതു; അവർ അവരുടെ കർത്തവ്യം നടത്തുന്നു."

ഒരുക്ഷണത്തിൽ ഭാർഗ്ഗവൻ സത്യം മനസ്സിലാക്കി. അവർ പോലീസുകാരേ അല്ലായിരുന്നു. ഈ പരമാർത്ഥമറിഞ്ഞപ്പോൾ ഉണ്ടായ സംഭ്രമം അയാളെ അല്പനേരത്തേക്കു സ്തബ്ധനാക്കി. അമരനാഥനെപ്പോലെ സ്വവികാരങ്ങളെ സംയമനം ചെയ്‌വാൻ ഭാർഗവൻ ശക്തനായില്ല. "എന്തു്! എന്തു്!" എന്നയാൾ ചോദിച്ചു.

"നമുക്കു് ഇക്കാര്യം പ്രശാന്തമായി ചർച്ചചെയ്യാം"—അമരനാഥൻ പറഞ്ഞു.

ഈ പ്രശാന്തപ്രകൃതി അമലേശ്വരനു് ഒട്ടുംതന്നെ ഹൃദ്യമായില്ല. ഒരു ശണ്ഠതന്നെ ഉണ്ടാക്കണമെന്നായിരുന്നു അയാളുടെ അഭിപ്രായം.

"അവരെ പിടികൂടി, കൊണ്ടുപോവിൻ" എന്നയാൾ ഗർജ്ജിച്ചു.

അയാൾ അമരനാഥനെ പിടികൂടിയപ്പോൾ ഭാർഗവൻ രോഷാകുലനായി തോക്കു കയ്യിലാക്കുവാൻ ഭാവിച്ചു. എന്നാൽ രണ്ടു കിങ്കരന്മാരുംകൂടി അയാളെ നിലം പതിപ്പിച്ചു. കഠിനമായ ശണ്ഠയ്ക്കുശേഷം ഭാർഗവന്റെ നളികം അപഹരിക്കപ്പെട്ടു. എഴുനേററു നിൽക്കാൻ അയാളെ അനുവദിച്ചു. ആ യുവാവു കോപംകൊണ്ടു വിറയ്ക്കുകയായിരുന്നു. അനന്തരകരണീയത്തെപ്പററി ആരായുന്നഭാവത്തിൽ അയാൾ അമരനാഥന്റെ നേരേ നോക്കി.

"ഇവന്റെ കൈ കെട്ടു"—അമലേശ്വരൻ പറഞ്ഞു.

"ഇവന്റെ ദേഹപരിശോധന ചെയ്‌വിൻ"—അയാൾ കിങ്കരന്മാരോട് ആജ്ഞാപിച്ചു.

ഭാർഗവൻ അനുസരിച്ചു. രണ്ടുപേരും അയാളുടെ ദേഹം പരിശോധിച്ചു. അമലേശ്വരൻ അമലനാഥന്റെയും ശരീരപരിശോധനചെയ്തു.

"അതു് ഇയാളുടെ കയ്യിൽ കാണുന്നില്ല"—കിങ്കരന്മാർ പറഞ്ഞു.

"ഇവിടെയും അതുപോലെതന്നെ" എന്നു ഡ്യാഞ്ഞ സാർജന്റും പറഞ്ഞു.

"ഏതായാലും ഇപ്പോൾ അതിനെ പ്രതിക്ഷിക്കേണ്ടതില്ല. അതെവിടെയിരിക്കുന്നു എന്നു് അവരെക്കൊണ്ടു നമുക്കു പറയിക്കാം. അവരെ വെളിയിലേക്കു കൊണ്ടുപോകുവിൻ"—അയാൾ തുടന്നുപറഞ്ഞു.

അമര—ഒരുനിമിഷം, നമുക്കീകാര്യം ഒന്നു ചർച്ച ചെയ്യാം.

സമയംദീർഘിപ്പിക്കാൻവേണ്ടിയാണദ്ദേഹം ഈ വിദ്യ എടുത്തിരിക്കുന്നതെന്നു ഭാർഗവൻ മനസ്സിലാക്കി.

"ഹാ! വായടയ്ക്കു" എന്നു് അതിരുഷ്ടനായി പറഞ്ഞുകൊണ്ടു് അമലേശ്വരൻ കിങ്കരന്മാരോടു് ഇപ്രകാരം ആജ്ഞാപിച്ചു.

"ഇവരെ കാറിനുള്ളിൽ കടത്തിവിടുവിൻ."

അടച്ചുമൂടിയ ഒരു കാർ രാജപാതയിൽ കാത്തു

നിൽപ്പുണ്ടായിരുന്നു. അമരനാഥൻ അവിടെ കൂടിനിന്ന ആളുകളോട് ഇങ്ങനെ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു.

"ഇവർ പോലീസുകാരല്ല. ആ നില്ക്കുന്നത് ഒരു പോലീസ് കാറല്ലെന്നും നിങ്ങൾക്കു കാണാം. അവർ ഞങ്ങളെ തട്ടിക്കൊണ്ടുപോകാൻ ശ്രമിക്കയാണ് നിങ്ങൾ അതു സമ്മതിക്കുമോ?"

എന്നാൽ പോലീസ് യൂനിഫാറവും കള്ളചിഹ്നങ്ങളും കണ്ടപ്പോൾ ജനസംഘം വിരണ്ടുപോയി. അവരെല്ലാവരും വ്യാജ പോലീസുകാരുടെ വശം ചേർന്നുകൊണ്ട് അമരനാഥനെയും ചങ്ങാതിയേയും പരിഹസിച്ചു.

"അവർ നമ്മെ കാറിൽ കയററുന്നാപക്ഷം നമ്മുടെ കഥ ദയനീയം"—ഭാർഗ്ഗവൻപറഞ്ഞു.

"എന്നാൽ നിങ്ങളുടെ ശക്തിമുഴവൻ പ്രയോഗിച്ച് എതിക്കണം"—അമരനാഥൻ പറഞ്ഞു.

ഭാർഗവൻ പെട്ടെന്നു തന്റെ മുഷ്ടിചുരുട്ടി പ്രതിയോഗിയെ ഇടിച്ചുതുടങ്ങി. അമലേശ്വരൻ തോക്കിന്റെ ഘനമേറിയ ഭാഗംകൊണ്ട് നമ്മുടെ യുവാവിന്റെ ശിരസ്സിനെ ലക്ഷ്യമാക്കി ഒന്നുപ്രഹരിച്ചു. തന്നെ പിടികൂടിയിരുന്ന ആളെ തള്ളിമറിച്ചുകൊണ്ട് ഭാർഗവൻ പ്രഹരത്തെ കയ്യിലേററു. അതേനിമിഷത്തിൽ കിങ്കരന്മാരിലൊരുവൻ പിന്നിൽനിന്ന് ഒരു ഗദകൊണ്ട് ഉറക്കോടെ അയാളുടെ തലയ്ക്കടിച്ചു. അല്പനേരത്തേക്ക് അയാളുടെ കണ്ണുകളിൽ ധൂമപടലം അണഞ്ഞതുപോലെ തോന്നി. നമ്മുടെ തരുണൻ ബോന

ത്തെ നിശ്ശേഷം കൈവെടിഞ്ഞില്ല. എന്തെന്നാൽ തെരുവിൽ ഒരു മണിനാദം അയാൾ കേട്ടു. അതിനെത്തുടർന്ന് "ഇതാ പോലീസുകാർ വരുന്നു! യഥാർത്ഥ പോലീസ് ഉദ്യോഗസ്ഥന്മാർ!" എന്ന് അമരനാഥൻ ഉൽഘോഷിക്കുന്നതും ഭാർഗവൻ കേട്ടു.

അമലേശ്വരൻ കൂട്ടുകാരോടൊരുമിച്ചു വീഥിയിൽചാടി ഓടിച്ചെന്നു കാറിൽകയറി. കണ്ടുനിന്നവരെ ഇരുവശത്തേക്കും പലായനം ചെയ്യിച്ചുകൊണ്ട് ആ ശകടം വായുവേഗത്തിൽ പാഞ്ഞുപോയി മറഞ്ഞു. അങ്ങനെ അമരനാഥനും സ്നേഹിതനും അവസാനനിമിഷത്തിൽ രക്ഷയെ പ്രാപിച്ചു.

6

അമരനാഥൻ തന്റെ അഭിഭാഷകന് ഒരെഴുത്തു തയ്യാറാക്കി ഭാർഗവന്റെ കയ്യിൽ കൊടുത്തയച്ചു. ഭാർഗവൻ ആരും കാണാതെ അഭിഭാഷകന്റെ ആഫീസിൽഎത്തി എഴുത്തുകൊടുത്തശേഷം അവിടെനിന്നും ഗൂഢമായി പുറത്തുകടന്ന് ഒരു കാർ വാടകയ്ക്കു പിടിച്ച് ഭാനുമതീദേവിയുടെ വിദ്യാലയത്തിലേക്കുതിരിച്ചു.

വിദ്യാലയം, അധികം ആൾസഞ്ചാരമില്ലാത്ത ഒരു പാതയുടെ സമീപത്തായി സ്ഥിതിചെയ്തിരുന്നു.

അതിമനോഹരമായ ഒരുന്നതതടത്തിൽ ചന്ദ്രികാവി ലാസമെന്ന സരസ്സിനാഭിമുഖമായി ഉയൎന്നു കാണപ്പെട്ടു. അഴകേറിയ ആ എടുപ്പ് ഒരു വിദ്യാലയത്തിന്നു വേണ്ട സൎവ്വ യോഗ്യതകൾക്കും ആകരമായി പ്രശോഭിച്ചു.

വിദ്യാമന്ദിരത്തിന്റെ പടിക്കൽ എത്തിയ ഭാൎഗ്ഗവൻ അവിടെ കണ്ട ഒരു പരിചാരികയോട് തനിക്കു ഭാനുമതീദേവിയെ കാണണമെന്നാവശ്യപ്പെട്ടു.

"അതിന്നു മുൻകൂട്ടി നിങ്ങൾ എന്തെങ്കിലും ഏൎപ്പാടു ചെയ്തിട്ടുണ്ടോ?"-പരിചാരിക ചോദിച്ചു.

യാതൊരേൎപ്പാടും ചെയ്തിട്ടില്ലെന്നു ഭാൎഗ്ഗവൻ പറഞ്ഞു.

"കാൎയ്യം അത്ര പ്രാധാന്യമുള്ളതാണോ?"—പരിചാരിക ചോദിച്ചു.

അതിപ്രധാനമാണെന്ന്, നമ്മുടെ തരുണൻ ഉത്തരം പറഞ്ഞു.

"ആകട്ടേ, ഞാൻ ദേവിയെ അറിയിക്കാം മുറിയിൽകടന്നിരിക്കുക"എന്നുപറഞ്ഞുകൊണ്ടുദാസിപോയി. ഭാൎഗ്ഗവൻ അകത്തുള്ള സന്ദൎശനശാലയിൽ ചെന്ന് ആസനസ്ഥനായി.

അല്പനേരം കഴിഞ്ഞു് അവൾ വീണ്ടും പ്രത്യക്ഷയായി,ഭാനുമതീദേവി പതിനഞ്ചു നിമിഷത്തിനുള്ളിൽ വരുമെന്നറിയിച്ചു.

സന്ദൎശനശാലയിൽ ഏകാകിയായിരിക്കാൻ മുഷിവു തോന്നുകയാൽ ഭാൎഗ്ഗവൻ പുറത്തേയ്ക്കിറങ്ങി. ആ കെട്ടിടത്തിന്റെ പിന്നിലായി വിവിധ ജാതി മോഹനകുസുമങ്ങൾ നിറഞ്ഞ ഒരു തോട്ടം ഉണ്ടായിരുന്നു.

അതിനപ്പുറത്തായി കുന്നിൻെറ ഏററവും പൊക്കംകൂടിയ ഭാഗത്തു്, പടന്നു കയറിയ മുന്തിരിവള്ളികളാൽ മിക്കവാറും മൂടപ്പെട്ട ഒരു ഗ്രീഷ്മമന്ദിരം കണ്ണിനാനന്ദമേകുംവണ്ണം വിലസി. കുന്നിൻെറയും തടാകത്തിൻെറയും സമ്മിശ്രമായ രമണീയത കാണ്മാൻ കൊതിച്ചു ഭാർഗവൻ മെല്ലെ ആ ഭാഗത്തേയ്ക്കു നടന്നു.

ആ ഗ്രീഷ്മഗൃഹം അസാധാരണ ലാവണ്യധാമമായ ഒരു പെൺകിടാവിൻെറ വാസസ്ഥലമാണെന്നു് ഭാർഗവൻ മനസ്സിലാക്കി. എന്തെന്നാൽ കയ്യിൽ വഹിച്ചിരുന്ന ഒരു ഗ്രന്ഥത്തിൽതന്നെ ദൃഷ്ടിയുറപ്പിച്ചുകൊണ്ടു്, ഏകദേശം പതിനാറു വയസ്സു പ്രായം തോന്നിക്കുന്ന ആ പേശലാംഗി അവിടെ നില്ക്കുന്നതു കാണപ്പെട്ടു. ഭാർഗവൻ തൻെറ സമീപത്തേക്കു വരുന്നതു് അവൾ അറിഞ്ഞില്ല. അന്നു് ആ സ്ഥലത്തേക്കു യാത്രചെയ്യുവാൻ തന്നെ പ്രേരിപ്പിച്ച ലാവണ്യനികേതംതന്നെയായിരിക്കും ആ നില്ക്കുന്നതെന്നൂഹിച്ചു നമ്മുടെ യുവാവു് അതിനിശിതമായ ജിജ്ഞാസയോടെ അവളുടെ രൂപത്തെ പരിശോധിച്ചു. പ്രായം പരിപക്വമല്ലാഞ്ഞതിനാൽ ഭാർഗവനു അൽപ്പം കുണ്ഠിതമുണ്ടായെങ്കിലും ഇത്ര ചേതോഹരമായ ഒരാകൃതി താൻ പണ്ടു കണ്ടിട്ടില്ലെന്നുള്ള ബോധം അയാളുടെ ഹൃദയത്തെ ആനന്ദസമുദ്രത്തിൽ ആറാടിച്ചു. പ്രധാന ഉപാദ്ധ്യായിനിയുമായി സംഭാഷണം ചെയ്തതിനു മേലല്ലാതെ തൻെറ സന്ദേശത്തെ വെളിപ്പെടുത്തുവാൻ അയാൾ നിശ്ചയിച്ചില്ല. അയാൾ ആ കുമാരിയുടെ ശ്രദ്ധയെ ആകർഷിക്കാൻവേണ്ടി ഒന്നു ചുമച്ചു.

ഒരു പരിഭവസൂചകമായ നോട്ടത്തോടുകൂടി അവൾ തല വെട്ടിത്തിരിച്ചു. സപ്രതീക്ഷയെ അതിക്രമിച്ച ആകാരസൗഷ്ടവത്താൽ അനുഗൃഹീതയാണ് അവളെന്ന ഭാർഗവൻ കണ്ടു. അവൾ വാസ്തവത്തിൽ ശിശുതരുണിയായി പരിണമിക്കുന്ന ആ മോഹനദശയെ പ്രാപിച്ചു പ്രഭാപ്രകർഷത്തെ വർഷിക്കയായിരുന്നു. അതിനീലമായ നയനങ്ങളും മിക്കവാറും ദിവ്യമായ ആകാരശോഭയെ പ്രദാനംചെയ്യുന്നശരീരവർണ്ണവും അവളിൽ പ്രകടമായി കാണപ്പെട്ട രണ്ടു ലക്ഷണങ്ങളത്രെ. ഏതു വേദനയും താങ്ങുവാൻ സുശക്തമെന്നു തോന്നിച്ച ആ പ്രൗഢവദനത്തിൻെറ ദർശനം ഭാർഗവൻെറ ഹൃദയത്തിനു വല്ലാതൊരു ക്ഷതത്തെ ഉളവാക്കി.

"ഈ വേനല്ക്കാലത്തും വിദ്യാലയത്തിൽത്തന്നെ ദിവസങ്ങൾ കഴിച്ചുകൂട്ടുന്നതു വലിയ സങ്കടംതന്നെ"- അയാൾ പറഞ്ഞു.

"അങ്ങനെതന്നെ, പക്ഷെ എനിക്കതു പരിചയമായിപ്പോയി. ഉഷ്ണകാലത്തു് അവരെന്നെ അധികം വിഷമിപ്പിക്കയില്ല" എന്നവൾ പറഞ്ഞു.

ഭാർഗ—ആരു വിഷമിപ്പിക്കുന്നില്ല?

"ഓ! ഉപാദ്ധ്യായിനിമാർ, നിങ്ങൾക്കറിഞ്ഞുകൂടെ"-ആ പെൺകിടാവു ചോദിച്ചു.

ഭാർഗ-(ചിരിച്ചുകൊണ്ടു്) അറിയാം, അറിയാം.

സംഭാഷണം ഈ ദശയിൽ എത്തിയപ്പോൾ അവരുടെ പരസ്പരഭാവം സ്നിഗ്ദ്ധമാവാൻ തുടങ്ങി. പ്രഥമദൃഷ്ടിയിൽത്തന്നെ അങ്കുരിക്കുന്ന അത്ഭുതകരമായ

ഒരു മൈത്രി ആയിരുന്നു അതു് എന്നു് അവർ തമ്മിലു ണ്ടായ സ്നേഹത്തെപ്പററി മനോരമ പിന്നീടു പറയുക പതിവായിരുന്നു.

ഭാർഗ— ശ്രീമതി ഇവിടെ സമയം കഴിച്ചുകൂട്ടു ന്നതെങ്ങിനെ?

മനോ—ഓ! ഗ്രന്ഥപാരായണംകൊണ്ടും ചില പ്പോൾ വെറും സ്വപ്നംകൊണ്ടും ഞാൻ അന്തസ്സാരമി ല്ലാത്ത ഒരുവളാണെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടായി രിക്കും.

ഭാർഗ—ഒരിക്കലുമില്ല, ബുദ്ധിമാന്മാരായ ഇക്കൂ ട്ടരിൽ ഒരുവനല്ല ഞാൻ.

മനോ—എന്നു ഞാനും വിചാരിച്ചു, നിങ്ങളുടെ കണ്ണുകളിൽ ഒരു അസ്ഥിരപ്രകൃതിയുടെ ലക്ഷണം സ്ഫുരിക്കുന്നുണ്ടു്.

അവർ ആഹ്ലാദത്തോടെ ചിരിച്ചു.

"ഞാൻ ഉദാരന്മാരും ധിഷണാശാലികളുമായ ആളുകളെയാണു സ്വപ്നം കാണുക. അങ്ങനെയുള്ളവ രെ വിദ്യാലയങ്ങളിൽ കാണ്മാൻ പ്രയാസമാണു്"—മ നോരമ തുടർന്നുപറഞ്ഞു-

ഭാർഗ—വെളിയിൽ കടന്നു പരിശോധിച്ചാൽ ലോകരിൽനിന്നു വലുതായിട്ടൊന്നും പ്രതീക്ഷിക്കാനി ല്ലെന്നു കാണാം. മണ്ടന്മാരെല്ലാം വിദ്യാലയങ്ങളിൽ മാ ത്രമാണെന്നു ധരിക്കരുതു്

മനോ–എന്നു ധരിച്ചിട്ടില്ല. ഏതായാലും മനുഷ്യ ഗുണമുള്ള ഒന്നുരണ്ടുപേരെങ്കിലും ഉണ്ടെന്നു കണ്ടാൽ അതു് ആശ്വാസകരമാണു്

ഭാർഗ--ഓ! അതിന്ന പ്രയാസമില്ല.

മനോ--സമയത്തിൽ ഏറിയ ക്രൂരം ·തനിയെ അടച്ചിരിക്കേണ്ടതായ ഒരു വിധിയാണെന്റേതു് എനിക്ക കൂടെ പോകാവുന്ന ഏകവ്യക്തി എന്റെ രക്ഷാകൎത്താവാണു്; അദ്ദേഹത്തെ എപ്പോഴും കാണുന്നതുമില്ല. എന്റെ വകയെന്നു പറയാൻ അദ്ദേഹം ഒരാൾ മാത്രമെ ഉള്ളു. അതുകൊണ്ടാണു് ഉഷ്ണകാലത്തും ഞാൻ ഇവിടെത്തന്നെ പാൎക്കേണ്ടിവരുന്നതു്.

ഒരു ചിരിയോടുകൂടിയാണു് ഇത്രയും ആ പെൺകിടാവു പറഞ്ഞതു്. എന്നാൽ അതു ഭാൎഗ്ഗവന്റെ ഹൃദയവേദനയെ ശതഗുണം പ്രവൃദ്ധമാക്കി. ഭരതന്റെ മരണത്തെപ്പററി യാതൊന്നും തന്നെ അവൾ അറിഞ്ഞിരുന്നില്ല. ആ അത്യാഹിതത്തെ വെളിപ്പെടുത്തേണ്ടതു ഭാർഗവനായിരുന്നു. അവർ തമ്മിലുള്ള ബന്ധത്തെപ്പററി ആ യുവാവിന്നു് അത്ഭുതം തോന്നി. വൃത്തികെട്ട ഒരു ഘടികാരനിൎമ്മാതാവു് കുസുമകോമളയായ ഒരു തരുണീരത്നം. ഭരതൻ, പ്രകൃതിയുടെ മാന്യ തന്ത്രജ്ഞന്മാരിൽ ഒരാളായിരിക്കാം; എന്നാൽ ഈവിധം മഹിമാതിരേകജന്യമായ ആ ഭാവവിശേഷത്തെ അവൾക്ക ദാനംചെയ്യാൻ അയാൾ ശക്തനെന്നാരും പറകയില്ല.

ഭാൎഗ്ഗ--ദേവി ഏതു ഗ്രന്ഥമാണു വായിക്കുന്നതു് ·

മനോ--"സൈകതത്തിലെ ഉറവ" എന്ന ഒരു ഗ്രന്ഥമാണു്. അതു നിങ്ങൾക്കറിയാമോ?

അറിയാൻ പാടില്ലെന്നു ഭാർഗവൻ സമ്മതിച്ചു.

മനോ—യാത്രയെ സംബന്ധിച്ചെഴുതിയിട്ടുള്ള ഗ്രന്ഥങ്ങളാണു ഞാൻ അധികം ഇഷ്ടപ്പെടുന്നതു്. എനിക്കു യാത്രചെയ്യാൻ സാധിച്ചെങ്കിൽ ഞാൻ എന്തും സഹിക്കുമായിരുന്നു. നിങ്ങൾ യാത്രചെയ്തിട്ടുണ്ടോ?"

ഭാർഗ്ഗ—സ്വപ്നത്തിൽ മാത്രം.

"എന്നെപ്പോലെ" എന്നു മനംമയക്കുന്ന ഒരു മന്ദഹാസത്തോടുകൂടി അവൾ പറഞ്ഞു.

ഭാർഗ—എന്നാലും ദേവി ഒരു "അമരപുര"തരുണിയുടെ ഛായ വഹിക്കുന്നില്ല.

മനോ—ഞാൻ "അമരപുരം" വിട്ടു വെളിയിൽ പോയിട്ടേയില്ല. എന്നാൽ ഞാൻ അന്യനാട്ടിലെ മാതാപിതാക്കന്മാരുടെ സന്താനമാണെന്നൂഹിക്കുന്നു; എന്തെന്നാൽ ഭരതനാണല്ലോ എന്റെ രക്ഷാകർത്തൃസ്ഥാനം വഹിക്കുന്നതു്

ഭാർഗ—ഏതുനാടാണു്?

മനോ—എനിക്കറികവയ്യ, എന്റെ കുടുംബചരിത്രം എന്നോടുകൂടിയാണാരംഭിക്കുന്നതു്

ഭാർഗ—ആശ്ചര്യകരം! ദേവിയുടെ അച്ഛനമ്മമാർ ആരെന്നു ദേവി ഓർക്കുന്നില്ലേ?

ആ പെൺകിടാവു നിഷേധാർത്ഥത്തിൽ തല കുലുക്കി. അവൾ പറഞ്ഞു—

"ഞാൻ ശിശുവായിരിക്കുമ്പോൾതന്നെ അവർ മരിച്ചുപോയി. ഭരതനും ഭാരതിയും എന്നെ എടുത്തു് അവരുടെ സന്താനമാക്കി വളർത്തി. അവർതന്നെയാണു് എന്റെ അച്ഛനമ്മമാരെന്നു് ഏറിയകാലം ഞാൻ വിശ്വസിച്ചുപോന്നു. എന്തെന്നാൽ ഇത്രയും

കാരുണ്യമുള്ള മാതാപിതാക്കന്മാരെ വേറെ കാണുക പ്രയാസം. എങ്കിലും ക്രമത്തിൽ, അവർ എന്റെ അച്ഛനമ്മമാരല്ലെന്നറിയാൻ ഇടയായി. ആ വിഷയത്തെ സംബന്ധിച്ചു ഞങ്ങൾ ഒരിക്കലും ഒന്നും പറകയുണ്ടായിട്ടില്ല.

ഭാർഗ—പിന്നെ ദേവി എങ്ങനെ അറിഞ്ഞു?

മനോ—അതു് എന്റെ അന്തരമായ വാസനകൊണ്ടു ഞാൻ മനസ്സിലാക്കി. പിന്നെ വേറെ അമ്മമാർ അവരുടെ കുഞ്ഞുങ്ങളോടു പെരുമാറുന്ന രീതി കണ്ടും അറിയാനിടയായി. ഭാരതിയാകട്ടെ എന്റെ നേരെ ക്രമാതീതമായ ആദരവു പ്രദർശിപ്പിച്ചു. അവരാണു് എന്നെ വളരെ ചീത്തയാക്കിയതെന്നു ഞാനൂഹിക്കുന്നു.

ഭാർഗ—ഭാരതി ഭരതന്റെ ഭാര്യയാണല്ലോ?

മനോ—അതെ, എനിക്കു് ഏഴു വയസ്സുള്ളപ്പോൾ അവർ മരിച്ചു. അതുവരെ എന്നെപ്പോലെ ഓമനയായി വളൎന്ന ശിശുക്കൾ വേറെയില്ല. ഞങ്ങൾ "കോലപുരം" ഗ്രാമത്തിലുള്ള ഒരു ചെറിയ ഗൃഹത്തിലാണു പാൎത്തിരുന്നതു് എനിക്കുണ്ടായ നഷ്ടത്തിന്റെ വലിപ്പമെന്തെന്നറിയാനുള്ള പ്രായം ആകുന്നതിനു മുമ്പാണവർ മരിച്ചതു് ഭരതൻ എന്നെ വിദ്യാശാലയിലാക്കി. അക്കാലം തുടങ്ങി എനിക്കു് അനേകം പാഠശാലകളിൽ അഭ്യാസം നടത്താൻ ഇടവന്നിട്ടുണ്ടു്."

ഭാർഗ—ദേവിക്കുടെ സ്ഥിതിക്കു് ഈ ചര്യ വലിയ കഠിനംതന്നെ.

മനോ—ഓ! ഞാനതിൽ പരിശീലിച്ചുപോയി. ഞാൻ ഇഷ്ടപ്പെടാത്തതൊന്നും അവിടെയില്ല. എനിക്ക് ആ ജീവിതം തൃപ്തികരംതന്നെ. ഭർത്താവ് പാവമാണ്. അദ്ദേഹം അപൂർവ്വമായി മാത്രമെ എന്നെ സന്ദർശിക്കാറുള്ളു. അദ്ദേഹത്തിന്റെ വേഷവും മററും വലിയ മോടിപിടിച്ചതല്ലാത്തതുകൊണ്ടാണ് അദ്ദേഹം കൂടക്കൂടെ എന്നെ കാണ്മാൻ വരാത്തതെന്നാണു ഞാൻ വിചാരിക്കുന്നത്. എന്നെ ഒരു വലിയ പ്രഭ്വിയാക്കണമെന്ന് അദ്ദേഹത്തിനൊരു വിചാരമുള്ളതുപോലെ എനിക്കു തോന്നുന്നു.

ഭാർഗ—എനിക്കിവിടെ എന്താണു കാര്യമെന്നറിവാൻ ദേവിക്കാഗ്രഹമില്ലേ?

മനോ—അതു ചോദിക്കാൻ എനിക്കു മനസ്സുണ്ടായില്ല. എന്തെന്നാൽ നിങ്ങൾ വായുമണ്ഡലത്തിൽ അന്തർദ്ധാനംചെയ്തുകളയുമെന്നു ഞാൻ ഭയപ്പെട്ടു.

ഭാർഗ—ഞാൻ നല്ല കട്ടിയുള്ള ഒരു ചരക്കാണ്; ഒരു നൂററിഎഴുപത്തഞ്ചുറാത്തൽ തൂക്കമുണ്ടെനിക്ക്.

മനോ--നിങ്ങളുടെ പൌരുഷയുക്തമായ വാക്ക് എനിക്കു ധൈര്യം തരുന്നു.

ഈ ഘട്ടത്തിൽ ഒരു പരിചാരിക പ്രത്യക്ഷയായി. ഭാനുമതീദേവി സന്ദർശനശാലയിൽ കാത്തിരിക്കുന്നതായി അറിയിച്ചു.

മനോരമ എഴുന്നേററുനിന്നു ഭാർഗ്ഗവനോടിങ്ങനെ പറഞ്ഞു -

"താങ്കൾക്കു വന്ദനം, താങ്കളോടുള്ള സംഭാഷണം ആനന്ദപ്രദമായിരുന്നു."

ഭാർഗ--നമുക്ക് ഇതരവിഷയങ്ങളെപ്പററി സംഭാഷണംചെയ്യാനുണ്ട്.

മനോ-(മന്ദഹാസത്തോടെ) ഹാ! താങ്കൾക്കവരെ അറിഞ്ഞുകൂടാ.

സന്ദർശനശാലയിൽ കാത്തിരുന്നഭാനുമതിദേവിയെ ഭാർഗ്ഗവൻ സമീപിച്ചു. ദീർഘശരീരിണിയായ ആ സ്ത്രീയുടെ മുഖഭാവം ഗൗരവസമ്മിശ്രമായിരുന്നു. വിലയേറിയ അവരുടെ വസ്ത്രങ്ങൾ ആ അദ്ധ്യാപികയുടെ ആഡംബരഭ്രമത്തെ ഉൽഘോഷിച്ചു. ഒരു മധുരമന്ദഹാസം അവരുടെ അധരോഷ്ഠങ്ങളിൽ നൃത്തം ചെയ്തു; എന്തെന്നാൽ വിദ്യാർത്ഥിനികളുടെ അച്ഛനമ്മമാരെ അവർ സന്ദർശിക്കുന്ന കാലമായിരുന്നു അതു്. എന്നാൽ, വിദ്യാർത്ഥിനീമന്ദിര ജീവിതത്തെ അർഹിക്കത്തക്കവണ്ണം പ്രായംചെന്ന ഒരു പെൺകിടാവിന്റെ അച്ഛനാവാൻപോകുന്ന വയോദശയിലെത്തിയിട്ടില്ലാത്ത ഭാർഗവനെ കണ്ടപ്പോൾ ആ പ്രൗഢയുടെ മന്ദഹാസം അതിന്റെ ഉത്ഭവസ്ഥാനത്തുതന്നെ അസ്തമിച്ചു.

"ഞാൻ നിങ്ങൾക്കുവേണ്ടി എന്താണു ചെയ്യേണ്ടതു്?"—ആ സ്ത്രീ ഉദാസീനയായി ചോദിച്ചു.

ഭാർഗ—മനോരമയെ സംബന്ധിച്ച ഒരു കാര്യമറിയിക്കുന്നതിനു നിങ്ങളെ കാണ്മാനാണു ഞാൻ വന്നതു്.

"ഹാ! ആ കുട്ടിയുടെ ഭക്ഷണാദികൾക്കു ചെലവുവന്ന വകയിൽ ഈ മന്ദിരത്തിലേക്ക് ഈടാകുവാനുള്ള തുക കുടിശികയിലാണു്"-അദ്ധ്യാപിക പറഞ്ഞു.

ഭാർഗ--അതു നാളെത്തന്നെ തന്നതീൎത്തുകൊള്ളാം. ആ ബാലികയുടെ രക്ഷാകൎത്താവു മരിച്ചുപോയ വാൎത്ത നിങ്ങൾ വായിച്ചിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

"ആ ബാലികയുടെ രക്ഷാകൎത്താവോ? ആരതു്?"–പ്രധാന ഉപാദ്ധ്യായിനി ചോദിച്ചു.

ഭാർഗ--നിങ്ങൾ അറിയില്ലേ? ഭരതൻ.

"ഭരതൻ! ഓ! ആരോ കൊലപ്പെടുത്തിയ ആൾ"

ഭാർഗ--അയാൾതന്നെ.

"കഷ്ടം! എന്നെ ചതിച്ചതാണു് ഒരു മാന്യനായ തൊഴിലാളി എന്നാണു് എന്നെ ധരിപ്പിച്ചതു്."

ഭാൎഗ്ഗ–അതുകൊണ്ടിപ്പോൾ ഈ സംഗതിയിൽ എന്തു വിഷമംപററി?

ഭാനുമതിദേവി കൈകൾ തിരുമ്മിക്കൊണ്ടു പറഞ്ഞു.

"നീചക്കൂട്ടങ്ങളുടെ വാസസ്ഥലമായ ഒരു തെരുവു്, അവിടെ ഘടികാരം നന്നാക്കുന്ന ഒരു താണ കൂലിക്കാരൻ. ഹേ, ഈ പെൺകുട്ടിക്കു യാതൊരു സ്ഥാനവുമില്ലല്ലൊ."

ഭാൎഗ്ഗ--ഇതാണോ നിങ്ങളുടെ അഭിപ്രായം.

ഈചോദ്യം ഭാനുമതിദേവി കേട്ടോഎന്നുതന്നെ സംശയമാണു്; എന്തെന്നാൽ ആ സ്ത്രീ ഉറക്കെ പറഞ്ഞു.

"അയ്യോ എന്തൊരത്യാഹിതം! എന്തൊരത്യാഹിതം!!"

ഭാനുമതിപണത്തെ സംബന്ധിച്ചു ചിന്തിക്കയാണെന്നു ധരിച്ചുകൊണ്ടു ഭാർഗവൻ പറഞ്ഞു.

"മനോരമയ്ക്കു ബന്ധുക്കൾ വേണ്ടതുണ്ട്; നിങ്ങൾക്കു വരേണ്ട തുക മുഴുവൻ തന്നുതീർക്കാം"

"പണത്തിനെപ്പററിയൊന്നും പറയേണ്ട, ഞാൻ എൻെറ വിദ്യാശാലയുടെ നല്ല പേരിനെ ഓർക്കയാണു് ഇതുപോലെ നിഷ്ഠുരമായ ഒരു നരവിദ്യ! ഇതിനോടനുബന്ധപ്പെടുക എന്നു വരുന്നതു് വലിയ അപമാനമല്ലേ? ആ പെൺകുട്ടി ഇന്നുതന്നെ ഇവിടെ നിന്നു മാറണം, നിങ്ങൾ അവളെക്കൂടി കൊണ്ടുപോകണം" എന്നു ഭാനുമതിപറഞ്ഞു.

ഈ വൈഷമ്യം ഭാർഗ്ഗവൻ ഒട്ടുംതന്നെ പ്രതീക്ഷിച്ചില്ല. അയാളുടെ മനസ്സാന്നിദ്ധ്യം താണു. "ദേവീ എന്താണു് അവിടുന്നു പറയുന്നതു്?"—അയാൾ ചോദിച്ചു.

ഭാനുമതി—ഈ നിമിഷത്തിൽ! ഈ നിമിഷത്തിൽ!"

ഭാർഗ—പക്ഷെ, ഞാനൊരവിവാഹിതനാണു് ആ പെൺകുട്ടിയുടെ രക്ഷയ്ക്കു വേണ്ട യാതൊരേർപ്പാടും ഞാൻ ചെയ്തിട്ടില്ല.

ഭാനു—അതുകൊണ്ടെനിക്കെന്താ നിങ്ങൾ ഇപ്പോൾതന്നെ അവളെക്കൂടി കൊണ്ടുപോകണം.

ഭാർഗ—ദയവുചെയ്തു് എനിക്കു ഒന്നുരണ്ടു ദിവസത്തെ സമയം തരണം.

ഭാനു—ഒരു മണിക്കൂറുപോലും തരുവാൻ സാധിക്കയില്ല. അവളെ ഇനിയും ഇവിടെ പാർപ്പിക്കുവാൻ എനിക്കു ധൈര്യം പോരാ.

ഭാർഗവൻെറ മുഖം ചുവന്നു. ആ യുവാവിൻെറ

ഹൃദയം നിശ്ചിന്തമായി; അയാൾ പറഞ്ഞു.

"ശരി, ഞാൻ അവളെ കൊണ്ടുപൊയ്ക്കൊള്ളാം. ആരുടെയും പുത്രിയെ വിശ്വസിച്ച് ഏല്പിക്കുവാൻ തക്ക യോഗ്യതയുള്ള ഒരു സ്ത്രീയല്ല നിങ്ങൾ."

ഭാനുമതീദേവി മണിയടിച്ചു. അപ്പോൾ പ്രത്യക്ഷപ്പെട്ട പരിചാരികയോട് അവർ ഇങ്ങനെ പറഞ്ഞു.

"മനോരമ എവിടെ?"

പരിചാ—ഗ്രീഷ്മഗൃഹത്തിൽ.

ഭാനു—അവളെ ഇങ്ങോട്ടയയ്ക്കുക.

ദാസി പോയി. ഭാർഗവൻ പറഞ്ഞു. "ഭരതൻ മരിച്ചുപോയ വിവരം അവൾ ഇനിയും അറിഞ്ഞിട്ടില്ല. ആ വൃത്താന്തം ഞാൻ മെല്ലെ അവളെ അറിയിക്കട്ടെ. അതിനനുവാദം തരണം"

ഭാനുമതിയൊന്നു മന്ദഹസിച്ചതേയുള്ളു.

ഇതിനിടയിൽ മനോരമയെ കൂട്ടിച്ചുകൊണ്ടു പരിചാരികയും അവിടെയെത്തി. ഭാർഗവനെ കണ്ട ക്ഷണത്തിൽ ആ പെൺകിടാവ് ആശ്ചര്യാദരിതയായി ചോദിച്ചു.

"നിങ്ങൾക്ക് എന്നെക്കൊണ്ട് എന്താണു വേണ്ടത്? നിങ്ങൾ ഭരതന്റെ ഒരു സ്നേഹിതനാണോ?"

ഭാർഗ-ഭരതന്റെയും ഭവതിയുടെയും സ്നേഹിതനാണ് എന്റെ സ്നേഹം ഭവതി സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കട്ടെയോ?"

മനോ—അതെന്തു് നിശ്ചയമായി വിശ്വസിക്കാം.

അനന്തരം ഭരതന്റെ മരണവൃത്താന്തം ഭാർഗവൻ മെല്ലെ അവളെ അറിയിച്ചു. ആ പെൺകിടാവിതു കേട്ട് അത്യന്തം സന്തപ്തയായി. ഇതിനിടയിൽ ഭാമതി അവരെ സമീപിച്ച് ഇങ്ങനെ പറഞ്ഞു.

"മനോരമേ, നീ വേഗം പോയി നിന്റെ പെട്ടി മുതലായ സാമാനങ്ങളെല്ലാം കെട്ടി ശരിപ്പെടുത്തണം ഈ മാന്യനോടൊന്നിച്ചു നീ ഇന്ന് ഇവിടം വിടുകയാണ്."

മനോരമയുടെ മുഖം വിളറി. അവളുടെ നീലനയനങ്ങൾ ഭാർഗവന്റെ മുഖത്തിൽ പതിച്ചു. അവൾ പറഞ്ഞു.

"എന്നെ കൂട്ടിക്കൊണ്ടു പോവാൻ ഇവർ നിങ്ങളെ നിർബന്ധിക്കയാണോ? എനിക്കു നിങ്ങളുടെമേൽ യാതൊരവകാശവുമില്ലല്ലോ."

ഭാർഗ—"ഇല്ലേ? ഞാൻ നിങ്ങളുടെ ബന്ധുവാണ് നിങ്ങളെ സംരക്ഷിയ്ക്കേണ്ട ഭാരം എനിക്കുണ്ട് ഞാൻ അപ്രകാരം ഭരതനു വാക്കു കൊടുത്തുപോയി.

മനോരമ തിരിഞ്ഞു തന്റെ മുറിയിലേക്കു പോയി. പത്തു നിമിഷത്തിനുള്ളിൽ അവൾ യാത്രയ്ക്കു തയ്യാറായി വന്നു. മനോരമ കൊടുക്കാനുള്ള പണത്തിന് ബാക്കിത്തുക വിവരം പിന്നെ ഒരു ചെക്കയയ്ക്കുന്നതാണെന്ന് ഭാനുമതിയോടു പറഞ്ഞിട്ട് ഭാർഗവൻ ആ കുട്ടിയോടൊന്നിച്ച് വിദ്യാലയം വിട്ടുപോയി.

ഇക്കാലത്ത് പുതിയ ഒരു നാടക കമ്പനി "ഹേമചന്ദ്രത്തിന്റെ" പരിസരത്തിൽ സ്ഥാപിക്കപ്പെട്ടു. അതിലെ പ്രധാന നടിയും ഒരു പങ്കുകാരിയുമായ "അ

ഞ്ജലീദേവി"യുടെ സഹോദരിയെന്ന വ്യാജേന "രാധ"യെന്ന പേരിൽ മനോരമ ആ നടിയുടെ രക്ഷയിൽ പാർപ്പിക്കപ്പെട്ടു. ഭാർഗ്ഗവൻ ഈ നാടകസംഘത്തിലെ ഒരു പ്രതിനിധിയെന്ന നിലയിൽ ആർക്കും സംശയം ജനിക്കാതെ എന്നും മനോരമയെ സന്ദർശിക്കയും ചെയ്തു.

7

ലോഹസാമാനങ്ങൾ വാർക്കുന്ന ശാലയായി വളരെക്കാലം ഉപയോഗിച്ചിരുന്ന ആ വലിയ എടുപ്പു് വിചിത്രമാതൃകയിൽ രചിക്കപ്പെട്ട ഒന്നായിരുന്നു. ഈ കഥാകാലത്തും അതു് അതിന്റെ ആദിമാവസ്ഥയിൽ നിന്നും യാതൊരു മാറ്റവും കൂടാതെതന്നെ സ്ഥിതിചെയ്തു. അനേക ദശവർഷങ്ങളായി ഇരുമ്പുസാമാനങ്ങൾ വാർത്തുകൊണ്ടിരുന്ന ആ ശാലയിലെ മാലിന്യങ്ങൾ അടിച്ചുവാരിയാലും ഉരച്ചുകളഞ്ഞാലും എത്രത്തോളം നീങ്ങുമോ അത്രയും നീങ്ങിയിട്ടുണ്ടെന്നു വേണമെങ്കിൽ സമാധാനപ്പെടാം. ഇങ്ങിനെയാണെങ്കിലും പൊതുജനോപകാരപ്രദമായ ഒരു ലഘുഭക്ഷണശാല സ്ഥാപിക്കാൻ തീർച്ചപ്പെടുത്തിയ പൗരപ്രമാണികളുടെ സമാജം അതിലേക്കു് പ്രസ്തുത സൗധത്തെയാണു് തിരഞ്ഞെടുത്തതു്.

സമാജാംഗങ്ങളുടെ ലഘുഭക്ഷണത്തിനു കുറിച്ചിട്ടുള്ള ഒരു സന്ദർഭമായിരുന്നു അതു്. ഈ ഭക്ഷണശാലയുടെ ആവശ്യത്തിനായി ഒരു മാന്യൻ, വിചിത്രവേലകൾ ചെയ്തു കുറെ ചീനപ്പാത്രങ്ങൾ സമ്മാനിച്ചു. ഈ പാത്രങ്ങൾ ആദ്യമായി ഉപയോഗപ്പെടുത്തുന്നതിനു നിശ്ചയിച്ചിരുന്ന പ്രസ്തുത സന്ദർഭത്തെ ആദരിച്ചു് ഒരു ചെറുസംഘം രുചികരങ്ങളായ ഭക്ഷ്യപേയാദികളെ ആസ്വദിച്ചുകൊണ്ടിരിക്കയായിരുന്നു. അമരനാഥനും ഭാർഗ്ഗവനും ഈ സമാജത്തിലെ അംഗങ്ങളായിരുന്നു. ഭക്ഷണത്തിനിടയിൽ സമാജാംഗങ്ങളുടെ സംഭാഷണം ക്രിമിനൽകേസ്സുകളെ സംബന്ധിച്ചാണു് ആദ്യമായി ആരംഭിച്ചതു്. ആ ഇടയ്ക്കു വധിക്കപ്പെട്ട ഭരതന്റെ ചരിത്രം അവരുടെ ഇടയിൽ ചർച്ചാവിഷയമായി. ഇതു സംബന്ധിച്ചു പ്രധാന പ്രവർത്തകനെന്നു പ്രസിദ്ധി നേടിയ അമരനാഥനും മററു സാമാജികന്മാരുമായി ഒരു ദീർഘസംഭാഷണം നടന്നു. ഒടുവിൽ എല്ലാവർക്കും അതിൽ വിരക്തി വരികയാൽ സമാജാംഗങ്ങളിൽ ഒരാളായ "കൃഷ്ണൻ" മററൊരംഗമായ "പരമേശ"നോടു ചോദിച്ചു-

"ചങ്ങാതീ, നിങ്ങളുടെ അതിഥി എവിടെ? അയാൾക്കുവേണ്ടി ഇനി കാത്തിരിക്കാൻനിവൃത്തിയില്ല."

"ഓ! അയാൾക്കുവേണ്ടി അങ്ങനെ കാത്തിരിക്കണമെന്നില്ല"—മററൊരു സമാജാംഗം പറഞ്ഞു.

"പരമേശാ, നിങ്ങളുടെ അതിഥി ആരാണു്? അയാളുടെ പേരെന്തു്?"-കൃഷ്ണൻ ചോദിച്ചു.

പര—"അയാ‍ൾ ഒരു യോദ്ധാവാണ്. പേര് "സേനാനി ദമനകൻ" എന്നത്രെ.

ക്ര—ഹാ! നിങ്ങൾ ഈയാളെ എവിടെനിന്നു തട്ടിയെടുത്തു സ്നേഹിതാ.

പര--അയാൾ ഒരുദിവസം ആഫീസിൽ വന്നു കയറി. അപരിചിതന്മാർക്ക് ആ മനുഷ്യനെ പരിചയപ്പെടുത്തുമാറു ചില പ്രധാന വ്യക്തികളിൽനിന്നു ലഭിച്ചിട്ടുള്ള കുറെ കത്തുകളും അയാളുടെ കൈവശമുണ്ടായിരുന്നു. അന്നുമുതൽ ഞങ്ങൾ പരിചയത്തിലായി. അനേക സന്ദർശനങ്ങൾ കഴിഞ്ഞപ്പോൾ "റോമവണ്ഡ"ത്തിലെ ലാലുഭക്ഷണശാലാപ്രവർത്തകരുടെ സമ്മേളനസന്ദർഭത്തിൽ ആ ശാലയെ ഒന്നു സന്ദർശിപ്പാൻ തനിക്കാഗ്രഹമുള്ളതായി അയാൾ പറഞ്ഞു. ഈ സമാജത്തിനതന്നെ അയാളുടെ ആഗ്രഹം സാധിക്കാൻ സൗകര്യമുണ്ടെന്നു ഞാനും സമ്മതിച്ചു.

ഒന്നുരണ്ടു നിമിഷങ്ങൾ കഴിഞ്ഞു കോണിപ്പടി കരയുന്ന ശബ്ദം കേട്ടപ്പോൾ "ഇതാ അയാൾ വരുന്നു" എന്ന് എല്ലാവരും പറഞ്ഞു.

താഴത്തേക്കു നോക്കിയപ്പോൾ മഹാമാംസളമായ ഒരു രൂപം അക്ഷിലക്ഷ്യമായി ഉയരുന്നത് അവക്കനുഭവപ്പെട്ടു. പ്രസ്തുത രൂപം നീളത്തിലും വീതിയിലും ഘനത്തിലും യഥാർത്ഥമാകുംവണ്ണം വിരോചിതമായ അനുതാപത്തെ ആവിഷ്കരിച്ചു. അയാൾ ചൊടിയുള്ള പാദവിന്യാസത്തോടുകൂടി വരികയായിരുന്നു. ഭാർഗ്ഗവൻ അമരനാഥന്റെ മുഖത്തേക്കു നോക്കി. അയാളുടെ അധരം മെല്ലെ ഈ വാക്കുകളെ രൂപീകരിച്ചു.

"അമരപുരക്കാരൻ" അമരനാഥൻ അതിനെ ചെവി ക്കൊണ്ടു.

ആ മനുഷ്യന്റെ ആകൃതിക്കു വലിയ ഒരു മാററം സംഭവിച്ചിരുന്നു. എന്നാൽ അത്തരത്തിലുള്ള ഒരാൾ ക്കു് പരിപൂർണ്ണമായ ആൾമാറാട്ടം അസാദ്ധ്യമായിരു ന്നു. സേനാനി ദമനകൻ ബദ്ധപ്പെട്ടു രണ്ടു പാത്രം മ ധുരപാനീയം കഴിച്ചുശേഷം സമീപസ്ഥന്മാരുമായി സംഭാഷണംചെയ്തുകൊണ്ടിരിക്കവേ അയാളുടെ ആകൃ തിപഠനം നടത്തുവാൻ ഭാർഗവനവസരം ലഭിച്ചു. അ പ്പോഴത്തെ അവസ്ഥയ്ക്കനുസരണമായി അയാളുടെ വേഷം വെറും സൈനികമായിരുന്നു. എന്നാൽ അയാ ളുടെ കൃത്ത മേൽമീശയും കണ്ണടയും ഈ സന്ദർഭത്തിൽ അപ്രത്യക്ഷമായിരുന്നു. ഇതൊക്കെയാണെങ്കിലും ക ഠിനവീക്ഷണം കലർന്നു മുന്നോട്ടു തള്ളിനിന്ന കണ്ണുകൾ ക്കു മാററം അല്പവും ഉണ്ടായില്ല. ഭയപ്പെടേണ്ട ഒരു വ്യ ക്തി.

അവർ മേശയ്ക്കു ചുററും സ്ഥലംപിടിച്ചു. എ ന്നാൽ അമരനാഥൻ മാത്രം സേനാനിയുടെ ഇടതുഭാ ഗത്തു പററി ഇരിപ്പായതു ഭാർഗവൻ ശ്രദ്ധിച്ചു.

സേനാനി തന്റെ പഴയ ധീരകൃത്യങ്ങളെ വ ർണ്ണിക്കുവാൻ തുടങ്ങി. ഒരിക്കൽ ഒരു യുദ്ധത്തിനു പോ യപ്പോൾ സേനാനിവേശസ്ഥാനത്തിനു സമീപത്താ യിക്കണ്ട ഒരു പെരുമ്പാമ്പിനെ കൊന്നതും, വേറൊര വസരത്തിൽ കുപ്രസിദ്ധനും മഹാ പരാക്രമിയുമായ ഒരു തസ്കരപ്രമാണിയെ പിടികൂടിയതും തന്റെ ധ്വാ

ഘനീയങ്ങളായ അത്ഭുതകർമ്മങ്ങളായി അയാൾ വി വരിച്ചു.

"ഇത്രയും നിപുണനായ നമ്മുടെ സോനാനിയെ ഭരതന്റെ വധം സംബന്ധിച്ചു വേണ്ട അന്വേഷണ ത്തിനായി നിയോഗിക്കേണ്ടിയിരുന്നു" എന്ന് അമരനാ ഥൻ അഭിപ്രായപ്പെട്ടു.

"ഹേ. എന്താ അതു നിങ്ങൾ പറയുന്നതു്"-സോ നാനി ചോദിച്ചു.

അമര—വിശേഷിച്ചൊന്നുമില്ല. ഭരതന്റെ വധം സംബന്ധിച്ച കേസ്സിൽ ഘാതകനെ കണ്ടുപിടിക്കാൻ കഴിയാഞ്ഞതിന് ഈ സമാജാംഗങ്ങൾ എല്ലാവരും ചേന്ന് എന്നെ കീലടിച്ചു പുറംതള്ളിയിരിക്കയാണു് അതുകൊണ്ടു സമാജത്തിന്റെ അന്തസ്സു പാലിക്കാൻ സമർത്ഥനായ ഒരുദ്യോഗസ്ഥന്റെ ആവശ്യം അവൎക്കു ണ്ടു്. അതിലേക്കു താങ്കളെ ഞാൻ ശുപാർശചെയ്യുയാ ണു്

ഭാനു—വേണ്ട: വേണ്ട. അമരനാഥൻ, താങ്കളു ടെ ഇനത്തിൽപെട്ടവനല്ല ഞാൻ. താങ്കൾ എഴുതിയ ഗ്രന്ഥങ്ങളെല്ലാം ഞാൻ പഠിച്ചിട്ടുണ്ടു്.

അമര—എനിക്കെഴുതാൻ മാത്രമെ വശമുള്ളു. താങ്കൾക്കാണെങ്കിൽ കർമ്മകുശലതയുണ്ടു് അതാ ണു് ഈ കാര്യത്തിൽ പ്രധാനമായി വേണ്ടതു്

ഇങ്ങനെ പരസ്പരം സ്തുതിവചനങ്ങൾകൊണ്ടു അവർ അല്പനേരം കഴിച്ചു. ഒടുവിൽ അമരനാഥൻ ചോദിച്ചു—

"സേനാനായകരേ, ഭരതന്റെ കേസ്സിനെപ്പററി താങ്കൾക്ക് എന്താണഭിപ്രായം?"

ഇതിന്റെ ഉത്തരം പ്രതീക്ഷിച്ചു ഭാർഗവൻ ശ്വാസം പിടിച്ചു നിന്നു. മേനകൻ പറഞ്ഞു-

"ഓ, പത്രപാരായണക്കാർക്ക് അറിയാവുന്നതിൽ കൂടുതൽ ഒന്നും എനിക്കറിഞ്ഞുകൂടാ. എങ്കിലും അന്യനാട്ടുകാരുടെ ചെയ്തിയാണിതെന്നുള്ള താങ്കളുടെ അഭിപ്രായത്തോടു യോജിക്കാൻ എനിക്കു നിവൃത്തിയില്ല. എനിക്കു തോന്നുന്നതു് ഈനാട്ടുകാരിലാരെങ്കിലുമായിരിക്കും ഭരതന്റെ ഘാതകനെന്നാണു്. ഭരതൻ ഒരു നല്ല തൊഴിൽക്കാരനായതുകൊണ്ടു് അതിൽനിന്നു ധാരാളം പണം സമ്പാദിച്ചു പൂഴ്ത്തിവച്ചിട്ടുണ്ടെന്നാണു പൊതുവെയുള്ള ധാരണ. അതു കൈക്കലാക്കാൻ ആരോ, ഈ സ്ഥലത്തുള്ളവൻതന്നെ ഗൃഹത്തിനുള്ളിൽ കടന്നന്വേഷിച്ചു. ആദ്യത്തെ ശ്രമത്തിൽ ആ നിധിസ്ഥാനം കാണാഞ്ഞിട്ടു രണ്ടാമതും അവൻ ചെന്നു. അപ്പോഴും നിരാശയായിരുന്നു ഫലം. തന്നിമിത്തമുണ്ടായ രോഷത്താൽ തസ്കരൻ ആ സാധുവിന്റെ കഴുത്തിൽ കയറിട്ടു മുറുക്കിക്കൊന്നു. അതാണു് ഈ കേസ്സിലെ പരമാർത്ഥം".

ഭാർഗവൻ ഭീതിയോടുകൂടി സേനാനിയുടെ ശക്തിയേറിയ കൈകളിൽ നോക്കി. ഭരതന്റെ കഴുത്തിൽ കയറിട്ട കൈകളായിരുന്നോ അവ?

"എന്നെയും ഭാർഗവനെയും ബലേന പിടിച്ചുകൊണ്ടുപോകാൻ ശ്രമിച്ച ആ മൂന്നുപേരുടെ കഥയോ? അതെങ്ങനെ?"—അമരനാഥൻ ചോദിച്ചു.

ദമ—ഓ! അവർ ഘാതകൻെറ സ്നേഹിതന്മാരായിരിക്കും. ഒരു സവാരിക്കുവേണ്ടി മാത്രമെ നിങ്ങളെ അവർ ഉദ്ദേശിച്ചിരിക്കയുള്ളു, അല്ലാതെ ഹാനിയൊന്നും വരുത്തണമെന്നു വിചാരിച്ചിരിക്കയില്ല.

അമര—താങ്കൾ പറഞ്ഞതു ശരിയായിരിക്കാം. ഏതായാലും എനിക്കു വലിയ പരാജയം നേരിട്ടുവെന്നു സമ്മതിക്കാതെ തരമില്ല.

ദമന--ഈ കേസ്സ് തെളിയിക്കാൻ അത്ര വലിയ ബുദ്ധി ഒന്നും ഉപയോഗിക്കേണ്ട ആവശ്യമില്ല.

അമര-അതിനെപ്പററി താങ്കളുമായി ചേൎന്ന് ഒരു ചർച്ച നടത്തണമെന്ന് എനിക്കാഗ്രഹമുണ്ട്. അതുകൊണ്ടു നാളെ ഉച്ചയ്ക്കു മേൽ കാപ്പി എന്നോടൊന്നിച്ച്-എന്താ?

ദമന—എനിക്കു വലിയ സന്തോഷം.

ആ ചെറു മനുഷ്യൻെറ സാഹസത്തെ ഓൎത്തു ഭാൎഗ്ഗവൻ ചകിതനായി.

ഭക്ഷണശാലയിൽനിന്നു സമാജാംഗങ്ങൾ എല്ലാവരും ഒരുമിച്ചു പുറത്തിറങ്ങി. സേനാനി അപ്പോഴും തൻെറ പഴയ ചില വീരകൃത്യങ്ങളെപ്പററി പ്രശംസിച്ചുകൊണ്ടു നില്ക്കുന്നതിനിടയിൽ അയാളുടെ വാചാലതയ്ക്ക് ഒരു സ്ഖലനമുണ്ടായി. ഉത്തരക്ഷണത്തിൽത്തന്നെ അയാൾ വീണ്ടും പ്രകൃതിസ്ഥനായി. എന്നാൽ സേനാനിയുടെ വീക്ഷണഗതിതന്നെ സൂക്ഷിച്ചുകൊണ്ടു നിന്ന ഭാർഗവൻ, ആ വളപ്പിൻെറ പ്രവേശനദ്വാരത്തിലെ ഒരു സ്തംഭത്തിൻെറ പിന്നിലേക്കു കറുത്തു മെലിഞ്ഞ ഒരു രൂപം മറയുന്നതു കണ്ടു. അഗ്നിഭക്ഷക

ന്നായ ആ ഭടൻപോലും ഭയപ്പെടുന്ന ഒരാൾ ജനസമുദായത്തിൽ ഉണ്ടെന്ന് അപ്പോൾ തെളിഞ്ഞു.

അമരനാഥൻ ഭാർഗവനെ തന്റെ കാറിൽ കയററി "നവാക്കാപുരി"യിലേക്കു കൊണ്ടുപോയി. രണ്ടുപേരും തനിച്ചായപ്പോൾ ഭാർഗവൻ പറഞ്ഞു–

"ആ ഭീമൻ ഒരു കിടക്ക തെറുക്കുംവണ്ണം അത്ര എളുപ്പത്തിൽ നമ്മുടെ കഥ തീക്കും."

അമര--സംശയമില്ല.

ഭാർഗ--എന്നിട്ടും നിങ്ങൾ അയാളെ വീട്ടിലേക്കു ക്ഷണിച്ചല്ലോ.

അമര—ഇവിടെവച്ച് അയാൾ അതു ചെയ്കയില്ല; അതിനെക്കാൾ തെരുവിൽവച്ചു നമ്മെ വെടിവയ്ക്കയല്ലേ എളുപ്പം. ഏതായാലും അയാളെ ഒന്നു നല്ലപോലെ സൂക്ഷിക്കണം, നിങ്ങൾ അതിലേക്ക് എന്നെ സഹായിക്കണം"

ഭാർഗ—കൊള്ളാം, ഇതെന്തൊരു നേരംപോക്ക്! എന്റെ കാര്യമല്ലെ ഇത്?

അമരനാഥൻ യുവാവിനെ തലോടി. "നിങ്ങൾ എന്നോടൊന്നിച്ചു വന്നു താമസിക്കൂ. എന്നാൽ, ആവശ്യപ്പെടുമ്പോൾ നിങ്ങൾക്കു ഞാൻ ആളയയ്ക്കാതെ കഴിക്കാമല്ലോ."

ഭാർഗ—ശരി, ഇന്നു രാത്രിയിൽ ഞാൻ പോരാം.

അമര—"സേനാനി ഒരു കർമ്മശീലനാണ്: നമ്മെക്കൊണ്ടു് ആപത്തുണ്ടാകുമെന്നു തീർച്ചയാകുന്നതുവരെ നമ്മെ വഴിയിൽനിന്നകററണമെന്ന് അയാൾ

വിചാരിക്കയില്ല. നാം നിർദ്ദോഷികളെന്നു ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കണം.

ഭാർഗ—രാഷ്ട്രകൂടൻ നമ്മെ സൂക്ഷിക്കുന്നതു നിങ്ങൾ കണ്ടില്ലേ?

അമര—കണ്ടു; അയാളെ വശത്താക്കാൻ നമുക്കു ശ്രമിക്കണം. ഈ ഭീമനെക്കാൾ ഭയങ്കരനായ ഒരു ശത്രുവാണയാൾ.

ഭാർഗ—അതെന്തു്?

അമര—എന്റെ അഭിപ്രായത്തിൽ സേനാനി പണത്തിനുവേണ്ടി വേലചെയ്കയാണു് രാഷ്ട്രകൂടൻ ഒരാദർശത്തെ മുൻനിർത്തി പ്രവർത്തിക്കയാണു്.

8

ഭാർഗവൻ ഉറങ്ങാൻ കിടന്നപ്പോൾ രാത്രി വളരെ ഇരുട്ടി. അയാൾ ഉണർന്നു മണി അടിച്ചപ്പോൾ ജയരാമൻ പ്രത്യക്ഷനായി വന്ദിച്ചു നിന്നു.

"ഒൻപതു മണിക്കു കാപ്പി തയ്യാറാകും, കുളിക്കാൻ സമയമാകുമ്പോൾ എന്നെ വിളിച്ചാൽ തൊട്ടിയിൽ വെള്ളം നിറച്ചുതരാം" എന്നയാൾ പറഞ്ഞു.

ഭാർഗ--അങ്ങനെതന്നെ ജയരാമൻ.

രണ്ടുമണിക്കൂർ കഴിഞ്ഞു് അമരനാഥനും ഭാർഗവനുംകൂടി ഗൃഹത്തിലെ ഉള്ളറയിൽ അടച്ചിരിപ്പായി. അവരുടെ മുമ്പിൽ മേശപ്പുറത്തു പലകമേൽ ലെടിപ്പി

ച്ച ഒരു കടലാസുകഷണം കാണപ്പെട്ടു. ആ നിർജ്ജീവവസ്തു ഈ നിമിഷംവരെ അതിൻെറ രഹസ്യം വെളിപ്പെടുത്താൻ വൈമുഖ്യം പ്രദർശിപ്പിക്കുകയാണു ചെയ്തു. ഏകദേശം ഏഴംഗുലം നീളം വീതിയിലുള്ള ഒരു കട്ടിയുള്ള കടലാസു തുണ്ടു് അമരപുരത്തിൽ ഉണ്ടാക്കപ്പെട്ടതല്ല അതെന്ന് അമരനാഥൻ അഭിപ്രായപ്പെട്ടു. അതിൻെറ നിർമ്മലമായ തലത്തിൽ കാണപ്പെട്ട ഒററ കളങ്കം ഒരു കോണോടു തൊട്ടു കിടന്ന കറുത്ത ഒരു ബിന്ദുവായിരുന്നു. പെൻസിൽകൊണ്ടു രചിച്ചതാണു് ആ ബിന്ദുവെന്ന് ഒരു സൂക്ഷ്മദർശിനിക്കണ്ണാടിയുടെ സഹായത്താൽ വെളിവായി.

സ്നേഹിതന്മാർ രണ്ടുപേരും ഓരോ കോണത്തിൽകൂടി ആ ബിന്ദുവിനെ പരിശോധിച്ചു. യദൃച്ഛയാ ആ സ്ഥാനത്തു വീണ ഒരു പുള്ളിയാണതെന്നു ഭാർഗ്ഗവൻ അഭിപ്രായപ്പെട്ടു. എന്നാൽ അമരനാഥനു് അതു സ്വീകാര്യമായി തോന്നിയില്ല.

ഈ താൾത്തുണ്ടിൽ ഉള്ളതു് എന്തെങ്കിലുമാകട്ടെ, അതു് അതിസൂക്ഷ്മമായി രചിക്കപ്പെട്ടിട്ടുള്ളതാണെന്നു നിശ്ചയം. ആ കറുത്ത ബിന്ദു ഇതിലെ രഹസ്യം തുറന്നു കാട്ടുവാനുള്ള ഒരു താക്കോലാണ് അതു ഉപയോഗപ്പെടുത്തേണ്ടതെങ്ങനെയെന്നുമാത്രം അറിഞ്ഞാൽ മതി.

സാധാരണ ഇനം മഷികൾ, ചൂടുതട്ടിയാൽ അവയുടെ രഹസ്യം പ്രസ്പഷ്ടമാകുമെന്നുള്ളതിനാൽ അവർ ആ കടലാസുതുണ്ടു ദീപശിഖയുടെ മുകളിൽ കാട്ടിയതിൽ ഫലമൊന്നുമുണ്ടായില്ല.

അമരനാഥനു സുപരിചിതമായിരുന്ന മററനേക മാർഗ്ഗങ്ങളിൽക്കൂടി പരീക്ഷിച്ചിട്ടും ആ വെള്ളക്കടലാസ് വെറും വെള്ളയായിത്തന്നെ അവശേഷിച്ചു.

"എന്നാൽ ഇതു വല്ല അമ്ലവിശേഷവുമായിരിക്കും; മറെറാരമ്ലത്തിൻെറ പ്രവർത്തനംകൊണ്ടു് ഈ കടലാസിലെ രഹസ്യം തെളിഞ്ഞുകണ്ടു എന്നു വരാം" എന്നു് അമരനാഥൻ പറഞ്ഞു.

"അതുകൊള്ളാം, പക്ഷെ ഏതൊരമ്ലമാണു നാം ഇതിൽ പ്രയോഗിക്കേണ്ടതെന്നു് എങ്ങനെ അറിയാം" —ഭാർഗവൻ പറഞ്ഞു.

അമര—അതാണല്ലോ വിഷമം, അനുയോജ്യമല്ലാത്ത ഒരമ്ലം ഉപയോഗിച്ചാൽ അതു ചിലപ്പോൾ കടലാസിൽ അടങ്ങിയിട്ടുള്ള വർത്തമാനത്തെ പാടെ നശിപ്പിച്ചു എന്നു വരാം.

ഭാർഗ—വല്ല വർത്തമാനവും അതിൽ അടങ്ങിയിട്ടുണ്ടെങ്കിലല്ലേയുള്ളു.

അമര—വർത്തമാനം ഒന്നുണ്ടായിരിക്കും എന്നതിൽ സംശയമില്ല. എഴുതാത്ത ഒരു വെറും കടലാസ് ഇത്ര ഭദ്രമായി സൂക്ഷിച്ചുവയ്ക്കാൻ ആരും പണിപ്പെട്ടു മെന്നു തോന്നുന്നില്ല"

ഭാർഗ--ഒരു പരീക്ഷണം നടത്താൻ നാം ധൈര്യപ്പെട്ടില്ലെങ്കിൽ ഇതുവരെയുള്ള നമ്മുടെ പരിശ്രമമെല്ലാം പാഴിലായതുതന്നെ.

അമര--അമ്ലം ഉപയോഗിച്ചു എഴുതതല്ല അതിലുള്ളതെന്നാണു് എനിക്കു തോന്നുന്നതു് വേറെ എ

ന്തോ കൗശലമാണ് ആ കറുത്ത ബിന്ദുവിന്റെ സ
ത്തയെ പ്രതിപാദിക്കുന്ന എന്തോ ആണ്.

ഭാർഗ്ഗ—എന്തുനാശമായാലും നാം ഇനി ചെയ്യേ
ണ്ടതു പറയുക.

അമരനാഥൻ അല്പനേരത്തേക്കു ഗാഢമായ ചി
ന്തയിൽ മുഴുകിയിരുന്നു. അതിനിടയിൽ ആരോ കത
കിൽ മുട്ടുന്ന ശബ്ദം കേൾക്കപ്പെട്ടു. തുടന്നു ജയരാ
മൻ ഇങ്ങിനെ പറയുന്നതു കേൾക്കായി.

"താഴത്തുനിന്നു ഒരു ഫോൺസന്ദേശം, സേനാ
നായകൻ "ദമനകൻ" വിളിക്കുന്നു."

അമര—അദ്ദേഹം ഇങ്ങോട്ടുവരാൻ പറയൂ.

ഈ വാക്കുകളോടുകൂടി ആ നിയമജ്ഞൻ സ്മേ
രാസ്യനായി ഭാർഗ്ഗവന്റെനേരെ നോക്കി.

അവർ, എല്ലാ സാമാനങ്ങളും മേശയ്ക്കകത്തുവ
ച്ചുപൂട്ടി. പിന്നെ ഉള്ളറയുടെ വാതിലും ബന്ധിച്ച
ശേഷം സന്ദർശനശാലയിൽ കടന്നിരുന്നു. ഭാർഗ
വൻ ചോദിച്ചു: "നിങ്ങൾ എന്താണു ചെയ്യാൻ പോ
കുന്നതു്?"

അമര—(ഒരു വിശേഷരീതിയിലുള്ള പുഞ്ചിരി
യോടെ) സേനാനിയെ വിശ്വസിച്ചു് എല്ലാ രഹസ്യ
ങ്ങളും ഞാൻ അദ്ദേഹത്തോടു പറയാൻപോകയാണ്

ഭാർഗ്ഗ—അയാളെ വിശ്വസിക്കയോ, അതിനേ
ക്കാളും ഒരു പെരുമ്പാമ്പിനെ വിശ്വസിക്കയാണു
നല്ലതു"

അമരനാഥൻ അമർത്തിച്ചിരിച്ചു. "ഠ! അയാൾക്കു
തന്നെ അറിയാവുന്ന ചില കാര്യങ്ങൾ മാത്രമേ ഞാൻ

പാകയുള്ളൂ" എന്നയാൾ പറഞ്ഞു.

ഒന്നുരണ്ടു നിമിഷങ്ങൾ കഴിഞ്ഞു് സേനാനിയായ ദമനകൻ, പാശ്ചാത്യരീതിയിൽ വസ്ത്രംധരിച്ചു് ആടി അലഞ്ഞു് സന്ദർശനശാലയിൽ കടന്നുചെന്നു.

പഴയ സാരസ്യത്തിനു തുല്യം മധുരമായ കുശലവാക്കുകൾ കൊഴിഞ്ഞ ആ സേനാനിയുടെ കണ്ണുകൾ ദൗഷ്ട്യസൂചകങ്ങളും സൂക്ഷ്മവീക്ഷണചതുരങ്ങളുമായിരുന്നു. അമരനാഥൻെറ മുറിയിൽ തന്നെ പ്രതീക്ഷിച്ചിരുന്നതു് ഏതുതരം സ്വീകരണമാണെന്നയാൾ അറിഞ്ഞില്ല; എങ്കിലും അയാൾ ഏതിനും സന്നദ്ധനായിരുന്നു. അവർ തൻെറ ശത്രുക്കളോ മിത്രങ്ങളോ എന്നു് വ്യക്തമായുള്ള ഒരറിവും അയാൾക്കില്ലായിരുന്നു. ഇങ്ങിനെ അനിശ്ചിതമായ ഒരവസ്ഥയിൽ സ്വശത്രുക്കളുടെ ദുർഗ്ഗത്തിൽ കടന്നുചെല്ലുവാൻ ഒന്നാംകിടയിലുള്ള ഒരു മനോധൈര്യംതന്നെ വേണ്ടിയിരുന്നു.

"നിങ്ങൾക്കെങ്ങിനെയിരിക്കുന്നു!? നിങ്ങൾക്കെങ്ങിനെയിരിക്കുന്നു!?" എന്നുള്ള ചോദ്യത്തോടുകൂടി അയാൾ അകത്തേക്കു വലിഞ്ഞുകയറി.

"അമരനാഥാ, എനിക്കിവിടെ സ്വാഗതം അരുളിയ നിങ്ങളുടെ നന്മ അതുല്യമെന്നേ പറയേണ്ടൂ."

"സുഖമാണോ ഭാർഗവാ, നിങ്ങളെ വീണ്ടും കണ്ടതിൽ അതിയായ സന്തോഷമുണ്ടു്"—ആ ഭീമസത്വം പറഞ്ഞു.

"ഭാർഗവൻ എന്നോടൊന്നിച്ചു പോകുകയാണു്. ഞങ്ങൾ ഒരു ചെറിയകാര്യം സാധിക്കുന്നതിനായി പ്ര

യതിച്ചുകൊണ്ടിരിക്കയാണ് അതിന് എനിക്കയാളുടെ സഹായം ഒഴിച്ചുകൂടാ"—അമരനാഥൻപറഞ്ഞു.

സേനാനി-അതു് എനിക്കു രസകരമായി തോന്നുന്നു.

അമര—അതിനെസംബന്ധിച്ചു ഞാൻ പിന്നീടു പറയാം. നമുക്കു ഭക്ഷണത്തിനു സമയമായില്ലേ; അതുകൊണ്ടിനി അതിലേയ്ക്കൊരുങ്ങുക.

മൂന്നുപേരും നേരെ ഭക്ഷണശാലയിൽ കടന്നു. ജയരാമൻ വിളമ്പിയ ഭക്ഷണസാധനങ്ങൾ സേനാനി വലിയ രുചിയോടുകൂടി വേണ്ടുവോളം ഉള്ളിലാക്കി. വൃദ്ധനായ ആ ഭൃത്യന്റെ പേരിൽ ഭാർഗ്ഗവനുണ്ടായ മനോഭാവം വിചിത്രമായിരുന്നു. ഉൽപ്പന്നമതിയും വിനോദശീലനും ഹാസ്യനിപുണനുമായ ആ വയോധികൻ പൊതുവെ എല്ലാവരുടെയും പ്രീതിക്കു പാത്രമാവാൻ അർഹതയുള്ളവനത്രെ. എന്നാൽ നിങ്ങൾ അയാളെ ഇഷ്ടപ്പെടുവാൻ തുടങ്ങിയാൽ ജഢപ്രകൃതിയായി ദൗഷ്ട്യനികേതനമായുള്ള ആ കണ്ണുകൾ തങ്ങളുടെ അന്ത്യനിമിഷത്തെ തേടുകയായി.

ഭക്ഷണം കഴിഞ്ഞു തിരിച്ചു പോരുമ്പോൾ സേനാനി കുറെ മുമ്പിലായി നടന്നു. ആ തക്കംനോക്കി അമരനാഥൻ ഭാർഗ്ഗവനോടു പതുക്കെ പറഞ്ഞു "നിങ്ങളുടെ പിൻവശം ജനാലയെ സ്പർശിക്കുംവിധത്തിലിരുന്നുകൊണ്ടു് അയാളുടെ മുഖത്തെ സൂക്ഷിച്ചുനോക്കിക്കൊള്ളണം. ഞാൻ അങ്ങനെ ചെയ്യുന്നതുചിതമല്ല."

ആ വലിയ മണ്ഡപത്തിന്റെ അകത്തു് മെത്ത വച്ചു പിടിപ്പിച്ച മനോഹരമായ ഒരു പര്യങ്കമുണ്ടായിരുന്നു. ആ മാന്യസ്ഥാനത്തേക്കു അമരനാഥൻ ദമനകനെ ഉപചാരപൂർവ്വം ഉപവേശിപ്പിച്ചു. സേനാനിയാകട്ടെ തൃപ്തിസൂചകമായ ഒരു രവത്തോടുകൂടി തൂലികാമൃദുലമായ മഞ്ചത്തിലേയ്ക്കു മറിഞ്ഞു.

അമരനാഥൻ സേനാനിയുടെ സമീപത്തിരുന്നു. ജയരാമൻ ഒരു ചെറിയ മേശകൊണ്ടുവന്നു് അവരുടെ മുമ്പിൽ ഇട്ടിട്ടു് അതിൽ താംബൂലം, സിഗററു് എന്നിവ നിരത്തിവച്ചു. ഭാർഗവൻ അവർക്കഭിമുഖമായിത്തന്നെ ഇരുന്നു. സേനാനി എഴുന്നേററിരുന്നു് ഒരു സിഗററുകത്തിച്ചു് ധൂമാശനം തുടങ്ങി. അമരനാഥനും അയാളെ അനുകരിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞു.

"എന്നാൽ ഇനി നിങ്ങളുടെ അനുവാദത്തോടുകൂടി, ചെറിയതോതിലുള്ള ഒരു സാഹസകർമ്മം ഞങ്ങൾ ചെയ്തുതുവർണ്ണിക്കാൻ പോകുന്നു."

ദമന—ഞാൻ ബദ്ധശ്രദ്ധനായിരിക്കുന്നു.

അമര—ഭാർഗവനും ഞാനും ഭരതന്റെ വധത്തെ സംബന്ധിച്ചു തെളിവുശേഖരിക്കാൻ പ്രയത്നിക്കയാണു്

ദമന—എന്തു്, ആ കാര്യമെല്ലാം ഉപേക്ഷിച്ചു എന്നല്ലേ ഞാൻ വിചാരിച്ചതു്.

അമര—ഞാൻ എഴുതിയ ആ പത്രപ്രവചനം വാസ്തവസ്ഥിതിയെ ഒന്നു മറപ്പിക്കാനായിരുന്നു. ഞങ്ങ

ളെ സൂക്ഷിക്കയും പിൻതുടരുകയും പോലീസുകാർ ഞ ങ്ങളോട് അന്വേഷണം നടത്തുകയും ചെയ്തുനിമി ത്തം എനിക്ക് അപ്പോൾ ഒന്നും ചെയ്വാൻ നിവൃത്തി യുണ്ടായില്ല.

ദമന—ഹാ! നിങ്ങളുടെ മനസ്സിന്റെ ആഴം ക ണ്ടവരില്ല!

ഈ വാക്കുകളുടെ പിന്നിൽ മറഞ്ഞു കിടന്ന ആ മുറുക്കത്തിന്റെ ശക്തി എത്രമാത്രമെന്ന ഭാർഗവൻ ഗ്രഹിച്ചു. അടുത്തുവരുന്നതെന്താണെന്ന് ആ ഭീമകാ യന് അറിവാൻ കഴിഞ്ഞില്ല. ഒരു ചാട്ടത്തിനയാൾ സ ന്നദ്ധനായിരുന്നു.

അമര—നിങ്ങൾ ഇന്നലെ പറഞ്ഞതു കേട്ട പ്പോൾത്തന്നെ, ഇത്രയും പരിചയമുള്ള ഒരാൾതന്നെ യാണു ഞങ്ങളെ സഹായിക്കാൻ യോഗ്യനെന്നു ഞാൻ മനസ്സാ നിശ്ചയിച്ചു. അങ്ങനെ നിങ്ങളെയാണു ഞ ങ്ങൾ ഒരു ആശ്രയമായി ഗണിക്കുന്നതു്. പക്ഷെ വേറെ അത്യാവശ്യകാര്യങ്ങളൊന്നും നിങ്ങളെ ബന്ധപ്പെടുത്താ തിരിക്കണം.

ദമന—എനിക്കു പ്രതിബന്ധമായി മറെറാരു കാ ര്യവും നില്ക്കുന്നില്ല. വായുവിനൊപ്പം സ്വതന്ത്രനാണു ഞാൻ. ആ കേസ്സു സംബന്ധിച്ച എന്റെ അഭിപ്രായ ങ്ങൾ നിങ്ങൾക്കു നേർവഴി കാട്ടിയോ?

അമര—ഇല്ല, നിങ്ങൾ എത്രയോ വിദൂരത്തിലാ യിരുന്നു.

ദമന—എന്ത്?

അമര—കേസ്സിന്റെ യഥാർത്ഥസ്ഥിതി നിങ്ങൾ

ക്കറിവില്ലാത്തതിനാൽ അതു സ്വാഭാവികമെന്നേ വിചാരിക്കുവാനുള്ളു. പരമാർത്ഥ വസ്തുതകളൊന്നും ഇതുവരെ പ്രസിദ്ധപ്പെട്ടിട്ടില്ലല്ലോ.

ദമന—നിങ്ങൾ എന്നെ അത്ഭുതപരതന്ത്രനാക്കുന്നു..

അമര--ആദ്യമായി രത്നത്തെ കയ്യേറ്റംചെയ്തയാൾ ഒരു മരതകപ്പതക്കം തേടി നടക്കുന്നവനാണ്. അതു് അന്വേഷിച്ചു് അയാൾ ആ സ്ഥലമെല്ലാം കീഴ്മേൽ മറിച്ചു നാശമാക്കി. രത്നത്തിനു ബോധം വീണപ്പോൾ തസ്കരൻ, കട്ടിലിന്റെ കാലിന്മേൽ ഘടിപ്പിച്ചിരുന്ന ഒരു പിച്ചളപ്പന്തു പറിച്ചെടുത്തു് അതുകൊണ്ടു് അയാളുടെ തലയ്ക്കെറിഞ്ഞു. മരതകരത്നം ആ പിച്ചളപ്പന്തിനകത്തു് ഒളിച്ചുവച്ചിരുന്നു. ഈ പരമാർത്ഥം അറിയാതെ തസ്കരൻ അതുംകൊണ്ടു പോയി.

"ഈശ്വരാ! ഇതെന്തൊരു കഥ?" എന്നു സേനാനി അത്ഭുതാധീനനായി പറഞ്ഞു.

അമര--ആ പിച്ചളപ്പന്തു് ആദ്യത്തെ തസ്കരന്റെ കയ്യിൽനിന്നു രണ്ടാമത്തൊരു തസ്കരന്റെ കയ്യിൽ അകപ്പെട്ടു. ദ്വിതീയ തസ്കരന്റെ പക്കൽനിന്നും ചില ബാലന്മാർക്കു ലഭിച്ചു. അവർ അതു കപ്പിതകരം മുതലായവ ക്രയവിക്രയംചെയ്യുന്ന ഒരു വ്യാപാരിക്കു വിററു. ഭാർഗവൻ അതു് ഒരു തന്ത്രപ്രയോഗം കൊണ്ടു കൈക്കലാക്കി.

ദമ—അങ്ങനെയാണെങ്കിൽ അതിപ്പോൾ നിങ്ങടെ കൈവശമുണ്ടു്, അല്ലേ?

അമര—അതേ, ഞങ്ങൾ അതു സൂക്ഷിച്ചുവച്ചിട്ടുണ്ടു്.

ദമന—ആ മണിക്കു് ഒരു ഭീമമായ തുക വിലയുണ്ടായിരിക്കും.

അമര—രത്നം കൈക്കലാക്കണമെന്നല്ലായിരുന്നു അവരുടെ ആഗ്രഹം.

ദമന—പിന്നെ എന്തായിരുന്നു?

അമര—എനിക്കറിഞ്ഞുകൂടാ! പിച്ചളപ്പന്തു കൊണ്ടുവന്നൊങ്കിലല്ലാതെ അതു സംബന്ധിച്ച രഹസ്യം അറിയിക്കയില്ലെന്നു ഭരതൻ ഭാർഗ്ഗവനോടു് തീർത്തു പറഞ്ഞു. അതു നഷ്ടപ്പെട്ടു പോകുന്നപക്ഷം അതിനെ സ്പർശിക്കുന്ന സകല കാര്യവും മറക്കുകയേ നിവൃത്തിയുള്ളു എന്നും ഭരതൻ അറിയിച്ചിട്ടുണ്ടു്. ഭാർഗവൻ പിച്ചളപ്പന്തു കൊണ്ടുവന്നപ്പോൾ അയാൾ മരിച്ചുപോയിരുന്നു.

"ശരി! ശരി!" എന്നു സേനാനി പറഞ്ഞു.

അമര—ഞങ്ങൾ ആ പിച്ചളപ്പന്തു പൊളിച്ചു, പിന്നീടു പതക്കത്തിന്റെ ആകൃതിയുള്ള ആ മരതകരത്നവും രണ്ടായി വേർപെടുത്തി. അതിനുള്ളിൽ—

ദമന—ശരി, അതിനുള്ളിൽ?—

അമര—ഒരു വെള്ളക്കടലാസുകഷണം ഉണ്ടായിരുന്നു.

ദമ—എന്റെ ദൈവമേ!

ഇതു വെറും അത്ഭുതാഭിനയമാണെന്നു ഭാർഗവൻ മനസ്സിലാക്കി.

അമര—അതു പക്ഷേ അദൃശ്യമായ മഷിയിൽ കു

റിക്കപ്പെട്ട ഏതോ സന്ദേശം വഹിക്കുന്നുണ്ടാവാം. ശരിയായ അർത്ഥം ലഭിക്കുന്നെങ്കിൽ ഞാൻ അതു വെളിക്കു കൊണ്ടുവരും.

സേനാനി ഒന്നു ഞെട്ടി, അയാൾ ഇപ്രകാരം പറഞ്ഞു-

"അമരനാഥാ, അരുതരുത്! അതു പ്രയോഗം പാടില്ല, നിങ്ങൾ അതു നശിപ്പിക്കും."

ഏങ്ങനെയായാലും അതു പരമാർത്ഥംതന്നെ എന്നു ഭാർഗ്ഗവൻ ചിന്തിച്ചു.

അമര—എന്നാൽ പിന്നെ ഞാൻ എന്താണു ചെയ്യേണ്ടതു്? നിങ്ങൾ എന്നെ സഹായിക്കുമോ?

ദമന-അതെന്തു്, നിശ്ചയമായി. ഇതു വളരെ രസമുള്ള ഒരു കേസ്സാണു്

അമര--എനിക്കു നിങ്ങളെ താക്കീതു ചെയ്യുവാനുണ്ടു്. ഈ രത്നമോ കടലാസ്സുതുണ്ടോ ലഭിക്കണമെന്നു നിർബന്ധമുള്ള ആളുകൾക്കറിയാം അതുരണ്ടും നമ്മുടെ കൈവശമുണ്ടെന്നു് ഭാർഗ്ഗവനും ഞാനും പോകുന്നിടത്തെല്ലാം ഞങ്ങളുടെ പിന്നാലെ ആളുകളും ഉണ്ടു്

ദമന--അങ്ങനെയാണെങ്കിൽ അവരിൽ പ്രധാനിയെ നിങ്ങൾ ഒരു നോക്കെങ്കിലും കണ്ടിട്ടുണ്ടോ?

അമര--ഞങ്ങൾക്കു് എങ്ങനെ പറയാൻ കഴിയും? ആ ചാരന്മാരുടെ മുഖങ്ങൾ തുടരെത്തുടരെ മാറിക്കൊണ്ടിരിക്കും.

ദമന--ആകട്ടെ, മരതകമണിയും ആ കടലാസ്സും എന്നെ കാണിക്കുന്നതിൽ വിരോധമുണ്ടോ?

അമര—യാതൊരു വിരോധവുമില്ല; നിങ്ങഠം ഞങ്ങളെ സഹായിക്കാൻപോകുന്നെങ്കിൽ അതിനുള്ള തെളിവു കാണണ്ടയോ? ആ വസ്തുക്കഠം ഇവിടെ വയ്ക്കുന്നതു് അതിൻെറ രക്ഷയ്ക്കു് ആശാസ്യമല്ലാത്തതിനാൽ നിലവറയിൽ സൂക്ഷിച്ചിരിക്കയാണു് നിങ്ങഠം അടുത്ത തവണ ഇവിടെ വരുമ്പോഠം അതു കാണിച്ചു തരാം.

ദമന—(വിശ്വാസപൂൎണ്ണമായ ഭാവത്തിൽ)

"അമരനാഥാ,ഇതാ ഇങ്ങോട്ടു നോക്കു. നാം ഏതു ഘട്ടത്തിൽ സ്ഥിതിചെയ്യുന്നു എന്നറിയുന്നതിനു മുമ്പു് ആ കടലാസിനെ തൊടരുതു് നമുക്കിനിയും ഇതു സംബന്ധിച്ചു കൂടുതലായി ചില വിവരങ്ങഠം അറിയേണ്ടതുണ്ടു് നിങ്ങളുടെ ഗതിയെ സൂക്ഷിച്ചു നടക്കുന്നവരെ നാം സൂക്ഷിക്കയും അവരുടെ പിന്നാലേകൂടി അവരെ പ്രേരിപ്പിച്ചതാരെന്നറികയും വേണം".

ഈ ജോലി സേനാനിയെ ചുമതലപ്പെടുത്തുവാനുണ്ടായ അഭിപ്രായത്തെ ഓൎത്തു ഭാർഗവൻ ഒന്നു മന്ദഹസിച്ചു.

ദമന—ഇതിലേക്കു വേണ്ട തുക ചെലവു ചെയ്യാൻ നിങ്ങഠംക്കു സമ്മതമാണോ?

അമര—ന്യായമായ സകല ചെലവും സഹിക്കാൻ ഞാനൊരുക്കമാണു്

ദമന—നല്ലതു്! എന്നാൽ രണ്ടാമതായി ചെയ്യേണ്ടതു് ഈ ഭാർഗവനാരെന്നും അയാളുടെ സ്വന്തംനാടേതെന്നും ഗൃഹമേതെന്നും മററും കണ്ടുപിടിക്കുകയാണു് അതിനു ഭാരതഖണ്ഡത്തിലെ വിവിധഭാഷകഠം

അറിയാവുന്ന എനിക്കു പല രാജ്യനിവാസികളുമായി ഇടപെട്ട കാൎയ്യങ്ങൾ അറിവാൻ എളുപ്പമുണ്ട്. ഭരതൻ മറച്ചുവച്ചിരുന്ന രഹസ്യമെന്തെന്നും ഇതിനിടയിൽ അറിവാൻ ഇടവരും.

അമര—ഭേഷ്!

ആപല്ക്കരമായ ആ നാടകം തുടൻ-

സേനാനി വേഗത്തിൽ പൎയ്യങ്കംവിട്ടെഴുന്നേററു.

"ഈ മദ്ധ്യാഹ്നം മുതൽതന്നെ ഞാൻ യത്നം തുടങ്ങാം. ഞാൻ താങ്കളുമായി സമ്പൎക്കം പുലൎത്താം"

ഇത്രയും .പറഞ്ഞിട്ടു സേനാനി അമരനാഥസദനം വിട്ടുപോയി. അപ്പോൾത്തന്നെ വാതിൽ ബന്ധിച്ചിട്ട് അമരനാഥൻ പൎയ്യങ്കത്തെ വീണ്ടും ശരണംപ്രാപിച്ചു.

"ദൈവമേ! എന്തൊരു പരീക്ഷയാണിതു്? ഞാനിപ്പോഴും ആലിലപോലെ വിറയ്ക്കുന്നു" എന്നയാൾ പറഞ്ഞു.

"ഭാർഗവാ, ഞാൻ ഇതിൽനിന്നു ജീവനോടെ രക്ഷപെടുന്നപക്ഷം പിന്നീടുള്ള എൻെറ പണി ഗ്രന്ഥപാരായണം മാത്രമായിരിക്കും. പ്രകൃത്യാ ഞാൻ സൈന്യനേതൃരംഗത്തിൽ പ്രവൎത്തിക്കാൻ പററിയവനല്ല. ആ രാക്ഷസൻെറ ആകൃതിയുടെ വലിപ്പംതന്നെ എന്നെ അമ്പരപ്പിക്കുന്നു" --അമരനാഥൻ തുടൎന്നു പറഞ്ഞു.

ഭാർഗ--നിങ്ങൾ അതു് അതിസാമർത്ഥ്യത്തോടെ മറച്ചു.

അമര--ഇതുകൊണ്ടു നമുക്കൊന്നു ലാഭമുണ്ടായി. നിങ്ങരം അയാളുടെ മുഖത്തു സൂക്ഷിച്ചു നോക്കിയിരുന്നല്ലോ.

ഭാർഗ--ആദ്യമായി കടലാസിൽ അല്പം പ്രയോഗിക്കണമെന്നുള്ള നിങ്ങളുടെ അഭിപ്രായം കേട്ടപ്പോരം അയാരം പ്രകടിപ്പിച്ച ഭീതി നിഷ്കളങ്കമായിരുന്നു. അതിലെ സന്ദേശം നശിപ്പിക്കുന്നതിൽ നമ്മെപ്പോലെ തന്നെ അയാളും ഭീതനാണ്

അമര–കൊള്ളാം, നമുക്കതിൽ അല്പം ഉപയോഗിക്കണ്ട. പിന്നെ...

ഭാർഗ--അയാരംക്കിനിയും നമ്മിൽ വിശ്വാസം അങ്കുരിച്ചിട്ടില്ല.

അമര—അതുകൊണ്ടു നമുക്കതിനു വേണ്ടതു പ്രവർത്തിച്ചു നമ്മിൽ വിശ്വാസം അങ്കുരിപ്പിക്കണം.

ഭാർഗ—ഞാൻ എന്തിനും സന്നദ്ധനാണ്

9

ഏഴരമണിയോടുകൂടി അമരനാഥനും ഭാർഗവനും ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കയായിരുന്നു. ഈ അവസരത്തിൽ ജയരാമൻ കടന്നുവന്നു ഭാർഗവനെ ആരോ ഫോണിൽ വിളിക്കുന്നു എന്നറിയിച്ചു.

ഭാർഗ--ആരാണതു്?

ജയ--പേരൊന്നും പറഞ്ഞില്ല, ഒരു സ്ത്രീയാണ് എന്തോ സങ്കടത്തിൽപെട്ടിരിക്കയാണവരെന്നു തോന്നുന്നു.

ഭാർഗവൻ ഫോൺ ഇരിക്കുന്നേടത്തു സമീപിച്ചു. തന്നെ വിളിച്ചതാരെന്ന് അയാൾ സന്ദേശഗ്രാഹിയിൽക്കൂടി ചോദിച്ചു.

വിളിച്ചതു് അഞ്ജലീദേവിയായിരുന്നു. ദുഃസഹദുഃഖത്താൽ ആ സാധ്വിയുടെ വാക്കുകൾ കണ്ഠത്തിൽ ഇടറിയാണു പുറപ്പെട്ടതു്

"കുഞ്ഞേ! ഭാർഗവാ, രാധ പോയി"

ഭാർഗ--എന്തു്?

"പോയി, പോയി" എന്നു് ആ സാധ്വി വീണ്ടും വിളിച്ചുപറഞ്ഞു.

ഭാർഗ--എപ്പോൾ, എവിടെപ്പോയി. ഈശ്വരനെ വിചാരിച്ചു കഥ ഒന്നു വിശദമായി പറയണേ.

അഞ്ജലീദേവി സംഭ്രമത്തെ അടക്കിക്കൊണ്ടു പറഞ്ഞു.

"മദ്ധ്യാഹ്നത്തിൽ എനിക്കു നാട്യോപദേശത്തിനു പോകേണ്ടി വന്നു. അതുകൊണ്ടു പ്രഭാതത്തിലെ പരിശീലനം കഴിഞ്ഞു രാധയെ ഗൃഹത്തിൽകൊണ്ടാക്കിയശേഷം ഞാൻ രംഗശാലയിലേക്കു പോയി. അവൾ ഏകാകിനിയായി തെരുവുകളിലെങ്ങും പോകാറില്ല. ഞാൻ രംഗസ്ഥലത്തുതന്നെ ഇരിക്കുമ്പോൾ ആരോ എന്റെ പേരുപറഞ്ഞു് ഒരു ഫോൺസന്ദേശം വീട്ടിലേക്കയച്ചു. ഞാൻ ഉദ്യാനത്തിൽ കാത്തിരിക്കുന്നു എന്നും രാധ അവിടെ ചെല്ലണമെന്നുമായിരുന്നു സ

ദ്ദേശസാരം. അതനുസരിച്ച് രാധ പുറത്തുപോയി. പിന്നീട് ഇതുവരെ തിരിച്ചു വന്നില്ല.

"ഹാ! ദൈവമേ, ഞാൻ ഇനി എന്താണു ചെയ്യേണ്ടതു്"-ഹൃദയഭേദകമാകുംവണ്ണം ഭാർഗവൻ വിലപിച്ചു.

"എന്താ കാര്യം?"—അമരനാഥൻ ഓടി വന്നു ചോദിച്ചു.

ഭാർഗവൻ സ്വഹസ്തങ്ങളാൽ ശിരസ്സു താങ്ങിക്കൊണ്ടു പറഞ്ഞു.

"ആ മൃഗങ്ങൾ, അവർ മനോരമയെ തട്ടിക്കൊണ്ടുപോയി"-ഈ വാക്കുകളോടുകൂടി ഭാർഗവൻ ചാടിയെഴുന്നേററു.

"ഞാനും ഇതാ നിങ്ങളുടെ പിന്നാലെയുണ്ടു്"എന്നു് അമരനാഥൻ വിളിച്ചുപറഞ്ഞു.

കാറിൽ കയറി ആ യുവാവ് ഒരു ഭ്രാന്തനെപ്പോലെ സിനിമാമന്ദിരത്തെ ലക്ഷ്യമാക്കി ഓടിച്ചുപോയി. മനോരമ ഇതിനിടയിൽ തിരിച്ചു വന്നിരിക്കും എന്നുള്ള ഒരാശയും അയാളുടെ ഹൃദയത്തെ സമാശ്വസിപ്പിക്കാൻ തുടങ്ങി. എന്നാൽ അഞ്ജലീദേവിയുടെ മുഖഭാവം ഈ ആശയെ ധ്വംസിച്ചു. ആ സാധ്വി കണ്ണാടിയുടെ മുമ്പിൽ നിന്നുകൊണ്ടു നിരർഗ്ഗളമായി അശ്രുവർഷിക്കയായിരുന്നു. അവിടെ കൂടിയിരുന്ന നടീനടന്മാരും അഗ്നിജ്വാലയിൽ തളിരുകളെന്നപോലെ വാടി കാണപ്പെട്ടു.

ഭാർഗ--രാധയെ കണ്ടുപിടിക്കാൻ എന്തെങ്കിലും ശ്രമം ചെയ്യോ?

അഞ്ജ—അവളെ അന്വേഷിച്ചു ഞാൻ ഉദ്യാനത്തിൽ ചെന്നിട്ടു തിരിച്ചുപോന്നു.

ഭാർഗ--അപ്പോൾതന്നെ ഈ കാര്യം നിങ്ങൾ എന്നെ അറിയിക്കാഞ്ഞതെന്തു്?

അഞ്ജ--അവൾ തിരിച്ചുവരുമെന്നു നിമിഷം തോറും ഞങ്ങൾ ആശിച്ചുകൊണ്ടിരുന്നു.

ഭാർഗവൻ ഏററവും അടുത്തുള്ള പോലീസ് സ്റ്റേഷനിലേക്കു് ഓടി. ഇൻസ്പെക്ടരെ വിവരം അറിയിച്ചപ്പോൾ അദ്ദേഹം പറഞ്ഞു.

അതെ, അതിനെപ്പററി ഞങ്ങൾക്കറിയാം.

ഭാർഗ—അവൾ എവിടെയുണ്ടെന്നോ?

ഇൻ--ഓ! അതു് എനിക്കിപ്പോൾ പറയാൻ നിവൃത്തിയില്ല. വൈകുന്നേരം ആറേകാൽ മണിക്കു് ഉദ്യാനത്തിൽനിന്നു് ഒരു ബാലൻ ഇവിടെ വന്നു്, ഒരു പെൺകുട്ടിയെ ചിലർകൂടി ഒരു കാറിൽ കയററി വടക്കോട്ടു കൊണ്ടുപോയി എന്നു റിപ്പോർട്ടുചെയ്തു.

ഭാർഗ--എന്നിട്ടു നിങ്ങൾ എന്തു നടപടി നടത്തി?

ഇൻ--ആരെങ്കിലും വന്നു് ഒരു പരാതി പറയാഞ്ഞാൽ, ഞങ്ങൾക്കൊന്നും ചെയ്വാൻ നിവൃത്തിയില്ല. തെരുവിൽ തെണ്ടി നടക്കുന്ന പിള്ളേർ പറയുന്നതു് എങ്ങനെ വിശ്വസിക്കും.

ഈ സമയത്തു് അമരനാഥന്റെ അഭിഭാഷകനായ "കരുണാകരൻ" അവിടെയെത്തി രാധയെ അന്വേഷിച്ചു കണ്ടുപിടിക്കേണ്ട ഭാരം സ്വയം ഏറെറടുത്തു. ഇങ്ങനെ ഭാർഗവന്റെയും അമരനാഥന്റെയും

പേരുകൾ ആ കേസ്സുമായുള്ള ബന്ധത്തിൽനിന്നും വേർപെടുത്തപ്പെട്ടു.

രാധയെ കയററിക്കൊണ്ടുപോയ മോട്ടോർ വാഹനത്തിൻെറ ലൈസൻസ് നമ്പർ "വല്ലഭേശ്വരം" നഗരത്തെ സംബന്ധിച്ചതായിരുന്നു എന്നാണ്ലോ പറയപ്പെട്ടതു് ആ നമ്പർ പോലീസുകാരുടെ കൈവശം ഉണ്ടുതാനും. "ചക്രനഗരി"യുമായി നടത്തപ്പെട്ട രണ്ടു ടെലിഫോൺ സംഭാഷണത്തിൽനിന്നും നമ്പർ ഫലകങ്ങൾ വ്യാജനിർമ്മിതങ്ങളെന്നു തെളിഞ്ഞു. കന്യകാചോരന്മാർ വേറെയും ലൈസൻസ് ഫലകകൾ കരുതിവച്ചിരിക്കണം: എന്തെന്നാൽ ഉപേക്ഷിക്കപ്പെട്ട യാതൊരു കാറും അവർ വഴിയിൽ കണ്ടില്ല. അവരുടെ ഉത്ഭിഷ്ടസ്ഥലമേതെന്നറിയാനുള്ള ഏക ദർശകം, മാർഗ്ഗമദ്ധ്യത്തിലുള്ള റയിൽവേ തുരപ്പിലെ സൂക്ഷിപ്പുകാരൻ്റൽനിന്നാണു ലഭിച്ചതു് അന്നു വൈകുന്നേരം ആ റെയിൽക്കു് അസാധാരണവേഗത്തിൽ ഓടിച്ചുപോയ ഒരു കാറിലെ ഡ്രൈവരെ അയാൾ താക്കീതു ചെയ്തു എന്നും അതിൻെറ ലൈസൻസ് നമ്പർ വല്ലഭേശ്വരം നഗരത്തിൽപെട്ടതാണെന്നും ആ കാവല്ക്കാരൻ പറകയുണ്ടായി. കഴൽനാളം കേട്ട ക്ഷണത്തിൽത്തന്നെ കാർ മെല്ലെ ഓടിച്ചതുകൊണ്ടു് അയാൾ അതിൻെറ നമ്പർ കുറിച്ചെടുത്തില്ല. ആ പെൺകിടാവിനെ കൊണ്ടുപോയതു "നവാക്കപുരി"യിലേക്കാണെന്നു് ഇതുകൊണ്ടൂഹിക്കാം.

ഭാർഗവൻ സന്തപ്തനും നിരാശനുമായി രാത്രി മുഴുവൻ തെരുവിൽത്തന്നെ സഞ്ചരിച്ചു.

വത്തമാനപ്പത്രങ്ങളുടെ സായാഹ്നപ്പതിപ്പിലും അടുത്ത പ്രഭാതപ്പതിപ്പിലും പെൺകിടാവിന്റെ അപഹരണത്തെ സംബന്ധിച്ച യാതൊരു വൃത്താന്തവുമുണ്ടായിരുന്നില്ല.

കാലത്തു് എട്ടുമണിക്കു ഭാർഗവൻ വിളറി ക്ഷീണിച്ച് ഒരു പ്രേതത്തെപ്പോലെ അമരനാഥന്റെ വസതിയിലേക്കു കടന്നുചെന്നു. ജയരാമൻ അയാൾക്കു ഭക്ഷണംകൊടുത്തു. ആഹാരം കഴിഞ്ഞ ഉടൻതന്നെ ആ യുവാവു മേശപ്പുറത്തു തലവച്ചു് ഉറക്കം തുടങ്ങി.

രണ്ടു മണിക്കൂർ കഴിഞ്ഞു് അയാൾ ഉണന്നപ്പോൾ അമരനാഥൻ വലിയ അനുതാപത്തോടുകൂടി അയാളെ നോക്കി.

"വത്തമാനം എന്തെങ്കിലുമുണ്ടോ?" എന്നു് ആ യുവാവു് അതിദീനനായി ചോദിച്ചു.

അമരനാഥൻ സങ്കടത്തോടെ തലകുലുക്കി.

ഭാർഗ—വത്തമാനമൊന്നും കാണുകയില്ല; അവർ അവളെ കൈക്കലാക്കി. ഇതെല്ലാം എന്റെ കുറ്റമാണു്

അമര—വരൂ ചങ്ങാതീ, നിങ്ങൾ ഇങ്ങനെ മനസ്സു പുണ്ണാക്കരുതു് മനോരമ ഭാനുമതിയുടെ ഗൃഹത്തിലാണെന്നു നമ്മുടെ ശത്രു വളരെക്കാലത്തിനു മുമ്പു് അറിഞ്ഞിരിക്കണം. ഭരതന്റെ സന്ദർശനവേളകളിൽ ഒരിക്കലെങ്കിലും അയാൾക്കവിടെ പോകരുതായിരുന്നോ?

"സേനാനിയുടെ കൈ ഇതിലുണ്ടെങ്കിൽ എന്റെ അഭിപ്രായത്തിലാണു് അബദ്ധം പിണഞ്ഞതു്. മനോ

രമയുടെ സത്തയെപ്പററി അയാഠം അറിഞ്ഞിട്ടുണ്ടെങ്കിൽ അവളെ നമ്മുടെ സംരക്ഷണത്തിൽ സ്വീകരിച്ചിട്ടുണ്ടെന്ന അയാഠംക്കറിയാം. അയാളോടു ഞാൻ പറഞ്ഞ ചരിത്രത്തിൽ ആ പെൺകിടാവിനെക്കൂടെ ഉഠംപ്പെടുത്തേണ്ടതായിരുന്നു. അവളെപ്പററി ഞാൻ മൗനം അവലംബിച്ചതുകൊണ്ടു് അയാഠം നമ്മെ സംശയിച്ചിട്ടുണ്ടു്. പ്രകൃതി വേല ഒരിക്കലും ശുഭമല്ല" എന്നു് അമരനാഥൻ തുടൎന്നുപറഞ്ഞു.

ഭാർഗ—ആ ഓമനക്കുട്ടിയെ ഒരുവിധത്തിലും അവർ ഉപദ്രവിക്കയില്ലെന്നു് എനിക്കുറപ്പുണ്ടു്. എന്തെന്നാൽ ഇപ്പോഴും അവർ അന്വേഷിക്കുന്ന ആ രഹസ്യം നമ്മുടെ സൂക്ഷിപ്പിലാണെന്നവൎക്കറിയാം.

എങ്കിലും ആ തരുണനു യാതൊരു സമാധാനവുമുണ്ടായില്ല. അയാഠം അവളെച്ചൊല്ലി വിലപിച്ചുകൊണ്ടുതന്നെയിരുന്നു.

അമര—ആ പെൺകിടാവിനെ ഇക്കാൎയ്യമൊന്നും അറിയിക്കേണ്ടെന്നു നാം തീർച്ചപ്പെടുത്തിയതു് എന്തോ ദൈവകല്പിതംപോലെ തോന്നുന്നു. മരതകത്തെയോ അതിലടങ്ങിയ കടലാസിനെയോ സംബന്ധിച്ചു് അവഠംക്കു യാതൊരറിവുമില്ല. സേനാനിയെപ്പററിയോ മറേറയാളെപ്പററിയോ അവഠം കേട്ടിട്ടുമില്ല. അതുതന്നെയാണു് ഇപ്പോഠം അവളുടെ ജീവനെ രക്ഷിക്കാനുള്ള ഒരു മാൎഗ്ഗം.

ഈ വാക്കുകളിൽനിന്നു ഭാർഗവനു ചെററും മനസ്സുഖം ലഭിച്ചില്ല.

അമര— സേനാനി ഇന്നു് ഇവിടെയാണു ലഘുഭക്ഷണം കഴിക്കുന്നതു്.

ഭാർഗവൻ കഠിനമായി നിശ്വസിച്ചുകൊണ്ടെഴുന്നേററു. ഈ നിശ്ചയം വളരെ ദിവസങ്ങൾക്കു മുമ്പുണ്ടായതാണു് പക്ഷെ ഭാർഗവൻ അതു മറന്നുപോയി.

ഭാർഗ—ഞാൻ അയാളെ കാണുകയാണെങ്കിൽ എൻെറ ക്ഷമയെല്ലാം അസ്തമിക്കും.

അമര--ശരി, ശരി, നിങ്ങൾ അയാളുടെ സമ്പത്തെങ്ങും പോകേണ്ട, ഞാൻ അയാളെ് സ്വീകരിച്ചുകൊള്ളാം.

ഭാർഗവൻ തൻെറ ചങ്ങാതിയോടു് ആ സന്ദർഭത്തിൽ മിക്കവാറും ഒരു ശണ്ഠയ്ക്കുതന്നെ വട്ടംകൂട്ടി.

“ആ മൃഗത്തോടു നിങ്ങൾ സ്നേഹം ഭാവിക്കുമെന്നാണോ പറയുന്നതു്”എന്നയാൾ ചോദിച്ചു.

അമര--ഞാൻ തുടങ്ങിയതു ഞാൻ അവസാനിപ്പിക്കതന്നെ ചെയ്യും. ഇക്കാര്യത്തിൽ അയാൾക്കൊരു കയ്യുള്ളതായി നാം സംശയിക്കുന്നുണ്ടെന്നയാളെ ധരിപ്പിക്കുന്നതു് ആപല്ക്കരമാണു്

ഭാർഗ--മനോരമ പോയാൽ പിന്നെ ഏതുകൊണ്ടും എന്തൊരു പ്രയോജനമാണുള്ളതു്

അമര--അവളെ നമുക്കു വീണ്ടുകൊണ്ടു വരാം എന്നു മാത്രമല്ല അവളുടെ പൈതൃകസ്വത്തു തിരിയെ വാങ്ങി അവൾക്കു കൊടുക്കുകയും ചെയ്യാം.

ഭാർഗ—നിങ്ങൾ അയാളോടെന്തു പറയും?

അമര--നമ്മുടെ ഈ സങ്കടാവസ്ഥ ഞാൻ അ

യാളെ അറിയിക്കും; പെൺകിടാവിൻെറ ചരിത്രവും അയാളോടു പറയും; അവളെ കണ്ടെത്തുന്നതിനു വേണ്ട സഹായം ചെയ്യുന്നമെന്നാപേക്ഷിക്കയുംകൂടി ചെയ്യും.

ഭാർഗ—എന്തൊരു ഭയങ്കര നാടകം?

അമര--അതുതന്നെ, അവളെ തിരിച്ചുകിട്ടാൻ ഉത്തമമാർഗ്ഗം അതാണു്

ഇനിയും അമരനാഥനെ എതിൎക്കാൻ ഭാർഗവനു ശക്തിയുണ്ടായില്ല. അയാൾ കസാലയിൽ വീണു കൈകളാൽ തൻെറ ശിരസ്സു തലോടിക്കൊണ്ടു കിടന്നു. ഒന്നുരണ്ടു നിമിഷം കഴിഞ്ഞു്, തൻെറ സ്നേഹിതനുണ്ടാകാവുന്ന ആപത്തിനെപ്പററിയുള്ള ചിന്ത അയാളുടെ മസ്തിഷ്കത്തിൽ അങ്കുരിച്ചു. "നിങ്ങൾ ഏകനായി അയാളെ ഇവിടേയ്ക്കു സ്വീകരിക്കാൻ പാടില്ല, അതയാൾക്കു വളരെ അനുകൂലമായ ഒരു സന്ദർഭത്തെ ഉളവാക്കും" എന്നു് ആ യുവാവു് അഭിപ്രായപ്പെട്ടു.

അമര--ജയരാമൻകൂടി ഇവിടെ ഉണ്ടായിരിക്കുമല്ലോ.

ഭാർഗ—ജയരാമനും നിങ്ങളും ചേൎന്നാലും അയാൾക്കു കിടയാവില്ല. നിങ്ങളെ രണ്ടാളെയും നിലംപതിപ്പിച്ചിട്ടു് അയാളുടെ ഇഷ്ടംപോലെ ഇവിടമെല്ലാം കൊള്ളയിടുവാൻ അയാൾക്കു നല്ല തക്കമായിരിക്കും.

അമര--അങ്ങനെയൊന്നുമുണ്ടാവുകയില്ല; ഞങ്ങൾ രണ്ടാളും ആയുധം ധരിച്ചിരിക്കും.

ഭാർഗവൻ തൻെറ ഉദ്ദേശശൂന്യമായ സഞ്ചാരം തുടൎന്നു-തെരുവിൽകൂടി കടന്നുപോയ പഥികന്മാരെ

യും മോട്ടോർവാഹനങ്ങളെയും നോക്കിക്കൊണ്ടു് അയാൾ അലസനായി നടന്നു.

നേരം ഇരുട്ടിയപ്പോൾ ആ യുവാവു തളർന്നു വിവശനായി തിരിച്ചെത്തി. ജയരാമൻ ഉടൻതന്നെ ഭക്ഷണസാധനങ്ങൾ വിളമ്പി. ഭാർഗവന്നു് ആഹാരത്തിൽ രുചി തോന്നിയില്ല. അയാൾ ചോദിച്ചു.

"ആ മൃഗം ഇന്നിവിടെ വന്നിരുന്നോ?"

ജയരാ—വന്നിരുന്നു.

ഭാർഗ--എന്തു സംഭവിച്ചു?

ജയ--ഒന്നുമുണ്ടായില്ല, അവിടുത്തേക്കു നേരിട്ട സങ്കടത്തെപ്പററി യജമാനൻ അദ്ദേഹത്തോടു പറഞ്ഞു. അദ്ദേഹം വലിയ സഹതാപം പ്രകടിപ്പിച്ചു. ലഘുഭക്ഷണം കഴിഞ്ഞതുശേഷം സേനാനി ഇവിടം വിട്ടു. ഈ കാര്യത്തിൽ അദ്ദേഹത്തിന്നു് എന്തുചെയ്യാൻ കഴിയുമെന്നു പരീക്ഷിക്കാനായിരിക്കും.

ഭാർഗ—ഉള്ളിൽ ചിരിയോടുകൂടിയാണയാൾ പോയിട്ടുള്ളതു് എന്റെ ചങ്ങാതിയെ അയാൾ കുരങ്ങാട്ടുകയാണു്

ഈ സന്ദർഭത്തിൽ ടെലഫോൺ മണിയടിക്കുന്നതുകേട്ടു. ഭാർഗവൻ ചാടിയെഴുന്നേററു. എന്നാൽ പകുതിവഴിചെന്നപ്പോൾജയരാമനെവിളിച്ചുപറഞ്ഞു

"നിങ്ങൾ ചോദിക്കൂ സംഗതി എന്താണെന്നു് എനിക്കിപ്പോൾ തോന്നിയില്ല"

ടെലഫോൺ വച്ചിട്ടുള്ള മുറിയിൽ ഒരു മന്ദമായ സംഭാഷണസ്വരം കേൾക്കപ്പെട്ടു. അതിനെത്തുടർന്നു ജയരാമൻ ഇങ്ങനെ വിളിച്ചുപറഞ്ഞു-

"നല്ല വാൎത്തയാണു സാർ!"

ഭാർഗവൻ ഒന്നു കുതിച്ചു, ഫോണിലെ സന്ദേശഗ്രാഹിയന്ത്രം കയ്യിൽ വാങ്ങി ചെവിയോടണച്ചു.

"അതെ, അതെ" എന്നായാൾ ശ്വാസവേഗത്തോടെ പറഞ്ഞു.

അഞ്ജലീദേവിയുടെ സന്ദേശമായിരുന്നു അതു്. അത്യാഹ്ലാദം നിമിത്തം ഇടറിയ സ്വരത്തിൽ ആ സാധ്വി പറഞ്ഞു.

"കുഞ്ഞേ, ഭാർഗവാ. രാധ! അവൾ തിരിച്ചു വന്നു.

ഭാർഗ—എവിടെ?

അഞ്ജലി—നാടകശാലയിൽ.

ഭാർഗ—സുഖമായിരിക്കുന്നല്ലോ.

അഞ്ജലി—പരിപൂർണ്ണാരോഗ്യവതിയായിരിക്കുന്നു. ഇപ്പോൾ രംഗത്തേക്കു പോവാൻ വേഷം ധരിക്കുകയാണു്.

ഭാർഗ—ആരാണവളെ കണ്ടുപിടിച്ചതു്

അഞ്ജലി—ആരും കണ്ടുപിടിച്ചില്ല. അവളെ കൊണ്ടുപോയപോലെ ഒരു കാറിൽ തിരിയെ കൊണ്ടുവിട്ടു.

ഭാർഗ—അവളെ എവിടേയ്ക്കാണു കൊണ്ടുപോയിരുന്നതു്.

അഞ്ജലി—അതെല്ലാം ഫോണിൽ പറയാൻ വിഷമമാണു്

ഭാർഗ—ശരി, ശരി. ഞാൻ അങ്ങോട്ടുവരാം.

അഞ്ജലി—വേണ്ട, കളി കഴിഞ്ഞിട്ടു വന്നാൽ മ

തിയെന്നാണു രാധ പറയുന്നതു് അല്ലെങ്കിൽ നി ങ്ങൾ അവളുടെ രംഗപ്രവേശം മുടക്കിയേക്കുമെന്നവൾ ഭയപ്പെടുന്നു.

ഭാർഗ—ഓ! ശരി, അഭിനയം! അതിനെ കൊണ്ടു ചുടുക. അവർക്കു സുഖമാണല്ലോ.

അഞ്ജലി—ഓ! പൂർണ്ണസുഖം; അവളോടുണ്ടായ പെരുമാററം തികച്ചും ബഹുമാനയുക്തമായിരുന്നു എന്നാണവൾ പറയുന്നതു്

ഭാർഗവൻ സന്ദേശഗ്രാഹിയന്ത്രം താഴെവച്ചു. മൂന്നുമണിക്കൂർനേരം കാത്തിരിക്കണമല്ലോ! ആ യുവാവു ദീനനായി. ഏതായാലും അയാൾ അവിടെത്തന്നെ കിടന്നു് ഒരു ശവത്തെപ്പോലെ നിദ്രചെയ്തു. ജയരാമൻ ഒരു കമ്പിളികൊണ്ടു് അയാളെ പുതപ്പിച്ചു.

10

നാടകം തീന്നതോടുകൂടി ഭാർഗവനും അമരനാഥനും പ്രദർശനശാലയെ സമീപിച്ചു. പതിവുപോലെ നടീനടന്മാർ പിരിഞ്ഞു. കർട്ടനും ഉയർന്നു. അവർ ശാലയിൽ പ്രവേശിച്ചപ്പോൾ ഒരുക്കൂട്ടം ആളുകൾ മനോരമയെ ചുററി നില്ക്കുന്നതു കാണപ്പെട്ടു. അമരനാഥനും ഭാർഗവനും പിറങ്ങളുടെ ഇടയിൽക്കൂടി കടന്നുപോയി. അവർ ആദ്യം കണ്ടുമുട്ടിയതു നാടകസം

ഷത്തിന്റെ അധിപനായ രാമകിശോരനെ ആയിരുന്നു.

"രാധ രംഗത്തു വന്നതോടുകൂടി ഇവിടെ ഒരു ബഹളംതന്നെ, നാടകം എങ്ങനെ അവസാനംവരെ കൊണ്ടുപററിച്ചു എന്നു് ഇപ്പോഴം ഞങ്ങൾക്കുതന്നെ അറിയാൻ പാടില്ല" എന്നു രാമകിശോരൻ ചിരിച്ചുകൊണ്ടു പറഞ്ഞു.

മനോരമയെ സംബോധനംചെയ്യാൻ ഭാൎഗ്ഗവൻ ശ്രമിച്ചില്ല. അവർ വിഷാദസൂചകമായി പരസ്പരം ദൃഷ്ടിവിക്ഷേപംചെയ്തു. നമ്മുടെ യുവാവു പിന്നിലേക്കു വലിഞ്ഞു.

അവൾ തന്റെ കഥ വിവരിക്കുന്നതു് ആ തരുണൻ കേട്ടു.

"ഈ സ്ത്രീ തെരുവിൽ എന്റെ സമീപത്തുവന്നു സംഭാഷണം ആരംഭിച്ചു. അവൾ കാഴ്ചയിൽ നല്ല ലക്ഷണമുള്ള ഒരു സ്ത്രീതന്നെ. എനിക്കവരോടു സൗജന്യമില്ലാതെ പെരുമാറാനും തോന്നിയില്ല. അതുകൊണ്ടു ഞാൻ അവർ പറയുന്നതു സൌമുഖ്യത്തോടെ കേട്ടു. റോഡിന്റെ ഒരററത്തായി നിൎത്തിയിരുന്ന മോട്ടോർ വാഹനം ഞാൻ കണ്ടില്ല. സംഭാഷണംചെയ്തുകൊണ്ടു മെല്ലെ നടന്ന ആ സ്ത്രീ മോട്ടോർ കാറിന്റെ അടുത്തെത്തിയപ്പോൾ പെട്ടെന്നു് എന്നെ എടുത്തു വാഹനത്തിനുള്ളിൽ നിക്ഷേപിച്ചു വാതിലും അടച്ചു."

"നിങ്ങൾ നിലവിളിച്ചില്ലേ? എന്നു് അക്കൂട്ടത്തിൽ ആരോ ചോദിച്ചു"

"കഷ്ടം ഞാൻ നിലവിളിക്കേണ്ടതായിരുന്നു,

പക്ഷെ ഞാൻ അങ്ങനെ ചെയ്തില്ല. എന്തെന്നാൽ എനിക്കു ഭയമുണ്ടാകുമ്പോൾ ഒന്നും മിണ്ടാതിരിക്കുക എന്റെ ശീലമാണ്; എന്നാൽ ഞാൻ വളരെ ഭയപ്പെട്ടതുമില്ല; ആ സ്ത്രീയ്ക്കു് എന്നെ യാതൊരു വിധത്തിലും ഉപദ്രവിക്കണമെന്നുദ്ദേശമില്ലെന്നു എനിക്കു തോന്നി; അതുകൊണ്ടായിരുന്നു വളരെ ഭയപ്പെട്ടില്ല എന്നു ഞാൻ പറഞ്ഞതു്. അവൾക്കു ചെറിയ ചിത്തഭ്രമം ഉണ്ടെന്നു ഞാൻ ആദ്യം വിചാരിച്ചു. പക്ഷെ അവൾക്കു് ഒരു പുത്രി മരിച്ചുപോയിരിക്കാം, തന്നിമിത്തം ആദ്യം കണ്ണിൽപെട്ട പെൺകുട്ടിയെ പിടികൂടിയതാണെന്നു ഞാൻ ശങ്കിച്ചു.

അവർ വാഹനത്തിനുള്ളിൽ കടന്ന ക്ഷണത്തിൽ തന്നെ അതിന്റെ നാലുപുറവും മറകൾകൊണ്ടു മൂടി. അതുകൊണ്ടു ഞങ്ങൾ എവിടെയാണു പോകുന്നതെന്നു് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല. എന്നാൽ വഴിമദ്ധ്യേ കാർ ഒരു തുരപ്പിൽകൂടി കടന്നുപോയി എന്നു് അപ്പോഴുണ്ടായ അസാധാരണ ധ്വനിവിശേഷംകൊണ്ടു് എനിക്കു തോന്നി. പിന്നെ ഒരു മണിക്കൂറിനുമേൽ സമയം കഴിഞ്ഞു ഞങ്ങൾ നിന്നു. അപ്പോഴേക്കും നേരം ഇരുട്ടിപ്പോയതിനാൽ ഒന്നുംതന്നെ നല്ലപോലെ കാണ്മാൻ നിവൃത്തിയില്ലായിരുന്നു. വൃക്ഷക്കൂട്ടത്തിനിടയിൽ നില്ക്കുന്ന ഒരു ഗൃഹത്തിലായിരുന്നു ഞങ്ങൾ പ്രവേശിച്ചതു് ഈ സ്ത്രീയും അവളുടെ ഭൃത്യവർഗ്ഗവുമല്ലാതെ ആ വീട്ടിൽ മററാരും പാക്കുന്നതായി തോന്നിയില്ല. സ്ത്രീ പുറത്തുപോയപ്പോൾ ഞാൻ ഭൃത്യവർഗ്ഗത്തിന്റെ സ്നേഹം സമ്പാദിക്കാൻ ശ്രമിച്ചു.

ഞങ്ങൾ അത്താഴം കഴിച്ചു. ആ സമയമെല്ലാം സ്ത്രീ ഓരോന്ന പറഞ്ഞുകൊണ്ടിരുന്നു.

"അവൾ എന്താണ പറഞ്ഞത്?" എന്നൊരാൾ ചോദിച്ചു.

"വിശേഷിച്ചൊന്നും പറഞ്ഞില്ല. ഒരുദ്ദേശവുമില്ലാത്ത സംഭാഷണമാണതെന്ന് എനിക്ക തോന്നി. അവൾ പറഞ്ഞതിനൊക്കെ ഞാൻ ഇപ്രകാരം മറുപടി പറഞ്ഞു—

"എൻെറ ബന്ധുക്കളുടെ സമീപത്തുനിന്ന് എന്നെ ഇങ്ങനെ ബലംപ്രയോഗിച്ചു പിടിച്ചുകൊണ്ടു പോരാൻ നിങ്ങൾക്കെന്തധികാരം?"

എന്നാൽ അവൾ സ്ഥിരമായ ഒരു വിഷയത്തെ അധികരിച്ചല്ല സംഭാഷണംചെയ്തതു്. ആ സംഭാഷണം പല ശാഖകളിലേക്കും തിരിഞ്ഞു. നിശ്ചയമായി അവൾക്ക ചിത്തഭ്രമമുണ്ടായിരിക്കണം. അത്താഴം കഴിഞ്ഞു് അവൾ എന്നെ ഉറക്കറയിലേക്ക കൊണ്ടുപോയി മെത്ത വിരിച്ചു കിടത്തിയശേഷം വാതിൽ പൂട്ടി പോയി. ജനാലകളെല്ലാം വളരെ പൊക്കത്തിൽ സ്ഥിതിചെയ്തതിനാൽ പുറത്തേക്ക നോക്കാൻ നിവൃത്തിയുണ്ടായില്ല. അതുകൊണ്ടു നേരം വെളുക്കട്ടെ എന്നുദ്ദേശിച്ചു ഞാൻ ഉറക്കമായി.

അടുത്തദിവസം പകൽ മുഴുവനും തലേദിവസത്തെപ്പോലെതന്നെ കഴിഞ്ഞു. കൂടക്കൂടെ ആ സ്ത്രീ എൻെറ മുറിയിൽ കടന്നുവന്ന് അയാളുടെ ഉന്മാദസൂചകമായ രീതിയിൽ സ്ത്രീശുപസംഭാഷണത്തിനൊരുങ്ങും; എന്നാൽ ഞാൻ അതിന്നു വൈമുഖ്യം പ്രദർശി

പ്പിച്ചു മിണ്ടാതിരിക്കും. ഒടുവിൽ നേരം ഇരുട്ടിയപ്പോൾ അവൾ പെട്ടെന്നു വന്നു പറഞ്ഞു-

"ശരി, നിങ്ങളെ ഞാൻ തിരിയെ കൊണ്ടുപോകാം" അങ്ങനെ ഞങ്ങൾ തിരിച്ചുപോന്നു. എന്നെ പിടികൂടിയ സ്ഥലത്തുതന്നെ കൊണ്ടു വിട്ടിട്ട് അവൾ അതിവേഗത്തിൽകാറോടിച്ചുപോയി."

ഇങ്ങനെ മനോരമ തന്റെ കഥ അവസാനിപ്പിച്ചപ്പോൾ നാടകസംഘത്തിന്റെ തലവനായ രാമകിശോരൻ ജനക്കൂട്ടത്തോട് ഇങ്ങനെ പറഞ്ഞു-

"ഇനി നിങ്ങളെല്ലാവരും വെളിയിൽ പോകണം; രാധയ്ക്ക് ഉറങ്ങണം."

ജനക്കൂട്ടം മനസ്സില്ലാ മനസ്സോടെ പിരിഞ്ഞു പോയി.

അമരനാഥനും ഭാർഗവനും മനോരമയെ കാത്ത് അവളുടെ മുറിയിൽത്തന്നെ ഇരുന്നു. മനോരമ ഭാർഗ്ഗവനെക്കണ്ട ക്ഷണത്തിൽ അദ്ദേഹത്തിന്റെ ഹസ്തങ്ങളിൽ പതിച്ചു കരഞ്ഞുതുടങ്ങി. ഭാർഗവൻ അവളെ ആശ്വസിപ്പിച്ചു. അവൾ കണ്ണു തുടച്ചുകൊണ്ടു പറഞ്ഞു—"ഞാൻ ഒരു ബുദ്ധിയില്ലാത്തവളെന്നു നിങ്ങൾ ധരിച്ചിരിക്കും. വൈഷമ്യങ്ങളെല്ലാം തീരുമ്പോഴാണു ഞാൻ സാധാരണ കരയുന്നത്."

ഭാർഗ—പക്ഷെ ഭവതി അവരോടു കഥമുഴുവനും പറഞ്ഞില്ല.

മനോരമ ശിരസ്സു ചലിപ്പിച്ചുകൊണ്ടു പറഞ്ഞു-
"വർത്തമാനപ്പത്രത്തിൽ പ്രസിദ്ധപ്പെടുത്തേണ്ടതു മാത്രം

ഞാൻ പറഞ്ഞു. നിങ്ങളെപ്പററി തെരുവുനീളെ പറഞ്ഞുകൊണ്ടു നടക്കുന്നതൊന്നും എനിക്കു കേൾക്കവയ്യ.

"ശരി, ശരി, ഇതുപോലെ ചിന്തിക്കാൻ വളരെപ്പേർ ഉണ്ടായെങ്കിലോ".

മനോ—അതു മാത്രമല്ല, മററാരോടും പറയുന്നതിന മുമ്പായി നിങ്ങളോടും അമരനാഥനോടും പറയണമെന്ന് എനിക്കു തോന്നി. എനിക്കുതന്നെ അറിയാവുന്നതിൽ അധികം സംഗതികൾ നിങ്ങൾക്ക് എന്നെ സംബന്ധിച്ചറിയാം.

അമര—വളരെ കുറച്ചുമാത്രം.

ഭാർഗ— ഈ സ്ത്രീയെപ്പററി കൂടുതൽ വിവരങ്ങൾ ഞങ്ങളോടു പറക. അവളുടെ രൂപമെങ്ങിനെ?

മനോ--ഒരു ചെറുപ്പക്കാരി, കണ്ടാൽ നല്ലപെണ്ണ് മോട്ടോർവാഹനത്തിൽ ഒരു പുരുഷൻകൂടിയുണ്ടായിരുന്നു. ഒരു മുറട്ടുമനുഷ്യൻ. ഞാൻ ലഹള കൂട്ടുന്നപക്ഷം എന്നെ അമർത്താനാണ് അയാൾ കൂടെ വന്നതെന്ന് ആ സ്ത്രീ പറഞ്ഞു. "അവൾ എനിക്കും അയാൾക്കും ഇടയിൽ ഇരുന്നാൽ ഞാൻ ലഹളയൊന്നും കൂട്ടുകയില്ലെന്നു" സമ്മതിച്ചു എന്തെന്നാൽ അയാൾ എന്നെ തൊട്ടുന്നതു ദുഃസഹമായിത്തോന്നി. എനിക്ക് അപ്പോൾ അത്ര വലിയ ഭയമൊന്നും ഉണ്ടായിരുന്നില്ല. ആ സ്ത്രീ എന്നോടു മര്യാദകേടൊന്നും കാട്ടിയില്ല. അത്ഭുതത്തോടെ എന്നെ നോക്കിയിരുന്നതേയുള്ളു."

"ശരി, ഇനിയും കേൾക്കട്ടെ" എന്നു ഭാർഗവൻ പറഞ്ഞു.

മനോരമയുടെ ശരീരമാകെ ഒന്നു വിറച്ചു. അവൾ പറഞ്ഞു.

"ആ ഗൃഹത്തിൽ മറെറാരാൾ ഉണ്ടായിരുന്നു. അതാണു ഞാൻ അവരോടു പറയാതിരുന്നതു്. അയാൾ വാതിലിൻെറ മറവിൽനിന്നു സ്ത്രീയോടു രഹസ്യമായി സംസാരിക്കുന്നതു ഞാൻ കേട്ടു. ഇതിൻെറയെല്ലാം പിന്നിൽ നില്ക്കുന്നതു് അയാളാണെന്നു് എനിക്കു തോന്നി. സ്ത്രീയും ഞാനും ഒരുമിച്ചാണത്താഴം കഴിച്ചതു്; മുറിയുടെ വാതിൽ തുറന്നുകിടന്നു. അയാൾ കതകിൻെറ മറവിൽനിന്നു ചെവികൊടുക്കുന്നുണ്ടെന്നു ഞാൻ മനസ്സിലാക്കി. എൻെറ മരിച്ചുപോയ അമ്മയുടെ ഒരു സഖിയാണവളെന്നും എന്നെ കാണ്മാൻ വളരെനാളായി അവൾ ആഗ്രഹിച്ചിരിക്കയാണെന്നും എന്നാൽ തൻെറ ശത്രുക്കളെ ഭയന്നു പരസ്യമായി വന്നു കാണ്മാൻ നിവൃത്തിയില്ലാഞ്ഞതിനാൽ പെട്ടെന്നുണ്ടായ ഒരു അന്തശ്ചോദനത്തിൻെറ ഫലമായിട്ടാണു് ആരുംകാണാതെ എന്നെ കൊണ്ടുപോന്നതെന്നും അവൾ പറകയുണ്ടായി.

വളരെനേരം കഴിഞ്ഞു് അവൾ പുറത്തുപോയി ആ മനുഷ്യൻെറ സമീപത്തണഞ്ഞു. അവർ തമ്മിൽ മന്ദസ്വരത്തിൽ സംഭാഷണംചെയ്യുന്നതു ഞാൻ കേട്ടു. അവരിരുവരും ക്ഷോഭിച്ചു; അപ്പോൾ പുറപ്പെട്ട ഒന്നുരണ്ടു വാക്കുകൾ ഞാൻ കേട്ടു. എനിക്കു യാതൊന്നും അറിയാൻപാടില്ലെന്നായാളോടു് ആ സ്ത്രീ പറയുന്നതു പോലെയും അവളെ ഞാൻ കളിപ്പിക്കയാണെന്നയാൾ മറുപടി പറയുന്നതുപോലെയും എനിക്കു തോ

ന്നി. അനന്തരം അവൾ ഇങ്ങനെ സ്പഷ്ടമായി പറയു ന്നതു കേട്ടു.

"ആ കുട്ടിയെ ഒരുതരത്തിലും ഉപദ്രവിക്കയില്ലെ ന്നു നിങ്ങൾ എനിക്കു വാക്കുതന്നു, ഇല്ലേ?" ഇതുകേട്ടു ഞാൻ പേടിച്ചു. ആ മനുഷ്യൻ മുറിക്കകത്തേക്ക് ഓടി. പൊക്കംകൂടി മെലിഞ്ഞു കറുത്ത വസ്ത്രം ധരിച്ച ഒ രാൾ—

"ഈശ്വരാ! രാഷ്ട്രകൂടൻ"—ഭാർഗവൻ പറ ഞ്ഞു.

"അയാളുടെ തലമുടി മുഖത്തേക്കു വീണുകിടന്നു. അയാളുടെ കണ്ണുകൾ ക്രൂരതയോടെ എന്റെമേൽ പ തിഞ്ഞു. അയാളുടെ കയ്യിൽ ഒരു പട്ടുവസ്ത്രമുണ്ടായിരു ന്നു. പാവപ്പെട്ട ഭരതനെ ഞെരിച്ചുകൊന്നതുപോലെ അതുകൊണ്ട് എന്റെയും കഴുത്തു ഞെരിച്ചുകൊല്ലു വാൻ അയാൾ തുടങ്ങുകയാണെന്നു ഞാൻ വിചാ രിച്ചു."

ഭാർഗ—എന്നിട്ട്?

മനോ—അയാൾ എനിക്കറിവില്ലാത്ത ചില കാ ര്യങ്ങളെപ്പററി ചോദിച്ചു. ഒരു മരതകപ്പതക്കത്തെ ന്നോ മറേറാ പറഞ്ഞു. എനിക്കറിഞ്ഞുകൂടെന്നു വീ ണ്ടും വീണ്ടും പറകയല്ലാതെ ഞാനെന്തു ചെയ്യും? ആ പട്ടുവസ്ത്രം എന്നെ വളരെ ആകർഷിച്ചു. എനിക്ക തിൽനിന്നു കണ്ണെടുക്കാൻ സാധിച്ചില്ല......അവൾ നിറുത്തി.

ഭാർഗ—"പിന്നെയെന്തു സംഭവിച്ചു"?

മനോ—ടെലഫോൺ എന്നെ രക്ഷിച്ചു. അതിലെ മണിയടിക്കുന്നതു ഞാൻ കേട്ടു. ഒരുനിമിഷം കഴിഞ്ഞു സ്ത്രീ ഓടി അകത്തുവന്ന് അയാളോടെന്തോ ചെവിയിൽ പറഞ്ഞു. അതു് അയാളെ പിൻതിരിപ്പിച്ചു. അയാളുടെ മുഖം വിളറി.

"വളരെ താമസിച്ചുപോയല്ലോ, അവൾ ഇതിനെ കാണുകയും ചെയ്തു" എന്നയാൾ പറഞ്ഞു.

പക്ഷെ അവൾക്കു് ഉപദ്രവമൊന്നും കൂടാതെ തിരിച്ചയച്ചാൽ അവർക്ക് നിങ്ങളെ ഒന്നും ചെയ്വാൻ സാധിക്കയില്ല. ഇതൊരു കെണിയാണു്" എന്നവൾ പറഞ്ഞു.

"അതിന്റെ യഥാർത്ഥാവസ്ഥ ഞാൻ അറിഞ്ഞു വരാം" എന്നു പറഞ്ഞുകൊണ്ടു് അയാൾ ഓടി പുറത്തുകടന്നു.

"അയാളെ ഞാൻ പിന്നീടു കണ്ടില്ല. അന്നു രാത്രിയിൽ ആ സ്ത്രീ എന്റെ സമീപത്തുതന്നെ കിടന്നുറങ്ങി. എനിക്കുറങ്ങാൻ സാധിച്ചില്ല. അയാൾ തിരിച്ചുവന്നുവെന്നു പ്രഭാതത്തിൽ ഞാനറിഞ്ഞു. പക്ഷെ അക്കഥ ആരും എന്നോടു പറഞ്ഞില്ല. പകൽ സമയത്തു് എന്നെ തിരിച്ചു കൊണ്ടുവിടുന്നതു് അപകടമാകയാൽ ഇരുട്ടിയ ഉടൻ പുറപ്പെടാമെന്നു സ്ത്രീ പറഞ്ഞു. അതുപോലെതന്നെ രാത്രിയായപ്പോൾ എന്നെ കാറിൽ കയററി കൊണ്ടുവന്നു റോഡിൽ നിർത്തിയിട്ടവർ പോയി"

"ഇതിന്റെയെല്ലാം അർത്ഥമെന്തു്? എനിക്കൊന്നും മനസ്സിലാകുന്നില്ല"–ഭാർഗവൻ പറഞ്ഞു.

അമര--നമ്മുടെ ശത്രുക്കൾ രണ്ടുപേരും തമ്മിലുള്ള കലഹം.

"ഒരുത്തൻ തന്ത്രശാലി, മററയാൾ ഒരു മൃഗപ്രായൻ. മനോരമയുടെ സ്ഥിതിഗതികളെപ്പററി മൃഗപ്രായനെ അറിയിക്കത്തക്കവണ്ണം തന്ത്രശാലി വേണ്ട ഏർപ്പാടുചെയ്തു. ഈ ഏർപ്പാടിൻെറ ഫലം നിമിത്തം രണ്ടുദിവസത്തിനകം തനിക്ക് ഉന്നതമായ നന്മയുണ്ടാകുമെന്നും അയാൾ പ്രതീക്ഷിച്ചു എന്നു വിചാരിക്കുക. ഭാഗ്യംകൊണ്ടു ഈ വഞ്ചനയെപ്പററിയുള്ള അറിവു തക്കസമയത്തിൽ മൃഗപ്രായനു ലഭിച്ചു."

"ശരി! അങ്ങനെ വരാം! അങ്ങനെ വരാം! അവർ അതിനു മടിക്കുന്നവരല്ല. അവരെ രണ്ടുപേരെയും ബന്ധിക്കണം. ഇങ്ങനെയുള്ള മൃഗങ്ങളെ സൈ്വരവിഹാരം ചെയ്യാൻ അനുവദിച്ചുകൂടാ"—ഭാർഗവൻ പറഞ്ഞു.

അമര—"അതുതന്നെയാണ് ഇന്നു രാത്രിയിൽ നമുക്കു ചെയ്യേണ്ട തീർച്ച. നമുക്കു ലഭിച്ചിട്ടുള്ള അറിവുവച്ചുകൊണ്ടു അവരെ ബന്ധിക്കുന്ന കാര്യം എളുപ്പമാണ് എന്നാൽ പിന്നീടുണ്ടാകാവുന്ന ആ കുഴപ്പത്തിൽ മനോരമയുടെ യഥാർത്ഥ പദവിയെ സംബന്ധിച്ച രഹസ്യം പുറത്തായിപ്പോവുകയില്ലേ?"

"എന്നാൽ അങ്ങനെ ഒരു തീർച്ചചെയ്യാനുള്ള ഭാരം ആരേൽക്കും?"—ഭാർഗവൻ ചോദിച്ചു.

അമര—"ഒന്നു നിശ്ചയമാണ് മനോരമയുടെ വിധിയെപ്പററി ആ പെൺകിടാവിനു യാതൊരറിവും ഇല്ലാതിരിക്കുമ്പോൾ അതിനെച്ചൊല്ലി നാം കേളിയാ

ട്ടന്നതു് ഇനി ഒരിക്കലും യോഗ്യമല്ല. നമുക്കറിയാവുന്ന തെല്ലാം ഇപ്പോൾത്തന്നെ. ആ കുഞ്ഞിനെ അറിയിക്കണം."

അദ്ദേഹം അവളോടു പറഞ്ഞു-മനോരമ നിശ്ശബ്ദമായ അത്ഭുതരസത്തോടെ ശ്രദ്ധിച്ചു.

"ഒരു മരതകപ്പതക്കം എന്റേതോ? ആളുകൾ തമ്മിൽ രണ്ടുകൂട്ടുന്ന നമ്മെ സംബന്ധിച്ച ഒരു രഹസ്യം! ഇതിന്റെയെല്ലാം അർത്ഥമെന്തു്?"-മനോരമ ചോദിച്ചു.

അമര—നാം കണ്ടുപിടിക്കേണ്ടതു് അതാണ്.

"ഇതെല്ലാം ദൂരെക്കളഞ്ഞിട്ടു മനഃസമാധാനത്തോടുകൂടിയിരിക്കയോ, അതല്ല ഇതിന്റെ യാഥാർത്ഥ്യം കണ്ടുപിടിക്കുന്നതുവരെ നമുക്കു മുന്നോട്ടുപോകയോ എന്താണു നാം ചെയ്യേണ്ടതു്?"-ഭാർഗവൻ ചോദിച്ചു.

മനോ—നാം മുന്നോട്ടുപോകണമെന്നാണു ഞാൻ കരുതുന്നതു്. നിങ്ങൾക്കും അമരനാഥനും എന്നെ കാത്തുകൊള്ളുവാൻ കഴിയുമെന്നു് എനിക്കു ദൃഢവിശ്വാസവുമുണ്ടു്

അമര—അങ്ങനെ ആവട്ടെ; ഓമനേ ഞങ്ങൾ ദേവതിയെ ഭദ്രമായി സൂക്ഷിച്ചുകൊള്ളാം.

11

"രാഷ്ട്രകൂടനമായി പരിചയപ്പെടുവാൻ ഒരു മാർഗ്ഗമുണ്ടാക്കാമോ?"–ഭാർഗവൻ അമരനാഥനോട് ചോദിച്ചു.

അമരനാഥൻ തലകുലുക്കിക്കൊണ്ടു പറഞ്ഞു. "അതുകൊണ്ട് ഒരു ലാഭവുമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. അയാൾക്ക് എല്ലാവരെയും ശങ്കയാണ് അതിനെക്കാളും ദേഹാഭിമാനിയാണ്‌.നമുക്കു പററിയ കക്ഷി"

ഭാർഗ–അയാൾക്കും ഒരുത്തനെയും വിശ്വാസമില്ല.

അമര––അയാൾ നല്ലപോലെ പഠിച്ച കള്ളനാണ് നാം ക്രമത്തിലധികം അയാളെ ആശ്രയിച്ച ഭാവത്തിലാണിപ്പോൾ നില്ക്കുന്നത്. നമുക്കു വേറെയും അവലംബമാർഗ്ഗങ്ങൾ അന്വേഷിക്കണം.

ഭാർഗ—താങ്കൾക്ക് വല്ലതെങ്കിലും മാർഗ്ഗം ബുദ്ധിയിൽ ഉദിക്കുന്നുണ്ടോ?"

അമര—മനോരമയെ കൊണ്ടുപോയ സ്ത്രീയെപ്പററി ഞാൻ ചിന്തിക്കയാണ് അവൾ മനസ്സുറപ്പുള്ളവളല്ലെങ്കിലും നല്ല കൂട്ടത്തിലാണെന്നു തോന്നുന്നു. അവൾക്കു കഥ മുഴുവൻ മനസ്സിലായിക്കാണുകയില്ലെങ്കിലും നമുക്കുപകാരപ്പെടുന്ന ചെറിയ ഒരറിവെങ്കിലും അവളിൽനിന്നു ലഭിച്ചേക്കാൻ ഇടയുണ്ട്. എന്നു മാത്രമല്ല

രാഷ്ട്രക്കാരനെ ചതിക്കുവാനുംകൂടി അവളെ നമുക്കു പ്രേരിപ്പിക്കാം.

ഭാർഗ--അവളെ നാം എങ്ങനെ കണ്ടുപിടിക്കും.

അമര--അതിനു വലിയ പ്രയാസമൊന്നുമുണ്ടെന്നു തോന്നുന്നില്ല. മനോരമയോട് ഒന്നുകൂടി വിശദമായി നമുക്കു ചോദിക്കാം. ഇതിനിടയിൽ കുറേദിവസത്തേക്കു നമ്മോടുകൂടി വന്നു താമസിക്കാൻ സേനാനിയെ ഞാൻ ക്ഷണിച്ചിട്ടുണ്ട്

"എന്ത്?"-ഭാർഗവൻ ആശ്ചര്യഭരിതനായി ചോദിച്ചു.

അമര-അതെ, അയാം എനിക്ക് അതിനു നല്ലൊരവസരം തന്നു, അതെന്റെ പ്രവൃത്തിപദ്ധതിക്കു യോജിച്ചതാണുതാനും.

ഭാർഗ--അയാളുടെ തോൽപൊതിഞ്ഞ പെട്ടി ഒന്നു പരിശോധിപ്പാൻ എനിക്കാഗ്രഹമുണ്ട്

അമര--എനിക്കുമുണ്ടങ്ങിനെ ഒരഭിലാഷം. അയാം അതു കൊണ്ടുവരുമെന്നു തോന്നുന്നില്ല.

ഭാർഗ--അതെന്ത്?

അമര--ചിലർക്ക് ഇങ്ങനെയുള്ള കാര്യങ്ങളിൽ ചില വിചിത്രസംശയങ്ങളും ഉണ്ട്

ഭാർഗ--ഇവിടേയ്ക്കു വരുന്നതിൽ അയാളുടെ ഉദ്ദേശമെന്താണെന്നാണു നിങ്ങൾക്കു തോന്നുന്നതു്?"

അമര—വിലയേറിയ ആ കടലാസു മോഷ്ടിക്കാൻ ഒരു തരംകിട്ടുമോയെന്നു പരീക്ഷിക്കാൻ.

ഭാർഗ--നമുക്കതു് എളുപ്പത്തിൽ തടുക്കാം.

അമര--അതിലടങ്ങിയിരിക്കുന്ന രഹസ്യം നാം ഇതുവരെ കണ്ടുപിടിച്ചില്ലല്ലോ.

ഭാർഗ--അതു നമുക്കൊന്നുകൂടി പരീക്ഷിക്കണം.

അമര--ആകട്ടെ അങ്ങനെയാവാം.

ഇത്രയും പറഞ്ഞിട്ടു് ആ നിയമജ്ഞൻ ഏതോ ഗ്രന്ഥമെടുത്തു പാരായണംതുടങ്ങി. ഭാർഗവൻ പ്രഗ്രീവത്തെ ശരണംപ്രാപിച്ചു. ആകാശത്തിൽ ഒരു മുഴക്കംകേട്ടു് ആ യുവാവു തലയുയർത്തി നോക്കി, ഒരു ചെറിയ ആകാശവിമാനം വായുമണ്ഡലത്തിൽ അങ്ങുമിങ്ങും പറന്നു കടലാസുതുണ്ടുകൾ പറത്തുന്നതു കാണപ്പെട്ടു; ഉടനെ അമരനാഥനും അവിടെ വന്നു നോക്കി

"ഹാ! വിമാനപ്പരസ്യം പുതുതായി നിർമ്മിക്കപ്പെടുന്ന ഔഷധാദികളായ സാധനങ്ങൾ എളുപ്പത്തിൽ വിററഴിക്കാൻ ഈമാതിരി പരസ്യങ്ങൾ വളരെ ഉപകരിക്കും". ഈ വാക്കുകളോടുകൂടി അമരനാഥൻ പെട്ടെന്നു ഭാർഗവൻെറ കയ്യിൽ കടന്നു ബദലനപിടിച്ചുകൊണ്ടു് ഉത്സാഹത്തോടുകൂടി പറഞ്ഞു.

"ചങ്ങാതീ കിട്ടിപ്പോയി. ഈ വിമാനപ്പരസ്യം എന്നെയിപ്പോൾ പഠിപ്പിച്ചു. ഇതുവരെ ഞാൻ മറന്നുകിടക്കയായിരുന്നു. എനിക്കിപ്പോൾ ഒരു സംഗതി ഓർമ്മയിൽ വന്നു."

ഭാർഗ--എന്താണതു്?

അമര--ചില വർഷങ്ങൾക്കു മുമ്പു്, ഗുളികയുണ്ടാക്കുന്ന വ്യാപാരികൾ, നമ്മുടെ കയ്യിൽ ഇരിക്കുന്നതുപോലുള്ള എഴുതാത്ത വെള്ളക്കടലാസുകൾ വിതരണംചെയ്യാറുണ്ടായിരുന്നു. അവയിൽ ഓരോന്നിലും

ഒരു പുള്ളിയും കാണപ്പെട്ടു. എവിടെ തുടങ്ങണമെന്നു കാണിക്കാനായിരുന്നു ആ പുള്ളി. അതിൽ ഒരു തീപ്പൊരി തൊട്ടുവിച്ചപ്പോൾ അതു കടലാസിൽകൂടി പ്രസരിച്ചു "കസ്തൂരി ഗുളിക ഉപയോഗിപ്പിൻ" എന്ന വാചകം അതിൽ എഴുതി.

ഭാർഗ—ഹാ!

അമര--വരൂ, വരൂ. നമുക്കു് അതു പരീക്ഷിച്ചു നോക്കാം.

ആരെയും അകത്തേക്കു വരുവാൻ അനുവദിക്കരുതെന്നു ജയരാമനോട്ട് ഏർപ്പാടുചെയ്തശേഷം സ്നേഹിതന്മാർ രണ്ടുപേരും ഷാപ്പിനുള്ളിൽ കടന്നു വാതിലും ജനാലകളും അടച്ചിട്ടു കടലാസുതുണ്ടെടുത്തു മേശപ്പുറത്തു വിരിച്ചു. അമരനാഥന്റെ സഹജമായ ശാന്തത ഈ അവസരത്തിൽ അദ്ദേഹത്തെ ഉപേക്ഷിച്ചിരുന്നു.

"ഞാൻ ഒരു തീപ്പെട്ടി കത്തിച്ചു് ഇതിൽ തൊട്ടുവിക്കട്ടെ?"—ഭാർഗവൻ ചോദിച്ചു.

അമര--തീപ്പൊരിയാണു് അധികം നല്ലതു് നിങ്ങൾ കയ്യിലിരിക്കുന്ന സിഗററിലെ ചാമ്പൽ തട്ടിക്കളഞ്ഞിട്ടു തീയുള്ള ഭാഗം പുള്ളിയിൽ തൊട്ടുവിക്കുക.

ഭാർഗവൻ കത്തിച്ച സിഗററിന്റെ അഗ്നിയുള്ള അററം കറുത്ത പുള്ളിയിൽ തൊട്ടുവിച്ചു. ഉത്തരക്ഷണത്തിൽ ഒരു ചെറിയ അഗ്നിരേഖ കടലാസിൽ പരന്നു് "അ" എന്നുള്ള അക്ഷരം നിർമ്മിച്ചു. അതേത്തുടർന്നു മുറയ്ക്കു് ഓരോ അക്ഷരങ്ങൾ രൂപംപ്രാ

പിക്കയും അവസാനത്തിൽ "അട്ടക്കളയുടെ ചുമരിനുള്ളിൽ" എന്ന വാക്യം തെളിഞ്ഞുകാണപ്പെടുകയും ചെയ്തു.

12

അമരനാഥന്റെ ക്ഷണപ്രകാരം സേനാനി ലവലക്ഷണത്തിനു വരേണ്ട ദിവസമായിരുന്നു അതു് മരതകമണിക്കുള്ളിൽ ഇരുന്ന കടലാസുതുണ്ടു മനകനെ കാണിക്കേണ്ട ദിവസവും അതുതന്നെയായിരുന്നു. വെറും അക്ഷരഹീനമെന്നു തോന്നിച്ച ആ കടലാസുതുണ്ടിൽ വേണ്ട പരീക്ഷണങ്ങൾ നടത്തിയപ്പോൾ അതിൽ മറഞ്ഞിരുന്ന വാക്യം വെളിപ്പെട്ട വിവരം വായനക്കാർക്കറിയാമല്ലോ. മേലാൽ ആ തുണ്ടുതാൾകൊണ്ടു യാതൊരുപയോഗവും ഇല്ലെന്നു കണ്ടതിനാൽ നമ്മുടെ ചങ്ങാതിമാർ അതു നശിപ്പിച്ചു. സേനാനി വന്നു് ആ കടലാസു കാണണമെന്നു പറയുമ്പോൾ അയാളെ കാണിക്കാൻ അവർ ഒരു കപടവിദ്യ പ്രയോഗിച്ചു. അമരനാഥൻ തന്റെ സഹപാഠിയായ ഒരു രസതന്ത്രവിദഗ്ധനെ സമീപിച്ചു ശരിയായ കടലാസുതുണ്ടിനൊപ്പം നീളം വീതിയുള്ള മറ്റൊരു കടലാസു കഷണം ഉണ്ടാക്കി അതിൽ ഒരു കറുത്തപുള്ളി നിർമ്മിച്ചു. ഈ കറുത്ത പുള്ളിയിൽ തീപ്പൊരി തൊടുവിക്കു

വോൾ അതു കടലാസിൽ പ്രസരിച്ചു് അക്ഷരങ്ങളെ നിർമ്മിക്കാൻ ശക്തിയുള്ള ഒരൗഷധം അതിൽ സംയോജിപ്പിച്ചു ശരിയാക്കി സൂക്ഷിച്ചിരുന്നു. "അടുക്കളത്തറയിൽ" എന്നുള്ള വാക്യമാണു് വ്യാജത്താൾത്തുണ്ടിൽ അടക്കംചെയ്തിരുന്നതു്. അങ്ങനെ സന്നദ്ധന്മാരായി അമരനാഥനും ഭാർഗ്ഗവനും ദമനകനെ പ്രതീക്ഷിച്ചിരുന്നു.

ലഘുഭക്ഷണത്തിനുള്ള സമയമടുത്തപ്പോൾ ദമനകന്റെ ഘനസദൃശമായ സ്വരം വാതിലിൽ കേൾക്കപ്പെട്ടു. അമരനാഥൻ സന്ദർശനശാലയിലെത്തി സേനാനിയെ സ്വീകരിച്ചു. അനന്തരം അവർ ലഘുഭക്ഷണത്തിനിരുന്നു. ഭരതന്റെ വധത്തെ സംബന്ധിച്ചായിരുന്നു അവരുടെ ഇപ്പോഴത്തെ സംഭാഷണം. കാപ്പി കഴിഞ്ഞതേഴുന്നേററു് അവർ ഓരോ കസാലകളിൽ ഉപവേശിച്ചു.

"താങ്കൾ ആ കടലാസ് എന്നെ കാണിച്ചില്ലല്ലോ"—സേനാനി പറഞ്ഞു.

അമരനാഥൻ ഉണ്ടാക്കിച്ചുവച്ചിരുന്ന വ്യാജക്കടലാസുതുണ്ടെടുത്തു് അദ്ദേഹം സേനാനിയുടെ കയ്യിൽ കൊടുത്തു.

അവർ എല്ലാവരുംകൂടി ഒരു ജനാലയുടെ സമീപത്തു നില്ക്കയായിരുന്നു. ദമനകൻ തന്റെ കീശയ്ക്കുള്ളിൽനിന്നു് ഒരു അളവുകോൽ എടുത്തു് ആ കടലാസുതുണ്ടിന്റെ നീളം-വീതി അളന്നു മനസ്സിലാക്കി. എന്നിട്ടു കടലാസു തിരികെ ഏല്പിച്ചു. എനിക്കു വേറൊരു സ്നേഹിതന്റെ ഗൃഹത്തിൽ രണ്ടു മണിക്കൂർ നേര

ത്ത പരിപാടിയുണ്ട് അതിലേക്ക പോകാൻ അനു വദിക്കണം"—ദമനകൻ പറഞ്ഞു.

അമര-അതിനെന്താ പോകാമല്ലോ. പക്ഷെ അ ത്താഴത്തിന് ഇവിടെയെത്തണം.

ദമ--വളരെ സന്തോഷം.

സേനാനി പോയപ്പോൾ ഭാർഗവൻ പറഞ്ഞു-

"നമ്മുടെ കയ്യിലുള്ള കള്ള കടലാസുപോലെ മ റെറാന്നുണ്ടാക്കി കൊണ്ടുവരാനാണയാൾ പോയിരിക്ക നാതു് അടുത്തു് ഇനി ഇവിടെ വരുമ്പോൾ കടലാ സുകൾ വച്ചുമാററാമെന്നാണയാളുടെ ഉദ്ദേശം. അ തിന സൗകര്യം നൾകുമാറു് താങ്കൾ അയാളെ അത്താ ഴത്തിന ക്ഷണിക്കയും ചെയ്തു."

അമര--അതേ, നമ്മുടെ പക്കൽ ഉള്ള കടലാസ് അയാൾ മോഷ്ടിക്കണമെന്നുള്ള മനപ്പൂർവ്വവിചാരത്തോ ടുകൂടിയാണ ഞാൻ അയാളെ അത്താഴത്തിന ക്ഷണി ച്ചതു്.

ഭാർഗ-നമ്മുടെ കടലാസ് അയാൾ മോഷ്ടിച്ചാൽ നമുക്കെന്താണൊരു ഗുണം. അയാൾക്ക വലിയ നിരാ ശയ്ക്കു് ഒരു മാർഗ്ഗമായി അത്രേ ഉള്ള.

അമര—നമുക്ക വലിയ ഗുണമുണ്ടാകാനുള്ള മാ ർഗ്ഗത്തിനാണ നമ്മുടെ കടലാസു മോഷ്ടിക്കാൻ അ യാൾക്ക ഞാൻ സൗകര്യം കൊടുക്കുന്നതു് ഇവിടത്തെ കടലാസ് അയാൾ കൈക്കലാക്കിയാൽ അതിലെ ര ഹസ്യം ഏതുവിധമെങ്കിലും അയാൾ കണ്ടുപിടിക്കും. "അടുക്കളെത്തറയിൽ" എന്ന വാക്യം കാണുമ്പോൾ ആ സ്ഥലം ഏതു പാകശാലയിലാണെന്നയാൾ അ

ന്വേഷിക്കും. അട്ടക്കള കണ്ടുപിടിച്ച് അയാഠം നിക്ഷിപ്തവസ്തു കൈക്കലാക്കാൻ ശ്രമിക്കും. അപ്പോഠം അട്ടക്കളയേതെന്നു നമുക്കും അറിവാൻ ഇടയാകും. തീവ്രപരിശ്രമംചെയ്താൽ നിക്ഷേപം നമുക്കുതന്നെ കൈക്കലാക്കാം താനും.

ഭാർഗ—ശരി, താങ്കളുടെ ഉദ്ദേശം എനിക്കു മനസ്സിലായി.

പകലെ പാട്ടത്തുറപ്പിച്ചതുപോലെ സേനാനിഅത്താഴത്തിന് അമരനാഥന്റെ അതിഥിയായി കൂടി. അത്താഴം കഴിഞ്ഞു മൂന്നപേരും ഓരോ സിഗററും കത്തിച്ചു മേശയ്ക്കു ചുററിലും ഇരിപ്പായി. സേനാനി പതിവുപോലെ തന്റെ പഴയ ധീരകൃത്യങ്ങളെ വർണ്ണിച്ചു വാഴ്ത്തിത്തുടങ്ങി. ഒടുവിൽ കടലാസിന്റെ കാര്യം അവരുടെ സംഭാഷണവിഷയമായി. ആ തക്കം തന്റെ ഉദ്ദേശസാദ്ധ്യത്തിനായി വിനിയോഗിക്കാൻ ഉറച്ചുകൊണ്ടു ദമനകൻ പറഞ്ഞു-

മാന്യരെ. ഇന്നു ഞാൻ എന്റെ ഒരു സ്നേഹിതനെ കാണ്മാൻ പോയിരുന്നു. കടലാസ് നിർമ്മാണത്തിൽ അതിവിദഗ്ദ്ധനായ അയാളുമായുള്ള സംഭാഷണത്തിൽ പലയിനം കടലാസ്സുകളെപ്പററി എനിക്കു പഠിക്കാൻ ഇടയായി. താങ്കളുടെ പക്കലുള്ള ആ തുണ്ടുതാഠം കാണിച്ചാൽ അതെവിടെ നിർമ്മിച്ചതാണെന്നു ഞാൻ പറയാം.

അമര—ഓഹോ, കാണാമല്ലോ.

ഈ വാക്കുകളോടുകൂടി അദ്ദേഹം തന്റെ പാക്കററുബുക്കെടുത്തു കാട്ടി.

ഭാർഗവൻെറ അന്തഃകരണശക്തി മുഴുവൻ ശ്രദ്ധയിലേക്കു പാഞ്ഞു. സേനാനി കടലാസ്സ് അതി ജാഗ്രതയോടുകൂടി സൂക്ഷിച്ചുനോക്കി. താൻ ഇരുന്ന സ്ഥലത്തു നല്ല വെളിച്ചമില്ലെന്നു പൊടുന്നനവെ അയാൾ നടിച്ചു. അയാൾ നാലുപുറവും നോക്കിയിട്ട് ഇരുപ്പുകട്ടിലിൽ നിന്നെഴുന്നേററ് അതിവേഗത്തിൽ മുറിയുടെ പിന്നിലുള്ള ഒരു വിളക്കിൻെറ സമീപത്തേക്കു ചെന്നു. അവിടേയ്ക്കു പത്തു ചുവട്ടടി ദൂരം മാത്രമെ ഉണ്ടായിരുന്നുള്ളു. അയാൾ നടന്നതു് അവർക്കു പുറംതിരിഞ്ഞായിരുന്നു.

ഭാർഗവൻ കഴിയുന്നതും വേഗത്തിൽ അയാളെ പിൻതുടർന്നു. എന്തെന്നാൽ കടലാസിനെക്കുറിച്ചു തങ്ങൾ ശ്രദ്ധയില്ലാത്തവരാണെന്നയാൾ വിചാരിക്കാതിരിപ്പാൻ അവർ ആഗ്രഹിച്ചു. അയാൾ സേനാനിയുടെ അടുത്തു ചെന്നപ്പോൾ നിലത്തുള്ള വിളക്കിനരികത്തു വച്ച് ആ ഭീമകായൻ കടലാസു പരിശോധിക്കയായിരുന്നു. എന്നാൽ അയാളുടെ കഞ്ചുകത്തിലെ ഒരു കുടുക്ക് ഇളകിക്കാണപ്പെട്ടു. അപ്പോൾ നമ്മുടെ യുവാവു തീർച്ചപ്പെടുത്തി, അവരുടെ കടലാസു.തുണ്ടു് അയാൾ കഞ്ചുകത്തിൽ ഇട്ടു എന്നും പകരം അയാൾ കൊണ്ടുവന്ന കടലാസ് പരിശോധനയ്ക്കെടുത്തു എന്നും.

ആ ഭടൻെറ മുഖം യാതൊന്നും അറിയാത്ത ഭാവം വഹിച്ചു. എന്നിട്ടും അയാൾ കടലാസിനെ സൂക്ഷിച്ചുകൊണ്ടിരുന്നു. ഒടുവിൽ ശിരസ്സു ചലിപ്പിച്ചുകൊണ്ടു പറഞ്ഞു-

"കടലാസുനിർമ്മാണത്തെപ്പററി പഠിക്കാൻഒരു ദിവസത്തിൽ കൂടുതൽ കാലം വേണമെന്നു ഞാൻ ഉദ്

ഹിക്കുന്നു. ഇതുകൊണ്ടൊന്നും അറിയാൻ നിവൃത്തി യില്ല."

ഈ വാക്കുകളോടുകൂടി ദമനകൻ കടലാസ് അമരനാഥൻെറ കയ്യിൽ കൊടുത്തു. പിന്നീടല്പനേരംകൂടി സംഭാഷണംചെയ്തിട്ടു സേനാനി യാത്രപറഞ്ഞുപോയി

"അട്ടക്കളത്തറ കഴിക്കാൻ പോയിരിക്കയാണു"
—ഭാർഗവൻ പറഞ്ഞു. അമരനാഥൻ ചിരിച്ചു.

ദമനകൻ മോഷ്ടിച്ച കടലാസുംകൊണ്ടു പോയി വേണ്ട പരീക്ഷണങ്ങൾ നടത്തിയതിൽ "അട്ടക്കളത്തറയിൽ" എന്നു കാണുകയാൽ അയാൾ ആഹ്ലാദഭരിതനായി രാഷ്ട്രകൂടൻെറ ഗൃഹംനോക്കി യാത്രയായി. ആ ഗൃഹത്തിൻെറ സമീപത്തായി ഒളിച്ചുപാൎത്തുകൊണ്ടു ഗൃഹത്തിലെ അട്ടക്കളയിൽ കടക്കുവാനുള്ള മാൎഗ്ഗമെന്തെന്നാലോചന തുടങ്ങി. രാഷ്ട്രകൂടൻ മിക്ക സമയത്തും ഗൃഹത്തിൽ കാണുക പതിവില്ല. അയാളുടെ ഭാൎയ്യ ദേവകിയാണു ഗൃഹഭൎത്രി. പിന്നെ മഹോദരനെന്ന ഭൃത്യനും, നാഗാക്ഷിയെന്നു പേരുള്ള ഒരു വേലക്കാരിയുമാണു ഗൃഹകാൎയ്യങ്ങൾ യാതൊരു താഴ്ചയും വരാതെ അന്വേഷിക്കുന്നതു് രാഷ്ട്രകൂടൻ കഴിഞ്ഞാൽപിന്നെ ആ ഗൃഹത്തിൽ എല്ലാംകൊണ്ടും പ്രാധാന്യം മഹോദരനുതന്നെയാണു്

ഈ പരമാൎത്ഥം മനസ്സിലാക്കിയ സേനാനി മെല്ലെ മഹോദരനോടടുത്തുകൂടി. പണം വേണ്ടുവോളം കൊടുത്തും പ്രബലപ്പെട്ട പ്രഭുകുടുംബങ്ങളുമായി പരിചയത്തിനുള്ള മാൎഗ്ഗങ്ങൾ കാട്ടിക്കൊടുക്കാമെന്നും മററും വാഗ്ദാനംചെയ്തും മഹോദരനെ വശത്താക്കി ആ

ഭീമൻ രാത്രിതോറും ഗൃഹത്തിലെ അടുക്കള കിളപ്പി ച്ചുതുടങ്ങി. രാത്രി വളരെ ഇരുട്ടിയശേഷമേ രാഷ്ട്ര കൂടൻ ഗൃഹം സന്ദർശിക്കാറുണ്ടായിരുന്നുള്ളു. അതു കൊണ്ടു് അയാൾ വരുന്നതുവരെ അടുക്കള കിളച്ചു പ രിശോധിക്കാൻ മഹോദരൻ വേണ്ട സഹായം ചെയ്തു കൊടുത്തു. ഇങ്ങനെ നിത്യവും മുടങ്ങാതെ രാഷ്ട്രകൂടഭ വനത്തിൽ അയാളറിയാതെ ജോലി നടന്നുകൊണ്ടിരി ക്കവേ മനോരമയെ അപഹരിച്ചുകൊണ്ടുപോയ സ്ഥ ലമേതെന്നു കണ്ടുവരുവാനും കടലാസ്സുതുണ്ടിൽ കണ്ട ത്ത രഹസ്യം വിശദമാകുംവണ്ണം ഗ്രഹിപ്പാനുള്ള മാർഗ്ഗം ആരായ്വാനുമായി ഭാർഗവൻ, അമരനാഥന്റെ നിർദ്ദേ ശത്തോടുകൂടി തിരിച്ചു.

രവിശേഖരം റെയിൽവേസ്റ്റേഷനിൽ ഇറങ്ങി അ യാൾ രാഷ്ട്രകൂടന്റെ ഭവനം ചോദിച്ചറിഞ്ഞു സ ന്ധ്യയോടുകൂടി ഗൃഹസമീപത്തിൽ എത്തി. രാത്രി നല്ല ഇരുട്ടാവാൻവേണ്ടി അദ്ദേഹം സദനപരിസര ത്തിൽത്തന്നെ തങ്ങി ആരുടെയും കണ്ണിൽപെടാതെ കഴിച്ചുകൂട്ടി. വൃക്ഷങ്ങൾ നിബിഡമായി വളർന്നുനിന്നി രുന്ന അതിവിശാലമായ ഒരു വളപ്പിന്റെ മദ്ധ്യത്തി ലായിരുന്നു പ്രസ്തുത ഭവനത്തിന്റെ സ്ഥിതി. ദുർഗ്ഗാ കൃതിയിൽ അതിബൃഹത്തായി നിർമ്മിക്കപ്പെട്ട ഈ ഭ വനത്തിന്റെ പേരു് "ശിലാദുർഗ്ഗ"മെന്നാണു്. "രവി ശേഖരം" ഗ്രാമത്തിലും സമീപപ്രദേശങ്ങളിലും ഈ ഗൃഹം സുപ്രസിദ്ധമായിരുന്നു. പണ്ടു് ഒരു പ്രഭുവി ന്റെ വകയായിരുന്ന ഈ വീടു സമീപകാലത്തു രാഷ്ട്ര കൂടൻ വിലയ്ക്കു വാങ്ങി എന്നത്രെ കിംവദന്തി.

നല്ല ഇരുട്ടായതോടുകൂടി ഭാർഗ്ഗവൻ സായുധനായി വീട്ടിന്റെ പിന്നിലുള്ള വൃക്ഷസമൂഹത്തിനിടയിൽ കടന്നു നിലകൊണ്ടു. അവിടെനിന്ന് ഇരുട്ടിൽകൂടി സൂക്ഷിച്ചുനോക്കി. ഗൃഹത്തിനുള്ളിൽ പലയിടത്തും വിളക്കുകൾ കാണപ്പെട്ടു. ദേവകിയും ഭൃത്യമിഥുനവും രാഷ്ട്രകൂടന്റെ ഭൃത്യനായ ഒരു വയോധികനും മാത്രം അകത്തുള്ളതായി ഭാർഗവൻ കണ്ടു. രാഷ്ട്രകൂടന്റെ പത്നിയുമായി പരിചയപ്പെടുവാനുള്ള ഉപായമെന്തെന്നുള്ള ചിന്തയായിരുന്നു പിന്നെ ഭാർഗവന്റെ ഹൃദയത്തെ അസ്വാസ്ഥമാക്കിയത്. ഏതായാലും അടുത്ത ദിവസം പകൽ സമയത്ത് അവളെ കാണാൻ ശ്രമിക്കാമെന്നുദ്ദേശിച്ച് ആ തരുണൻ തന്റെ വിശ്രമസ്ഥാനത്തേക്കു പോയി.

അടുത്ത നാൾ സായാഹ്നത്തിൽ ദേവകി ഗൃഹവളപ്പിന്റെ അതിർത്തിയിൽ ഉലാത്തുകയായിരുന്നു. സമീപത്തെങ്ങും ആരുംതന്നെ ഇല്ലെന്നുകണ്ട് ഭാർഗവൻ അവളെ സമീപിച്ചു. സുന്ദരനും ശീലസമ്പന്നനുമായ ആ തരുണൻ അന്നുതന്നെ ദേവകിയെ വശീകരിച്ചു. തുടർന്നു നാലഞ്ചുദിവസംകൂടി ഉണ്ടായ സന്ദർശനത്തിന്റെ ഫലമായി ദേവകിയുടെ ഏകസഹോദരൻ എന്നുള്ള വ്യാജേന ഭാർഗ്ഗവൻ പ്രതിബന്ധംകൂടാതെ ശിലാദർഗ്ഗഭവനത്തിൽ സ്വീകരിക്കപ്പെട്ടു. എന്നാൽ രാഷ്ട്രകൂടന്റെ മാത്രം ദൃഷ്ടിയിൽ പെടാതെയിരിക്കാൻ നമ്മുടെ യുവാവു വളരെ സൂക്ഷിച്ചു.

രാഷ്ട്രകൂടനുമായുള്ള നാലഞ്ചുകൊല്ലത്തെ ദാമ്പത്യജീവിതം ദേവകിയേ അത്യന്തംപരവശയാക്കിയിരുന്നു.

വിരൂപനും രാക്ഷസസ്വഭാവനും നീചനുമായ അയാളെ വെറുത്തുതുടങ്ങിയ ആ യുവതിക്ക് വല്ലതരത്തിലും അയാളുടെ ഭാൎയ്യാപദം ഉപേക്ഷിച്ചു രക്ഷ പ്രാപിക്കണമെന്നായിരുന്നു ആഗ്രഹം. അവളുടെ ഈ അഭിലാഷം സാധിച്ചുകൊടുക്കാമെന്ന് ഭാൎഗ്ഗവൻ വാഗ്ദാനം ചെയ്തു. അതിനു മുമ്പായി ഒരു ദിവസം അവിടത്തെ പഴയ മഹാനസത്തിൽതന്നെ പ്രവേശിപ്പിക്കണമെന്ന് ആ യുവാവ് തരുണിയോടപേക്ഷിച്ചു. ഈ അപേക്ഷയുടെ ഉദ്ദേശവും അദ്ദേഹം അവളെ ഗ്രഹിപ്പിച്ചു.

ദേവകിയ്ക്കു് അന്യദേശവാസിയായ ഒരു സഹോദരനുണ്ടെന്നും അയാൾ സ്വസഹോദരിയെ സന്ദൎശിക്കാൻ ഗൃഹത്തിൽ വന്നിട്ടുണ്ടെന്നുമുള്ള വാൎത്ത രാഷ്ട്രകൂടൻ അറിഞ്ഞു. ആ സഹോദരനെ ഒന്നു കാണണമെന്നുള്ള തന്റെ അഭിലാഷം അയാൾ സ്വപത്നിയെ ധരിപ്പിച്ചിരുന്നു. അതിനിടകൊടുക്കാതെ ഗൃഹത്തിൽനിന്നു രക്ഷപ്രാപിക്കണമെന്നു ദേവകി വിചാരിച്ചു. അവിടം വിടുന്നതിനുമുമ്പായി അടുക്കള ഒന്നു പരിശോധിക്കണമെന്നുള്ള ഭാൎഗ്ഗവന്റെ അഭിലാഷം സാധിപ്പാൻവേണ്ടി ഒരു ദിവസം മദ്ധ്യാഹ്നംകഴിഞ്ഞു് ദേവകിയും യുവാവുമൊരുമിച്ചു് നിലവറയിലേക്കു കടന്നു. അതിന്റെ ഒരറ്റത്തായിരുന്നു അടുക്കള. അവർ നിലവറയിൽ പ്രവേശിച്ചു് അല്പദൂരം ചെന്നപ്പോൾ രാഷ്ട്രകൂടൻ അതിനകത്തു നില്ക്കുന്നതു കണ്ടു. രണ്ടുപേരും സംഭ്രമിച്ചു തിരിഞ്ഞോടി. വഴിയിൽ കണ്ട ഒരു ചെറിയ പീഠത്തെ ആയുധമാക്കിക്കൊണ്ടാ

ണ് ഭാർഗ്ഗവൻ പലായനം ചെയ്തതു്. രാഷ്ട്രകൂടൻ അയാളെ ലക്ഷ്യമാക്കി വെടിവച്ചു. ഭാർഗവൻ പീഠം കൊണ്ടു് ആ വെടിയെ തടുത്തിട്ടു് ദേവകിയുടെ കയ്യിൽ കടന്നുപിടിച്ചുകൊണ്ടു് നിലവറയിൽനിന്നും വെളിക്കു ചാടി ഓടി റോഡിൽ കടന്നു. അവിടെ കണ്ട ഒരു മോട്ടോർവാഹനത്തിന്റെ ഉടമസ്ഥനോടപേക്ഷിച്ചു് കാറിൽ കയറി രണ്ടുപേരും "രവിശേഖരം" വിട്ടു ഓടിച്ചു പോയി.

ഇതിനിടയിൽ രാഷ്ട്രകൂടൻ തന്റെ കാറിൽ കയറി അവരെ പിൻതുടൎന്നു. ഭാർഗവനും ദേവകിയും നേരെ അമരനാഥന്റെ വസതിയിലെത്തി. രാഷ്ട്രകൂടനു് അവരുടെ ഗതി അറിവാൻ കഴിഞ്ഞില്ല. എന്തെന്നാൽ യാത്രയ്ക്കിടയിൽ ചില ശാഖാപാതകളിൽ പ്രവേശിച്ചു് ഭാർഗവനും ദേവകിയും രാഷ്ട്രകൂടന്റെ ദൃഷ്ടിപഥത്തിൽനിന്നു വളരെ അകലം പോയിരുന്നു. രാഷ്ട്രകൂടൻ അവരെ തേടി പട്ടണത്തിൽ അങ്ങുമിങ്ങും സഞ്ചരിച്ചു.

ദേവകിയെ അമരനാഥന്റെ സമീപത്താക്കിയിട്ടു് ഭാർഗവൻ വീണ്ടും രവിശേഖരത്തെ ലക്ഷ്യമാക്കി തിരിച്ചു. രാഷ്ട്രകൂടൻ തിരിയെ വരുന്നതിനു മുമ്പു് ശിലാദുർഗ്ഗത്തിലെ മഹാനസത്തിൽ കടന്നു പരിശോധന നടത്താമെന്നായിരുന്നു ആ തരുണന്റെ വിചാരം. അയാൾ അതിവേഗത്തിൽ ആ ഗൃഹോപാന്തത്തിൽ എത്തി.

13

തങ്ങളുടെ യജമാനൻ വേഗം തിരിച്ചെത്തുമെന്നുള്ള ഭയത്താൽ വേപഥുപൂണ്ട "മഹോദര"നും "നാഗാക്ഷിയും" മലഞ്ചരിവിൽക്കൂടിയിറങ്ങി റെയിൽവേപാളത്തിൽ കയറി ആ വഴിയേ ഓടി രക്ഷപ്പെട്ടു. അവരുടെ നിർഗ്ഗമനത്തെപ്പററി ഭാർഗ്ഗവനു യാതൊരറിവും ഇല്ലാഞ്ഞതിനാൽ അയാൾ തന്റെ തോക്കും കയ്യിലാക്കിക്കൊണ്ടു് ഗൃഹവളപ്പിനെ സമീപിച്ചു.

സായുധനായി പുൽത്തകിടിയുടെ അതിർത്തിയിൽ നിന്നുകൊണ്ടു് അയാൾ ഗൃഹത്തെ സശ്രദ്ധം പരിശോധിച്ചു. അതിനുള്ളിൽ ഒരു ജീവിപോലും ഉള്ള ലക്ഷണം കാണപ്പെട്ടില്ല. അവിടത്തെ നിശ്ശബ്ദതയെ ആ യുവാവു് സ്വാഗതം ചെയ്തു. എങ്ങുംതന്നെ ഒരു മുഖവും പ്രത്യക്ഷമായില്ല. വൃക്ഷങ്ങളുടെ അടുത്തുകൂടിത്തന്നെ സഞ്ചരിച്ചു് അദ്ദേഹം വീടിന്റെ നാലുപുറവും നല്ലപോലെ കണ്ടു. മോട്ടോർവാഹനം സൂക്ഷിക്കപ്പെടുന്ന പുര തുറന്നു കിടന്നിരുന്നു. അതിൽ വാഹനവും ഉണ്ടായിരുന്നില്ല.

ഒടുവിൽ അദ്ദേഹം അടുക്കളയുടെ വാതിൽ തള്ളിനോക്കി. അതു പൂട്ടിയിട്ടില്ലെന്നു കണ്ടു് അകത്തു

പ്രവേശിച്ചു. അട്ടക്കളെ കണ്ട ക്ഷണത്തിൽതന്നെ, അവർ പോയി എന്നദ്ദേഹം തീർച്ചപ്പെടുത്തി.

അൽപ്പനേരവും സംശയിച്ചുനില്ക്കാതെ ഭാർഗവൻ കതകടച്ചു് അകത്തുനിന്നു പൂട്ടിയശേഷം കോണിപ്പടിയിൽക്കൂടി കീഴോട്ടിറങ്ങി. അട്ടക്കളെയുടെ തറ മുഴുവൻ കിളച്ചു മറിച്ചിരുന്നു. അട്ടപ്പായിരുന്നു ഭാർഗവന്റെ ഉദ്ദിഷ്ടസ്ഥാനം. അയാൾ നേരെ അങ്ങോട്ടു നടന്നു. ആദ്യമായി ചുവരു പരിശോധിയ്ക്കാൻ അദ്ദേഹം തീർച്ചപ്പെടുത്തി കയ്യിലുണ്ടായിരുന്ന ചുററികകൊണ്ടു് അദ്ദേഹം ചുവരിന്മേൽ നീളെ തട്ടി ചെവികൊടുത്തു. ഏതെങ്കിലും സ്ഥാനത്തു പൊള്ളയുണ്ടോ എന്നറിവാനായിരുന്നു ഈ പ്രയോഗം. അട്ടപ്പിനെ തൊട്ടുനില്ക്കുന്ന ചുവരിന്റെ ഒററത്തായി ഒരു സ്ഥാനം പൊള്ളയാണെന്നു സൂചിപ്പിക്കുമാറു ശബ്ദമുണ്ടായി ഭാർഗവൻ കന്റെ കല്ലുളി ആ സ്ഥാനത്തു കുത്തി ചുററികകൊണ്ടു തല്ലിയപ്പോൾ വലിയ പ്രതിബന്ധം കൂടാതെ ഉളി അകത്തേയ്ക്കിറങ്ങി. തുടന്നു് ചുമരിനുള്ളിൽനിന്നു് മണൽ പുറത്തേയ്ക്കു വീണുതുടങ്ങി. ആ തരുണന്റെ ഹൃദയം അതിവേഗത്തിൽ സ്പന്ദിച്ചു. അദ്ദേഹം ചുവരിന്റെ ആ ഭാഗം പൊളിക്കാൻ തുടങ്ങി. അൽപ്പനേരത്തിനുള്ളിൽ മണൽ മുഴുവൻ പുറത്തേയ്ക്കു വീണു. ചുവരിനകത്തുള്ള കല്ലിന് ഇളക്കം തുടങ്ങി. കയ്യിലുണ്ടായിരുന്ന വൈദ്യുതദീപത്തെ പ്രകാശിപ്പിച്ചു് ഭാർഗവൻ അകത്തേക്ക നോക്കി. ഒരു കല്ലിളകിയിരുന്നതിനെ അദ്ദേഹം ബലംപ്രയോഗിച്ചു വെളിയിലേക്കു വലിച്ചെടുത്തു. ഉത്തരക്ഷണ

ത്തിൽ പ്രത്യക്ഷപ്പെട്ടതു് പഴയ ഭാഷയിൽ പണിചെയ്യപ്പെട്ട ഒരു ചെറിയ ഇരുമ്പുപെട്ടിയായിരുന്നു. അതു ചുമരിനുള്ളിൽ ഭംഗിയായി ഉറപ്പിക്കപ്പെട്ടിരുന്നു. വിറയ്ക്കുന്ന കൈകളോടുകൂടി ഭാർഗവൻ ആ ഇരുമ്പുപെട്ടി പുറത്തേയ്ക്കെടുത്തു.

അടുപ്പിൻെറ മുമ്പിൽ അതിനെ നിക്ഷേപിച്ചിട്ടു് നമ്മുടെ യുവാവു കുനിഞ്ഞുകിടന്നുകൊണ്ടു് അതിനെ പരിശോധിക്കാൻ തുടങ്ങി. ഒൻപതംഗുലം വീതം നീളംവീതിയുള്ള ഒരു ചെറിയ ഇരുമ്പുപെട്ടി. തുരുമ്പുപിടിച്ചെങ്കിലും ആ പെട്ടി നല്ലപോലെ ഘനമുള്ളതായിരുന്നു. അതിനു വലിയ പഴക്കമുണ്ടെന്നു പ്രഥമദൃഷ്ടിയിൽതന്നെ കാണാം. മദ്ധ്യകാലത്തു നിലവിൽ ഇരുന്ന ഒരാഭരണപ്പെട്ടിയാണതെന്നു തോന്നിച്ചു അതു പൂട്ടിയിരുന്നു എങ്കിലും താക്കോൽ അതിലുണ്ടായിരുന്നില്ല. ഭാർഗവൻ അതിനെപ്പററി വിഷമിക്കാൻപോയില്ല, അദ്ദേഹത്തിൻെറ കല്ലുളി ഏതു ബലമുള്ള വസ്തുവിനെയും പിളക്കാൻ പോരുന്നതായിരുന്നു.

അദ്ദേഹം പെട്ടി തിരിച്ചും മറിച്ചും നോക്കിക്കൊണ്ടിരുന്നപ്പോൾ രാഷ്ട്രകൂടൻെറ ഉഗ്രസ്വരം മുകളിലായി കേൾക്കപ്പെട്ടു. ഭാർഗവൻെറ ഹൃദയം ത്രസിച്ചു. രാഷ്ട്രകൂടൻ തൻെറ ഭൃത്യമിഥുനത്തെ ശകാരിക്കയായിരുന്നു. അയാൾ അടുക്കളയിലേക്കു കടന്നുവരുമോ എന്നു ഭാർഗവൻ ഭയപ്പെട്ടു. ആശിച്ചിരുന്ന നിധി കയ്യിൽ കിട്ടിയ അവസരത്തിൽ ഈ വിഷമം വന്നുചേർന്നതു് നമ്മുടെ യുവാവിനു വല്ലാത്ത വ്യഥയു

ണ്ടാക്കി; ശത്രുവിന്റെ കണ്ണിൽപെടാതെ അവിടെ നിന്നും രക്ഷപെടുവാനുള്ള മാർഗ്ഗം അദ്ദേഹം ആലോചിച്ചുതുടങ്ങി.

അടുക്കളയിൽ അടുപ്പിന്റെ നേരെ മുകളിലായി പുക വെളിയിൽ പോകാൻ കൂരയിൽ ഉറപ്പിച്ചിരുന്ന കുഴൽ അദ്ദേഹം കണ്ടു. ഈ കുഴൽ ഏകദേശം ഒരാൾക്കു കടക്കാവുന്ന വിസ്തൃതിയുള്ളതായിരുന്നു. എന്നാൽ വളരെ പൊക്കത്തിൽ സ്ഥിതിചെയ്ത ആ കുഴലിന്റെ അടിവശത്തിൽ തൊടുവാൻ തറയിൽ നില്ക്കുന്ന ഒരാൾക്കു സാധ്യമായിരുന്നില്ല. അതിനാൽ അടുക്കളയിൽ പാത്രങ്ങളും മറ്റും സൂക്ഷിച്ചുവയ്ക്കാൻ ഉപയോഗിച്ചിരുന്ന പൊക്കമുള്ള ഒരു മേശ കിടന്നതിനെ എടുത്തു പുകക്കുഴലിന്റെ നേരേ താഴത്തു നിലത്തുകൊണ്ടിട്ട് അതിന്റെ മുകളിൽ കയറിനിന്ന് കുഴൽ ഇളക്കിയെടുക്കാൻ പണി തുടങ്ങി. ശബ്ദം പുറത്തു കേൾപ്പിക്കാതെ കഴിയുന്നതും മന്ദമായി കല്ലുളിയും ചുററികയും ഉപയോഗിച്ച് ഒരു മണിക്കൂറു സമയത്തിനുള്ളിൽ കുഴൽ ഇളക്കിയെടുത്തു മേശപ്പുറത്തു വച്ചു. കുഴലുറപ്പിച്ചിരുന്ന ദ്വാരത്തെ ഒരാൾക്കു ദണ്ഡംകൂടാതെ കടക്കത്തക്കവണ്ണം വിസ്തൃതമാക്കി. മേശപ്പുറത്തു നിന്നുകൊണ്ടു ആ ദ്വാരത്തിലേക്കു കയറാൻ അവലംബമായിട്ട് ഒരു സാധനവും കാണാഞ്ഞതിനാൽ പൊക്കമുള്ള ഒരു പീഠം താഴത്തു കിടന്നിരുന്നതിനെ എടുത്തു മേശപ്പുറത്തിട്ട് അതിനു മുകളിൽ കയറിനിന്നപ്പോൾ ഭാർഗവന്റെ അരക്കെട്ടുവരെയുള്ള ശരീരാർദ്ധം ദ്വാരത്തിനു പുറത്തു കാണത്തക്കവണ്ണമുള്ള സ്ഥി

തിസൗകര്യം ലഭിച്ചു. വേഗത്തിൽ ഇരുമ്പുപെട്ടിയെ തൻെറ കീശയ്ക്കുള്ളിൽ നിക്ഷേപിച്ചിട്ട് ക്രരപ്പുറത്തു കൈ രണ്ടും ബലമായി ഊന്നിപ്പിടിച്ചുകൊണ്ട് നമ്മുടെ യുവാവ് പൊങ്ങി ക്രരപ്പുറത്തു കയറിനിന്നു. വളരെനേരം ശ്രമകരമായ പണിയിൽ ഏർപ്പെട്ടിരുന്ന അദ്ദേഹത്തിന് ബഹിർഭാഗത്തെ മന്ദമാരുതൻ വലിയ ആശ്വാസം നൽകി. അൽപ്പനേരം അങ്ങിനെ നിന്നശേഷം ഭാർഗവൻ മെല്ലെ നീങ്ങി നിലത്തു ചാടി. ഗൃഹത്തിനുള്ളിൽ അപ്പോഴും വെളിച്ചം കാണപ്പെട്ടു. രാഷ്ട്രകൂടൻ എന്തോ പരിശോധനകൾ നടത്തുകയായിരുന്നു.

നേരം നല്ലപോലെ ഇരുട്ടിയിരുന്നു എങ്കിലും ശത്രുവിൻെറ വീക്ഷണഗതിയിൽ താൻ ചെന്നുപതിച്ചെങ്കിലോ എന്നുള്ള ഭയം നിമിത്തം ഭാർഗവൻ വേഗത്തിൽ നടന്ന് കുന്നിൻചരുവിൽക്രൂടി താഴത്തേയ്ക്കിഴഞ്ഞുവീണു. ആപത്തുകളൊന്നും പററാതെ വിജയശ്രീലാളിതനായി തൻെറ ചിരകാലാഭിലാഷത്തെ സാധിച്ച ആ തരുണൻ നിലത്തിരുന്ന് അൽപ്പനേരം വിശ്രമിച്ചു. പിന്നീടെഴുന്നേററ് റയിൽപാതയിൽ കയറി ഏകദേശം കാൽ നാഴിക ദൂരം നടന്നപ്പോൾ "രവിശേഖരം" റയിൽവേസ്റ്റേഷനിൽ എത്തി. വഴിയിൽ പറന്നുകിടന്ന ഒരു വർത്തമാനപ്പത്രമെടുത്ത് അദ്ദേഹം തൻെറ ഇരുമ്പുപെട്ടി പൊതിഞ്ഞുവച്ചു. വെളിച്ചത്തേയ്ക്കു നീങ്ങിനിന്നു നോക്കിയപ്പോൾ തൻെറ ദേഹം മുഴുവൻ മണ്ണും പൊടിയും അണിഞ്ഞിരിക്കുന്നതായി കണ്ടു. ഏതുവിധ ദുരിതങ്ങൾ അനുഭവിച്ചാലും അ

ഭിലഷിതമായ അനർഘവസ്തു തനിക്കു ലഭിച്ചുവല്ലോ എന്നു ഭാർഗവൻ ആശ്വസിച്ചു.

ഒരു വണ്ടിവന്നു. അതു തന്റെ ഉദ്ദിഷ്ടസ്ഥല ത്തേക്കല്ലെങ്കിലും ശത്രുവിന്റെ ഗൃഹസാമീപ്യത്തെ ഒ ഴിക്കാമല്ലോ എന്നുദ്ദേശിച്ചു ഭാർഗവൻ അതു ട്രെയി നിൽതന്നെ കാത്തിരുന്നു. വഴിക്കു അദ്ദേഹം "ശംഖ തീർത്ഥം" സ്റ്റേഷനിൽ ഇറങ്ങി അന്വേഷിച്ചപ്പോൾ അഞ്ചുനിമിഷത്തിനുള്ളിൽ സെൻട്രൽ സ്റ്റേഷനിലേക്കു ഒരു എക്സ്പ്രസ്സുണ്ടെന്നു കണ്ടു. അപ്പോൾ ഭാർഗവൻ അമരനാഥനെ ഫോണിൽ വിളിച്ച് ഇങ്ങനെപറഞ്ഞു.

"ഞാനതു കൈക്കലാക്കി."

"എന്തൊന്നു കൈക്കലാക്കി" എന്നു സംഭ്രമസൂച കമായ ഒരു ചോദ്യമുണ്ടായി.

ഭാർഗ—അതു് ഒരു ഇരുമ്പുപെട്ടിക്കുള്ളിലായതു കൊണ്ടു് എന്താണെന്നു് എനിക്കറികവയ്യ.

"നിങ്ങളെവിടെ നില്ക്കുന്നു?"-അമരനാഥൻ ചോ ദിച്ചു.

"ശംഖതീർത്ഥം സ്റ്റേഷനിൽ. കേൾക്കു, ഇപ്പോൾ പോലീസുകാരെ തെയ്യപ്പെടുത്താമെങ്കിൽ രാഷ്ട്രകൂട നെ അയാളുടെ വീട്ടിൽവച്ചുതന്നെ പിടികൂടാം. അ വൻ, നിലവറയിൽ ഇട്ടു് എന്റെ കാര്യം തീർക്കാൻ ശ്ര മിക്കയാണു്"—ഭാർഗവൻ പറഞ്ഞു.

അമര—എന്തു്?

ഭാർഗ--ഞാൻ അവനെ കളിപ്പിച്ചു രക്ഷപ്പെട്ടു.

അമര—ഇപ്പോൾത്തന്നെ പോലീസിൽ അറിവു കൊടുക്കാം.

ഭാർഗ—എന്നാൽ കേട്ടോളു; അവൻ പോലീസുകാരുടെ കയ്യിൽനിന്നു രക്ഷപ്പെട്ടുന്നാപക്ഷം ഇന്നുരാത്രിയിൽ മനോരമയെ വെളിയിലെങ്ങും കാണിക്കരുതു് ആശാഭംഗത്താൽ ചിത്തഭ്രമം പിടിപെട്ടിട്ടു് ആ രാക്ഷസൻ—"

അമര—ശരി, എനിക്കു മനസ്സിലായി. ദേവകി അവളുടെ കഥ എന്നോടു പറഞ്ഞപ്പോൾ എനിക്കും ആ വിചാരം ഉണ്ടായി. അപ്പോൾത്തന്നെ ഹേമഖണ്ഡത്തിൽചെന്നു് ആ കുട്ടിയെ ഞാൻ കൂട്ടിക്കൊണ്ടു പോന്നു.

ഭാർഗ—ദൈവം രക്ഷിക്കട്ടെ. ദേവകി എവിടെ പാൎക്കുന്നു?

അമര—അവളുടെ ഇഷ്ടപ്രകാരംതന്നെ ഞാൻ അവളെ ചക്രനഗരിക്കുള്ള ട്രയിനിൽ കയററി അയച്ചു. അവിടെ എന്റെ സ്നേഹിതന്മാർ ഇപ്പോഴത്തേക്കു് അവളെ സൂക്ഷിച്ചുകൊള്ളും.

ഭാർഗ—ഇതാ ട്രെയിൻ വരുന്നു, അരമണിക്കൂറിനുള്ളിൽ ഞാൻ വീട്ടിലെത്തും.

അതൊരു നാടകീയമായ ഗൃഹാഗമനമായിരുന്നു. ഭാർഗവൻ പടി തുറന്നപ്പോൾ മനോരമയും അമരനാഥനും ജയരാമനും വാതില്ക്കലേക്കു് ഓടിവന്നു. ആ യുവാവിനെക്കണ്ടപ്പോൾ മനോരമയുടെ പ്രസാദപേശലമായിരുന്ന മുഖം കറുത്തു.

"അയ്യോ! ഭാർഗവാ, നിങ്ങൾ എവിടെയെല്ലാം കയറിയിറങ്ങിവരുന്നു?"-ആ പെൺകിടാവു ചോദിച്ചു.

"ഒരു കുഴൽദ്വാരത്തിൽ കൂടെ. അമ്പതുകൊല്ലമായി അവിടത്തെ പൊടി തട്ടിക്കളഞ്ഞിട്ട്. അതുകൊണ്ടു് ഇന്നു ഞാൻ ആ വേല ചെയ്തു"–ഭാർഗവൻ പറഞ്ഞു.

മനോ–വിനോദം പറയാതിരിക്കൂ. താങ്കൾക്കു വല്ല മുറിവും പററിയോ?"

ഭാർഗ—മുറിവോ? ഞാൻ നവാക്കപുരിയിലെ ഏററവും വലിയ പ്രയത്നശാലിയാണ് ഞാൻ പുത്രനായി ജനിച്ചുവരികയുമാണ് ഒരുമണിക്കൂറുനേരത്തെ പ്രായമേയുള്ളു എനിക്ക്.

മനോ–എന്തൊന്നാ താങ്കൾ പറയുന്നതു്?

ഭാർഗ–അതൊന്നും ഇപ്പോൾ ശ്രദ്ധിക്കേണ്ട. ഞാൻ കൊണ്ടുവന്നിരിക്കുന്നതു് എന്താണെന്നു നോക്കൂ.

ഭാർഗവൻ കടലാസിൽ പൊതിഞ്ഞ ആ പെട്ടി കാട്ടി.

"അതു് ഇവിടെ കൊണ്ടുവരൂ. നമുക്കെല്ലാവർക്കും കാണത്തക്കവിധത്തിൽ അതു മേശപ്പുറത്തു വയ്ക്കൂ"–അമരനാഥൻ ഭക്ഷണശാലയിലേക്കു വഴികാണിച്ചുകൊണ്ടു പറഞ്ഞു.

ഭാർഗവൻ അതു മേശമേൽ വച്ചു. അതു പൊതിഞ്ഞിരുന്ന കടലാസു താഴെ വീണു. അപ്പോൾ പുരാതനമായ ആ ചെറിയ ആഭരണപ്പെട്ടി അവർക്കു് അക്ഷിഗോചരമായി. അത്ഭുതജന്യമായ ഒരു ആഹ്ലാദസ്വരം നാലുപുറത്തും കേൾക്കപ്പെട്ടു.

"ഓ! എത്രമാത്രം അപൂർവമായ ഭംഗിയുള്ളതു് ഫ

റഞ്ഞതും ആയിരംവർഷത്തെ പഴക്കംവരും ഇതിനു്"
മനോരമ പറഞ്ഞു.

"ഇല്ലെങ്കിലും അതിൽ പകുതി വർഷത്തെ പഴക്കം തീർച്ചയായുമുണ്ടു്"-അമരനാഥൻ പറഞ്ഞു.

"സംശയമില്ല. ഇനി അതിൻെറ അകത്തെന്താണെന്നു നമുക്കൊന്നു പരിശോധിക്കാം"എന്നു പറഞ്ഞു കൊണ്ടു ഭാർഗവൻ ഉളിയും ചുററികയും മേശപ്പുറത്തു വച്ചു.

"പൂട്ടു്, ഒരു പ്രത്യേകതരത്തിലുള്ളതാണു്. അതു തല്ലി പൊട്ടിക്കുന്നതു് എന്തു കഷ്ടം"-അമരനാഥൻ പറഞ്ഞു.

"ഇതു തുറക്കാൻ അറിയാവുന്ന ഒരു കൊല്ലനെ തേടി എവിടെ പോകാനാ"-ഭാർഗവൻ പറഞ്ഞു.

അമര—അതു പ്രയാസം.

ഭാർഗവൻ താഴെയിരുന്ന പെട്ടി തൻെറ കാൽമുട്ടുകൾക്കിടയിൽവച്ചു. ഈയരാമൻ അടുക്കളയിൽനിന്നു് ഒരു ചുററികയെടുത്തുകൊണ്ടുവന്നു. അതുകൊണ്ടു പത്തുപന്ത്രണ്ടടി കൊടുത്തപ്പോൾ പെട്ടിയുടെ മൂടിപൊളിഞ്ഞു. ഭാർഗവൻ അതു തിരിയെ മേശപ്പുറത്തു വച്ചു.

"അതു തുറക്കുക, ഭവതിയുടെ വകയാണതു്"-ആ യുവാവു പറഞ്ഞു.

പെൺകിടാവു ചകിതയെന്ന മട്ടിൽ തൻെറ കൈ അകത്തിട്ടു മെല്ലെ മൂടി വലിച്ചെടുത്തു. വളരെ പഴക്കംചെന്ന ചുവന്നസൂഥ്മപടംകൊണ്ടുണ്ടാക്കിയ ഒരു സഞ്ചി അടിയിൽ കാണപ്പെട്ടു. അതിൻെറ മുകളി

ലായി വെളുത്ത ഒരു ക്രൂട്ട കിടന്നു. മനോരമ ഒന്നു ഉ ടിച്ചു.

"അതു തുറക്കുക, തുറക്കുക. ഭവതിക്കാണതു്"-അ മരനാഥൻ പറഞ്ഞു.

മനോരമയുടെ മനോഹരമായ കൃശാംഗുലികൾ വിറച്ചു. ആ എഴുത്തുകൂട്ടിൽ രണ്ടു കടലാസുകൾ മട ക്കിവച്ചിരുന്നു. പുറത്തു് ഒരു രക്ഷയുണ്ടായിരുന്നതി നാൽ അതിനു കേടൊന്നും ഭവിച്ചിരുന്നില്ല. തരളചി ത്തയായി അവൾ അതു വായിച്ചു.

"അതു് എൻെറ അച്ഛൻെറ പക്കൽനിന്നാണു്" അവൾ അതു വലിച്ചെടുത്തു് അധരത്തോടണച്ചു. എ നിക്കതു നേരെ മനസ്സിലാകുന്നില്ല" എന്നു് അതു് അമര നാഥൻെറ കയ്യിൽ കൊടുത്തിട്ടു പറഞ്ഞു.

"ഇതു ഭവതിയുടെ പിതാവിൻെറ മരണപത്രിക യാണു്"—അതു വായിച്ചുശേഷം അമരനാഥൻ പറ ഞ്ഞു.

"ഭവതി ആരെന്നുള്ള വസ്തുത അതു യഥാർത്ഥ മായി വെളിപ്പെടുത്തുന്നുവെന്നു ഭവതി കാണുന്നില്ലേ?" എന്നു തുടൎന്നു പറഞ്ഞുകൊണ്ടു് അമരനാഥൻ അതു ഭാർഗവനെ ഏല്പിച്ചു.

അദ്ദേഹം ഇങ്ങനെ വായിച്ചു-

"മുകളിൽ കാണുന്നതു് എൻെറ പുത്രിയായ "മനോ രമ" ശിശുവായിരിക്കുമ്പോൾ എടുത്ത അവളുടെ വി രലടയാളമാണു് അവൾ എൻെറ ഏകപുത്രിയും അ വകാശിയുമാണു് "

കാത്തവീര്യൻ

സാക്ഷികൾ—

1) മദനമോഹിനി

2) ഭാരതി

ഇതിനിടയിൽ മനോരമ സൂര്യപടസഞ്ചി പെട്ടി യിൽനിന്നു വലിച്ചെടുത്തു. ഈ ക്രിയയിൽ വളരെ പ ഴക്കമുള്ള ആ തുണി രണ്ടായി കീറുകയും ഒരു സ്വർ ണ്ണ കിരീടം മേശപ്പുറത്തു വീഴുകയും ചെയ്തു.

അവിടെ കൂടിയിരുന്നവരെല്ലാം ആശ്ചര്യസൂചക മായ സ്വരത്തോടുകൂടി പിന്നിലേക്കു നീങ്ങിനിന്നുകൊ ണ്ടു കിരീടത്തെ തുറിച്ചുനോക്കി. ആ കിരീടത്തിന്റെ സ്വഭാവം ഒന്നു പ്രത്യേകമായിരുന്നു. അനേകം സുവ ർണ്ണപർണ്ണങ്ങൾകൊണ്ടലങ്കരിച്ച ഒരു വീതിയുള്ള സു വർണ്ണനാടകിരീടത്തിനു ചുററും പ്രഭാപ്രസരം ചൊരി ഞ്ഞുകൊണ്ടു വർത്തിച്ചു. മററു കിരീടങ്ങളെക്കാൾ ഇതു പഴക്കമുള്ളതും മോടിയില്ലാത്തതുമായിരുന്നു.

അമരനാഥൻ പറഞ്ഞു—"ഈ കിരീടം സംബ ന്ധിച്ച് എന്റെ മനസ്സിലെ സങ്കല്പം ശരിയായിരി ക്കുന്നു."

"എനിക്കതു വേണ്ട"—മനോരമ അസന്തുഷ്ടയെ ന്നപോലെ പറഞ്ഞു.

ഭാർഗവൻ ഒന്നും പറഞ്ഞില്ല. ആ തരുണന്റെ ഹൃദയം ഭാരവഹിനമായി.

ഒടുവിൽ അമരനാഥൻ മൌനം ഭഞ്ജിച്ചു.

"ഇതു പെട്ടിയെക്കാൾ പഴക്കമുള്ളതാണ് എത്ര മനോഹരമായിരിക്കുന്നു. ഇതു ഭൂമിയിലുള്ള ഏററവും അനർഘമായ വസ്തുക്കളിൽ ഒന്നുതന്നെ സംശയമില്ല."

ഭാർഗ--"എന്നാൽ എവിടെനിന്നാണ് ഇതു കിട്ടിയതു്. ഈവിധമുള്ള കിരീടം ഏതെങ്കിലും നഷ്ടപ്പെട്ടിരുന്നുവെങ്കിൽ അതിനെക്കുറിച്ചു നിങ്ങൾ കേൾക്കേണ്ടതായിരുന്നു".

അമര--"കഴിഞ്ഞ പതിനാറുവർഷത്തിനിടയ്ക്കുണ്ടായ മാററങ്ങൾ എന്തെല്ലാമെന്നു ആർക്കു് എങ്ങനെ പറവാൻ സാധിക്കും? അനേകം കിരീടങ്ങൾ നഷ്ടപ്പെട്ടിരിക്കാം."

ഭാർഗ--എന്നാൽ നാം ഇതുവരെ ആ രഹസ്യം കണ്ടുപിടിച്ചിട്ടില്ല!

അമര-നാം ഇപ്പോൾ കണ്ടതിനെ പ്രസിദ്ധപ്പെടുത്തുക മാത്രമാണു നമ്മുടെ ജോലി.

ഭാർഗ--എന്നാൽ അതു പരസ്യമാക്കുക.

അമര--നിശ്ചയമായി. നമുക്കു ലേഖകന്മാരെ വിളിച്ചു് ഇതു കാണിക്കാം. അതിൻെറ ഫോട്ടോ എടുക്കാനും അവരെ അനുവദിക്കുക. ആയിരം സംവത്സരം പഴക്കമുള്ള ഒരു സ്വർണ്ണക്കിരീടം എന്നായിരിക്കണം വൃത്താന്തം.

ഭാർഗ--പക്ഷേ, കഥ മുഴുവൻ പുറത്താകുന്നപക്ഷം അതു് അനേകവിഷമങ്ങൾക്കു് ഇടവരുത്തും. ഈ കൊലക്കേസ്സു തേഞ്ഞുമാഞ്ഞു പോകാൻ കാരണമായിത്തീരും.

അമര--ഇനി അയാളെ മാഴ്ക്കാൻ തക്ക പരിണാഹം ഈലോകത്തിനുതന്നെ ഉണ്ടോ എന്നു സംശയമാണു് എങ്ങിനെയായാലും നമുക്കു് ഈ കഥ മുഴുവൻ പരസ്യമാക്കേണ്ട. അതു നമ്മുടെ രഹസ്യമാണു്

തൽക്കാലത്തേക്ക് അതിൻെറ ഒരംശം പ്രസിദ്ധപ്പെടു ത്താതെ വച്ചുകൊണ്ടിരിക്കാൻ നമുക്കധികാരമുണ്ട്. ആ കിരീടം അവരെ കാണിച്ചിട്ട്, അതു് എവിടെ നിന്നാണു കിട്ടിയതെന്നുള്ള വസ്തുത വെളിപ്പെടുത്തുന്ന കാര്യം നമുക്കു വിസമ്മതിക്കാം. രഹസ്യം അതിൻെറ വാത്സാമൂല്യത്തെ പ്രവൃദ്ധമാക്കും. ഇരുപത്തിനാലു മ ണിക്കൂറിനകം ഈ കിരീടത്തിൻെറ ചരിത്രവും അതു് അപ്രത്യക്ഷമാവാനുണ്ടായ പരിതസ്ഥിതികളും പഠി ക്കാൻ നാം കടപ്പെട്ടവരാണ് (മനോരമയെ നോക്കി) രാജകുമാരീ, അവിടുന്ന് എന്തു കല്പിക്കുന്നു?"

കുമാരി ഒന്നു ഞെട്ടി. അദ്ദേഹത്തിൻെറ നേരെ പാവനമായ വീക്ഷണങ്ങളെ പ്രക്ഷേപണം ചെയ്തു. അ നന്തരം സമ്പൂർണ്ണമായ ഒരു പാടലിമ അവളുടെ കോ മളവദനത്തിലെങ്ങും പ്രസരിച്ചു.

"താങ്കൾ തീർച്ചപ്പെടുത്തുക" എന്നവൾ മന്ദ സ്വരത്തിൽ പറഞ്ഞു.

"നല്ലതു്, വർത്തമാനപ്പത്രങ്ങളിൽ പ്രസിദ്ധപ്പെടു ത്തുവാൻ ഇപ്പോൾതന്നെ ഏർപ്പാടു ചെയ്താൽ നാള ത്തെ പ്രഭാതപ്പതിപ്പിൽ നമുക്കതു കാണാം."

14

പുരാതനമായ ആ രാജകിരീടത്തിൻെറ കഥ, അതിൻെറ ആലേഖ്യത്തോടൊന്നിച്ച് വർത്തമാനപ്പത്ര

ങ്ങളുടെ പ്രഭാതപ്പതിപ്പുകളിൽ പ്രത്യക്ഷപ്പെട്ടു. പ്രാതൽ കഴിച്ചുകൊണ്ടിരിക്കെ അമരനാഥനും, മനോരമയും ഭാർഗ്ഗവനും ഈ വർത്തമാനപ്പത്രങ്ങളെ പരസ്പരം കൈമാറി. മനോരമയുടെ നാമം ഇതിനോടു യാതൊരു വിധത്തിലും ബന്ധിക്കപ്പെട്ടില്ല. അമരനാഥൻ പറഞ്ഞു.

„പോലീസുവകുപ്പുകാർ ഇതിൽ താല്പര്യം പ്രകടിപ്പിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. അവരുടെ ചോദ്യങ്ങൾക്കുത്തരം പറയാതിരിക്കാൻ നമുക്കു സാധിക്കയില്ല. കമ്മീഷണർ എനിക്കു് ആളയയ്ക്കുന്നതിനുമുമ്പു് ഞാൻ അദ്ദേഹത്തെ പോയി കാണുകയാണു നല്ലതു്"

ഇക്കാര്യത്തിൽ കൂടുതൽ എന്തെങ്കിലും വിവരം ശേഖരിക്കാൻ നടക്കുന്ന ലേഖകന്മാരെ അകറ്റിനിർത്തിപ്പെട്ടുത്താൻ സന്നദ്ധനായി ഭാർഗവൻ നിന്നു. തല്ക്കാലത്തേക്കു് പുതിയതായി യാതൊരറിവും നൽകുകയോ മനോരമയെ രംഗപ്രവേശം ചെയ്യിക്കയോ ഉണ്ടാവരുതെന്നവർ നിശ്ചയിച്ചു.

രണ്ടു മണിക്കൂർ കഴിഞ്ഞു് അമരനാഥൻ തിരിച്ചെത്തി. രാഷ്ട്രദ്രോഹി പോലീസുകാരുടെ കയ്യിൽ നിന്നു രക്ഷപ്പെട്ടു് ഒളിച്ചുപോയി എന്നും അയാളെ വീണ്ടും ബന്ധിക്കാൻ അവർ പല വഴിക്കും കിങ്കരന്മാരെ നിയോഗിച്ചിട്ടുണ്ടെന്നും അയാൾ ധരിപ്പിച്ചു.

ഭാർഗ—സേനാനി മേനകനോ?

അമ—ഓ! അയാൾ "മധുരത്തി"തിലുണ്ടു്. അ

യാളുടെ പെട്ടി പോയതിൽ അയാൾ കോപിച്ചിരിക്കയാണു്.

അവർ മൂന്നുപേരും മുറിക്കുള്ളിൽ സംഭാഷണം ചെയ്തുകൊണ്ടിരിക്കെ ജയരാമൻ അവിടെ കടന്നുചെന്നു.

"എന്താ കാര്യം?" എന്നു് അമരനാഥൻ ചോദിച്ചു.

ജയരാ—സേനാനി ദമനകൻ വിളിക്കുന്നു.

അമര—അയാൾ ഇങ്ങോട്ടു വരാൻ പറയൂ.

മനോരമ അവളുടെ മുറിയിൽ കടന്നുവാതിലടച്ചു.

"സേനാനിയുടെ പക്കൽനിന്നു് എന്തെങ്കിലും അറിയണമെങ്കിൽ അതിലേക്കുള്ള നല്ല മാർഗ്ഗം ഒന്നും അറിയാനില്ലെന്നു നടിക്കുകയാണു്" എന്നു അമരനാഥൻ പറഞ്ഞു.

ഒരു ക്ഷണം കഴിഞ്ഞു് സേനാനിയുടെ ഘനത്താ പാദങ്ങൾ സന്ദർശനശാലയെ മുഖരിതമാക്കി.

"മാന്യരെ വന്ദനം, വന്ദനം.,, എന്നാശംസിച്ചു കൊണ്ടാണയാൾ അകത്തു കടന്നതു് "ഒടുവിൽ നിങ്ങളുടെ ശ്രമമെല്ലാം വിജയത്തിൽതന്നെ കലാശിച്ചു. അതിലേക്കു് എന്റെ ഹൃദയപൂർവ്വമായ അനുമോദനം സ്വീകരിക്കാൻ അപേക്ഷ." എന്നയാൾ തുടർന്നു പറഞ്ഞു.

"താങ്കളുടെ അനുമോദത്തിനു സമുചിതമായ ഞങ്ങളുടെ അഭിവാദ്യവും അംഗീകരിപ്പാൻ വിനയപുരസ്സരം പ്രാർത്ഥിക്കുന്നു" എന്നു രണ്ടുപേരും പറഞ്ഞു.

ദമ—വാസ്തവത്തിൽ നാമെല്ലാവരും ഒരേ ലക്ഷ്യ

ത്തെ ഉദ്ദേശിച്ചു പ്രവൎത്തിക്കയായിരുന്നു. നിൎഭാഗ്യവശാൽ എല്ലാം എന്നിൽനിന്നു മറച്ചുവച്ചിട്ടായിരുന്നു നിങ്ങളുടെ പെരുമാററം, അതുകൊണ്ടു് എനിക്കു നിങ്ങളെ ചതിക്കേണ്ടിവന്നു.

അമര—ഓ! അതിനെപ്പററി ഇപ്പോഴ് ഒന്നും പറയണമെന്നില്ല.

ഇതിനെ തുടൎന്നു് ഒരു നിശ്ശബ്ദത അവിടെയെങ്ങും പ്രസരിച്ചു. ഒടുവിൽ ആ സൈന്യനാഥൻ മൌനം ഭഞ്ജിച്ചു.

"നിങ്ങഠം പ്രസ്സിദ്ധപ്പെടുത്തു കൊട്ടത്തതിൽനിന്നു എത്രയോ കൂടുതൽ വിവരങ്ങഠം നിങ്ങഠംക്കറിവുണ്ടു്"

അമര—(ഒരു കള്ളപ്പുഞ്ചിരിയോടെ) സംശയമില്ല.

മേ—പ്രസ്‌കാരോടു് ഈ മറവെന്തിനായിരുന്നു.

അമര—നിങ്ങഠം പറഞ്ഞതു മനസ്സിലായില്ല.

മേ—മനോരമയെ സംബന്ധിച്ചു് നിങ്ങഠം ഒന്നും തന്നെ പറയാതിരുന്നതെന്താണു ഞാൻ ചോദിക്കുന്നതു്

അമര—മനോരമാ രാജ്ഞിയോ?

ഒരു ചെറിയ സ്വരസ്ഥൈൎയ്യത്തോടെ ഉച്ചരിക്കപ്പെട്ട ഈ വാക്കുകളെ ദൃശ്യമായ അസഹിഷ്ണുതയോടുകൂടിയാണു് സേനാനി ചെവിക്കൊണ്ടതു് അയാഠം പറഞ്ഞു.

"സംശയമില്ല രാജ്ഞിതന്നെ, പക്ഷേ തിരുമേനി ആ പദവി സ്വീകരിച്ച വിവരം ഞാനറിഞ്ഞില്ല"

അമര—ആ പദവി സ്വീകരിച്ചില്ലെങ്കിലും തോന്നുന്ന സന്ദർഭത്തിൽ സ്വീകരിക്കത്തക്കവണ്ണം അവരുടെ അധീനത്തിലാണല്ലോ അതു്.

ദമ—നിങ്ങൾക്കും എനിക്കും അതറിയാം, എന്നാൽ ലോകത്തിനു് നിയമസാധുവായ തെളിവു വേണമല്ലോ. ഭാരതഖണ്ഡത്തിലെ ഇതര ഭരണകൂട്ടങ്ങളെ തൃപ്തിപ്പെടുത്തുന്നതിനുമുമ്പു് ഇതിനു് എങ്ങിനെ അംഗീകാരം സിദ്ധിക്കും. പോരെങ്കിൽ ഇപ്പോഴത്തെ അവകാശവാദി—"

"നിങ്ങളുടെ സ്വാമി-" എന്നു് അമരനാഥൻ തന്ത്രത്തിൽ ഒരു പുതിയ നാമത്തെ ആവിഷ്ക്കരിച്ചു.

ദമ—അതേ, എന്റെ സ്വാമി നിശ്ചയമായി ഈ പെൺകിടാവിന്റെ അവകാശത്തിനു തക്കതായ തെളിവു് ആവശ്യപ്പെടുകതന്നെ ചെയ്യും.

അമ—വേണ്ട തെളിവു് ഞങ്ങടെ കയ്യിലുണ്ടു്

ദമ—പക്ഷെ ആ പെൺകുട്ടിയുടെ അച്ഛനമ്മമാർ മരിച്ചുപോയല്ലോ: അവളുടെ ആയ മരിച്ചു, ആയയുടെ ഭർത്താവും മരിച്ചു. പിന്നെ അവളുടെ യാഥാർത്ഥ്യത്തിനു് എങ്ങനെ തെളിവു ഹാജരാക്കും?

അമര—നാടു നീങ്ങിയ കാർത്തവീര്യമഹാരാജാവു് ശ്ലാഘനീയമായ ദീർഘദൃഷ്ടിയോടുകൂടി അതിനെ തന്റെ കിരീടത്തോടൊന്നിച്ചു് ഒരു പെട്ടിയിൽ അടക്കം ചെയ്തു വച്ചിരുന്നു.

ദമ—ഏതുതരത്തിലുള്ള തെളിവാണു്

അമര—അതു ഞാൻ വേണ്ട സമയത്തു് ഹാജരാക്കിക്കൊള്ളാം.

ദമന—എന്നാൽ "അളകേന്ദ്രമഹാരാജാ"വിന്റെ പ്രതിനിധിയെന്ന നിലയ്ക്ക് അതെന്താണെന്നറിവാനുള്ള അവകാശം നിശ്ചയമായി എനിക്കുണ്ട്"

"അളകേന്ദ്രമഹാരാജാവോ! ഏതു നരകമാണിതെ"ന്നു ഭാർഗവൻ ചിന്തിച്ചു.

അമര—സംശയമില്ല. നിങ്ങൾക്കു ലഭിച്ചിട്ടുള്ള വിശ്വാസപത്രം എപ്പോൾ ഹാജരാക്കുന്നുവോ അപ്പോൾ മുൻപറഞ്ഞ അവകാശവും സാധുവാണ്"

സേനാനി അധരത്തെ കടിച്ചമർത്തി അയാൾ പരുഷസ്വരത്തിൽ പറഞ്ഞു.

"ജനനത്തിൽത്തന്നെയുള്ള ഒരടയാളമോ മറ്റോ ആയിരിക്കാം."

അമര--ഓ! അതല്ല. ജന്മത്തിലെ അടയാളം ആൾ നിർണ്ണയപ്പെടുത്തുന്ന കാര്യത്തിൽ സാധുവായ ഒരാധാരമല്ല.

സേനാനി, അയാൾക്കുസഹജമായ ആത്മസംയമനം അല്പാല്പമായി ചോർന്നുപോകുന്നു എന്നു സ്വയം ധരിച്ചു. വളരെ പണിപ്പെട്ട് അയാൾ അതു വീണ്ടെടുത്തു. അയാൾ ചോദിച്ചു.

"മാന്യരെ, താങ്കൾ ആ രാജ്ഞിയെ വെളിച്ചത്തുകൊണ്ടുവരാത്തതെന്താണ്?"

അമര--വിശേഷിച്ചു കാരണമൊന്നുമില്ല. അതു ബന്ധപ്പെട്ട കാര്യങ്ങൾ നടത്തേണ്ട ആവശ്യം എനിക്കില്ല, അത്രയുള്ള... അല്ലെങ്കിൽത്തന്നെ രാജ്ഞിയെ എന്തിനായി വെളിച്ചത്തു കൊണ്ടുവരണം?

ദമ--കിരീടം കണ്ടുകിട്ടിയെന്നുള്ള വൃത്താന്തം "കു

ബേരാലയ"ത്തിൽ എത്തുമ്പോൾ അവിടെ ഒരു കലാപം ഉണ്ടാകും.

"കുബേരാലയം!" തന്റെ ബാല്യത്തിൽത്തന്നെ ആ ചെറുരാജ്യത്തെപ്പററി ഭാർഗവൻ കേട്ടിട്ടുണ്ട് ആ ഓർമ്മ ഇപ്പോഴും ഹൃദയത്തിൽ നിഴലിച്ചു.

അമര--ശരി. അളകേന്ദ്രന്റെ ഭരണമെല്ലാം കഴിഞ്ഞില്ലേ? അവിടെ ഒരു കലാപമുണ്ടാവാൻ കാരണമെന്തു്?

ദമ--അതു സംബന്ധിച്ചു് എന്തെങ്കിലും പറയേണ്ടതു ഞാനല്ല. അതു തനിത്താൻ വെളിപ്പെട്ടുത്തിക്കൊള്ളും.

അമര-അതു തികച്ചും പരമാർത്ഥമാണു്. .

ദമ--ആ കിരീടം എന്നെ കാണിക്കുന്നതിൽ വിരോധമുണ്ടോ? താൻ തേടിക്കൊണ്ടിരിക്കുന്ന ഒരു വസ്തു കാണ്മാൻ എല്ലാവർക്കും കൊതിയുണ്ടാകും.

അമര--ഒരു വിരോധവുമില്ല.

ഈ വാക്കുകളോടുകൂടി അയാൾ മുറിവിട്ടു വെളിയിൽ കടന്നു.

അമരനാഥൻ പോയപ്പോൾ സേനാനിയുടെ തനിനിറം പുറത്തുചാടി. അയാൾ വലിയ വെമ്പലോടുകൂടി ഭാർഗവനോടു ചോദിച്ചു.

"അതു നിങ്ങൾക്കു് എവിടെനിന്നു കിട്ടി. എന്നോടു പറയുന്നതുകൊണ്ടു ദോഷമൊന്നും വരാനില്ല. ഉണ്ടോ?

ഭാർഗ്ഗ-ഒന്നുമില്ലെന്നാണു തോന്നുന്നതു് രാഷ്ട്രകൂടന്റെ നിലവറയിൽനിന്നാണു ഞാൻ അതെടുത്തതു്.

സേനാനിയുടെ മുഖം വാടി, അയാൾ പറഞ്ഞു- പക്ഷെ എന്റെ ആളുകൾ പറഞ്ഞതു നിലവറ ഒരററം മുതൽ മറേറ അററംവരെ കിളച്ചുമറിച്ചിരിക്കുന്നു എന്നാണു്.

ഭാർഗ--അതു പരമാർത്ഥം. പക്ഷെ കിരീടം കുഴിച്ചിട്ടിരുന്നതു തറയിലല്ല, ചുമരിന്നുള്ളിലാണു്

ദമ--നിങ്ങളവിടെ എങ്ങനെ ചെന്നുപററി?

ഭാർഗ--എന്നെ അവിടേയ്ക്കു നയിച്ചതാണു് ഞങ്ങൾ നിങ്ങളെ കാണിച്ച ആ വെള്ളക്കടലാസിൽ കിരീടം സൂക്ഷിച്ചുവച്ചിട്ടുള്ള സ്ഥാനമേതെന്നു കുറിച്ചിട്ടുണ്ടു് നിങ്ങൾ പോയശേഷം ഞങ്ങൾ കടലാസെടുത്തു പരീക്ഷിച്ചു. പെൻസിൽകൊണ്ടുള്ള പുള്ളിയിൽ ഒരു തീപ്പൊരി തൊട്ടുവിച്ചാൽ അതിലെ സന്ദേശം അഗ്ന്യക്ഷരത്തിൽ സ്വയമേവ എഴുതും. മനോരമയുടെ പിതാവു രസതന്ത്രത്തിൽ പ്രവീണനായിരുന്നിരിക്കണം.

ആ ഭീമകായൻ ദീനനായിത്തീന്നു.

കിരീടവും വഹിച്ചുകൊണ്ടു് അമരനാഥൻ തിരിച്ചെത്തി. സേനാനി കഠിനവ്യഥയോടുകൂടി അതിന്റെനേരെ നോക്കി. അതുകയ്യിൽ എടുക്കാനാമെന്നു് അയാൾ അഭിലാഷം പ്രകടിപ്പിച്ചില്ല. "അപ്പോൾ കിരീടം ഇങ്ങനെയാണിരിക്കുന്നതു്" എന്നുമാത്രം പറഞ്ഞു.

"അതിന്റെ ചരിത്രപരമായപ്രാധാന്യമോ പോകട്ടെ. അതിൽ കാണുന്ന ശില്പകലാവൈചിത്ര്യം വാചാമഗോചരംതന്നെ"-അമരനാഥൻ പറഞ്ഞു.

ദമ-അതിൻെറ ഉത്ഭവം ദൈവികമാണെന്നത്രേ വിശ്വസിച്ചുപോരുന്നത്.

"അതെ"

ദമ--നിങ്ങൾക്ക്അതിൻെറ ചരിത്രം അറിയാൻ പാടില്ലേ!

അമര-ഇല്ല; അതു കുബേരാലയത്തിലെ കിരീടമാണെന്നു മാത്രമറിയാം.

ദമ--ഇതു സ്വയം ഭൂവാണ് കുബേരാലയത്തിലെ ആദ്യത്തെ രാജാവിൻെറ കിരീടധാരണദിവസം രാജസന്നിധിയിൽ മുളച്ചുവന്നു എന്നാണൈതിഹ്യം.

അമര--അത്ഭുതംതന്നെ. ഈ കിരീടംകൂടാതെ അളകേന്ദ്രന് എങ്ങനെ ഭരിക്കാൻ സാധിക്കും?

സേനാനി അസ്വസ്ഥനായി മിണ്ടാതിരുന്നു.

"കിരീടം കണ്ടുകിട്ടുന്നതുവരെ എന്തെങ്കിലും കാരണംപറഞ്ഞു് അഭിഷേകം നീട്ടിക്കൊണ്ടുപോവുകയായിരിക്കും"എന്നു് അമരനാഥൻ പറഞ്ഞു.

സേനാനി ഒന്നും പറഞ്ഞില്ല. മറുപടി പറയാനുള്ള അയാളുടെ കഴിവില്ലായ്മതന്നെയായിരുന്നു ഉത്തരം. കിരീടം തിരിയെ കൊണ്ടുവയ്ക്കാനായി അമരനാഥൻപോയി.

ദമ--ഈ വൃദ്ധക്രോഷ്ടാവിൻെറ അടുത്ത അടവെന്താണു്?

ഭാർഗ---എനിക്കറികവയ്യാ. അദ്ദേഹത്തിൻെറ മനോഭാവം ആരെയും അറിയിക്കാറില്ല.

അമരനാഥൻ തിരിയെ വന്നപ്പോൾ സേനാനി അല്പം നീരസത്തോടെ പറഞ്ഞു-

"മനോരമയെ കണ്ടുകിട്ടിയെന്നു നിങ്ങൾ ലോകത്തെ അറിയിക്കണം."

"എന്തിന്?"--അമരനാഥൻ ചോദിച്ചു.

അമര--അളകേന്ദ്രനെ സ്ഥാനത്തുനിന്നു നീക്കുന്നപക്ഷം മററവകാശികൾ ഇല്ലെങ്കിൽ കുബേരാലയത്തിൽ ജനായത്തഭരണം സ്ഥാപിക്കാനിടയുണ്ട് മുമ്പൊരിക്കൽ നടന്നതു് അങ്ങനെയാണ് ഇതിലെന്തോ സംഗതിയുണ്ട്-അമരനാഥൻ ചിന്താഗ്രസ്തനായി പറഞ്ഞു. (സേനാനിയെ നോക്കി)

"ശരി, ഒന്നുരണ്ടുമണിക്കൂറിനുള്ളിൽ രഹസ്യത്തിന്റെ ആവശ്യമെല്ലാം തീരും. പിന്നെ ഞങ്ങൾ സകല കഥയും പ്രസ്സിലേക്കു കൊടുക്കും."

ദമ--ഒന്നുരണ്ടുമണിക്കൂറിനുള്ളിലോ?

"രാഷ്ട്രകൂടൻ" എന്നു് അമരനാഥൻ അർത്ഥവത്തായി പറഞ്ഞു.

ദമ--ഹാ! അയാളെ ആദ്യം പിടികൂടുവാനാണു നിങ്ങളുടെ ശ്രമം.

"അളകേന്ദ്രനെ ഒഴിച്ചുനിന്നപക്ഷം നിങ്ങൾക്കൊരു ജോലിയും ഇല്ലാതാകും" എന്നു് അമരനാഥൻ സേനാധിയോടുപറഞ്ഞു.

സേനാനായകൻ ചിരിക്കുന്നതായി ഭാവിച്ചു. എന്തെന്നാൽ അന്തരംഗത്തിൽ സന്തോഷത്തിന്റെ ഒരു കണികപോലും അയാൾക്കുണ്ടായിരുന്നില്ല.

"തീർച്ചയായിട്ടും എനിക്കു പിന്നെ വേറൊരു സ്വാമിയെത്തന്നെ അന്വേഷിക്കണം" എന്നയാൾ പറഞ്ഞു.

അതിൽ അന്തർലീനമായ സൂചനയെ അമരനാഥൻ സ്വീകരിക്കയോ ത്യജിക്കയോ ചെയ്തില്ല.

അമര—"കാർത്തവീര്യമഹാരാജാവ് കുബേരാലയത്തിൽനിന്ന് ഓടിപ്പോകാൻ എന്താണു കാരണമെന്നെനിക്കു മനസ്സിലാകുന്നില്ല. ജനങ്ങളുടെയിടയിൽ അക്കാലത്തു യാതൊരു കലാപവും ഉണ്ടായതുമില്ല."

ദമ—അക്കാലത്തു വലിയ രാജ്യങ്ങളിലെല്ലാം വിപ്ളവാത്മകമായ പല സംഭവങ്ങളുമുണ്ടായതിനാൽ ഒരു ചെറു രാജ്യമായ കുബേരാലയത്തിലെ സംഭവങ്ങളൊന്നും പുറത്തുവരാൻ ഇടയായില്ല. അയൽപക്കത്തുള്ള പ്രബലനായ ഒരു മഹമ്മദീയസുൽത്താൻ പെട്ടെന്ന് കുബേരാലയത്തെ ആക്രമിച്ചു യുദ്ധത്തിൽ പരാജിതനായ കാർത്തവീര്യൻ ഒളിച്ചോടിപ്പോകയാണുണ്ടായത്.

"അദ്ദേഹം ഒളിച്ചോടിപ്പോയതിനുശേഷം കുബേരാലയത്തിൽ എന്തെല്ലാം വിശേഷമുണ്ടായി"—അമരനാഥൻ ചോദിച്ചു.

ദമ—യുദ്ധം അൽപ്പകാലം കൂടി നീണ്ടുനിന്നു. മഹമ്മദീയർ രാജ്യം കൊള്ളയിട്ടു. പ്രജകൾ സൗരാഷ്ട്രത്തിലെ രാജാവിനോടു സങ്കടം പറഞ്ഞു. അദ്ദേഹം ഒരു വലിയ സേനയുമായി വന്ന് "അഹമ്മദപുരം" സുൽത്താനോടേററു. ഭയങ്കരമായ ആ യുദ്ധത്തിൽ മഹമ്മദീയർ നിശ്ശേഷം തോററു. അവർ കുബേരാലയം വിട്ടുപോകയും ചെയ്തു. സൗരാഷ്ട്രാധിപനായ പുരംജയ മഹാരാജാവു കുബേരാലയത്തിൽ സമാധാനം സ്ഥാപിച്ച് ജനങ്ങൾക്ക് ആശ്വാസം ഉണ്ടാകത്തക്ക ഒ

രു ഭരണക്രമം ഏർപ്പെടുത്തിയപ്പോൾ കാൎത്തവീൎയ്യ മഹാരാജാവിൻെറ അനുജനായ അളകേന്ദ്രൻ പുരംജയനെ ശരണം പ്രാപിച്ചു് തൻെറ ജ്യേഷ്ഠൻ വരുന്നതുവരെ രാജ്യഭാരം തന്നെ ഏൽപ്പിക്കണമെന്നു യാചിച്ചു. മഹാനുഭാവനും ആശ്രിതവത്സലനുമായ പുരംജയൻ സന്തോഷത്തോടുകൂടി രാജ്യം അളകേന്ദ്രനെ ഏല്പിച്ചു. അങ്ങനെയാണു് അളകേന്ദ്രനു രാജാധികാരം ലഭിച്ചതു്. കാൎത്തവീൎയ്യമഹാരാജാവിൻെറ ഗതിയെപ്പററി അന്വേഷിക്കാത്തതുകൊണ്ടു് രാജഭക്തന്മാരായ കുബേരാലയനിവാസികൾ കലാപം ഉണ്ടാക്കി. അളകേന്ദ്രൻെറ അന്വേഷണത്തിൽ കാൎത്തവീൎയ്യൻ "അമരപുര"ത്തിലുണ്ടെന്നറികയാൽ, തിരിച്ചു രാജ്യത്തിൽ വന്നു രാജ്യഭാരമേററുകൊള്ളുവാൻ അപേക്ഷിച്ചുകൊണ്ടു് അദ്ദേഹം ദൂതന്മാരെ അയച്ചു.

കാൎത്തവീൎയ്യൻ സ്വപത്നിയായ "മദനമോഹിനി"യോടും ചെറിയ പരിവാരത്തോടും ഒന്നിച്ചു് കുബേരാലയത്തിലേക്കു തിരിച്ചു. അവർ രാജ്യത്തിൻെറ അതിൎത്തികടക്കവേ, ഭാഗ്യദോഷത്താൽ ഒരു തസ്കരസംഘം അവരെ ആക്രമിച്ചു് എല്ലാവരെയും വധിച്ചു. യഥാൎത്ഥ സംഭവം എങ്ങിനെയെന്നിതുവരെ ഒരു തീൎച്ചയുമുണ്ടായിട്ടില്ല.

അമ—പൊതുജനങ്ങളുടെ ഇടയിൽ പരന്നിട്ടുള്ള കഥ ഇങ്ങനെയല്ല.

മദ—ഓ, എനിക്കു മനസ്സിലായി, കാൎത്തവീൎയ്യമഹാരാജാവിനെയും പത്നിയേയുംനാട്ടിലേയ്ക്കുവരുവാൻ പ്രേരിപ്പിക്കയും മാൎഗ്ഗമദ്ധ്യേ അവരെ കൊല്ലിക്കയും

ചെയ്തതു് അളകേന്ദ്രനാണെന്നു് ഒരു ഭയങ്കര കള്ളക്കഥ എല്ലായിടത്തും പരന്നതു് നിങ്ങളും കേട്ടിരിക്കും.

അമര—ഇതുവരെ ഞാൻ അക്കഥ കേട്ടിട്ടില്ല ഇപ്പോഠം നിങ്ങഠം പറഞ്ഞുകേട്ടതേയുള്ളു.

സേനാനി ഇളിഭ്യനായി. അയാഠം പറഞ്ഞു

"ആ കഥ എല്ലായിടത്തും പരത്തിയതു് അളകേന്ദ്രമഹാരാജാവു തിരുമനസ്സിലെ ശത്രുക്കളാണു് അതിൽ ഒരുവാക്കുപോലും സത്യമല്ല."

അമര—എന്നാലും ജ്യേഷ്ഠൻ മരിച്ചതിൻെറ ഫലമായി അളകേന്ദ്രൻ മഹാരാജാവായി ഭവിച്ചല്ലോ.

ദമ—അദ്ദേഹത്തിനു അതൊഴിക്കാൻ നിവൃത്തിയില്ലാതായി. അപ്പോഠം രാജ്യത്തിനു് ഒരു ശക്തനായ നാഥൻ ആവശ്യമായിരുന്നു.

അമ—അതുതന്നെയാണു് അവരെല്ലാവരും പറയുന്നതും.

ദമ-അളകേന്ദ്രൻ ഉറച്ച ഒരാളാണു്, എന്നല്ല നിഷ്ഠുരനെന്നുംകൂടി വേണമെങ്കിൽ പറയാം. കാലം അതിനെ സ്വാഗതം ചെയ്യുന്ന ഒന്നായിരുന്നു, എന്നാൽ അദ്ദേഹം ഒരു മാനശാലിയാണു്.

അമര-തനിക്കു ലഭിക്കാൻപോകുന്ന സ്വീകരണത്തെ സംബന്ധിച്ചു കാത്സവീര്യമഹാരാജാവിനുതന്നെ ഒരു ശങ്കതോന്നിയിരിക്കണം, എന്തെന്നാൽ തനിക്കുള്ള ഏററവും വിലയേറിയ രണ്ടുവകകളെ അദ്ദേഹം അമരപുരത്തിൽതന്നെ സൂക്ഷിച്ചുവച്ചിട്ടാണു പോന്നതു്. അതായതു് അദ്ദേഹത്തിൻെറ ശിശുവും കിരീടവും.

ദമന-ഞാൻ കണ്ടതുപോലെതന്നെ നിങ്ങളും അളകേന്ദ്രനെ കണ്ടിരിക്കണം. ദുസ്സഹസങ്കടത്താൽ മർദ്ദിക്കപ്പെട്ട ഒരു പ്രേതം തന്നെ! കാർത്തവീര്യമഹാരാജാവിൻെറ മരണം സംബന്ധിച്ചുള്ള വാർഷിക അടിയന്തിരദിവസം ഒരു മഹോത്സവമായിട്ടുതന്നെയാണ് കുബേരാലയത്തിൽ കൊണ്ടാടുന്നതു് രാജാംഗത്തിലെ സകല ഉദ്യോഗസ്ഥന്മാരും കറുത്തവസ്ത്രം ധരിച്ച് രാജാവിനകമ്പടിയായി ഘോഷയാത്ര നടത്തും. പ്രജകളും ആ ദിനത്തെ ഭക്തിയോടുകൂടി ആചരിച്ചുപോരുന്നുണ്ടു്.

അമര—ഇനി, മാന്യരേ, അളകേന്ദ്രമഹാരാജാവു് എന്തോ ചെയ്യട്ടെ; മേലാൽ അതിനെപ്പററി നാം എന്തിനന്വേഷിക്കണം. നിങ്ങളും ഞാനും കർമ്മശീലന്മാരല്ലേ?

ദമ-താങ്കൾ പറഞ്ഞതു പരമാർത്ഥം. എങ്ങിനെയായാലും ഞാൻ ധനസമ്പാദനത്തിനായി പ്രവർത്തിക്കുന്ന ഒരു ഭടൻ മാത്രമാണു് ഞാൻ അളകേന്ദ്രനെ വേണ്ടി വേലചെയ്തു എൻെറ മാസപ്പടിവാങ്ങി. ഞാൻ അദ്ദേഹത്തിനു യാതൊരുവിധത്തിലും ഋണബദ്ധനല്ല. എൻെറ നാടു് "അമരപുര"മാണു് കുബേരാലയത്തോടു എനിക്കൊരുബന്ധം പുലർത്തേണ്ടതുമില്ല.

അമര-ഹാ! അതുശരി, കാർത്തവീര്യമഹാരാജാവിൻെറ വധം നടന്നു കുറേകാലം കഴിഞ്ഞപ്പോൾ രാഷ്ട്രകൂടൻ അമരപുരത്തിൽ പ്രത്യക്ഷപ്പെട്ടു അല്ലേ?

ദമ-അതേ, അയാൾ കുബേരാലയത്തിലെ ചില വിപ്ളവകാരികളുടെ പ്രതിനിധിയാണു് കാർത്തവീര്യ

മഹാരാജാവു കിരീടംകൂടി കൊണ്ടുപോയെന്നും പിന്നെ അതു തിരിയെ കൊണ്ടുവന്നിട്ടില്ലെന്നും ഒരു കിംവദന്തി കുബേരാലയത്തിൽ സൎവ്വത്ര പ്രചരിച്ചിട്ടുണ്ടു്. കൂടാതെ മദനമോഹിനിമഹാരാജ്ഞി അമരപുരത്തിൽ വച്ചു ഒരു പെൺകുട്ടിയെ പ്രസവിച്ചുഎന്നും പ്രബലമായ ഒരുവാൎത്ത കുബേരാലയത്തിൽ എത്തിയിട്ടുണ്ടു്. ഇതിന്റെ പരമാൎത്ഥം അറിയാനായിട്ടാണു് രാഷ്ട്രകൂടൻ നിയോഗിക്കപ്പെട്ടിട്ടുള്ളതു്. കാൎത്തവീൎയ്യന്റെ മകളും, ആ പരിശുദ്ധ കിരീടവും തങ്ങളുടെ വിജയത്തെ സംബന്ധിച്ചിടത്തോളം, അളകേശനെക്കാൾ അതിപ്രബലമായ പ്രതിബന്ധങ്ങളാണെന്നു് വിപ്ലവകാരികൾ കണ്ടു.

"അതുകൊണ്ടു് രണ്ടും നശിപ്പിക്കാൻ രാഷ്ട്രകൂടനെ ചുമതലപ്പെടുത്തി അല്ലേ"—അമരനാഥൻ ചോദിച്ചു.

മദ—സംശയമുണ്ടോ. ഇതിന്റെ പ്രാരംഭകാലത്തു വിപ്ലവകക്ഷികൾ രാഷ്ട്രകൂടനു വേണ്ടുവോളം പണം കൊടുത്തുകൊണ്ടിരുന്നു. അതുകൊണ്ടാണു് കാൎത്തവീൎയ്യന്റെ വക ഭൂമിയും ധനവും വില്പനയ്ക്കു വന്നപ്പോൾ വാങ്ങാൻ അയാൾക്കു സാധിച്ചതു് കുറേ കഴിഞ്ഞപ്പോൾ വിപ്ലവകക്ഷികൾ പലവിധത്തിൽ ക്ഷീണം സംഭവിച്ചു. അവരുടെയിടയിൽതന്നെ ചില അന്തഃഛിദ്രങ്ങൾ പൊട്ടിപ്പുറപ്പെടുകയാൽ അവരുടെ കൂട്ടുകെട്ടു് ഛിന്നഭിന്നമായിത്തീൎന്നു. ക്രമേണ രാഷ്ട്രകൂടനു ലഭിച്ചുകൊണ്ടിരുന്ന ധനസഹായം നിലച്ചു. എന്നാൽ ദുരാഗ്രഹിയായ ആ രാക്ഷസൻ അവ

ൻെറ സാഹസകർമ്മത്തിന് തെല്ലും മാന്ദ്യം വരുത്തിയില്ല. കഴിയുമെങ്കിൽ സ്വപ്രയത്നം കൊണ്ടുതന്നെ കുബേരാലയത്തിലെ രാജവാഴ്ചയെ തകർത്ത് അവിടെ ഒരു ജനായത്തഭരണം സ്ഥാപിച്ച് സ്വയം അതിൻെറ അദ്ധ്യക്ഷനായി രാജ്യഭാരം നടത്തണമെന്നായിരുന്നു അയാളുടെ ആഗ്രഹം. എന്നാൽ കുബേരാലയത്തിലെ രാജകിരീടത്തെയോ ആ കിരീടത്തെ അർഹിക്കുന്ന രാജകന്യകയെയോ കണ്ടുപിടിക്കാൻ അയാൾക്കു സാധിച്ചില്ല.

അമര–നിങ്ങളെ അയച്ചതു് അളകേന്ദ്രനാണു് അല്ലേ?

ഭമ–ഓ, അതു് ഈയിടയ്ക്കാണു് എന്നെ അയയ്ക്കുന്നതിനു മുമ്പുതന്നെ അളകേന്ദ്രമഹാരാജാവിനു അനേകം പ്രതിനിധികൾ ഉണ്ടായിരുന്നു. എന്നാൽ അവർ ആ ദ്ദേഹത്തിൻെറ പണം വാങ്ങി ചെലവാക്കിയതല്ലാതെ ഒന്നും ചെയ്തില്ല. ഞാൻ സാരമായി ചിലതു ചെയ്തു. കാന്ഥവിസ്റ്റിൻെറ പുത്രിയെന്നു പറയപ്പെട്ടുന്ന ആ പെൺകിടാവിൻെറ ഗതിയെപ്പററിയും. കുബേരാലയത്തിലെ രാജകിരീടം സൂക്ഷിച്ചിരിക്കുന്ന സ്ഥാനത്തെ സംബന്ധിച്ച രഹസ്യം ഭരതൻ മറച്ചുവച്ചിരുന്ന ഒരു മരതകപ്പതക്കത്തിൽ അടങ്ങിയിരിക്കുന്നു എന്ന വസ്തുതയെപ്പററിയും വേണ്ട അറിവു ലഭിക്കുന്നതിനു് എനിക്കു സാധിച്ചു. എൻെറ പിന്നാലെ നടന്നു നിമിത്തമാണു രാഷ്ട്രക്രൂടന്നു ഭരതനെ കണ്ടുപിടിക്കാൻ ഇടവന്നതു് അയാളുടെ പൈശാചികമായ

കോപം ഭരതനെ വധിക്കയും തദ്വാരാ എൻെറ പരിശ്രമഫലമെല്ലാം നശിപ്പിക്കയുംചെയ്തു.

അമര—അതിനു നിങ്ങൾക്കെന്തെങ്കിലും തെളിവുണ്ടോ?

രമ—കോടതിയിൽ ഹാജരാക്കുവാനുള്ള തെളിവൊന്നുമില്ല; എങ്കിലും സത്യം സത്യമല്ലേ? എന്നു

അമരനാഥൻ ആ അഭിപ്രായത്തോടു യോജിക്കാത്ത മട്ടിൽ തലകുലുക്കി: അയാൾ ചോദിച്ചു.

"മരതകമണിക്കുള്ളിൽ ആ രഹസ്യം അടങ്ങിയിട്ടുണ്ടെന്നു നിങ്ങൾ എങ്ങനെ മനസ്സിലാക്കി?"

രമ—ഓ! ഒരു ചെറിയ തന്ത്രപ്രയോഗത്താൽ...

അമര—കുബേരാലയം വിടുന്നതിനു മുമ്പായി നിങ്ങൾക്കു ഒരു സൂചന കിട്ടി എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

രമ—ഇല്ല, മാന്യരെ

അമര—കാർത്തവീര്യമഹാരാജാവും അളകേന്ദ്രനും തമ്മിൽ ഒരു സന്ദർശനമുണ്ടായി എന്നും സചിവസഹോദരനെ വിശ്വസിച്ചു കാർത്തവീര്യൻ രഹസ്യത്തിൽ ഏതാണ്ടൊരു ഭാഗം വെളിപ്പെടുത്തിയിട്ടുണ്ടെന്നും ആണു എൻെറ അഭിപ്രായം. ഇപ്പോൾ അതു ആർക്കറിയാം?

രമന—അറിയാൻ വിഷമം.

അമര—എന്നാൽ ഒരു തീപ്പെട്ടിയുടെ സ്പർശം കൊണ്ടു ആ വെള്ളക്കടലാസ് അതിലെ രഹസ്യം വെളിവാക്കുമെന്നു നിങ്ങൾ എങ്ങനെയറിഞ്ഞു?

രമ—അതു ഇപ്പോൾ ഭാർഗവൻ എന്നോടു പറഞ്ഞതാണു; അതിനുമുമ്പു എനിക്കറിവില്ല.

അമര--എന്നാൽപ്പിന്നെ രാഷ്ട്രകൂടന്റെ അട്ടക്കള നിങ്ങൾ കഴിച്ചുതുടങ്ങിയതെങ്ങനെ?

സേനാനി അമ്പരന്നു. അയാളുടെ നേത്രങ്ങൾ ഘൂർണ്ണങ്ങളായി. വാചാലനായ ആ മനുഷ്യൻ തൽക്കാലത്തേക്കു മൂകനാക്കപ്പെട്ടു. അതുകണ്ടു ഭാർഗവൻ കർക്കശമായ ഒരു സംതൃപ്തിയെ പ്രാപിച്ചു.

എന്നാൽ ആ തടിച്ച രാക്ഷസന് ഇനിയും ശരിയായ ഒരു പ്രഹരം ഏററില്ല. അയാളുടെ ജീവിതത്തിൽ ധാർഷ്ട്യം അയാൾക്കു തുടരെ ഉപകരിച്ചു, ഇപ്പോഴും അയാൾ അതിന്റെ സഹായത്തെത്തന്നെ അവലംബിച്ചു. അയാൾ കൈകൾ പരത്തി തല കുനിച്ചു പരാജയം അഭിനയിച്ചു. അയാൾ പറഞ്ഞു. "നിങ്ങൾ എന്നെ അടിപ്പെടുത്തി. കുബേരാലയത്തിൽവച്ച് എനിക്കൊരു സൂചന കിട്ടിയെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. എന്നാൽ അളകേന്ദ്രമഹാരാജാവിനെ കൈവെടിയാൻ എനിക്കു വയ്യ. അതാണിതിന്റെ പരമാത്ഥം. രാജഭക്തി, ഒരു പഴയ യോദ്ധാവായ എന്നിൽ വേരൂന്നിപ്പോയതിൽ അത്ഭുതപ്പെട്ടവാനൊന്നുമില്ലല്ലോ"

അമര—ഉം!

എന്തോ പുതിയ ഒരു ചിന്ത ഹൃദയത്തിൽ കടന്നുകൂടിയതിനാൽ ഉദ്ഭൂതമായ ഭീതിയാലെന്നപോലെ സേനാനി പെട്ടെന്ന് ഒന്നു ഞെട്ടി. അയാൾ തന്റെ ഫാലപ്രദേശത്തിൽ ഊരക്കൊടെ ഒന്നുതച്ചു, എന്നിട്ട് ഇങ്ങനെ പറഞ്ഞു.

"എന്റെ ഈശ്വരാ! കാത്തവീര്യമഹാരാജാവിന്റെ മരണം സംബന്ധിച്ച് അളകേന്ദ്രനും എന്തോ

ഒരു കണ്ണുണ്ട്. താങ്കൾ പറഞ്ഞതു സത്യംതന്നെ മാന്യരെ. അതെല്ലാം ഞാൻ ഇപ്പോഴാണ പ്രത്യക്ഷമായി കാണുന്നതു്. മഹാരാജാവിൻെറ കഥ ഞാൻ ഒരു വ്യാജമായി മാത്രമെ കരുതിയുള്ളു. അതെപ്പററി ഗാഢമായി ചിന്തിക്കാൻ അപ്പോൾ ഞാൻ ഒരുങ്ങിയില്ല."

ഇതു കേട്ടപ്പോൾ അമരനാഥനുണ്ടായ ഭാവം വെറും ഒരു ആനന്ദാഭിനയം ആയിരുന്നു. അയാൾ ചോദിച്ചു-

"പെൺകിടാവിനെയും കിരീടവും ലഭിച്ചാൽ എന്തുചെയ്യണമെന്നായിരുന്നു നിങ്ങൾക്കു നൽകപ്പെട്ട നിദ്ദേശം?"

മദന-യാതൊരു ന്യൂനതയും കൂടാതെ രണ്ടും തിരികെ കൊണ്ടുചെല്ലുവാൻ: ഞാൻ സത്യംചെയ്യാം.

അമരനാഥൻ ഒന്നും മിണ്ടിയില്ല; അയാൾ ഒരു സിഗററ കത്തിച്ചു പുകവലിച്ചു. സേനാനിയുടെ പക്കൽനിന്നു് അറിയേണ്ടതെല്ലാം അറിഞ്ഞതിനാൽ ഇനി അമരനാഥൻെറ തീരുമാനം കേൾക്കാൻ ഭാർഗവൻ ഉല്ക്കണ്ഠയോടുകൂടിയിരുന്നു. സേനാധിപൻ കൂടക്കൂടെ ഒാട്ടക്കണ്ണിട്ടു നമ്മുടെ നിയമജ്ഞനെ നോക്കുന്നുണ്ടായിരുന്നു.

"നിന്ദ്യനായ നീചൻ! മാന്യരെ നിങ്ങൾ എൻെറ കണ്ണു തുറപ്പിച്ചു! ഇനി ഞാൻ അയാൾക്കുവേണ്ടി ഒരു നിമിഷനേരംപോലും വേലചെയ്കയില്ല. നമ്മുടെ ബന്ധമെല്ലാം വേർപെടുത്തിയിരിക്കുന്നു എന്നു ഞാൻ അയാളെ ഇപ്പോൾതന്നെ അറിയിക്കാൻ പോകുന്നു. പെൺകിടാവിനെ കണ്ടുകിട്ടുന്നപക്ഷം അവളെ ജാഗ്രത

യോടെ കാത്തുകൊള്ളണമെന്നുള്ള അയാളുടെ നിർദ്ദേശം മനപ്പൂർവ്വമായുള്ളതല്ലെന്ന് എനിക്കു മനസ്സിലായി. അതുകൊണ്ടാണു പ്രഭാതത്തിലെ വർത്തമാനപ്പത്രത്തിൽ ആ കൊച്ചുരാജ്ഞിയുടെ കഥ വായിച്ചപ്പോൾ തിരുമേനിയെ മുഖംകാണിച്ച് എന്റെ നമസ്കാരവും വിനീതമായ സേവനവും തൃപ്പാദത്തിൽ സമർപ്പിക്കാനായി ഞാൻ പോന്നത്."

അമരനാഥൻ ഇപ്പോഴും ഒന്നുംതന്നെ പറഞ്ഞില്ല; സേനാനിയുടെ കണ്ണുകൾ അതിക്രൂരമായ വീക്ഷണത്തെ വഹിച്ചു.

"ഇത്രയും ഓമനയായ ഒരു രാജ്ഞി വേറെയുണ്ടോ? ആ തിരുമേനിയുടെ ഇപ്പോഴത്തെ അവസ്ഥ ഏതൊരുവന്റെയും ഹൃദയവിപഞ്ചിയിലെ മൃദുതന്ത്രികളെ ചലിപ്പിക്കും. എന്നെ ഏതുതരത്തിൽ വിനിയോഗിക്കാമെന്നു താങ്കൾക്കു തോന്നുന്നുവോ അങ്ങനെ വിനിയോഗിക്കുന്നതു് എനിക്ക് അത്യന്തം സന്തോഷംതന്നെ" എന്നയാൾ പറഞ്ഞു.

ഭാർഗവന്റെ ഹൃദയം രോഷാകുലമായി. അതു നീചനായ വഞ്ചകൻ! എന്നയാൾ ചിന്തിച്ചു.

ഒടുവിൽ അമരനാഥൻ മൗനം ഭഞ്ജിച്ചു.

"കേട്ടോ, സൈന്യാധിപരെ ഏറ്റവും കഠിനമായ ഭാഗം തീർന്നു. കിരീടം മനോരമാരാജ്ഞിയുടെ കയ്യിലുണ്ടു്. നിങ്ങൾ പറഞ്ഞതുപോലെ പരിപാവനമായ ആ രാജചരിഹ്നം കുബേരാലയത്തിൽ സർവ്വത്ര പ്രബലമായുള്ള ഒന്നാണു്. നിങ്ങൾ നൽകിയ വിവരങ്ങൾക്കെല്ലാം ഞാൻ നിങ്ങൾക്കു വളരെ കടപ്പെട്ടിരിക്കുന്നു.

ഞങ്ങളോടൊന്നിച്ചു കുബേരാലയത്തിലേക്കു പോരാമെന്നു സമ്മതിച്ച നിങ്ങളുടെ നന്മ ശ്ലാഘനീയംതന്നെ. എന്നാൽ നിങ്ങളുടെ സ്വന്ത കാര്യങ്ങൾതന്നെ വിങ്ങളെ "നവാക്ഷപുര"ത്തിൽ പാർപ്പിക്കുമെന്നാണു് എന്റെ ഭയം."

ഭാർഗവന്റെ ഹൃദയം സ്പന്ദിച്ചു.

സേനാനിയുടെ ശ്വാസത്തിനു വേഗംകൂടി—

"നവാക്ഷപുരം......എന്റെ സ്വന്ത ഈ കാര്യങ്ങൾ! എനിക്കു മനസ്സിലാകുന്നില്ല മാന്യരെ"-അയാൾ പറഞ്ഞു.

അമരനാഥൻ മേശപ്പുറത്തിരുന്ന മണി ഒന്നു ധ്വനിപ്പിച്ചു. ജയരാമൻ ഉടൻ ഹാജരായി.

"ആ രണ്ടു മാന്യന്മാരും വന്നിട്ടുണ്ടോ?"-അയാൾ ചോദിച്ചു.

ജയ--അവർ ഭക്ഷണശാലയിൽ ഇരിക്കുന്നു.

അമര—അവരെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടു വരിക.

സേനാനി ഒന്നു ദീർഘമായി നിശ്വസിച്ചുകൊണ്ടു് ഉൽക്കണ്ഠയോടുകൂടി വാതില്ക്കലേക്കു നോക്കി. മുൻ പറഞ്ഞ രണ്ടുപേരും മുറിക്കുള്ളിൽ പ്രവേശിച്ചപ്പോൾ അവരെ അയാൾ അറിഞ്ഞു. അയാളുടെ മുഖം വിളറി. അവർ ഇരിപ്പുകട്ടിലിനെ പ്രദക്ഷിണംചെയ്തു വന്നപ്പോൾ അമരനാഥൻ സ്വസ്ഥാനത്തുനിന്നെഴുന്നേററു് അവരെ സമീപിച്ചു. തന്റെ മാർഗ്ഗത്തിൽ പ്രതിബന്ധം ഒന്നുമില്ലെന്നു കണ്ടു ദമനകൻ നേരെ വാതില്ക്കലേക്കു പാഞ്ഞു. രഹസ്യപ്പോലീസുകാരിൽ ഒ

രാരം രണ്ടടി പുറകിലേക്കു വച്ച് ഒരു കാൽ സേനാനിയുടെ നടയ്ക്കു ബാധകമായി പ്രക്ഷേപിച്ചു. ആ മാംസവൃത്തം നിലംപതിച്ചു. ഒരു കാണ്ടാമൃഗം ചരിയുംപോലെയായിരുന്നു ആ പതനം. ഒരു നിമിഷത്തിനുള്ളിൽ രണ്ടുപേരുംചേൻ അയാളെ വിലങ്ങുവച്ചു. പിന്നെ കാലിൽ പിടിച്ചുപൊക്കി ഒരു കസാലയിൽ നിക്ഷേപിച്ചു.

"ഇതെന്തക്രമം. മര്യാദകേട്, മര്യാദകേട്"—ദമനകൻ വിറച്ചുംകൊണ്ടു പറഞ്ഞു.

അമര-ഭരതന്റെ ഘാതകനെ നിങ്ങളുടെ കയ്യിൽ ഏല്പിക്കാമെന്നു ഞാൻ കമ്മീഷണർ അവർകളോടു വാഗ്ദാനംചെയ്തിട്ടുണ്ട്. അയാരം ഇതാ, ഏററുകൊള്ളുക."

"ഇതു വെറും കള്ളമാണ്: ഇതിനൊരു തെളിവുമില്ല"—ദമനകൻ ഗർജ്ജിച്ചു.

അമരനാഥൻ പറഞ്ഞു-

"സൈന്യാധിപരേ, എല്ലാ ഘാതകന്മാരും ഒരബദ്ധം പ്രവർത്തിക്കുമെന്നാണ് ആളുകരം പറയുന്നതു്. നിങ്ങളും അങ്ങനെ ചെയ്തിട്ടു രക്ഷപ്പെട്ടുകളയാമെന്ന് ആശിക്കാമോ? നിങ്ങരം അസാധാരണ ബുദ്ധിയുള്ള ഒരാളാണ് എന്നാൽ നിങ്ങളുടെ പ്രായത്തിനനുസരിച്ചു കണ്ണുകരംക്കു ക്ഷീണം തട്ടിയിട്ടുണ്ട് 'കണ്ണടകൂടാതെ നിങ്ങരംക്ക് അച്ചടിച്ച കടലാസ് വായിക്കാൻ വയ്യാ കണ്ണടകളെക്കുറിച്ച് അത്ര ശ്രദ്ധയുള്ളവനല്ല നിങ്ങരം. എന്നല്ല അനേകം കണ്ണടകരം നിങ്ങരംക്കുണ്ടുതാനം. ഭരതനെ നിങ്ങരം അയാളുടെ കിടക്കയിൽ എടു

ത്തിട്ടു് അയാളുടെ മേൽ കുനിഞ്ഞപ്പോൾ നിങ്ങളുടെ കണ്ണടകളിൽ ഒന്ന്-അതായതു നിങ്ങൾ സാധാരണ ഉപയോഗിക്കാറുള്ളതു്-താഴെ വീണു പൊട്ടി. അതെനിക്കു കിട്ടി. ഭരതൻെറ ശരീരത്തിനു സമീപമായിത്തന്നെ അതു കിടന്നതു് കണ്ണാടിയുടെ നിറവും മററും ഒരു അസാധാരണരീതിയിലുള്ളവയാണല്ലോ താങ്കൾ ധരിക്കാറുള്ളതു് അതു് ആർക്കും തെററിപ്പോവുകയില്ല. ഉടഞ്ഞ ചില്ലു് എടുത്തു മാററാൻ നിങ്ങൾ മറന്നുപോയി. അതുതന്നെയാണു നിങ്ങളുടെ അബദ്ധം."

സേനാനി ഒന്നും പറഞ്ഞില്ല. മണ്ഡനീതിയുടെ കിങ്കരന്മാർ ഘാതകനെയുംകൊണ്ടു പോയി.

മനോരമയുടെ പിതാവായ കാത്തവീര്യമഹാരാജാവു തൻെറ പ്രവാസകാലത്തു് അമരപുരത്തിലെ ഒരു ഗ്രാമമായ "രവിശേഖര"മെന്ന സ്ഥലത്തു് ഒരു ഗൃഹം വിലയ്ക്കു വാങ്ങി. അതായിരുന്നു "ശിലാഗൃഹം" ഈ ഗൃഹത്തിൽവച്ചാണു മനോരമയെ പ്രസവിച്ചതു് കാത്തവീര്യൻ തിരിയെ കുബേരാലയത്തിലേക്കു പോരുമ്പോൾ തൻെറ കിരീടം ആ ഗൃഹത്തിൽ ഗുപ്തമായി നിക്ഷേപിച്ചിട്ടാണു പുറപ്പെട്ടതു്. രാഷ്ട്രകൂടൻ വിലയ്ക്കു വാങ്ങിയതു് ഈ ഗൃഹമാണു്. കിരീടം അതവകാശപ്പെട്ട മനോരമയ്ക്കുതന്നെ ലഭിച്ചതിൽ ഈ ശാരവിലാസം അഭംഗുരമായി വിലസുന്നു എന്നു പ്രത്യക്ഷമായല്ലോ.

ശുഭം.